KOTTAYAM PUBLIC LIBRARY

Call No. M.F 3

Acc. No. 81488

Author [illegible]

Title [illegible]

KOTTAYAM PUBLIC LIBRARY
KOTTAYAM.

Bach.

# ബീ. ഏ.-തങ്കം

DISTRIBUTING LIBRARY
No.....................
KOTTAYAM

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണ
സംഘം ലിമിറ്റഡ്

# B. A. THANKAM

(NOVEL)

BY

KURUPPUMVEETTIL K. N. GOPALA PILLAI

First Impression 1951
Second ,, April 1957

RIGHTS RESERVED

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
POST BOX 40, KOTTAYAM

Rs. 1·25

# ബീ. ഏ.-തങ്കം

കുറുപ്പുംവീട്ടിൽ

**കെ. എൻ. ഗോപാലപിള്ള**

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽ ബസാർ കോട്ടയം

വില ഒന്നേകാൽ രൂപാ

DISTRIBUTING LIBRARY No. 81488 KOTTAYAM
9430
NATIONAL BOOK STALL S.P.C.S. LTD. KOTTAYAM

MF3

## കരപ്പുംവീട്ടിൽ ഗോപാലപിള്ളയുടെ

### കൃതികൾ

| | |
|---|---|
| എം. എൽ. ഏ. പാറങ്ങോട്ട് | (നോവൽ) |
| സിംഹാസനത്തിൽനിന്നു ജയിലിലേയ്ക്കു് | ,, |
| ടിപ്പുവിൻെറ മലയാളറാണി | ,, |
| ദളവാ | ,, |
| ബി. ഏ.—തങ്കം | ,, |
| തെക്കുംകൂർ റാണി | ,, |
| ശാരദ (രണ്ടാംഭാഗം) | ,, |
| പോക്കളത്തിൻെറ പിന്നിൽ | ,, |
| റാണി മംഗളാഭായി | ,, |
| ബേട്ടിയുടെ ഏഴകൾ | ,, |
| വിജയസൗധം | ,, |
| കോമളസൗധം | ,, |
| കേരളമഹാചരിത്രം (2 ഭാഗങ്ങൾ) | |
| സ്വാതന്ത്ര്യശില്പികൾ | |

Printed at the India Press, Kottayam. Copies 1000

അദ്ധ്യായം ഒന്നു്

## ട്രാൻസ്പോർട്ടുബസ്സിൽ

ടൗൺസർവ്വീസ് ട്രാൻസ്പോർട്ടുവണ്ടിയിലെ ഒരു നിത്യസഞ്ചാരിയാണു ഞാൻ. അവളും—അതേ, ആ ശോണാധരി—സുന്ദരി—കൃശാംഗിയും—ആ തങ്കവും ഞാൻ കയറുന്ന അതേ വണ്ടിയിൽ; ഒരേസമയംതന്നെ; മുറതെററാതെ കണിശമായി അവളും വന്നുകയറും. ഒരേ സ്റ്റോപ്പിൽനിന്നു ഞങ്ങൾ രണ്ടാളും പുറപ്പെട്ടുകയായി, രാവിലെ 10 മണിക്കു് ചെന്നിറങ്ങുന്നതും വഴുതക്കാട്ടു് ആൽത്തറമുക്കിൽത്തന്നെ, ഞാനും ആഫീസിലേയ്ക്കു്. ലളിതാംഗി—തങ്കവും ആഫീസിലേയ്ക്കുതന്നെ. ഏതോ ഒരു ആഫീസിൽ, ഏതോ ഒരു വകുപ്പിൽ ക്ലാർക്കുപണിയാണവൾക്കു്. അത്രമാത്രമെ അവളെപ്പററി അറിഞ്ഞുകൂട്ടു. സിററിയിൽ അവളുടെ വീട്ടു് ഇരിക്കുന്നതു് ഇന്നഭാഗത്താണെന്നു് എനിക്കറിയാം. അവൾ അവിവാഹിതയാണെന്നും എനിക്കു് എങ്ങനെയോ ഒരു ഭൂതോദയം ഉണ്ടായിക്കഴിഞ്ഞു.

തങ്കവും ഞാനും ട്രാൻസ്പോർട്ടുവണ്ടിയിൽവച്ചുതന്നെ പരിചിതരായി. വണ്ടിയിൽ ഇരിക്കുമ്പോൾ ആ കോമളമുഖം കണ്ടുകണ്ടാനന്ദിക്കാൻ എന്തെന്നില്ലാത്ത ഒരു രസപ്രചോദനം വരും എനിക്കു്. അവൾക്കും അങ്ങനെതന്നെ. അവൾ

സൂത്രത്തിൽ എൻെറ മുഖത്തു കൂടെക്കൂടെ കടക്കണ്ണിട്ടു് ഒരു നോട്ടം. അമ്പോ! ആ നോട്ടത്തിൻെറ വീര്യം! അതു സാധാരണ ചെറുപ്പക്കാർക്കാണെങ്കിൽ സഹിക്കവയ്യേ! ഞാനായതുകൊണ്ടു് ആ നോട്ടത്തിൻെറ പ്രഹരത്തിൽ അടിപെടാതെ ജയിച്ചങ്ങനെ നിൽക്കുന്നു എന്നേ പറയേണ്ടു. എൻെറ തങ്കം! നീ ആൾ ചില്ലറക്കാരിയൊന്നുമല്ലേ, അല്ല. പുരുഷന്മാരെ കണ്ണുനത്തല്ലേല്ലിച്ചു കറക്കിയടിച്ചു പാദത്തിൽ നമിപ്പിക്കാനുള്ള വിരുതും മേനിമിനുക്കും സൗന്ദര്യവായ്പും നിനക്കു സ്വായത്തം തന്നെ!

കാലഗതി ഞങ്ങളെ കൂടുതൽ മൈത്രീബന്ധത്തിൽ ഏപ്പെടുത്തി. കണ്ടാലുടൻ പരസ്പരം മധുരമായ മന്ദസ്മിതംകൊണ്ടു് ഉപചാരം ആരംഭിച്ചുകഴിഞ്ഞു. ആവൂ! അവളുടെ ആ പുഞ്ചിരിലഹരിയുടെ കാഠിന്യം എന്നെ വല്ലാതെ മത്തുപിടിപ്പിച്ചു കറക്കിവീഴ്ത്തി; എൻെറ മിടുക്കുകൊണ്ടു തറയിൽ വണ്ടിക്കുകമേ വീഴാറില്ലെന്നേയുള്ളു. വണ്ടി ഓടുന്നതിന്നിടയ്ക്കു് അവളുടെ മുഖത്തുനിന്നു ദൃഷ്ടിയിളക്കാതെ നോക്കി ഇരിക്കുന്നതിലായി എനിക്കു രസം. ശോഭംനിറഞ്ഞ, ആകർഷകമായ പുതുപ്പുഞ്ചിരിയോടേ, ആ കോമളാംഗിയും അതേ ഡിഗ്രിയിൽ എനിക്കും ഉപചാരം നൽകുകയായി പതിവു്. ഇങ്ങനെ നാളുകൾ കുറേ അതിക്രമിച്ചു.

പിന്നീടു തങ്കം എന്നെ കണ്ടാലുടൻ താണുതൊഴുതു മന്ദസ്മിതം തൂകുന്ന പതനത്തിലെത്തി. സ്റ്റാപ്പിൽ എത്തുന്നതിനു മുൻപു് അടുത്തെങ്ങും ആരും ഇല്ലെങ്കിൽ ചില വാക്കുകൾ കുശലപ്രശ്നമായി ഞങ്ങൾ ഉച്ചരിക്കുകയും സാധാരണമെന്ന നിലയിലായി. തങ്കം മുഖത്തു പൂശിയിരിക്കുന്ന കുട്ടിക്കുറാ പൗഡറിൻെറ സൗരഭ്യമയമായ സുഗന്ധഘ്രാണം, അവൾ ധമ്മില്ലത്തിൽ കുത്തിയിരിക്കുന്ന റോസാപ്പൂവിൻെറ കാമ്യകോമളമായ പരിമളധോരണി, തലമുടിയിൽ ലേപനംചെയ്തിരുന്ന കൽക്കട്ടാ കെമിക്കൽസുകാരുടെ ഹെയർഓയിലിൻെറ ഉദ്ധതമായ പരിമളം, ഉടലിലും സാരിയിലും പുരട്ടിയിരുന്ന ഒന്നാംകിട പാരീസ്ലൂഡിക്കൊളാഞ്ചിയുടെ ഹൃദയാവജ്ജകമായ വാസനാപ്രചുരിമ, അധരോഷ്ഠങ്ങളിൽ ചിത്രകലാവൈദഗ്ദ്ധ്യത്തോടേ ഉഴിഞ്ഞൊപ്പിച്ചിരുന്ന ലിപ്സ്റ്റിക്കിൻ്റെ

ഹൃദ്യമായ ശോണിമ, നഖങ്ങളിൽ പൂശി ചിത്രീകരിച്ചിരുന്ന ഇളംശോണവർണ്ണത്താൽ ഉജ്ജ്വലമായ ശോണലേപനം നൽകുന്ന നഖേന്ദുപ്രഭ, ഏതൊരു പ്രേക്ഷകൻെറയും മനം മഥനംചെയ്യാനും തല കറക്കുവാനും പര്യാപ്തങ്ങളായ ഉന്നതസ്തനങ്ങളെ ബന്ധിച്ചു് ആവരണംചെയ്തിരുന്ന പോപ്ലിൻ ജമ്പറിൻെറ കാമ്യസുഷമാവിലാസം, അഭിനവരീതിയിൽ ധരിച്ചിരുന്ന സാരിയുടെ ആകർഷകമായ നിറവും രേഖാചിത്രസജ്ജീകരണവും ലോലിമയും, പാദങ്ങളിൽ ധരിച്ചിരുന്ന ബാറ്റാ ന്യൂ മോഡൽ കൃഷ്ണവർണ്ണമുള്ള ചെരിപ്പുകൾ, ഇടത്തുകൈത്തണ്ടിൽ ധരിച്ചിരുന്ന നക്ഷത്രാകൃതിയുള്ള സ്വർണ്ണറിസ്റ്റ്‌വാച്ച്, വലതുകൈത്തണ്ടിൽ ധരിച്ചിരുന്ന ഏഴക്കൂട്ട് അഭിനവമോഡലിലുള്ള സ്വർണ്ണവളകൾ, ചില അംഗുലികളിൽ, അണിഞ്ഞിരുന്ന രത്നഖചിതങ്ങളായ അംഗുലീയങ്ങൾ, വലതുകരത്തിൽ ഗ്രഹിച്ചിരുന്ന വിചിത്രമായ ലേഡീസ് അംബ്രലാ എന്നിങ്ങനെ പല വിധേനയും ഏററവും ആധുനികരീതിയിൽ അലംകൃതയായിരുന്ന ആ സുന്ദരിയുടെ സാന്നിദ്ധ്യം എനിക്കു് ഒരു നവ്യജീവൻ ഉത്തേജനംചെയ്യുവാൻ പര്യാപ്തമായിരിക്കുന്നു. എൻെറ സാന്നിദ്ധ്യത്തിൽ ആ സാധ്വീമണിയും തുല്യമനോഭാവമുള്ളവളെന്നുതന്നെ, എന്നും എനിക്കു തോന്നിയതു് അത്ഭുതമോ?

> "തിരിച്ചുനോട്ടം മയി സന്മുഖസ്ഥിതേ
> ചിരിച്ചുവേറേ ചില കാരണങ്ങളാൽ
> സ്മരിച്ചു മര്യാദ മനോജ്ഞനേത്രയാൾ,
> സ്ഫുടീകരിച്ചില്ല മറച്ചുമില്ലവൾ."

ഇതുതന്നെയായിരുന്നു തങ്കത്തിൻെറ അവസ്ഥ. അതിനു സന്ദേഹമേ ഇല്ല. പല ഗഡുക്കളിലും അവൾ മുൻപിലും ഞാൻ പിൻപിലുമായി ബസ്സിൽ കയറിയിട്ടുണ്ടു്. ആ സന്ദർഭത്തിൽ ആ യോഷാമണി കൂടെക്കൂടെ പിന്തിരിഞ്ഞു് ഊറിയ മന്ദസ്മിതത്തോടുകൂടി എൻെറ മുഖത്തേക്കു സൂക്ഷിച്ചുനോക്കാറും ഉണ്ടായിരുന്നു. അതു് അവൾ എൻെറമേൽ നടത്തിയ ഒരു സൂക്ഷ്മമായ മാനസപരിശോധനയാണെന്നു് എനിക്കു തോന്നാതിരുന്നില്ല.

ഇങ്ങനെ മാസങ്ങൾ വീണ്ടും ചിലതു് അതിക്രമിച്ചു. ട്രാൻസ്പ്പോർട്ടുബസ്സിനകത്തു ഞങ്ങളൊരുമിച്ചു നടത്തിവന്ന ആ ലഘുയാത്രയിൽ ഞങ്ങൾ ഉഭയകക്ഷികളും അനുഭവിച്ചു വന്ന സൗഖ്യം—അഹോ! എന്തൊരു പരമാനന്ദം!—സ്വർഗ്ഗീയ സുഖം!—അതുതന്നെയോ ദേവലോകം! "മെയ് കണ്ണാകുമ്പോൾ പഠിത്തം നിൎത്തണ"മെന്നു പണ്ടു് കല്പന്താററുഗുരുക്കൾ കാൎത്തികതിരുനാൾ രാമവൎമ്മ തിരുവിതാംകൂർ ഇളയരാജാവിനോടു് ഉപദേശിച്ച വസ്തുത അപ്പോൾ ഞാൻ ഓൎമ്മിച്ചു് ഊററിയ ഒരു പുഞ്ചിരി തൂകിപ്പോയി. തങ്കം അതുകണ്ടു് എൻെറ മുഖത്തേയ്ക്കു് ഒന്നു സൂക്ഷിച്ചുനോക്കി. ആവൂ, മെയ് കണ്ണായി എനിക്കു് അവൾ. ഞാൻ അവൾക്കും അങ്ങനെ തന്നെ. ഞങ്ങൾ പരസ്പരം കാണുന്നതല്ലാതെ ആ ബസ്സിലെ മററു യാത്രക്കാരെയാരെയും കാണുന്നേയില്ല. അവർ ഞങ്ങളുടെ ഈ ചാപല്യം ശ്രദ്ധിക്കുന്നുണ്ടോ ആവോ? അതു ശ്രദ്ധിക്കുവാൻ ഞങ്ങൾക്കു ക്ഷമയും സമാധാനവും ഉണ്ടായിട്ടുമില്ല. ആ ട്രാൻസ്പ്പോർട്ടുബസ്സിനകത്തിരിക്കുമ്പോൾ ഞങ്ങൾക്കു രണ്ടു പേർക്കുമുള്ള സമയം തീരെ പരിമിതം. വണ്ടി നിൎത്തി ഇറങ്ങുന്നിടത്തു് എന്തൊരാൾക്കൂട്ടം! വലിയ തിക്കും തിരക്കും. പലപ്പോഴും ഞങ്ങൾക്കു പരസ്പരം എന്തെങ്കിലും ചോദിച്ചറിവാനുള്ള ഉൽക്കണ്ഠ ഇരുവരുടെയും അന്തരംഗത്തിൽത്തന്നെ ലയനം പ്രാപിച്ചുപോരുകയാണു്. നാളെ നാളെ എന്നു നിനച്ചു നാൾ നീട്ടുകയാണു ഞങ്ങൾ. പല സഹാനുഭൂതരായ പ്രേമികളുടെ അവസ്ഥയാണെങ്കിൽ, അതും ഇങ്ങനെതന്നെ. രണ്ടു പേരുടെയും ആൾപോലെ എന്തെങ്കിലും പരസ്പരം പറഞ്ഞെങ്കിലും തല്ക്കാലം വികാരക്ഷോഭത്തിനു് അല്പമൊരു ശമനം വരുത്താൻകൂടി തരമില്ലാത്ത പതനം! നോക്കണേ! വിധിയുടെ കക്കശത്വം! ഞാൻ ഇങ്ങനെ പലകുറി നിനയ്ക്കാറുണ്ടു്. തങ്കത്തിൻെറ ചിന്താഗതിയും അന്യഥാ ആയിവരാൻ ഇടയില്ല. ഇങ്ങനെ ഏററവും സമുചിതമായ ഒരു സന്ദൎഭം പ്രതീക്ഷിച്ചു്, പരസ്പരം ആശയവിനിമയത്തിനായി കാത്തിരിക്കുകയായി ഞങ്ങൾ: എൻെറ തങ്കവും ഞാനും.

അദ്ധ്യായം രണ്ടു്

## ബാൻഡുമണ്ഡപത്തിനരികെ

സംഗീതകോകിലം സുബ്ബലക്ഷ്മിയുടെ ഒരു പാട്ടുകച്ചേരി ആൾ ഇന്ത്യാറേഡിയോമാർഗ്ഗം പ്രക്ഷേപണം ചെയ്യുകയാണു്. പാട്ടു കേൾക്കുവാൻ പരിഷ്കാരികളായ സ്ത്രീപുരുഷന്മാർ സമുചിതങ്ങളായ റേഡിയോസ്ഥാനങ്ങൾതോറും ചെന്നു കൂടികഴിഞ്ഞു. ശാന്തിനിറഞ്ഞ ഞായറാഴ്ച സായാഹ്നം. ഞാൻ മെല്ലെ നടന്നു തിരുവനന്തപുരം മ്യൂസിയത്തിലെ ബാൻഡുമണ്ഡപത്തിൻെറ പരിസരങ്ങളിൽ ഒരു ഒഴിഞ്ഞകോണിൽ ഒരു ബെഞ്ചിൽ ചെന്നു് ഇരിപ്പായി. സുമാർ 6–30–നു പാട്ടുകച്ചേരി ആരംഭിച്ചുകഴിഞ്ഞു. അപ്പോഴേയ്ക്കു് എവിടെനിന്നു് എന്നു് അറിഞ്ഞില്ല, തങ്കവും അവിടെ വന്നെത്തി. അവൾ വിലപിടിച്ച ഒരു സാരി ധരിച്ചിരുന്നു. പതിവിൽക്കൂടുതൽ ആഭരണങ്ങൾ അണിഞ്ഞിരുന്നു. ഉദ്ദേശം അഞ്ചുവയസ്സുള്ള കോമളഗാത്രനായ കൊഴുത്തുതടിച്ച ഒരു ആൺകുട്ടിയെ അവൾ കൈക്കുപിടിച്ചു നടത്തിക്കൊണ്ടാണു വന്നതു്. ആ കുട്ടി തങ്കത്തിൻെറ ഛായയിലാണെന്നു് എനിക്കു തോന്നി. ഹേയ്, അസംബന്ധം! തങ്കം അവിവാഹിതയല്ലേ? എൻെറ സന്ദേഹം അങ്ങനെ അസ്തമിച്ചു. അവളുടെ മൂത്ത സഹോദരിയുടെ കുട്ടിയായിരിക്കാം, അഥവാ സഹോദരൻെറയോ. അവരുടെകൂടെ മററാരും ഉണ്ടായിരുന്നില്ല. അവൾ എന്നെക്കണ്ടു പുതുപ്പൂനിലാവുപോലെ മുഗ്ദ്ധമായ ഒരു മന്ദസ്മിതം തൂകിക്കൊണ്ടു പതിവുപോലെ കൂപ്പുകൈയോടെ എനിക്കു് അഭിമുഖമായി മറെറാരു ബെഞ്ചിൽ ഇരുന്നു. ദൈവാധീനത്താൽ ഞങ്ങൾ രണ്ടുപേരും ഇരുന്ന ബെഞ്ചിൽ മററാരും ഉണ്ടായിരുന്നില്ല. എങ്കിലും ചില ചെറുപ്പക്കാർ കോളേജുവിദ്യാർത്ഥികൾ തെല്ലകലെ മാറിനിന്നു തങ്കത്തിൻെറ മേൽ കൺമുനക്കൂരമ്പുകൾ നിർല്ലോഭം പ്രയോഗിക്കുന്നതായി ഞാൻ കണ്ടു. നമ്മുടെ യുവസഹോദരന്മാരുടെ സംസ്കാരവും സദാചാരവും ഇത്ര

അധഃപതിച്ചുപോയല്ലോ എന്ന് എനിക്ക് ഒരു ഖേദം തോന്നാതിരുന്നില്ല. എന്തുചെയ്യാം? തങ്കം ഇപ്പോൾ എന്റേതല്ലല്ലോ. മററാരുടെതും അല്ല, എന്നും എനിക്കു ബോദ്ധ്യം ഉണ്ട്. ഞാൻ അവളുടെ സമീപത്തേയ്ക്കു പോയി, ആ ബെഞ്ചിൽ കൂടെ ഇരുന്നാലോ എന്നു് എനിക്കു തോന്നി. ഹേയ്, അതു് അലോഹ്യമായി വല്ലവർക്കും തോന്നുകയില്ലേ എന്നു് ഒരു പുനരാലോചന. അസംബന്ധം, ഒരു തരുണിയുടെകൂടെ—അവൾ വിവാഹിതയോ അവിവാഹിതയോ ആയിരുന്നാലെന്തു്, അവളിരിക്കുന്ന ബെഞ്ചിൽ എന്നെപ്പോലുള്ള മദ്ധ്യവയസ്കൻ ഇരിക്കുന്നതിലും സംസാരിക്കുന്നതിലും എന്താണലോഹ്യം? ഞാൻ വിഭാര്യനെന്നു പലർക്കും അറിയാം. അതിരിക്കട്ടെ. എന്നാൽത്തന്നെയെന്തു്? ഒരുപക്ഷേ, തങ്കം എന്റെ പത്നീപദം പ്രാപിക്കുവാൻ ഇട ഉണ്ടെങ്കിലോ? ആ സ്ഥിതിക്കു് എന്തപവാദമാണു് അതിൽനിന്നു നിഴലിക്കുവാൻ പോകുന്നതു്? യൂറോപ്യൻരാജ്യങ്ങളിലെയും അമേരിക്കയിലെയും വെള്ളക്കാരുടെ നടപടികൾ ഏതുപ്രകാരമായിരിക്കുന്നു? വിവാഹത്തിനു മുൻപുള്ള ഗാന്ധർവാചരണങ്ങൾ മലയാളികളായ നമ്മുടെ ദൃഷ്ടിയിൽ എത്രകണ്ടു് അപഹാസയോഗ്യമായി തോന്നാറുണ്ടു്? ആ പ്രണേതാക്കൾ രാവും പകലും എത്രനേരം ഏകാന്തതയിൽ, പാർക്കിലും സരത്തീരങ്ങളിലും സ്നാനഘട്ടങ്ങളിലും, കടപ്പുറത്തും നർത്തനശാലകളിലും നാടകസിനിമാവേദികളിലും, വിശേഷപ്പെട്ട ഹോട്ടലുകളിലും സുഖവാസസ്ഥലങ്ങളിലും കഴിച്ചുകൂട്ടുന്ന സമ്പ്രദായം അപഹാസനീയമോ അപവാദകരമോ ആയി ലോകം വീക്ഷിക്കാറില്ലല്ലോ. ആ വെള്ളക്കാരേക്കാൾ പല വിധത്തിലും പുരോഗമനം പ്രാപിച്ചിട്ടുള്ളവരാണല്ലോ ഭാരതീയർ—വിശേഷിച്ചും നാം മലയാളികൾ. എന്റെ മുഖം മനോരാജ്യപീഡിതമാണെന്നു് എങ്ങനെയോ തങ്കം കണ്ടറിഞ്ഞു. നേരം മണി ഏഴായി. അതിനിടയ്ക്കു സുബ്ബലക്ഷ്മിയുടെ പാട്ടുകച്ചേരി പ്രോഗ്രാം നിലച്ചു. ആളുകൾ കൂട്ടംകൂട്ടമായി സ്വസ്ഥാനങ്ങളിൽനിന്നു് ഇളകി, മലയിൽനിന്നു പുറപ്പെട്ട ജലപ്രവാഹംപോലെ നാലുപാടും തിരിഞ്ഞു പുറപ്പാടായി. ആ തക്കംനോക്കി തങ്കം—എന്റെദയനീയാവസ്ഥയിൽ, അനുകമ്പാമസൃണയായ

ആ സുന്ദരി—മെല്ലെ സ്വസ്ഥാനത്തുനിന്നു് എഴുന്നേററു കോമളബാലൻെറ കരം സ്വകരത്തിൽ ഗ്രഹിച്ചു്, അവനെയും മന്ദം മന്ദം നടത്തി, ഞാൻ ഇരുന്ന ബഞ്ചിനു സമീപം എത്തിക്കഴിഞ്ഞു. അവൾ സുസ്മേരവദനയായി എൻെറ മുഖത്തേയ്ക്കു് ഒന്നു നോക്കി. "ഇരിക്കാമല്ലൊ ഇവിടെ;" എന്നു് എൻെറ കുശലം.

അല്പം ഒരു സങ്കോചം അഭിനയിച്ചുകൊണ്ടു് എൻെറ ബഞ്ചിൽ ഒരററത്തു് അവൾ സ്ഥാനംപിടിച്ചു. കൊച്ചു പയ്യനെയും പിടിച്ചിരുത്തി മടിയിൽ; എന്നിട്ടു് അവൻെറ പിഞ്ചധരത്തിൽ വാത്സല്യാതിരേകത്തോടെ വികാരനിർഭരമായ ഒരു ചുംബനം—അടുത്ത നിമേഷത്തിൽ എൻെറ മുഖത്തേയ്ക്കു സ്നേഹാഭാവേശത്തോടെ ഒരു ഒററ നോട്ടം. അമ്പോ! ആ ദൃഷ്ടിപ്രഹാരത്തിൻെറ ഊക്കു്! ആകസ്മികമായ ഒരു ഹൃദയചലനം ഉണ്ടായെനിക്കു്. അതോടൊപ്പം ദുസ്സഹമായ ഒരു ചുട്ടചുട്ടത്ത വായുപ്രവാഹം എൻെറ ഉദരാന്തർഭാഗത്തുക്കൂടെ മേല്പോട്ടു കുതിച്ചുയന്നു. ഞാൻ ഇതികർത്തവ്യതാമൂഢനായി അങ്ങനെ മൂകത്വം പ്രാപിച്ചിരുന്നുപോയി. തങ്കം ആർദ്രമനസ്സാണു്. എൻെറ വിഷമസ്ഥിതി അവൾക്കു പെട്ടെന്നു മനസ്സിലാക്കുവാൻ സാധിച്ചു. അവൾ ചോദിച്ചു: "എന്താണിന്നൊരു മൗനം? ഒരു പ്രസന്നതക്കുറവു്?"

ഞാൻ:—വിശേഷിച്ചു് ഒന്നുമില്ല. തങ്കത്തിനേ—അല്ല—അപ്രതീക്ഷിതമായി ഇവിടെവച്ചു കണ്ടതുകൊണ്ടൊരു സന്തുഷ്ടി; അത്രേയുള്ളു.

'തങ്കം' എന്നു് എൻെറ നാവിൽനിന്നു പുറപ്പെട്ട നിർദ്ദേശപദം കേട്ടമാത്രയിൽ അവൾ വിവർണ്ണമുഖിയായി ഒന്നു ഞെട്ടി തലകുനിച്ചു പുഞ്ചിരി ഇട്ടു. എന്നിട്ടു് അവൾ തുടന്നു: "അവിടത്തേയും ഇന്നു് ഞാൻ ഇവിടെ പ്രതീക്ഷിച്ചിരുന്നില്ല. എങ്കിലും ഇവിടെവച്ചിങ്ങനെ കണ്ടുകൂടാൻ ഇടയായതു വലിയ ഭാഗ്യമായി കരുതുന്നു."

ഞാൻ:—നിത്യവും പരസ്പരം കാണാറും ഒന്നിച്ചു സഞ്ചരിക്കാറും ഉണ്ടല്ലൊ? എങ്കിലും യഥേഷ്ടം എന്തെങ്കിലും രണ്ടു വാക്കു പറയുവാൻ ഇതേവരെ അവസരം ഉണ്ടായിട്ടില്ല.

തങ്കം:—എനിക്കും പലപ്പോഴും ഇങ്ങനെ തോന്നിയിട്ടുണ്ടു്. നാം സ്വതന്ത്രരാണെങ്കിലും സ്വതന്ത്രരല്ലല്ലൊ.

ഞാൻ:—നാം എപ്പോഴും ലോകനീതിക്കു് ഒന്നിച്ചുപോകയും വേണമല്ലൊ.

തങ്കം:—എങ്കിലും നാം വെറും ഭീരുക്കളായിപ്പോയാൽ ഇക്കാലസ്ഥിതിക്കു ലോകം നമ്മേ കൊള്ളരുതാത്തവരെന്നു ചവുട്ടിത്തുത്തു കളയുകയില്ലേ?

തങ്കം:ഞാൻ നിനച്ചതിൽ ഒരു പടി കവിഞ്ഞവൾതന്നെ. അവൾ എന്നെക്കാൾ പുരോഗമിച്ചിരിക്കുന്നു. വലിയ പരിഷ്കാരി! ഒരുനിമിഷംവരെ ചിന്താമഗ്നനായിരുന്നശേഷം ഞാൻ ഇങ്ങനെ മൗനമുദ്ര ഭഞ്ജനംചെയ്തു: "ഞാനും അതു് ആലോചിക്കായ്കയല്ല. അതിനു സന്ദർഭം ഇതുവരെ കിട്ടിയിട്ടില്ലെന്നേ ഉള്ളു."

തങ്കം:—ആ ഖേദം ഇപ്പോൾ തീൎന്നുവല്ലൊ. കിട്ടിയ ഈ സന്ദർഭം ഇനി വേണ്ടവിധം ഉപയോഗപ്പെടുത്തിക്കൊള്ളരുതേ? ആരെങ്കിലും ഇവിടെ തടസ്സം പറഞ്ഞോ?

ഞാൻ സ്തബ്ധനായി മരംതിരിഞ്ഞു് ഇരുന്നുപോയി, തങ്കത്തിന്റെ ഈ സന്നദ്ധമനോഭാവം ഇങ്ങനെ വെളിവാക്കിയതിൽ.

അവൾ തുടൎന്നു: "ഒന്നും പേടിക്കേണ്ട. ഇവൻ എന്റെ അക്കന്റെ മൂത്തമകൻ. അങ്ങയുടെ സകല ചരിത്രവും ഞാൻ സൂക്ഷ്മമായി മനസ്സിലാക്കിക്കൊണ്ടാണു പറയുന്നതു്."

ഞാൻ ഒന്നു നടുങ്ങി. മുഖത്തു ഞാനറിയാതെ ഒരു വൈവൎണ്ണ്യം നിഴലിച്ചു. ആ ഭാവഭേദം മറയ്ക്കുവാനായി ഞാൻ ധൃതിയിൽ ചോദിച്ചു: "ഭവതിയുടെ പേരു്?"

അവൾ:—അങ്ങു് മുൻപു സംബോധനചെയ്തു നിൎത്തിക്കളഞ്ഞതല്ലോ, ആ തങ്കംതന്നെ; എത്ര ശരി! എന്നേപ്പററിയും അന്വേഷിച്ചറിഞ്ഞിരിക്കുന്നു.

ഞാൻ:—ഉദ്യോഗം?

അവൾ:—അതു പ്രത്യേകം ചോദിക്കാനുണ്ടോ? പൊലിററിക്കൽ ക്രൈം ബ്രാഞ്ചിൽ കാൺഫിഡൻഷ്യൽ സെക്ഷൻ ക്ലാർക്കു്. ബി. എ. ജയിച്ചിട്ടുണ്ടു്. എഫ്. എൽ.—ം ജയിച്ചിട്ടുമുണ്ടു്. ബി. എൽ.—നു ചേൎന്നിരിക്കുന്നു.

ഞാൻ:-ഞാൻ ലാഗ്രാഡ്വേററും കൂടെയാണ. പബ്ളിക് ഇൻസ്ട്രക്ഷൻ ആഫീസിൽ ഒരു സൂപ്രണ്ട്. ആദ്യ ഭാൎയ്യ മരിച്ചുപോയി; കുട്ടികൾ—അതിൽ ഒന്നേയൊന്ന്. അതിനു വേണ്ടതു് ഒക്കെ കൊട്ടത്തിട്ടുമുണ്ട്. സംബന്ധവും ചെയ്യിച്ചയച്ചു. ഇനി നമ്മുടെ സംരക്ഷണത്തിന് ഒരാൾ കൂടിയേ തീരൂ.

"ശരി, ശരി. അങ്ങനെ വിട്ടുപറയണം കാൎയ്യങ്ങൾ. ഈ വിഷയത്തിൽ എന്റെ സഹായം കൂടിയേതീരൂ. അല്ലേ?" എന്നു തങ്കം.

ഇങ്ങനെ പറഞ്ഞു് അവൾ സരസമായി ഒരു പുഞ്ചിരിതൂകി. കൃഷ്ണപക്ഷമായിരുന്നു അപ്പോൾ. എങ്കിലും മങ്ങിമയങ്ങി കത്തിക്കൊണ്ടിരുന്ന വൈദ്യുതദീപങ്ങളുടെ പ്രഭയെ വെല്ലുന്ന കാന്തിപ്രചുരിമയായിരുന്നു, മന്ദസ്മിതാർദ്രമായ ആ മുഖത്തുനിന്നു് ആ നിമിഷത്തിൽ ഗളിച്ചതു്.

ഞാൻ:-തങ്കത്തിനെ കണ്ടുകിട്ടിയതു് എന്റെ ഭാഗ്യം. ഞാൻ എന്തുചെയ്യണം? ഉടനേ പറയൂ. എന്തിനും സന്നദ്ധൻ.

തങ്കം:-അങ്ങു് ഒന്നു ധരിക്കണം. കുറേക്കാലത്തേയ്ക്കു നമ്മുടെ ഈ ബന്ധം കഴിയുന്നതും രഹസ്യമായി സൂക്ഷിക്കണം. അതിനു കാരണങ്ങൾ ഉണ്ട്. അതു ഞാൻ പിന്നീടൊരവസരത്തിൽ സാവധാനമായി പറഞ്ഞുകൊള്ളാം. ഇപ്പോൾ ചോദിക്കരുതു്.

ഞാൻ:-എനിക്കു് അതറിയണമെന്നു നിർബ്ബന്ധമേയില്ല. ഇന്നു് ഈ സ്ഥലത്തുവച്ചെങ്കിലും സൗകൎയ്യമായി കാണാൻ ഇടകിട്ടിയല്ലോ! അതുതന്നെ വലിയ ഭാഗ്യം! എന്റെ താമസസ്ഥലം അറിയാമോ?

തങ്കം:-അതൊക്കെ ഞാൻ മനസ്സിലാക്കിവച്ചിട്ടുണ്ട്.

ഞാൻ:-ഞാൻ തങ്കത്തിന്റേയും.

തങ്കം:-അതെങ്ങനെ?

ഞാൻ:-തങ്കത്തിനുണ്ടായ ജിജ്ഞാസ എനിക്കും ഉണ്ടാവാൻ പാടില്ലേ?

തങ്കം:-ജിജ്ഞാസമാത്രമോ? എല്ലാംതന്നെ. ഞാനും മനുഷ്യസ്ത്രീയല്ലേ?

ഞാൻ:—ചിലപ്പോൾ അങ്ങനെയല്ലെന്നു് എനിക്കു തോന്നിപ്പോകാറുണ്ടു്.

തങ്കം:—(ചിരിച്ചുകൊണ്ടു്) അതെന്തു്? ഞാൻ അത്ര കഠിനഹൃദയയോ? കട്ടപ്പക്കാരിയെന്നു തോന്നിയിട്ടുണ്ടോ?

ഞാൻ:—ഇല്ല. അത്രത്തോളമില്ല. കട്ടപ്പക്കാരിയെങ്കിൽ ഇന്നത്തേ ഈ സമാഗമം സംഭവിക്കുമോ? എനിക്കുനല്കിയ ആശ്വാസവചനങ്ങൾ എത്ര പരിമളമയവും ശീതളവുമായിരിക്കുന്നു!

തങ്കം:—ഇങ്ങനെ സാഹിത്യം കോരി വിളമ്പികൊണ്ടിരുന്നാൽ ആവില്ല. നേരം അധികമാകുന്നു. നന്നേ വിശക്കുന്നുമുണ്ടു്. ഇങ്ങനെ പാഴ്വാക്കു പറഞ്ഞിരുന്നാൽ മതിയോ?

ഞാൻ:—എനിക്കു പ്രത്യേകിച്ചു് ഒരു പരിപാടിയും ഇന്നില്ല. തങ്കത്തിൻെറ പ്രോഗ്രാം എങ്ങനെ, അതുപടി ഞാൻ സന്നദ്ധൻ.

തങ്കം:—ശരി, ഞാൻ ഇന്നു കരുതിക്കൂട്ടി പുറപ്പെട്ടിരിക്കയാണു്.

ഞാൻ:—തങ്കം എന്താണു് ഉദ്ദേശിക്കുന്നതു്?

തങ്കം:—വീട്ടിൽ അമ്മയും അക്കനും മാത്രമേ ഉള്ളു. അക്കൻെറ ഭർത്താവു പേർഷ്യയിലാണു്. അണ്ണൻ ഈജിപ്റ്റുഗവണ്മെൻറ സെക്രട്ടറിയേററിൽ ഒരു വലിയ ഉദ്യോഗസ്ഥൻ. വളരെ അർജൻറായ ഒരു സർക്കാർകാര്യംപ്രമാണിച്ചു് നമ്മുടെ മന്ത്രിണിയുടെ ബംഗ്ലാവിൽ ചെന്നു് ഇന്നു രാത്രി നിർവ്വഹിക്കേണ്ട ജോലികൾ ഉണ്ടെന്നു പറഞ്ഞാണു പോന്നതു്. കുട്ടിനു് ഇവനെക്കൂടെ വിട്ടു. ഇവൻ കൊച്ചു—പിള്ള. നമുക്കു് ഇന്നു് എവിടെയെങ്കിലും വിശ്രമിക്കാം.

ഞാൻ ഒരുനിമിഷം ആലോചനാമഗ്നനായിരുന്നു. എന്നിട്ടു പറഞ്ഞു:"എൻെറ വീട്ടിലേക്കായാൽ എന്താ തരക്കേടു്?"

തങ്കം:—അവിടെ ആരെല്ലാം ഉണ്ടു്?

ഞാൻ:—ഒരു അരിവെപ്പുകാരൻ പയ്യൻ; കഷ്ടിച്ചു പതിനാലോ പതിനഞ്ചോ വയസ്സു്, അത്രേയുള്ളു. കുഴപ്പം ഒന്നുമില്ല.

തങ്കം:—വേണമെന്നില്ല. നമുക്കു് നേരെ മാസ്കറു ഹോട്ടലിലേക്കു പോയി ഒരു ഡബിൾ ബെഡ്റൂം എടുത്തു് ഇന്നു് അവിടെ കഴിച്ചുകൂട്ടാം; നാളെ നേരേ ആഫീസിലേക്കും.

ഞാൻ:—ഓഹോ! അങ്ങനെതന്നെ. ഞാൻ പതിവില്ലാതെ ഒരു നൂറുറുപ്പികനോട്ടം എടുത്തുകൊണ്ടാണ് പുറപ്പെട്ടത്. ചില ഷാപ്പുസാമാനങ്ങൾ വാങ്ങി വീട്ടിൽ കൊണ്ടുപോകണമെന്ന് ആലോചിച്ചിരുന്നു.

"അതു് ഏതായാലും നന്നായി. ഇന്നു ഞായറാഴ്ചയാണെന്ന് ഓർമ്മിച്ചില്ലേ? ഇന്നു ഷാപ്പുപണ്ടങ്ങൾ കിട്ടുകയില്ല. എന്നാൽ മററുചില പണ്ടങ്ങൾ കിട്ടുവാനുംപോകുന്നു." എന്നുപറഞ്ഞു് അവൾ ചിരിച്ചു കുടഞ്ഞു മണ്ണുകപ്പുവാൻ തുടങ്ങി. നാലുപാട്ടും ഞാൻ സൂക്ഷിച്ചുനോക്കി. ദൈവഗത്യാ ആരും അവിടെയെങ്ങും ഉണ്ടായിരുന്നില്ല, സമീപത്തു്.

പിന്നീടു ഞങ്ങൾ അവിടെ ലേശവും താമസിച്ചു സമയം പാഴാക്കിയില്ല. "ഹസ്തേന ഹസ്തതലമാത്തസുഖം ഗൃഹീത്വാ" എന്ന പല്ലവി ആടിക്കഴിഞ്ഞില്ലായിരുന്നുവെങ്കിലും, അത്രത്തോളം സൗഹൃദമനോഭാവത്തിലും ഐക്യത്തിലും ലയിച്ചു മെല്ലെ നടന്നു മാസ്കൂററുഹോട്ടലിൽ എത്തി, തങ്കത്തിന്റെ അഭീഷ്ടംപോലെയുള്ള ഒരു മുറി വാടകയ്ക്കെടുത്തു താമസമായി.

## അദ്ധ്യായം മൂന്നു്

## രാഗിണിയുടെ പരാതി

"അങ്ങു് പതിവായി ഇങ്ങനെ അസമയമായിട്ടേ വീട്ടിൽ വരാറുള്ളു. ആഫീസിൽനിന്നിറങ്ങിയാൽ നേരെ വീട്ടിലേയ്ക്കു വരണമെന്നു ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ടു്. പക്ഷേ, ഫലമെന്തു്? ഓരോദിവസവും വരുമ്പോൾ ഓരോ സമാധാനം. ഈ നടപടി അങ്ങയുടെ നിലയ്ക്കു വളരെ മോശംതന്നെ." എന്നിങ്ങനെ രുഷ്ടയായി രാഗിണി ഭർത്താവിനോടു പറഞ്ഞു. നേരം അപ്പോൾ പത്തുമണി രാവായിരുന്നു. രാഗിണിയുടെ അമർഷംനിറഞ്ഞ ഈ ശകാരവർഷം പൊഴിഞ്ഞുകൊണ്ടിരിക്കുമ്പോഴാണു് യാദൃച്ഛികമായി ഞാൻ അവിടെ ചെന്നു കയറിയതു്. എന്നെക്കണ്ടപ്പോൾ ആ യുവതിയുടെ കോപം അല്പമൊന്നു ശമിച്ചു. കൃഷ്ണൻനായർ—അതാണവ

ളുടെ ഭത്താവിൻെറ പേർ—തെല്ലു് ഇളിഭ്യനമായി. അയാൾ പറഞ്ഞു: "കേട്ടോ ചേട്ടാ! നമ്മുടെ രാഗിണിക്കു് വലിയ അവിശ്വാസം—നമ്മളൊക്കെ പുരുഷന്മാരല്ലേ? പുറത്തിറങ്ങിപ്പോയാൽ, തിരിച്ചുവരുന്നതിനകം എന്തെല്ലാം കാൎയ്യങ്ങൾ ശ്രദ്ധിക്കണം. അതു വല്ലതും ഈ സ്ത്രീകൾക്കു് അറിയാമോ?"

രാഗിണി:—ഹേയ്, സ്ത്രീകൾ വെറും കുഴകൾ, അടുക്കളയിൽ കിടക്കാനോ, തീയും പുകയും ഏൽക്കാനോ, കഞ്ഞിയും കാഫിയും ഇടാനോ, ആണുങ്ങളുടെ ഇഷ്ടംപോലെ പേക്കൂത്തു് ആടാനോ ഒക്കെ മാത്രമേ അവർക്കു് അറിഞ്ഞുകൂട്ടൂ. അവൎക്കു ബുദ്ധിശക്തിയോ, വിവേകമോ ഒന്നുമില്ല. വെറും യന്ത്രപ്പാവകൾ. ആവശ്യംപോലെ പുരുഷന്മാരെ സന്തോഷിപ്പിക്കുവാൻ ചുമതലപ്പെട്ട യന്ത്രപ്പാവകൾ. നിങ്ങൾക്കു ബോധിച്ച വഴി ഒക്കെ നടക്കാം. രാത്രിയിൽ അസമയത്തു വീട്ടിൽ കയറിവന്നു വേണമെങ്കിൽ നമ്മുടെമേൽ കുതിരകേറുകയും ചെയ്യാം.

ഞാൻ:—അമ്മിണി വല്ലാതെ ക്ഷോഭിച്ചിരിക്കുന്നല്ലോ, കൃഷ്ണൻനായരേ! ഇത്ര കടുത്ത കോപം ഇതിനു മുൻപ് എങ്ങും കണ്ടിട്ടേ ഇല്ല.

കൃഷ്ണൻനായർ:—ചേട്ടൻ ഈ സമയത്തു വന്നുകൂടിയതു രക്ഷയായി. അല്ലെങ്കിൽ ഇതൊന്നും അല്ലായിരുന്നേനെ ഇവിടത്തെ കളികൾ.

ഞാൻ:—നിങ്ങൾക്കു നേരത്തെ ഇങ്ങു വന്നിരുന്നുകൂടേ? അമ്മിണിയെ എന്തിനു ക്ഷോഭിപ്പിക്കുന്നു?

രാഗിണി:—ഞാൻ കോപിക്കുന്നുവെങ്കിൽ അതു കാരണമില്ലാതല്ല ചേട്ടാ! ചേട്ടൻ എന്തറിഞ്ഞു ഇവിടത്തെ സ്ഥിതിഗതികൾ? ഇവിടുന്നു 10 മണിക്കു് ഊണുകഴിഞ്ഞു് ഇറങ്ങിയാൽ മറെറാരാഫീസിൽച്ചെന്നു ഹാജരുവച്ചിട്ടേ പബ്ലിക്കാഫീസിൽ പോകാറുള്ളൂ. വൈകുന്നേരവും അങ്ങനെതന്നെ.

ഞാൻ:—എന്താണു് അനുജാ, ഇങ്ങനെ പരാതി പറയിക്കുന്നതു്?

കൃഷ്ണൻനായർ:— ഈ പറയുന്നതിലൊന്നും യാതൊര

ത്ഥവും ഇല്ല ചേട്ടാ! അമ്മിണിക്ക് എന്തോ ഒന്നു മനസ്സിൽ തോന്നിയിട്ടുണ്ട്. അത്രേയുള്ളു.

രാഗിണി:—തോന്നിയിട്ടുണ്ട്. അതിനു് അത്ഥവും ഉണ്ട്. ഞാൻ അറിയൂല്ലയോ അവളേ?—പിന്നെ, ആ ശൃംഗാരക്കുഴമ്പിനേ?

ഞാൻ:—അതാരമ്മിണീ!! ഞാൻ അറിയുന്നതിൽ വിരോധമുണ്ടോ?

രാഗിണി:—ആളറിഞ്ഞാൽ ചേട്ടനും കരിപ്പട്ടിയിലേ ഈച്ചപോലെ അവിടെത്തന്നെ പററിക്കൂടിയേക്കും. അപ്പോൾ ബ്രഹ്മഹത്തിക്കാരനു ഗോഹത്തിക്കാരൻ സാക്ഷിയുമാകും.

"ഹ! ഹ! ഹ! ചേട്ടനും തന്നല്ലോ കണക്കിനു്! ഇങ്ങനെ തന്നെ വേണം പെണ്ണുങ്ങളായാൽ. ഇവറ്റകടെ തന്റേടം!—ആണുങ്ങളെ വെറും പുല്ലിനുസമം. ഈ ആണുങ്ങളെന്നുപറഞ്ഞു ഞെളിഞ്ഞുനടക്കുന്ന അങ്ങത്തമാരേ, ഇവരുടെ ദാസന്മാർ. പാദശുശ്രൂഷചെയ്യാൻ സദാ സന്നദ്ധർ."

രാഗിണി:—പെണ്ണുങ്ങളൊക്കെ മോശക്കാർ. ആണുങ്ങളെല്ലാം മിട്ടമിട്ടക്കന്മാരും. പിന്നെ എന്തിനാണോ ഈ മിട്ടമിട്ടക്കന്മാർ ഈ കൊള്ളരുതാത്ത വർഗ്ഗക്കാരെത്തേടി രാവും പകലും നായലയുംപോലെ വീട്ടകേറിയിറങ്ങി നാണവും നെറിയുംകെട്ട നടക്കുന്നതു്?

കൃഷ്ണൻനായരും ഞാനും രാഗിണിയുടെ മുൻപിൽ തല കുനിച്ചു നാണിച്ചു കുഴഞ്ഞു. ഇതിലധികം എന്തൊരു നാണക്കേടുവരാനുണ്ട ഞങ്ങൾക്കു്? അമ്മിണിയോ? നന്നേ ചെറുപ്പം, 21 വയസ്സുകാരി, കൊച്ചു ബി. ഏ.—ക്കാരി, രണ്ടു കുഞ്ഞുങ്ങളുടെ മാതാവു്; അവൾ ഉദ്യോഗത്തിനു പോയിട്ടില്ല. കുടുംബസ്വത്തിൽനിന്നുതന്നെ നല്ല ഒരു ഓഹരി, ഒരു ഇരുപതിനായിരത്തിൻെറ ഉൾനാടൻ സ്ഥാവരസ്വത്തു്. പുഞ്ചനിലങ്ങളും തെങ്ങിൻപുരയിടങ്ങളും നല്ല ഉറച്ച സ്ഥലത്തു്. അച്ഛൻവഴി കിട്ടിയതാണെങ്കിൽ ആ വകയും ഒട്ടും കുറവില്ല. നാണ്യമായിട്ടുതന്നെ അൻപതിനായിരം ഉറുപ്പിക ഉറച്ച ബാങ്കുകളിൽ. സ്വർണ്ണാഭരണങ്ങൾ ഒരു പത്തുപതിനയ്യായിരത്തിനു്. വെള്ളിപ്പാത്രങ്ങൾ തന്നെവരും ഒരു പതിനായിരത്തിനു്. ഇരുപ്പൂവു് നാഞ്ചിനാട്ടുനിലങ്ങൾ ഒരു നൂറെറാന്നുകോട്ട.

അവൾ ഭാഗ്യവതി. കൃഷ്ണൻനായർ, ബി. എസ്സി., ബി. എൽ. പാസ്സായ ഒരു യുവാവ്. രാഗിണി—അതേ, അമ്മിണി എന്നാണവളുടെ ഓമനപ്പേര്. അമ്മിണിയുടെ അച്ഛൻ ധനസഹായം ചെയ്തു പഠിപ്പിച്ചു വളർത്തിയ ഒരു പയ്യൻതന്നെ കൃഷ്ണൻനായർ. അയാളിപ്പോൾ സെക്രട്ടറിയേററിൽ ഒരു സൂപ്രണ്ട്. ഉദ്യോഗത്തിൽനിന്നുള്ള ശമ്പളമല്ലാതെ മററു കുടുംബസ്വത്തൊന്നുമില്ല. താൻ വലിയ പ്രഭ്വിയാണെന്നുള്ള തള്ളൽ അമ്മിണിക്കുണ്ട്: ഭർത്താവിനു സ്വത്തു കുറവാണെന്നും തന്റെ അച്ഛൻെറ പണംകൊണ്ടു പഠിച്ചയാളാണെന്നും ഒരു ഭാവന ഇടയ്ക്കിടെ പ്രകടിപ്പിക്കുക പതിവത്രെ. തിരുവിതാംകൂറിൽ പേരും പെരുമയുമുള്ള ഒരു തഹശീൽദാരുടെ മകളാണ് അമ്മിണി. അവൾക്ക് ഒരു സഹോദരനുണ്ട്. ആ പയ്യൻ കൊളംബിയാ സർവ്വകലാശാലയിൽ കെമിസ്ട്രി സംബന്ധിച്ച് ഉപരിപഠനം നടത്തുകയാണ്. മാതാവു ജീവിച്ചിരിപ്പുണ്ട്. പിതാവ് അന്തരിച്ചുപോയിട്ടു കാലം അധികമായിട്ടുമില്ല.

എന്റെ മൗനഭാവം കണ്ടു കൃഷ്ണൻനായർ പറഞ്ഞു: "ചേട്ടനെ നേരെ മുൻപിലിരുത്തിക്കൊണ്ട് ഇങ്ങനെ അവളു പറഞ്ഞതു് ഒട്ടും നന്നായില്ല. അമ്മിണീ, പ്രായവ്യത്യാസമെങ്കിലും കരുതേണ്ടേ!"

ഞാൻ:—ഓ! സാരമില്ല. അമ്മിണിയുടെ അച്ഛൻ ഹജൂരിൽ സൂപ്രണ്ടായിരുന്നപ്പോൾ ഞാൻ ആ സെക്ഷനിൽ ഒരു താണ ഗ്രേഡിൽ ക്ലാർക്കായിരുന്നു. അന്നുമുതൽക്കേ അദ്ദേഹവും കുടുംബവുമായുള്ള സ്നേഹബന്ധമാണ്. അദ്ദേഹത്തിനും അമ്മിണിയുടെ അമ്മയ്ക്കും എന്നെ എന്തു കാര്യമെന്നോ? അമ്മിണിയും ഗോപിയും അന്നു വെറും പൈതങ്ങൾ.

"എൻെറ അച്ഛൻ ഇപ്പോൾ ഉണ്ടായിരുന്നെങ്കിൽ—" എന്നു പറഞ്ഞു് അമ്മിണി ഗൽഗദസ്വരത്തിൽ പെട്ടെന്നു നിർത്തി, കണ്ണീർതുടച്ചു.

കൃഷ്ണൻനായർ:—ഇന്ന് അദ്ദേഹം ഉണ്ടായിരുന്നെങ്കിൽ, ഇത്ര ധാർഷ്ട്യക്കാരിയാകുകയില്ലായിരുന്നു അമ്മിണി. അതു നിശ്ചയംതന്നെ.

ഞാൻ:—അമ്മിണിയുടെ അച്ഛനെപ്പോലെ ഇത്ര മനുഷ്യ

DISTRIBUTING LIB. No....... KOTTAYAM

സ്നേഹിയായ ഒരാളെ കാണാൻ പ്രയാസം. അമ്മയുടെ സ്വഭാവഗുണവും അങ്ങനെതന്നെ.

അമ്മിണി:—ഇദ്ദേഹത്തിൻെറ ഈ കൊള്ളരുതായ്മകൾ ഓർക്കുമ്പോൾ ഈ ജീവിതം വേണ്ടെന്നുതന്നെ ചിലപ്പോൾ തോന്നിപ്പോകുന്നു.

ഞാൻ:—ഏതായാലും അത്രയ്ക്കു നിരാശപ്പെടാറായിട്ടില്ല. ഈ നഗരത്തിലെ പല ചെറുപ്പക്കാരുടെയും നില ആലോചിച്ചാൽ കൃഷ്ണൻനായർ എത്ര ഭേദം!

അമ്മിണി:— ഏതായാലും വേണ്ടിടത്തും വേണ്ടാത്തിടത്തും താങ്ങാൻ ഇങ്ങനെ ഒരു ചേട്ടനെ കിട്ടിയതുതന്നെ വലിയ ഭാഗ്യം.

അമ്മിണിയുടെ ഈ വാക്കുകൾ കേട്ട കൃഷ്ണൻനായരും ഞാനും പൊട്ടിച്ചിരിച്ചു.

ഞാൻ പറഞ്ഞു: "നിങ്ങൾതമ്മിൽ യോജിപ്പായെന്നു ബോദ്ധ്യം വന്നിട്ടുവേണം എനിക്കു പോവാൻ."

രാഗിണി:—എങ്ങനെയാണ് ഇപ്പോൾ ബോദ്ധ്യപ്പെടേണ്ടതു്? ചേട്ടൻതന്നെ പറയണം മാർഗ്ഗം.

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "മതി, ബോദ്ധ്യമായി. ഇനി പോകട്ടെ."

ഞാൻ എഴുന്നേറ്റു. ഉടനെ അമ്മിണി പറഞ്ഞു: "വരട്ടെ ചേട്ടാ! അങ്ങനെ പോയാലോ? അല്പം അവിടെ ക്ഷമിച്ചിരിക്കണം."

ഞാൻ:—അമ്മിണിക്ക് ഇങ്ങനെയൊക്കെപ്പറയാം. അരിവെപ്പുകാരൻെറ ദയയിലാണ് ഈയുള്ളവൻെറ ഗതി.

അമ്മിണി:—ചേട്ടൻ ഇങ്ങനെ വിഷമിക്കണമെന്നില്ല; ഇവിടെ ഊണു കഴിച്ചുകൊള്ളു.

കൃഷ്ണൻനായർ:—അതിനെന്താ അസ്വാധീനം?

അമ്മിണി:—ഏതായാലും ഇപ്പോൾ പോകേണ്ട. മററു കാര്യങ്ങൾ നാളെ തീർച്ചയാക്കാം.

ഞാൻ:—ഞാൻ നിങ്ങളെയെന്തിനു ബദ്ധപ്പെടുത്തുന്നു?

അമ്മിണി:—ബദ്ധപ്പാട് ഒന്നുമില്ല ചേട്ടാ! ഇവിടെ ഊണുകഴിച്ച് ഇവിടെയെങ്ങാനും കിടക്കണം.

ഞാൻ അമ്മിണിയുടെ നിർബ്ബന്ധത്തിനു വഴിപ്പെട്ടു.

അദ്ധ്യായം നാല്

## അമ്മാവിയും അന്ധകാരത്തിലെ പാദചലനവും

"അപ്പോൾ—അമ്മാവീ!—എങ്കിലും ആ രാധ ഇതുവരെ വന്നില്ലല്ലോ! ആ കരുണനേയും കൊണ്ടുപൊയ്ക്കളഞ്ഞതല്ലോ," എന്നിങ്ങനെ അയൽവീട്ടിനുള്ളിൽനിന്നു് രാത്രി പന്ത്രണ്ടു മണി സമയത്തു് മന്ദമായ ഒരു ശബ്ദം ഉയന്നുകേൾക്കാറായി. ഞാൻ അമ്മിണിയുടെ വീട്ടിൽ മാളികയുടെ രണ്ടാമത്തെ നിലയിലുള്ള ഒരു മുറിയിലാണു കിടന്നതു്. പുരയിടത്തിൻെറ അതിരിലുള്ള ഒരു മാളികയായിരുന്നതിനാൽ അയൽവീട്ടുകാരുടെ ഗൃഹവും മാളികയുടെ ഭിത്തിയും തമ്മിൽ വലിയ അകലം ഉണ്ടായിരുന്നില്ല. അന്നത്തെ രാത്രിയിൽ പല കാരണവശാലും എനിക്കു നിദ്ര ഉണ്ടായതുമില്ല. "അവൾ ആ മന്ത്രിണിയുടെ വീട്ടിലാണു പിള്ളേ! അവരുതമ്മി പണ്ടേ ഉള്ള ഒരു ചെങ്ങാത്തം. അതുവഴി നമുക്കു് ഇന്നു് ഒരു ഗുണം വരണമെന്നാണു് എൻെറ മനം പറയുന്നതും. പിള്ളയ്ക്കും ഒരു മാറ്റമോ ഒരു കയററമോ വേണമെങ്കിൽ കിട്ടിയേക്കും," എന്നൊരു സ്ത്രീസ്വരത്തിൽ മറുപടി. ശരി. രാധ, അവളൊരു ഉദ്യോഗസ്ഥ—മന്ത്രിണിയുടെ ആഫീസിൽ ഉദ്യോഗം—അല്ലെങ്കിൽ എന്തോ ഉറച്ച കൂട്ടുകെട്ടു്—കരുണനാരു്?— കൂടെ തുണയ്ക്കു പോയ പയ്യനോ?—അതോ, രാധയുടെ മകൻതന്നെയോ? അവളുടെ ഭത്താവായിരിക്കും ചോദിച്ചതു്. അയാൾക്കും എന്തോ ഉദ്യോഗം ഉണ്ടെന്നു തോന്നുന്നു. അമ്മാവിഅമ്മയും മരുമകനും മാത്രമെ ഉള്ളു വീട്ടിൽ. അതാ, വീണ്ടും ആരോ പറയുന്നു: "എക്സൈസിലെ ഈ പ്രിവൻറീവു് ആഫീസറുവേലയായിട്ടു വർഷം ഇരുപതായി അമ്മാവീ! ഇൻറർ രണ്ടുവിഷയത്തിനു ജയിച്ചിട്ടുമുണ്ടു്. കൂടെയിരുന്നവർ പലരും—താണതരം പരീക്ഷയുള്ളവർപോലും—പഴയ പേരുകേട്ട ചില കമ്മീഷണറന്മാരുടെ വീട്ടുകളിൽ വേലയ്ക്കു നിന്നിരുന്നവർപോലും—അക്കുറി എക്സൈസ് ബോട്ടുകളിലെ ഡ്രൈവ

റന്മാർപോലും ഇൻസ്പെക്ടറന്മാരായിക്കഴിഞ്ഞു. ഈയുള്ളവ ൻെറ ഭാഗ്യദോഷം! എന്തുപറയട്ടെ!"

"കൃഷ്ണപിള്ള അങ്ങനെ ദുഃഖിക്കേണ്ട. തങ്കം എന്നോടു പറഞ്ഞിട്ടുണ്ടു്, അവരോടു പറഞ്ഞു ശരിപ്പെടുത്തിക്കാമെന്നു്."

"അവളോടു് ഇതൊക്കെ ഞാൻ എങ്ങനെ പറയും പിന്നെ?"

"പറഞ്ഞാലക്കൊണ്ടു കടിച്ചുതിട്ടുമോ പിന്നെ? കളയണം പിള്ളേ. നിങ്ങൾ എന്നോടു തുറന്നു പറഞ്ഞാലക്കൊണ്ടു ഞാനും എടുത്തു വിഴുങ്ങുമോ പിന്നെ? എന്നോടു തന്നല്ലോ ആദ്യം ഉള്ളകള്ളികളെല്ലാം തുറന്നുവിട്ടതു്? പിന്നെന്താ ഇയ്യിടെ ഇത്ര മടിവരാൻ? ഞാൻ അവളോടു പറഞ്ഞിട്ടുണ്ടു്, വഴിപോലെ. ഒന്നും കൂട്ടാക്കേണ്ട പിള്ളേ. വല്ലപ്പോഴും ഇങ്ങനെ, ഇത്തിരി സൗകര്യക്കേടൊക്കെ വന്നേക്കും. അതു സാരമാക്കാനില്ല. നിങ്ങടെയാ കാര്യം. അന്വേഷിക്കാൻ വേറെയും ആളൊണ്ടല്ലോ ഇവിടെ?"

കുറേനേരത്തേക്കു പിന്നീടു് എല്ലാം ശാന്തമായിരുന്നു. ഉറക്കംവരാതെ കിടക്കയിൽ ഉരുണ്ടും പിരണ്ടും കിടക്കുകയായിരുന്നു ഞാൻ. "ഈ രാധ ആരു്? അവൾക്കു തങ്കം എന്നും പേരുണ്ടല്ലോ. ഒരു പയ്യനുംകൂടെ—മന്ത്രിണിയുടെ ബംഗ്ലാവിൽ—രാത്രിയിൽ ജോലിപോലും. എന്തോ! ആവോ!" എന്നിങ്ങനെ ആലോചനകൊള്ളുകയായി. അതിനിടയ്ക്കു് ഒരു മിന്നൽപ്പിണർപോലെ എൻെറ അന്തരംഗത്തിൽ ഒരു തോന്നൽ ഉണ്ടായി. അതോടുകൂടി ഞാൻ ഒന്നു ഞെട്ടി—വേപഥുവുണ്ടു. എൻെറ തങ്കമായിരിക്കുമോ ഇവൾ? ഹേയു്, അങ്ങനെവരാൻ തരമില്ല. ഇതു വേറെ ആരോ ആയിരിക്കും, ഞാൻ ഇടത്തോട്ടു തിരിഞ്ഞുകിടന്നു് ഉറങ്ങുവാൻ ശ്രമിച്ചു. എങ്കിലും ഒരു ഇമ കൂട്ടുവാൻപോലും സാധിച്ചില്ല. അങ്ങനെ കിടന്നു് വിഷമിക്കുകയായിരുന്നു. പുറത്തും മുറിക്കകത്തും ഭയങ്കരമായ കൂരിരുൾ. മുറിയുടെ വാതിൽ തുറന്നുകിടക്കുകയാണു്. അല്പനേരം കഴിഞ്ഞപ്പോൾ ഒരു മന്ദമായ പാദചലനം. അടുത്തനിമിഷത്തിൽ ഒരാൾ എൻ്റെ മെത്തയിൽ വന്നു് ഇരുന്നു മെല്ലെ തട്ടി തടവിക്കൊണ്ടു മന്ദസ്വരത്തിൽ ചോദിച്ചു:

"എന്താ! ഇതുവരെ ഉറങ്ങിയില്ലേ?"

ആൾ എനിക്കു മനസ്സിലായി; തെല്ലും കൂസാതെ ഇങ്ങനെ കൊടുത്തു മറുപടി: "എങ്ങനെ ഉറക്കം വരാനാ?"

"അതല്ലേ ഞാൻ വേഗം ഇങ്ങു വന്നതു്?"

"നായർ ഉറക്കംതന്നെയോ?"

"ഒരു എട്ടുമണിക്കൂർ നേരത്തേക്കു് ഇനി കുഴപ്പം ഒന്നുമില്ല."

"അതെന്തു്?"

"സ്ലീപ്പിങ്ങ്ഡ്രാററ്മിക്സ്ചർ കാഫിയിൽ കലത്തി കൊടുത്തു. ഉറക്കവുമായി. ഇതാണു കെമിസ്ത്രി പഠിച്ചതിന്റെ ഉപയോഗം."

"നല്ല വേലത്തരം!"

"ഇങ്ങനെ 'റോളിങ്ങ് സ്റ്റോൺ' ആയി എന്തിനു നടക്കുന്നു? ഇവിടെത്തന്നെ താമസിച്ചോളൂ. എനിക്കു് ഒരു തുണയുമായി. നമ്മൾ പൂർവ്വബന്ധുക്കളുമാണല്ലോ. അമ്മയ്ക്കും അതുതന്നെ ഇഷ്ടം."

"അതെങ്ങനെ അറിയാം?"

"ഇന്നാളു് അമ്മ വന്നിരുന്നപ്പോൾ ചേട്ടനെപ്പററി പ്രത്യേകം ചോദിച്ചു. 'ഇവിടെ വരാറില്ലേ?' എന്നും മററും."

"എന്നിട്ടു് എന്തു പറഞ്ഞു?"

"ചേട്ടൻ നമ്മെഒക്കെ മറന്നുകളഞ്ഞു. വലിയ ഇടങ്ങളിൽ എവിടെയോ കൂട്ടുകെട്ടിനു വട്ടം ഇണക്കുകയാണെന്നും മററും തട്ടിമൂളിച്ചുകൊടുത്തു."

"അതൊട്ടും നന്നായില്ല; കൊച്ചധികപ്രസംഗി!"

"ആകട്ടെ. ഞാനോ ചേട്ടനോ ആരാണു കൂടുതൽ അധികപ്രസംഗി?"

"ഞാൻ വലിയ അധികപ്രസംഗി. അമ്മിണി എൻെറ കൊച്ചധികപ്രസംഗി. അതുതന്നെ നാം തമ്മിലുള്ള അന്തരം."

"ഇങ്ങനെ സൊള്ളിക്കൊണ്ടു കിടന്നാൽ മതിയോ? നേരം വെളുക്കാറായി."

"ഇത്ര പെട്ടെന്നോ?"

"പിന്നെന്തിനാ ഈ പാഴവേലയൊക്കെ ചെയ്യുന്നതു്?"

"വീഴ്ച ഈ വശത്തിനില്ല. ഉണ്ടാകയുമില്ല. ആവൂ! വല്ലാത്ത ചരക്കുതന്നെ നീയ്!"

## അദ്ധ്യായം അഞ്ച്

# പങ്കൻപിള്ളയുടെ ദൗത്യം

പബ്ളിക് ഇൻസ്ട്രക്ഷൻ ഡയറക്ടരാഫീസിൽ ഒരു സൂപ്രണ്ടെന്ന നിലയിലുള്ള ഉദ്യോഗപദവിയേ എനിക്ക് ഉള്ളവെങ്കിലും, കുടുംബമഹിമയും ബന്ധുബലവും കൂട്ടുകെട്ടും മററു പലതുംകൊണ്ടു തലസ്ഥാനനഗരത്തിൽ എവിടെയും ആരും വിലവയ്ക്കത്തക്ക സ്ഥാനമഹിമയും സമ്മതവും ഉള്ള ഒരാളാരെങ്കിലും ഇന്നുണ്ടെങ്കിൽ അതു ഞാൻതന്നെയാണ്. ഈ പരിതഃസ്ഥിതിയിൽ ഞാൻ ഉയർത്തപ്പെട്ടിരുന്നതുനിമിത്തം ഈ ഞാൻ തെല്ലു് അഹങ്കാരിയായും തീർന്നിട്ടുണ്ടു്. അതു് എന്റെ കുററമെന്നു നിങ്ങൾ നിനയ്ക്കരുതെന്നു് അപേക്ഷ. ഈ നില മററാർക്കുവന്നാലും അങ്ങനെയോ, കൂടുതലോ സംഭവിക്കാവുന്നതാണു്. ഈ നാട്ടിൽ പേരും പെരുമയുമുള്ള ഒരു ജനകീയോദ്യോഗസ്ഥന്റെ ഔദ്യോഗികവസതിയിൽ അടുത്തൊരു ദിവസം നടത്തപ്പെട്ട ഗാർഹികമായ ഒരു ആലോചനയ്ക്കും നിശ്ചയത്തിനും അടുത്ത ബന്ധുവിന്റെ നിലയിൽ ഞാനും ക്ഷണിക്കപ്പെട്ടു. അതനുസരിച്ചു് മാളികയോടനുബന്ധിച്ചുള്ള വിശാലമായ ഒരു തളത്തിൽ മററു ചുരുക്കം ക്ഷണിതാക്കളോടൊന്നിച്ചു് ഞാനും നേരത്തേതന്നെ സ്ഥലംപിടിച്ചു. ആ വലിയ ഉദ്യോഗസ്ഥനും ഭാര്യയും എന്നെക്കൂടാതെ അടുത്ത രണ്ടു ബന്ധുക്കളായ ഭാര്യാഭർത്താക്കന്മാരും ഉണ്ടായിരുന്നു. ഞങ്ങൾ ലഘുവായ ഒരു ലഞ്ചു കഴിച്ചശേഷമാണവിടെ ഇരുന്നതു്. അപ്പോഴേയ്ക്കു സാമാന്യം കിളരംകൂടി മെലിഞ്ഞ ഒരു കൃഷ്ണവർണ്ണൻ, കഷണ്ടിത്തലയൻ, മുണ്ടും ഷർട്ടും ധരിച്ചു് ഒരു കസവുതുപ്പട്ടാവും വേണ്ടവിധം കോൺകച്ചപോലെ ഷർട്ടിന്മീതെ കണ്ഠത്തിനിരുപുറമായി കസവുകാട്ടി തൂക്കിയിട്ടു് അവിടെ വന്നെത്തി, ഗൃഹനാഥനെയും ഞങ്ങളെയും ഭക്തിപുരസ്സരം തൊഴുതു. അപ്പോൾ മന്ത്രി ചോദിച്ചു: "എന്താ പങ്കൻപിള്ളേ, ഇത്ര താമസിച്ചതു്? കാഫികുടിക്കാതെ ഞങ്ങൾ എത്രനേരം നിങ്ങൾക്കുവേണ്ടി കാത്തിരുന്നു?"

"ഇങ്ങോട്ടു വന്നവഴി വറുഗീസദ്ദേഹം അത്യാവശ്യമായി ഒന്നു വിളിപ്പിച്ചു. അവിടെക്കയറി അല്പം തിട്ടക്കമൊയ ചില കാൎയ്യങ്ങൾ പറഞ്ഞു് ഇരുന്നുപോയി," എന്നു പങ്കൻ പിള്ള.

"ഓഹോ! നിങ്ങൾ ഇരിക്കു അവിടെ. ഇവരെല്ലാം നിങ്ങളെ കാത്തിരിക്കുകയാ, കേട്ടോ?" എന്നു മന്ത്രി.

പങ്കൻപിള്ള ആൾ സരസൻ. ഇരിക്കാനുള്ള മന്ത്രിയുടെ ക്ഷണം പെട്ടെന്നു സ്വീകരിക്കാതെ ഓച്ഛാനിച്ചുനിന്നുകൊണ്ടു പറഞ്ഞു: "യജമാനന്മാരുടെ മുൻപിൽ ഈ മഹാസദസ്സിൽ പ്രവേശം കിട്ടിയതുതന്നെ ഈയുള്ളവൻെറ ഭാഗ്യം. പിന്നെ കൊച്ചമ്മമാരുംകൂടെ എഴുന്നള്ളിയിരിക്കുന്നു. പങ്കൻ പിള്ള ഇവിടെ നിന്നുകൊണ്ടു പറഞ്ഞുകൊള്ളാം."

മന്ത്രി:—ഹേയ്! എന്തലോഹ്യവൎത്തമാനം ഇതു്, പങ്കൻ പിള്ളേ! യജമാനൻെറയും കൊച്ചമ്മേടെയും എഴുന്നള്ളത്തിൻെറയും കാലം അങ്ങു കഴിഞ്ഞുപോയെന്നു് അറിഞ്ഞുകൂടെ? ഇതു ജനകീയയുഗമാണു്. നാമെല്ലാം സമന്മാർ. ആളവസ്ഥാഭേദമൊന്നും ഇവിടെ ഇല്ല. നമുക്കു്, അതു ഭാവിക്കാനും പാടില്ല. അതു് അഹിതവും അധൎമ്മവുമാണു്. നിങ്ങൾ ഇരിക്കിൻ; എന്നിട്ടാവാം മറു കാൎയ്യങ്ങൾ. ആരാവിടെ? പങ്കൻ പിള്ളയ്ക്കു് ഒരുകപ്പു കാഫിയും കുറേ ഉപ്പുമാവും ബോളിയും ലഡ്ഡുവും കേസരിയും ഒക്കെ ഇങ്ങോട്ടുതന്നെ കൊണ്ടുകൊടുക്കട്ടെ.

പങ്കൻപിള്ള:—ഇങ്ങനെയുള്ള വലിയ സ്ഥലങ്ങളിൽ കയറാൻ ഇടയായതുതന്നെ മഹാഭാഗ്യം!—അവിടുത്തെപ്പോലുള്ള മഹത്തുക്കളുടെ സൽക്കാരമേൽക്കുവാൻ ഇടവരുന്നതു് അതിലും ഭാഗ്യം!! എങ്കിലും ഇപ്പോൾ പങ്കൻപിള്ളയ്ക്കു യാതൊന്നും കഴിക്കാൻ ആവില്ല. വീട്ടിൽനിന്നു് ഇറങ്ങുംമുൻപു് വിനീതമായ ഒരു നാടൻകാപ്പി. വരുന്നവഴി തഹശീലാരദ്ദേഹത്തിൻെറ വീട്ടിൽ കയറിയപ്പോൾ ആ കൊച്ചമ്മ കാഫി കുടിച്ചേതീരുവെന്നു നിൎബ്ബന്ധം. എങ്ങനെ അതു നിരസിക്കും? ആ നിറഞ്ഞ കുടുംബത്തിനുതന്നെ കുറവല്ലേ, അല്പസ്വല്പം കുടിച്ചില്ലെങ്കിൽ? പങ്കൻപിള്ള കുടിച്ചുകൊടുത്തു അല്പസ്വല്പം. അവിടന്നു് ഇറങ്ങി വരുംവഴി വറുഗീസദ്ദേഹ

81488

ത്തിന്റെ ആൾ കണ്ടുമുട്ടി. അദ്ദേഹം രണ്ടുമണിക്കൂറായി പങ്കൻപിള്ളയെ കാത്തിരിക്കുന്നുവെന്നു് വില്ലാശിപായി, അല്ല, ഡഫേദാർ പറഞ്ഞു. അവിടെച്ചെന്നപ്പോഴേയ്ക്കു് അദ്ദേഹം ഉറക്കമായിപ്പോയി. കൊച്ചമ്മ കാണാതെ കടന്നുകളയാൻ ശ്രമിച്ചു. അവിടത്തെ കണ്ണെറ്റാളിക്കാനുണ്ടോ പഴുതുള്ളൂ? കണ്ട പങ്കൻപിള്ളയെ അങ്ങു പിടിയുംകൂടി. അവിടെയും കാഫി കുടിക്കണമെന്നു നിർബ്ബന്ധമായി. വേണ്ടെന്നു പങ്കൻപിള്ള; അതല്ല, കുടിച്ചേ തീരുവെന്നു കൊച്ചമ്മ. എന്തിനു പറയുന്നു? അങ്ങനെ തക്കിച്ചുനില്ക്കുന്നതിനിടയ്ക്കു് കൊച്ചമ്മ പുരികമൊന്നു വെട്ടിക്കുന്നതുകണ്ടു ഡഫേദാരോട്ടു്. ഒരു നൊടിനേരത്തിനുള്ളിൽ വന്നിരിക്കുന്നു, അവിടെ മേശപ്പുറത്തു്—എന്തു പറയുന്നു എന്റെ പൊന്നുങ്കൊടത്തു് എജമാനനേ! പൂവസ്തികൾ—തങ്കരേക്കിട്ടവസ്തികൾ, പ്ലേററുകൾ, പലതരം കത്തി, മുള്ളു്."

മന്ത്രി:—കേമമായിരുന്നുവെന്നു പറയൂ. പാത്രങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളുവോ?

പങ്കൻപിള്ള:—അല്ലല്ല, പൊരിച്ചതു്, വറത്തതു്, അമറുന്നതു്, മേ—മേ—കരയുന്നതു്, കൊത്തിപ്പെറുക്കുന്നതു്, ഇഷ്ടു, ചാപ്പ്, കട്ലററ്, ഉണ്ട, പഴം, ബിസ്കത്തു്, മിഠായി, വർമ്മം, ചായ, പച്ചവെള്ളം ആവിയിലെട്ടതതു്—എന്നുവേണ്ട ബഹുകോലാഹലംതന്നെ യജമാനനേ.

ഞാൻ:—പങ്കൻപിള്ളയെ വേണ്ടവിധം സൽക്കരിച്ചു എന്നു പറയൂ.

പങ്കൻപിള്ള:—അതേ, എന്റെ പൊന്നെജമാനനെ! പങ്കൻപിള്ളയും വിട്ടില്ല. ഇങ്ങോട്ടു് ഇങ്ങനെ സൽക്കരിച്ചവരെ വേണ്ടവിധം മാനിച്ചു സല്ക്കരിച്ചുകൊടുത്തു് അങ്ങോട്ടും. വേണ്ടവിധം. തിന്നും കുടിച്ചും, തിന്നും കുഴിച്ചും, കുടിച്ചും പൊടിച്ചും, നക്കിയും ചീമ്പിയും ബഹുകോലാഹലം ആയിരുന്നു യജമാനനെ. കുശാലുതന്നെ. കുശാൽ.

മന്ത്രിപത്നി ചിരിച്ചുകൊണ്ടു പറഞ്ഞു: "പങ്കൻപിള്ളയ്ക്കു് ഇപ്പോൾ വിശപ്പു തീരെയില്ലെന്നു പറയൂ.' ഇവിടെയും ഇതാ കാപ്പിയും പലഹാരവും ഒക്കെ കൊണ്ടുവന്നുകഴിഞ്ഞു. എന്താ ചെയ്ക? പങ്കൻപിള്ള അല്പസ്വല്പമെങ്കിലും കഴിച്ചി

ല്ലെങ്കിൽ ഈ സദസ്സിനെ ഇതിലധികം അനാദരിക്കാനില്ല. ഒരു ശുഭകാര്യം സംസാരിക്കാനുള്ള ഒരുക്കമാകയാൽ മധുരസാധനം കഴിക്കേണ്ടതും ആവശ്യം. ഞങ്ങളൊക്കെ കഴിച്ചു കഴിഞ്ഞു.''

''പങ്കൻപിള്ളയുടെ ആമാശയത്തിൽ ഒരു കട്ടകുമണി വീഴാൻപോലും ഇപ്പോൾ ഇടമില്ല. ഇതു പരമാത്ഥം. എങ്കിലും യജമാനന്മാരുടെ മുൻപിൽ, ഈ കൊച്ചമ്മയുടെ മുൻപിൽവച്ച്—പൊന്നുകൊച്ചമ്മയല്ലേ പങ്കൻപിള്ളയെ ക്ഷണിച്ചതു്. വലിയ യജമാനൻ നേരത്തെ കല്പിക്കുകയുംചെയ്തു.''

ഞാൻ:—എന്നാൽ തുടങ്ങിക്കൊള്ളൂ. നേരം അധികമാകുന്നു. ഇവക്കൊക്കെ ഇങ്ങനെ സൊള്ളിക്കൊണ്ടു് ഇരുന്നാലും തരക്കേടില്ല. ഞങ്ങൾ സാധുക്കൾ.

മന്ത്രി:—പങ്കൻപിള്ളയുടെ നേരമ്പോക്കും ചേട്ടൻെറ കളിയാക്കലും. രണ്ടുംകൂടെ ഒത്തുവന്നിരിക്കുന്നു ഇപ്പോൾ—

മന്ത്രിപത്നി:—ഇങ്ങനെ ഉല്ലാസമായ ഒരു പരിസരം ഇവിടെ ഉണ്ടായിട്ടു് എത്രനാളായി! എന്നും രാജ്യകാര്യവും, ആലോചനയും, കാൺഫറൺസും, ചർച്ചകളും, കാര്യം നേടാൻ കയറിവരുന്ന സന്ദർശകരുടെ ബഹുലതയും. മന്ത്രിപദം ഇത്ര സൈ്വരക്കേടുള്ള ഒരു സ്ഥാനമെന്നു നേരത്തേ ഊഹം കിട്ടിയിരുന്നെങ്കിൽ ഇതു സ്വീകരിക്കാൻ ഞാൻ തങ്കത്തിൻെറ അച്ഛനെ സമ്മതിക്കില്ലായിരുന്നു.

''ഇവിടെയും തങ്കമോ?'' എന്നു് ഒരു ഊറിയ മന്ദസ്മിതത്തോടെ ഞാൻ പെട്ടെന്നു് അതിനിടയ്ക്കു മനോരാജ്യംകൊണ്ടു.

മററൊരതിഥി:—ചേട്ടനെന്താണു് ആലോചിക്കുന്നതു്?

ഞാൻ:-ഹേയ്, മററൊന്നുമല്ല. ഞാൻ ഒരു സംഗതി മറന്നുപോയി. വലിയ വിഡ്ഢിത്തമെന്നു തോന്നുന്നു.

മന്ത്രി:—എന്താണതു്? ഇവിടംകൊണ്ടു സാധിക്കാവുന്നതു വല്ലതുമാണോ? കേൾക്കട്ടെ.

പങ്കൻപിള്ള:—(കാഫി കുടിക്കുന്നതിനിടയിൽ) ബ്രഹ്മാവു വിചാരിച്ചാലോ ആയുസ്സിനു വിഷമം!

മന്ത്രിപത്നി:—അപ്പോൾ പങ്കൻപിള്ളയ്ക്കു് അതിൽ എന്തോ ഗ്രാഹ്യമുണ്ടെന്നു തോന്നുന്നുവല്ലോ!

ഞാൻ:—ഹേയ്, ഒരിക്കലുമില്ല. പങ്കൻപിള്ള വൃഥാ

അങ്ങനെ പറഞ്ഞു എന്നേയുള്ളു. എൻെറ കണ്ണട വീട്ടിൽ വച്ചു മറന്നുപോന്നു.

"അത്രേയുള്ളോ, സാരമില്ല. ഇവിടെ കണ്ണടങ്ങു വലിയ ആവശ്യം ഉണ്ടെന്നുതോന്നുന്നില്ല." എന്നു മന്ത്രി.

പങ്കൻപിള്ള:—അങ്ങനെയല്ല യജമാനനെ! കണ്ണട നല്ലതു് ഒന്നു കൂടിയേതീരൂ. ഈ കൂട്ടത്തിൽ കണ്ണട വച്ചു്, ഞാൻ കൊണ്ടുവന്നിരിക്കുന്ന കടലാസു നോക്കാൻ പൊരുളുള്ളയാൾ ഈ യജമാനൻ മാത്രമേയുള്ളു. ഈ ഉള്ളുകള്ളി നേരത്തെ മനസ്സിലാക്കികൊണ്ടുതന്നെ മി: പങ്കൻപിള്ള പറഞ്ഞതു്. പക്ഷേ, വിട്ടുവാ പറയുകയാണെന്നു് യജമാനന്മാർ നിനച്ചിരിക്കും.

മന്ത്രി:—ഹേയ്, അങ്ങനെയൊന്നും നിനച്ചിട്ടില്ല. പങ്കൻപിള്ളയുടെ ഓരോ വാക്കിലും കാൎയ്യമുണ്ടെന്നു ഞങ്ങൾക്കറിയാം.

ഞാൻ:—വേഗം കാഫികുടിച്ചു കൈകഴുകി വരൂ.

മന്ത്രിപത്നി:—പങ്കൻപിള്ള സാവകാശമായിരുന്നു് അതെല്ലാം കഴിച്ചുകൊള്ളട്ടെ ചേട്ടാ. ബദ്ധപ്പെട്ടത്താതിരിക്കണം ഇങ്ങനെ.

പങ്കൻപിള്ള:—ഇതാ പങ്കൻപിള്ള എഴുനേററുകഴിഞ്ഞു.

പലഹാരങ്ങൾ ആകെക്കൂടി ഉരുട്ടിയെടുത്തു രണ്ടുമൂന്നു് ഉരുളയാക്കി ഒരു വിഴുങ്ങു്. കണ്ണുകൾ ഒരു വട്ടംകറക്കു്. കണ്ഠനാളത്തിനു് അസാമാന്യമായ ഒരു വീപ്പു്. പങ്കൻപിള്ളയ്ക്കു് ഒരു സംഭ്രമം. കാണികളായ ഞങ്ങൾക്കു് ഒരു അമ്പരപ്പു്, ശുഭകാൎയ്യത്തിനു വന്നതല്ലേ എന്നു്. അതിനിടയിൽ കാഫി; കെററിലിൽ ബാക്കിയിരുന്നതുകൂടി നിശ്ശേഷം ഊററി രണ്ടുമൂന്നു കപ്പോളം അങ്ങു് അകത്തേയ്ക്കു് ഒരു ഒഴി. നല്ലൊരു ഏമ്പക്കവുമിട്ടു പങ്കൻപിള്ള എഴുനേററു് അവിടെ അടുത്തുതന്നെ കൈകഴുകി കുലുക്കുഴിഞ്ഞു് ഞങ്ങളുടെ കൂട്ടത്തിൽ വന്നിരിപ്പായി ഗൗരവഭാവത്തിൽ.

"എന്താ പങ്കൻപിള്ളേ! സുഖായോ?" എന്നു മന്ത്രി.

"അല്ലാതെ വരുമോ യജമാനനേ! അവിടത്തേ ആജ്ഞാശക്തിയും കൊച്ചമ്മേടെ മനോഗുണവും രണ്ടുംകൂടെ ഒത്തിണങ്ങിയ ഇവിടെ, കല്പവൃക്ഷവും കാമധേനുവും ഒന്നൊരു

മിച്ചു് അവതാരം ചെയ്തിരിക്കയാണു്. അല്ലെന്നു പറയുവാൻ ആരുണ്ടു് ഈ ത്രിഭുവനത്തിങ്കൽ!"

ഞാൻ:—പങ്കൻപിള്ളയ്ക്കു മധുരംകയറി ചൊരുക്കിയെന്നു തോന്നുന്നു.

പങ്കൻപിള്ള കൈകൂടഞ്ഞുകൊണ്ടു പറഞ്ഞു:

"യജമാനന്മാരേ! ഒരബദ്ധംപിണഞ്ഞുപോയി. ഈ മധുരമെല്ലാം കയറി ചില്ലറ ശല്യംചെയ്തു. ആ കഥ നേരത്തേ ഓർമ്മിച്ചേ ഇല്ല."

മന്ത്രി:—എന്താ അതു്? മനസ്സിലായില്ലല്ലൊ.

"അധികാരമുള്ള വല്യ യജമാനന്മാർ അത്രയുംകൈ മനസ്സിലാക്കിയാൽമതി ഇപ്പോൾ. വിശേഷിച്ചും ഇതെല്ലാം വെറും വീട്ടുകാര്യം." എന്നു പങ്കൻപിള്ള.

മന്ത്രിയുടെ പത്നി ചിരിച്ചുകൊണ്ടു ചോദിച്ചു: "പങ്കൻപിള്ളേ! കുറച്ചു മുൻപു് ഒരു കൊച്ചമ്മേടെ സൽക്കാരത്തെക്കുറിച്ചു പറഞ്ഞല്ലോ, അപ്പോൾ ഏതോ ഒന്നു് തന്നെന്നു പറഞ്ഞു, കുടിക്കാനോ തിന്നാനോ? എന്താ അതിൻെറ പേരു്? ഞാൻ അതങ്ങു വിട്ടുപോയി. നാവിൽത്തന്നെ ഇരിക്കുന്നു അതിൻെറ ഓർമ്മ."

പങ്കൻപിള്ള ആലോചന നടിച്ചുകൊണ്ടു പറഞ്ഞു: "പങ്കൻപിള്ളയും അതു് ഇന്നു് ആദ്യമാണു കേൾക്കുന്നതും അനുഭവിക്കുന്നതും. 'ബമ്മ്'യെന്നോ, 'വമ്മ്'മെന്നോ, എന്തൊരു ശമ്മദാതാവാണോ, ആ കൊച്ചമ്മയ്ക്കേ അറിഞ്ഞുകൂടൂ."

എല്ലാവരും കൂട്ടച്ചിരിബഹളം. ചിരിച്ചുചിരിച്ചു തല കമ്പിടുന്നു സ്ത്രീകൾ.

മന്ത്രിപത്നി:—എന്താണു പങ്കൻപിള്ളേ, അതിൻെറപേരു്? ഇത്ര ഓർമ്മയില്ലേ? അതു തിന്നാനുള്ള സാധനമോ കുടിക്കാനുള്ള സാധനമോ?

പങ്കൻപിള്ള:—ഇങ്ങനെ ഉത്തരവായി ചോദ്യം ചെയ്താൽ കുഴഞ്ഞുപോകും പങ്കൻപിള്ള. പണ്ടു കോടതിയിൽ വല്യയജമാനൻ കക്ഷികളെ ക്രാസ്സുചെയ്തു വിരട്ടുന്നതുപോലെതന്നെ. അതൊരു പള്ളചാടിയ കുപ്പിക്കെത്തു്. അടപ്പെടുത്തിട്ടു് വായിലേയ്ക്കു കുനിച്ചുപിടിച്ചു കുടിച്ചാൽ ഒരു എരുവും പുളിയും വീര്യവും എല്ലാം ഉണ്ടേ പൊന്നു കൊച്ചമ്മേ!

അതു കുടിച്ചിട്ടു മധുരം കഴിച്ചാലും ശല്യം ചെയ്യുകയില്ലെന്നു് അവിടത്തെ കൊച്ചമ്മ പറഞ്ഞു. അതു നേരെന്നു ഞാനും കരുതി.

എല്ലാവരും ഊറിച്ചിരിക്കുന്നു. സ്ത്രീകൾ തലതാഴ്ത്തി ലജ്ജ അഭിനയിക്കുന്നു.

മന്ത്രി:-ഏതായാലും അതുകൊണ്ടു വലിയ കുഴപ്പമൊന്നും വരാനില്ല. അതൊരു മരുന്നാണെന്നുതോന്നുന്നു. പാശ്ചാത്യരുടെ ദൂഷ്യംതീർക്കുന്ന ഒരു നല്ല പാനീയംതന്നെ അതു്!

ഞാൻ:—എന്നാൽ ഇനി നമുക്കു വന്നകാര്യം തുടങ്ങരുതേ?

പങ്കൻപിള്ള:—അതേ യജമാനനെ! ഇനി വിഷയത്തിലേയ്ക്കു പ്രവേശിക്കാം.

എല്ലാവരും പരസ്പരംനോക്കി പുഞ്ചിരിതൂകുന്നു.

പങ്കൻപിള്ള:—ഇവിടെ മററാരുമില്ലല്ലോ. വേണ്ടപ്പെട്ട എത്രയും അടുത്ത സ്വജനങ്ങളെ ഉള്ളുവല്ലോ. കൊച്ചെജമാനന്റെ പരീക്ഷയൊക്കെ അറിയാമല്ലെ ? കെമ'സ്ത്രി, രസതന്ത്രം എടുത്തു ബി. എസ്സ്സി. ഒന്നാംക്ലാസ്സിൽ ഒന്നാമനായി ജയിച്ചു നാലുകൈയുള്ള ഉടുപ്പും, കറുത്ത ഒരു പലകത്തൊപ്പിയും പൊടിപ്പും, ഒരു വുരുള്ള സർട്ടിഫിക്കെററും ഡിക്രിയും വാങ്ങിച്ച ആളാണു് കൊച്ചെജമാനൻ. തൃക്കൈയിൽനിന്നു് ആ സദസ്സിൽ വച്ചുതന്നെ ഒരു സ്വർണ്ണത്തകിടു വട്ടമുദ്രയും വാങ്ങിച്ചിട്ടുണ്ടു്. ഇനി മേല്പോട്ടു പഠിക്കണമെന്നും ആശയുണ്ടു്. ദില്ലിയിലോ, ശീമയിലോ, അമേരിക്കയിലോ, കാലിഫോർണിയയിലോ എവിടെയോ വേണമെന്നു കൊച്ചങ്ങുന്നു പറയുന്നു. ആ ഇഷ്ടം എങ്ങനെയോ അങ്ങനെ ഒരു ലോഭവും കൂടാതെ അയച്ചു പഠിപ്പിക്കണം ഇവിടുന്നു്. അതിനു മുൻപായി അൻപതിനായിരം തലരൂപ കൊച്ചങ്ങത്തെ പേരിൽ ബാങ്കിലടയ്ക്കുകയും വേണം. മാല, പട്ടുസാരി, അലങ്കാരങ്ങളെല്ലാം ഇവിടന്നുതന്നെ ചെയ്യിച്ചുകൊടുക്കണം. കൊച്ചങ്ങുന്നും വലിയങ്ങുന്നും, ആൾക്കാരും ബന്ധുക്കളുമായി 500 പേർ വരും, പെടവടക്കു്. ദൈവംപ്രസാദിച്ചു് ഇതിനൊന്നും ഇവിടെ ഒരു ലോഭവും കുറവും പോരായ്മയും വരുകയില്ലെന്നു പങ്കൻപിള്ളയ്ക്കും അവിടത്തെ വലിയയജമാനനും അറിയാം. ഇതെല്ലാം വലിയങ്ങു

ന്നേയ്ക്കു നേരിട്ടുപറയാൻ മടിയായിട്ടു പങ്കൻപിള്ളയെ ആളായി ചുമതലപ്പെടുത്തി വിട്ടിരിക്കുകയാണെജമാനനെ!

ഞങ്ങൾ പരസ്പരംനോക്കി. വിരോധമില്ലെന്നു മന്ത്രിയുടെ പത്നി ആംഗ്യംകാണിച്ചു. അപ്പോൾ മന്ത്രി എന്റെയും മററു രണ്ടു സുഹൃത്തുക്കളുടെയും മുഖത്തുനോക്കി തലകുലുക്കി. ഞങ്ങളും ശിരഃകമ്പനം ചെയ്തു. അപ്പോൾ മന്ത്രി പറഞ്ഞു: "എല്ലാം നിങ്ങളുടെയൊക്കെ അഭിപ്രായംപോലെ സമ്മതിച്ചിരിക്കുന്നു."

"അങ്ങനെയെങ്കിൽ അടുത്ത മൂന്നാംദിവസം വ്യാഴാഴ്ച രാവിലെ ഏഴരനാഴികയ്ക്കും പത്തുനാഴികയ്ക്കും മദ്ധ്യേ ജാതകം കൈമാററത്തിനു പററിയ മുഹൂർത്തംതന്നെ. അപ്പോൾ, പറഞ്ഞു ബോധിപ്പിച്ചതിൽ പകുതിസംഖ്യ വല്യങ്ങുന്നിന്റെ കൈയിൽ കൊടുക്കുകയോ കൊച്ചങ്ങുന്നിന്റെ പേരിൽ ഇമ്പീരിയൽ ബാങ്കിലടച്ചു പാസ്സുബുക്ക് വല്യങ്ങുന്നിനെ ഏൽപിക്കുകയോ ചെയ്യണം. ബാക്കിസംഖ്യ പെടവടയ്ക്കു മുൻപ് ഇങ്ങനെ ഏതുവിധമെങ്കിലും ബോദ്ധ്യപ്പെടുത്തുകയും വേണം." എന്നു പങ്കൻപിള്ള വിധിവിവരം പ്രസ്താവിച്ചു.

"അങ്ങനെ ആവാം. ജാതകംകൊടദിവസം തരുന്ന കുറിയിൽ വിവാഹദിവസംമുതലായതു കാണിച്ചിരിക്കുമല്ലോ?"

പങ്കൻപിള്ള:—അതിനെന്തു സന്ദേഹം?

"ശരി. എല്ലാം അങ്ങനെ മംഗളമായിരിക്കട്ടെ," എന്നു മന്ത്രി.

ഞാൻ:—താംബൂലവും പുഷ്പവും മററും വിതരണം ചെയ്യാമല്ലോ.

"അങ്ങനെതന്നെ," എന്ന് എല്ലാവരും. "വരട്ടെ! വരട്ടെ! ഒരു കാര്യം വിട്ടുപോയി. കൊച്ചങ്ങത്തേ ജാതകം കാണിക്കാൻ കൊണ്ടുവന്നിട്ടുണ്ട്. ഇവിടത്തെ കൊച്ചുകൊച്ചമ്മയുടേതുകൂടെ ഒന്നെടുത്തു രണ്ടുംകൂടെ ചേർത്തുവച്ച് ഇപ്പോൾത്തന്നെ പരിശോധിക്കണം. പങ്കൻപിള്ള ആ ഭാരം ഏററിരിക്കുന്നു. പോരെങ്കിൽ ഈ യജമാനനും ഉണ്ടല്ലോ?"

"എന്നാൽ അങ്ങനെയാവട്ടെ," എന്നു മന്ത്രി. പിന്നീടു ജാതകപരിശോധനയായി.

അദ്ധ്യായം ആറു്

## വിടവാങ്ങൽ

ഞാനും കൃഷ്ണൻനായരുംകൂടി അതിരാവിലെ എന്റെ വസതിയിൽ ഇരുന്നു നാട്ടുവത്തമാനങ്ങൾ പറയുകയായിരുന്നു. അന്നൊരു ഞായറാഴ്ചയാണു്. ഞങ്ങൾ ഓരോ വിശേഷങ്ങൾ പറഞ്ഞു രസിച്ചു മുറുക്കിക്കൊണ്ടിരിക്കുമ്പോൾ അരിവെപ്പുകാരൻ കുറുപ്പു് ചായയും പലഹാരവും കൊണ്ടുവന്നു മേശപ്പുറത്തു വച്ചു.

"ഇനി കാഫി കുടിച്ചിട്ടാവട്ടെ." എന്നു ഞാൻ കൃഷ്ണൻനായരെ ക്ഷണിച്ചു. ആ സന്ദർഭത്തിൽ ഞങ്ങളുടെ ഇച്ഛാനുവത്തിയെന്ന ഭാവത്തോടുകൂടി സമീപത്തു തെല്ലുമാറി പഞ്ചപുച്ഛമടക്കി വിനയം അഭിനയിച്ചുനിന്ന കഞ്ഞിപ്പാടത്തു് കിട്ടുണ്ണിക്കുറുപ്പു്—അതാണു് അരിവെപ്പുകാരന്റെ വിലാസം—പറഞ്ഞു: "യജമാനനേ! കാഫിയല്ലിന്നു്. ചായയാണേ."

"അതു നന്നായി എന്തായാലും. എനിക്കു ചായയാണിഷ്ടം." എന്നു കൃഷ്ണൻനായർ.

കുറുപ്പു്:–യജമാനനു ചായയാണു് ഇഷ്ടമെന്നു കുറുപ്പിനു നേരത്തെ അറിയാം. അതുകൊണ്ടുതന്നെ ചായയിട്ടു. ഇവിടത്തെ എമാനനു് ഏതും ആവാം.

ഞാൻ:–അതുതന്നെ കുറുപ്പേ? ഏതും ആവാം മഹതാം. അല്ലേ?

കുറുപ്പു വായ്പൊത്തിക്കൊണ്ടു ലഘുവായി ഒരു മന്ദസ്മിതം തൂകി എന്റെ മുഖത്തേയ്ക്കു് ഒരു നോട്ടം. കുറുപ്പിനു പതിനഞ്ചു പതിനാറു വയസ്സിൽക്കൂടുതൽ പ്രായമില്ല. എങ്കിലും പ്രായത്തിൽ വളരെ അതിക്രമിച്ച ശരീരദൈർഘ്യവും ആകാരപുഷ്ടിയും അയാൾക്കുണ്ടു്. ശരീരത്തിന്റെ ഈ വളർച്ചയ്ക്കു് അനുരൂപമായ സ്വഭാവഗുണവും നമ്മുടെ മഹാനസപാലനു സ്വായത്തമായിരുന്നു.

ഞാൻ കൃഷ്ണൻനായരോടു ചോദിച്ചു: "കുറുപ്പിനെ അറി യില്ലേ? ആൾ നല്ല വകതിരിവുള്ളവനും തറവാട്ടുകാരനുമാ ണ്. കഞ്ഞിപ്പാടത്തു കുറുപ്പന്മാരാണ്. അവർ കേൾവികേ ട്ട പാചകക്കാർ."

കുറുപ്പ്:–പണ്ടൊക്കെ അങ്ങനെ ആയിരുന്നു യജമാന നേ! എന്നാൽ ഇപ്പോൾ ആ കേൾവിക്കു തക്ക ഗുണം ഒന്നും കാണാറില്ല പലർക്കും.

ഞാൻ:–അങ്ങനെയൊന്നുമല്ല കേട്ടോ. ഈ പയ്യൻ അതി വിനയശീലൻ. അതിവിനയംകൊണ്ടു്, ഉള്ള ഗുണമെല്ലാം താഴ്ത്തിപ്പറയുന്ന ഒരു ദൂഷ്യമെ ഇയ്യാളിൽ ഞാൻ കണ്ടിട്ടുള്ളു.

സംഭാഷണം ഈ ഘട്ടത്തിൽ എത്തിയപ്പോൾ ഒരാൾ അവിടെ വന്നുകയറി ഞങ്ങളെ വന്ദിച്ചു. ആൾ എനിക്കു് അ പരിചിതനായിരുന്നു. എങ്കിലും കൃഷ്ണൻനായരുടെ ഒരു സ്നേ ഹിതനാണെന്നു പെരുമാററത്താൽ മനസ്സിലായി.

അയാൾ പറഞ്ഞു: "സാർ ഇവിടെയാണെന്നു് അന്വേ ഷിച്ചപ്പോൾ അറിഞ്ഞു. ഞങ്ങൾതമ്മിൽ പരിചയവും പോ രാ. ഇതുതന്നെ നല്ല സന്ദർഭം പരിചയപ്പെടാനെന്നും ക രുതി."

ഞാൻ:–സന്തോഷമായി, അങ്ങയുടെ പരിചയത്തിനു് ഇപ്പോഴെങ്കിലും ഇടയായതിൽ.

കൃഷ്ണൻനായർ:–ആരെന്നു മനസ്സിലായോ? നമ്മുടെ അടു ത്ത വീട്ടിൻെറ ഉടമസ്ഥൻ മി. കൃഷ്ണപിള്ള. ഇദ്ദേഹത്തിനു് എക്സൈസിലാണു് ജോലി. ഒരു പ്രമോഷൻ കിട്ടാതെ കി ടന്നു വിഷമിക്കുന്നു. ചേട്ടൻ ഒന്നു മനസ്സുവച്ചാൽ എന്തെങ്കി ലും ഒരു സഹായം ചെയ്തുകൊടുക്കാൻ സാധിക്കും.

കൃഷ്ണപിള്ള:–വളരെ താങ്ക്സ്. ഇന്നലെ രാത്രി എനി ക്കു് ഒരു പ്രമോഷൻ ആർഡർ കിട്ടി. അതു പറയാനാണു വന്നതു്. അടുത്ത പ്രമോഷനു് ഇദ്ദേഹം ഒത്താശചെയ്തുത ന്നാൽ ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം.

ഞാൻ:–എന്താണു് ഇപ്പോഴത്തെ പ്രമോഷൻ?

"എക്സൈസ് ഇൻസ്പെക്ടരായിട്ടു്. ഇരുപതു വഷമാ യി പ്രിവൻറീവ് ആഫീസറായിക്കിടന്നു മുരയുകയായിരുന്നു. ദൈവഗതി, ഇപ്പോൾ ഇങ്ങനെ ആക്കോ ദയതോന്നി. ആർ

ഡറുംകൊണ്ടു പല സ്നേഹിതന്മാരെയും കാണാനുണ്ടായിരു ന്നു. വീട്ടിൽ വന്നപ്പോൾ വളരെ താമസിച്ചുപോയി. അവി ടെ അന്വേഷിച്ചപ്പോൾ ഉറക്കമായി. ഇന്നു നേരത്തെ ചെന്നു ചോദിച്ചപ്പോൾ ഇവിടെയായിരിക്കണമെന്നും പറഞ്ഞു." എന്നു് അയാൾ.

കൃഷ്ണൻനായർ:—എപ്പോൾ പുറപ്പെടണം?

കൃഷ്ണപിള്ള:—ഇന്നുതന്നെ പുറപ്പെടണമെന്നാണു് ആർ ഡർ. ജോയിനിങ്‌് പീരിയഡ് ഉപയോഗിച്ചുകൂടെന്നും പ്ര ത്യേകം പറഞ്ഞിരിക്കുന്നു. കാഫി കഴിച്ചാലുടൻ പുറപ്പെടു കയായി.

ഞാൻ:—എവിടേയ്ക്കാണു മാററം?

കൃഷ്ണപിള്ള:—അത്രുക്കററി ചവുക്കയിലേയ്ക്കു്.

കൃഷ്ണൻനായർ:—വളരെ വൈഷമ്യമുള്ള സ്ഥലവുമാണു്.

ഞാൻ:—കൊള്ളയടിയന്മാർക്കു പററിയ സ്ഥലം. മയ്യാദ രാമന്മാർക്കു് ആപത്തും പിണയും. പല കണിശക്കാർക്കും ഹ രിശ്ചന്ദ്രന്മാർക്കും കിണ്ടംപിണഞ്ഞ സ്റ്റേഷനാണതു്. കേ ട്ടോ, ഓമ്മിച്ചു പെരുമാറിക്കൊള്ളണം. പരസ്യമായ കൈക്കൂ ലിയും അഴിമതിയും കാണിക്കണമെന്നല്ല ഞാൻ പറഞ്ഞതി ൻെറ പൊരുൾ.

കൃഷ്ണപിള്ള:—അവിടുന്നു പറഞ്ഞതിൻെറ തത്വം മനസ്സി ലായി—ന്യായമായി പെരുമാറീയില്ലെങ്കിൽ ഒക്കുകില്ലവിടെ. എന്നാൽ ഇനി താമസിക്കാൻ നേരമില്ല. രണ്ടുപേർക്കും നമ സ്കാരം.

ഞങ്ങൾ:—നമസ്തേ.

ഞാൻ:—ഇപ്പോൾ തനിച്ചോ എല്ലാവരെയുംകൊണ്ടോ?

അദ്ദേഹം:—തൽക്കാലം അവരെക്കൂടെ കൊണ്ടുപോകാൻ സൗകയ്യമില്ലല്ലോ.

കൃഷ്ണൻനായർ:—അവർക്കു് ഇവിടെ ഒരു ചെറിയ ഉദ്യോ ഗമുണ്ടു്.

ഞാൻ:—ഓഹോ, അങ്ങനെയോ? എങ്കിൽ തരമില്ലല്ലോ.

കൃഷ്ണപിള്ള വീണ്ടും ഞങ്ങളെ താണുതൊഴുതുകൊണ്ടു പു റപ്പെട്ടു. കൃഷ്ണൻനായരുടെ ആതിഥ്യം സ്വീകരിച്ചു മാളികമു കളിൽ കിടന്നപ്പോൾ കേട്ട ആകാശവാണിയുടെ കായ്യം,

അപ്പോൾ എനിക്ക് ഓൎമ്മ വന്നു. ആ നിശാവാണിയിൽ അന്തർലീനമായ ശുദ്ധഭാഷണങ്ങൾ ഇത്ര പെട്ടെന്നു സാത്മീഭവിച്ചതിൽ ഞാൻ അത്ഭുതപരവശനായി. ആ രാധ, ആൾ ആരായാലും സാമാന്യയല്ലെന്ന് എനിക്കു തോന്നാതിരുന്നില്ല. അന്നത്തെ രാത്രിയുടെ അപരാർദ്ധദശാസംഭവങ്ങളെക്കുറിച്ച് ആലോചിച്ചപ്പോൾ, ആ സന്ദർഭത്തിൽ രാധയെക്കുറിച്ച് എന്തെങ്കിലും ചോദിക്കുന്നതായാൽ വല്ല തെററിദ്ധാരണയ്ക്കും ഇടയായേയ്ക്കുമെന്നുള്ള ആശങ്കയും എനിക്ക് ഉണ്ടാകാതിരുന്നില്ല. ഞാൻ ഇങ്ങനെ ചിന്താവിഷ്ടനായിരിക്കുന്നതു കണ്ട കൃഷ്ണൻനായർ ചോദിച്ചു: "ഇന്നു ചായ കുടിച്ചതുകൊണ്ടാണോ ചേട്ടനു് ഒരു വ്യാകുലഭാവം? ഉറക്കംതൂങ്ങുന്നതുപോലെ തോന്നുന്നു. നമുക്കു വീട്ടിലേയ്ക്കു പോകാം. അവിടെ രുഗ്മിണി നല്ല കാഫി ഇട്ടുവച്ചിരിക്കും."

ഞാൻ:—ഹേയ് വേണ്ട. ഒന്നുമില്ല. കൃഷ്ണപിള്ളയ്ക്കുവന്ന ഭാഗ്യത്തെപ്പററി ഞാൻ ആലോചിച്ചിരുന്നുപോയി, നമുക്ക് ഒരു പ്രമോഷൻ തരാൻ ആരും ഇല്ലല്ലോ എന്ന്.

കൃഷ്ണൻനായർ:—കൊള്ളാം! ചേട്ടൻ ഒരു നാക്കു മടക്കാത്തതാമസം. ഇന്ന് അസിസ്റ്റൻറുകലക്ടർവേല ഉടനേ കിട്ടുമല്ലൊ. സർവ്വീസും പേഴ്സണൽ സ്കെയിലും അത്രയ്ക്ക് ഉണ്ടല്ലോ.

ഞാൻ:—എൻെറ അനുജാ! ഇങ്ങനെ പെൻഷൻപററി പിരിഞ്ഞേച്ചാൽ മതി. ബന്ധുക്കൾ വലിയ അധികാരികളായി വരുംകാലം എളിയ ബന്ധുക്കൾ അവരുടെ കണ്ണിൽപ്പെടാതെ ഒഴിഞ്ഞുമാറിനിൽക്കുകയാണുത്തമം.

കൃഷ്ണൻനായർ:—എന്നാൽ അവർ ചേട്ടനെ അങ്ങനെ പുറന്തള്ളിക്കളയാറുമില്ലല്ലൊ.

ഞാൻ:—പിടാകമുറ, വീട്ടുമുറ, നാട്ടുമുറ ഇതൊക്കെ തുത്തു കളഞ്ഞാൽ പോയ്യൂട്ടമോ പിന്നെ?

കൃഷ്ണൻനായർ:—ഏതായാലും ചേട്ടൻെറ ഈ അനാസ്ഥ നന്നല്ല. കാററുള്ളപ്പോൾ തൂററിക്കൊള്ളുകയെന്നല്ലേ ന്യായം? ഇക്കാലം വല്ലതും പററിയാൽ പററി. ഇനി വരുന്നകാലം എങ്ങനെയെന്നു് ആരറിഞ്ഞു?

ഞാൻ:—അനുജൻ പറഞ്ഞതു ശരിതന്നെ. ലോകനീതിയും

നടത്തയും അപ്രകാരമെന്നു് എനിക്കു് അറിയാം. എങ്കിലും ഇവരുടെയൊക്കെ അടുത്തുചെന്നു്, 'അയ്യോ എനിക്കു് അങ്ങനെചെയ്യണേ! ഇങ്ങനെ ചെയ്യണേ!' എന്നു പറഞ്ഞു യാചിക്കുക ബഹു പ്രയാസം, കേട്ടോ. അറിഞ്ഞു വല്ലതും തന്നാൽ വാങ്ങിക്കൊള്ളാം. കൊച്ചുപരമനെപ്പോലെ എനിക്കു വയ്യേ വയ്യ.

ഞങ്ങൾ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഫോണിൻെറ മണി തെരുതെരെ അടിച്ചു.

"ആരാണു ശല്യപ്പെടുത്തുന്നതു് ഇത്ര നേരത്തെ?" എന്നു പറഞ്ഞുകൊണ്ടു് ഞാൻ റിസീവറിൽ ചെവികൊടുത്തു.

"ഓ യെസ്. അങ്ങനെതന്നെ. ആറരമണിക്കു റെയിൽവേ സ്റ്റേഷൻപാക്കിനു സമീപം വന്നെത്തിക്കൊള്ളണം. താങ്ക്സ്."

"ആരു ചേട്ടാ അതു്?" അയാൾ.

"ഒരു സ്നേഹിതൻ തീവണ്ടിയിൽ വരുമെന്നു്; വൈകുന്നേരം. ഇവിടെങ്ങും പരിചയമില്ലാത്തയാൾ. അവിടെ കാത്തുനില്ക്കണമെന്നു്. അത്രേയുള്ളു. നമുക്കെന്താ, വൈകുന്നേരം ഇവിടെ തൊഴിൽ ഇടിയം സർക്കീട്ടുതന്നെ," എന്നു ഞാൻ.

### അദ്ധ്യായം ഏഴു്

## യോഗക്ഷേമാന്വേഷണം

ആഫീസിൽ പോകുന്നതിനായി നൂതനവസ്ത്രങ്ങൾ ധരിച്ചു കാലുകളിൽ ചെരിപ്പും കൈയിൽ കുടയുമായി പുറപ്പെട്ട കൃഷ്ണൻനായർ നേരെ ആഫീസിലേയ്ക്കല്ല, രാധാമന്ദിരത്തിലേയ്ക്കാണു പോയതു്. അതു സ്വഗൃഹത്തിനു തൊട്ടടുത്തുമായിരുന്നു. നായർ അവിടെ കയറിപ്പോകുന്നതു് അമ്മിണി കാണുന്നുണ്ടോയെന്നു സൂക്ഷിച്ചുനോക്കി, ഇല്ലെന്നു് ഉറപ്പുവരുത്തിയ ശേഷമാണു പടപടുവായ കൃഷ്ണൻനായർ ആ ഭവനത്തിൻെറ കൊട്ടിയമ്പലം മറികടന്നതു്. രാവിലെകിട്ടിയ ഫോൺ സന്ദേശമനുസരിച്ചു്, അന്നത്തെ സായാഹ്നപരിപാടിക്കു ചില ഒരുക്കങ്ങൾ കാലേകൂട്ടി ചെയ്യേണ്ടിയിരുന്നതിനാൽ ഞാൻ

അന്നു ക്യാഷപൽലിവ് എടുക്കാൻ തീരുമാനിച്ച് അപേക്ഷാ ഫാറം എഴുതി കുറുപ്പിൻെറ പക്കൽ ഏല്പിച്ചു കൊടുത്തയച്ചു കഴിഞ്ഞു. പിന്നീടാണു കൃഷ്ണൻനായർ രാഗിണീയാലയം വിട്ടിറങ്ങിയ തക്കംനോക്കി അവിടെ ചെന്നുകയറിയതു്. അമ്മിണി അപ്പോൾ ദ്രുതഗതിയിൽ ചില മഹാനസകാര്യവിചാരത്തിൽ ഏർപ്പെട്ടിരുന്നതിനാൽ ഞാൻ മാളികയിൽചെന്നു കയറി, അവിടെ വിരിച്ചൊരുക്കിയിട്ടിരുന്ന ഒരു ചാരുകസാലയിൽ കിടപ്പായി. അപ്പോൾ എനിക്കു്, കഴിഞ്ഞ ഒരു രാത്രിയിലെ ആകാശവാണിയുടെ സ്മരണ ഉണ്ടായി. പതുക്കെ ചെവികൊടുത്തുകൊണ്ടാണു കിടന്നതു്. അപ്പോൾ കേൾക്കാം, റേഡിയോവിൽനിന്നെന്നപോലെ: "കൃഷ്ണപിള്ള പോയല്ലൊ?"

"പോയിക്കഴിഞ്ഞു. എന്താ, ആഫീസിൽ പോകേണ്ടേ ഇന്നു്?"

"ഇന്നു പോയില്ലെങ്കിൽ എന്താ?"

"ആൾ തേടി ഇങ്ങു വന്നാലെന്തുചെയ്യും?"

"ഹേയ്, ഒരിക്കലും വരില്ല. ആ പേടി വേണ്ട."

"കയറിവന്നെങ്കിൽ കുറച്ചില്ല്. ആൾ ശകലം നിർബ്ബന്ധക്കാരി. ഭഗവാൻ പ്രസാദിച്ചു് അവർക്കു വേണ്ട മുതലും ഉണ്ടല്ലൊ. നിർബ്ബന്ധംപിടിച്ചാൽ നടക്കുമല്ലൊ പിന്നെ. അങ്ങനെ വല്ലതുമാണോ ഈയുള്ളവളുടെ നില?"

"രാധമ്മയ്ക്കെന്താ ഒരു കുറവ്. നല്ല ഒരു ഉദ്യോഗമുണ്ടു്. ശമ്പളം മുറയ്ക്കു കിട്ടും. ബി. എൽ. ജയിച്ചുകഴിഞ്ഞാൽ ഇനിയും നല്ല പ്രമോഷൻ കിട്ടാനും ഇടയുണ്ടു്. പിൻതുണയ്ക്കു പിടിപ്പുള്ളവർ പലരുമുണ്ടു്."

"അതൊക്കെ ശരിതന്നെ. വേഗം ആഫീസിൽ പൊയ്ക്കോളൂ. ഇന്നു് എനിക്കു തീരെ സുഖമില്ല. ഇനി മൂന്നുദിവസത്തേയ്ക്കു് എന്നെ കണക്കാക്കേണ്ട."

"രാധമ്മ എന്നെ നിരാശപ്പെടുത്തിക്കളഞ്ഞല്ലൊ. കൃഷ്ണപിള്ള പോയ പിറകെയോ?"

"അങ്ങനെതന്നെ."

"എന്നാൽ പോയേക്കാം."

ഇതാരു്? പരിചയമുള്ള ശബ്ദംപോലെ തോന്നുന്നുവല്ലോ. മററതു ഞാൻ ഉദ്ദേശിച്ച ആൾതന്നെ; പുതുമയേറിയ

ലോകം. ഈ രാധയാര്?—ഇത്ര വലിയ വൈഭവശാലിനി? അവളെ ഒന്നു കാണാൻ എന്തു വഴി? അമ്മിണിയോടു ചോദിച്ചാൽ കൂടുതൽ വിവരങ്ങൾ മനസ്സിലാക്കാം. എന്നാൽ ആ ചോദ്യത്തോടുകൂടി ഇതിനകത്തെ സ്ഥാനം തീരും. അവൾ അത്ര ശുണ്ഠി, അതുകൊണ്ടു് അതു വേണ്ടാ. ഇങ്ങനെ ഓരോ മനോരാജ്യത്തോടുകൂടി ഞാൻ അവിടെ ഇരിക്കവേ, മേശപ്പുറത്തു് ഒരു കാഫിമൊന്ത അടച്ചു തിരുക്കിട്ടുവച്ചിരിക്കുന്നതും, സമീപത്തു് ഒരു വസ്സിപ്ലേററ് അതേ ജാതി മറെറാന്നു കൊണ്ടു മൂടിവച്ചിരിക്കുന്നതും ദൃഷ്ടിയിൽപ്പെട്ടു. എനിക്കു സാമാന്യം നല്ല വിശപ്പും ഉണ്ടായിരുന്നു. അതുനിമിത്തം അവിടെനിന്നു പതുക്കെ എഴുനേററു, പ്ലേററു ശബ്ദംഉണ്ടാകാതെ ഒന്നു പൊക്കിനോക്കി. അപ്പോൾ കണ്ടു അതിനകത്തു് എനിക്കു് എത്രയും പ്രിയപ്പെട്ട കിണ്ണഅപ്പം സ്ലൈസ്സാക്കിവച്ചിരിക്കുന്നതു്. കാഫിപ്പാത്രത്തിന്റെ തിരുക്കും പതുക്കെ തിരിച്ചു തുറന്നു. അതിനകത്തെ തംബ്ളേർ എടുത്തു കുറെ കാഫി ഊററിവച്ചു. അല്പം കാഫികുടിച്ചിട്ടു പലഹാരം ഒരു നറുക്കെടുത്തു തിന്നുതുടങ്ങി. അപ്പോൾ കാണാം കൈയിൽ ഒരു വടിയുമായി അമ്മിണി ചീർത്തുകൂന്ന കാഴ്ച! എന്തൊരത്ഭുതം! എന്നെക്കണ്ടയുടൻ ആ തരുണി കന്യ ദൂരെയെറിഞ്ഞിട്ടു പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു: "ഇവിടെക്കയറി ഇങ്ങനെ ഒളിച്ചു പതുങ്ങിയിരുന്നു കണ്ടൻപൂച്ചയെപ്പോലെ പലഹാരം തിന്നാൻ ആരുപറഞ്ഞു? ഇപ്പോൾ അടിവീണുപോകുമായിരുന്നല്ലോ ചേട്ടാ!"

ഊറിയ ഒരു ചിരിയോടുകൂടി ഞാൻ പറഞ്ഞു: "അമ്മിണി ഇങ്ങനെ ഒരുപക്ഷേ, പററിച്ചേക്കുമെന്നു ഞാൻ ഊഹിക്കാതിരുന്നില്ല. അവിടെവന്നു നോക്കിയപ്പോൾ അടുക്കളയിൽ വറക്കുകയോ പൊരിക്കുകയോ വലിയ ധൃതി. ഉപദ്രവിക്കേണ്ടെന്നുവച്ചു് ഇങ്ങുവന്നു് ഇരിപ്പായി. കുറേക്കഴിഞ്ഞപ്പോൾ വിശപ്പും തുടങ്ങി. അപ്പോൾത്തന്നെ അതിനു വകയും കണ്ടുപിടിച്ചു. അമ്മിണിവന്നു പിടിയുംകൂടി."

"ഞാൻ ഇങ്ങനെ എന്നും കുറെ കാഫിയും പലഹാരവും വച്ചേക്കും ചേട്ടാ! ഇവിടെ ഒരു കള്ളൻ കുന്നൻപൂച്ച പതിവായി വന്നു പലഹാരവുംതിന്നു കാഫിയും തട്ടിമറിച്ചു നക്കി

ക്കടിച്ച് കടന്നുകളയും. ഇന്നവൻെറ തലയ്ക്കു രണ്ടടികൊട്ടുക്കാൻ കരുതിക്കൂട്ടി പുറപ്പെട്ടതാണ്."

"കാഫിയും പലഹാരവും കൊട്ടക്കുന്നവരോടു നന്ദി പ്രദർശിപ്പിക്കാതെ അങ്ങനെ കടന്നുകളഞ്ഞാൽ കൊള്ളാമോ? ഇന്നു കുന്നനെ കണ്ടുപിടിച്ചു. അല്ലേ?"

അമ്മിണി ചിരിച്ചുകുഴഞ്ഞു് എൻെറ അടുക്കലേയ്ക്കു് ഒരു കസേര നീക്കിയിട്ടു് ഇരുന്നു.

"ഇന്നെന്താ ചേട്ടാ ആഫീസിലും മററും പോകേണ്ടേ? വെറും ഗോപാലകൃഷ്ണനായി ഇങ്ങനെ നടന്നാൽ മതിയോ?" എന്നു് അവൾ.

"പിന്നെ എന്തുവേണം നമുക്കു്? ആമ്പാടിയങ്ങനെ നെടുനീളെ. ഗോപാലതരുണിമാരും വേണ്ടുവോളം." എന്നു ഞാൻ.

"ചേട്ടൻ ആൾ സരസൻതന്നെ," എന്നവൾ.

"എന്താ അമ്മിണി ഇങ്ങനെ റിമാർക്കു പറഞ്ഞതു് ഈ സാധുവിനെപ്പററി?" എന്നു ഞാൻ.

"ഇവിടത്തെ ആൾ പിറം തിരിയുന്നതുനോക്കി എവിടെയാ പതുങ്ങിനിന്നതു് ഇതിനകത്തു് ഇങ്ങനെ കടന്നുകൂടാൻ? ചേട്ടന്നു് ഒരു പി. എച്ച്. ഡി. ഡാക്കുറേറ്റ് തരുമായിരുന്നു ഞാനായിരുന്നു ചാൻസലറെങ്കിൽ."

"എന്നെപ്പോലെയുള്ളവക്കെല്ലാം ബഹുമതിഡിഗ്രിതരാൻ യോഗ്യതയുള്ള സിൻഡിക്കേററിൻെറ അദ്ധ്യക്ഷതന്നെ അമ്മിണി, സംശയം വേണ്ട."

"ചേട്ടൻ എന്നെ വൃഥാ സ്തുതിചെയ്യുന്നു. ഇന്നു് ആഫീസിൽ പോകേണ്ട." അവൾ.

"എനിക്കു് ഇന്നു കൃഷ്ണപൽ അവധി." എന്നു ഞാൻ.

"ഇത്ര വലിയ തിട്ടക്കമായ ആവശ്യം?"

"അമ്മിണിയെ ഇവിടെവന്നു കാണണമെന്നുള്ളതുതന്നെ." ഞാൻ.

"അത്ര വലിയൊരാളോ?" അവൾ.

"അതിനു സന്ദേഹമുണ്ടോ?"

"ആകട്ടെ. കാഫികഴിച്ചു വിശപ്പടങ്ങി. ഇനി പുറത്തേക്കു് ഒന്നു് ഇറങ്ങട്ടെ." ഞാൻ.

"ഏതായാലും ഇനി ഇപ്പോൾ വേണ്ട. ഇവിടെ കിടന്നു വിശ്രമിക്കു. ഊണു് ഇപ്പോൾ കാലമാവും. എണ്ണതേച്ചു കുളിച്ചു ഊണുംകഴിഞ്ഞു് ഇവിടെ ഇരുന്നു സൊള്ളരുതേ? ഏതായാലും, ആഫീസിൽ പോകുന്നില്ല ഇന്നു്." എന്നു് അമ്മിണി.

"അങ്ങനെയാണമ്മിണിക്കു് അഭിപ്രായമെങ്കിൽ എനിക്കും അതു് ഇഷ്ടംതന്നെ." എന്നു ഞാൻ.

## അദ്ധ്യായം എട്ടു്

# റയിൽവേ പാൎക്കിനരികെ

കൃത്യം മണി ആറരയടിച്ചു. ഞാൻ റയിൽവേപാൎക്കിനു സമീപം നിലയായി. മെയിൽട്രയിൻ വരുന്ന തിക്കും തിരക്കും അതികലശൽ. സെൻട്രൽസ്റ്റേഷനിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന ജനപ്രവാഹത്തിന്റെ ഉരുളിമ—അതങ്ങനെ. തീവണ്ടികയറാൻ മോട്ടോർകാറുകളിലും ജട്കകളിലും കാൽനടയായും ദ്രുതഗതിയിൽ ചെന്നുകയറുന്ന ജനാവലിയുടെ തള്ളലും പാച്ചിലും—അതൊരു ബഹളം. ട്രാൻസ്പോൎട്ട് മോട്ടാർവാഹനങ്ങളുടെ അങ്ങോട്ടുമിങ്ങോട്ടുമുള്ള അനുസ്യൂതമായ ഗതിവിശേഷം ഈ ഘട്ടത്തിലാണു്. "അങ്ങോടിങ്ങോട്ടുഴന്നും വിപിനഭുവി തളൎന്നും വിചാരം കലൎന്നും" ആ പ്രാണപ്രേഷ്ഠപ്രണയിനിയെ പ്രതീക്ഷിച്ചുള്ള ആവേശഭരിതമായ എന്റെ ആ നില. ആവൂ, ആറരഅടിച്ചു് അഞ്ചുമിനിററു കഴിഞ്ഞുവെന്നു റയിൽവേസ്റ്റേഷനിലെ ബൃഹമാണ്ഡഘടികാരത്തിന്റെ കൃഷ്ണവൎണ്ണമായ വൻസൂചി വെളിവാക്കി. എന്റെ കൈത്തണ്ടിൽ കെട്ടിയിണക്കിയിരുന്ന റിസ്‌റ്റുവാച്ചും അതിനോടൊപ്പംതന്നെ ശരിയായ സമയം അറിയിച്ചു് എനിക്കു തുണനൽകി. ഞാൻ അങ്ങനെ വരക്കണ്ണും തോൎത്തുപാൎത്തു നിൽക്കവേ അതിപ്രസന്നമുഖിയായ ആ തേജഃപുഞ്ജം എവിടെനിന്നോ ഒരു മിന്നൽപ്പിണർപോലെ വന്നടുക്കുന്നു, ഒരു ചിത്രശലഭംകണക്കെ. അതേ, വിധിരൂപസാരമഖിലംചേൎത്തു നിൎമ്മിച്ച ഒരു സൗന്ദൎയ്യസാരസൎവ്വസ്വമൂൎത്തിതന്നെ ആ

കൃശാംഗി എന്നു് എനിക്കുതോന്നി. ദുകൂലതന്തുപഞ്ജരത്തിൽ നിന്നു ബഹിർലോകത്തേയ്ക്കു് ഇദംപ്രഥമമായി നിർഗ്ഗമിച്ച കാമരൂപിണിയായ ചിത്രശലഭരാജ്ഞിതന്നെയവൾ! അഹോ! എന്തൊരു രൂപവൈചിത്ര്യം! സർവ്വാകർഷകമായ വസ്ത്രാലങ്കാരസുഷമ! തങ്കം—എൻെറ തങ്കം—അവൾ ഓററക്കുതിപ്പു്!—എൻെറ സവിധത്തിൽ എത്തി, ദീർഘകാലപരിശീലനമുള്ള സഹധർമ്മചാരിണീഭാവത്തിൽ സംഭാഷണംതുടങ്ങി: "അഞ്ചുമിനിററു താമസിച്ചുപോയി. വണ്ടി അല്പം താമസിച്ചാണു വന്നതു്."

"ഓ സാരമില്ല. ഏതു വണ്ടി?"

"എന്നെ കയററിക്കൊണ്ടുവന്ന കാർ."

"അതു് എവിടെ?"

"അതാ നിൽക്കുന്നു."

"ഡ്രൈവറെ പറഞ്ഞയച്ചുവോ?"

"അയച്ചുകഴിഞ്ഞു."

"ഇനിയത്തെ പ്രോഗ്രാം?"

"ഇന്നു നമുക്കു് ഹോട്ടൽ അരിസ്റ്റോവിൽ താമസിക്കാം. നാളെ രാവിലെയുള്ള എക്സ്പ്രസ്സ്കോച്ചിലേയ്ക്കു രണ്ടു ടിക്കററു റിസർവ്വുചെയ്തിട്ടുണ്ടു്."

"എന്തിന്നു്?"

"നാളെയും മററന്നാളും നമുക്കു് കേപ്പിൽ താമസിക്കണം. കേപ്പുഹോട്ടലിലും ഒരു ഡബിൾ ബെഡ്റൂം ഞാൻ റിസർവ്വു ചെയ്തിട്ടുണ്ടു്—ഫോൺമാർഗ്ഗം മൂന്നുദിവസത്തെ ക്യാഷൽലീവും എടുത്തുകഴിഞ്ഞു."

"കൊള്ളാം, നല്ലതു്. കേപ്പിലേയ്ക്കു പോവാൻ ഒരുങ്ങിത്തന്നെയോ വരവു്?"

"അതേ! എൻെറ സൂട്ട്കേസ്സും സാച്ചലും അതാ ആ പയ്യൻ കൊണ്ടുവരുന്നു."

"എൻെറ ഡ്രസ്സും മററും?"

"അതു് ഉടൻതന്നെ ഒരു ചിററുകൊടുത്തയച്ചു നമുക്കു വരുത്തിക്കളയാം. മുണ്ടു്—അൽമാരയുടെ താക്കോൽ കൈവശമോ കുറുപ്പിൻെറ പക്കലോ?"

"അതു് ഇവിടെത്തന്നെ ഉണ്ടു്. തങ്കത്തിനെ ഹോട്ടൽ

അരിസ്റ്റോവിൽ സുഖമായി ഇരുത്തിയിട്ട് ഒരു നെടികള്ളിൽ ഞാൻ പോയി ഒരുങ്ങിവന്നുകളയാം."

"അനുമതി. അല്ലെങ്കിൽ ഈ കാറിൽ കയറി നമുക്ക് ഒന്നിച്ച് അങ്ങോട്ട പോയേക്കാം—വേണ്ട, അതു് ഇപ്പോൾ വേണ്ട. അത്രയ്ക്ക് അവിടങ്ങളിൽ പബ്ളീക്കാക്കാറായിട്ടില്ല. നമുക്ക് ഹോട്ടൽ അരിസ്റ്റോവിൽ പോയി ഒരു മുറി എടുത്തു താമസമാവാം. ലഞ്ച്യകഴിച്ചിട്ട് അങ്ങു പോയിവരൂ. ഞാൻ മുറി അടച്ച് അവിടെ ഇരിക്കാം, തിരിച്ചു വരുംവരെ."

"അനുമതി. തനിയെ ഇരിക്കാൻ ശങ്കയാണോ?"

"ഹേയ്! ഒന്നുമില്ല. അങ്ങു വരുന്നതുവരെ ഈ പയ്യൻ കൂടെ എൻെറ ഒന്നിച്ചു നിന്നുകൊള്ളും."

ഞങ്ങൾ ഒന്നിച്ചു ഹോട്ടൽ അരിസ്റ്റോയിൽ എത്തി ഒരു ഡബിൾ ബെഡ്റൂം എടുത്തു താമസംതുടങ്ങി. ഞാനും തങ്കവുംകൂടി ആ മുറിക്കകത്തിരുന്നുതന്നെ ലഞ്ച് കഴിച്ചു. അനന്തരം ഞാൻ അവിടെനിന്നു് ഒരു കാർ വരുത്തി വസതിയിലേയ്ക്കു് ഓടിച്ചുപോയി. ആകെ ഒരു കാൽമണിക്കൂർകൊണ്ടു് ഒരുക്കങ്ങൾ എല്ലാം ചെയ്തു. യാത്രയ്ക്കും, അരിസ്റ്റോവിലും കേപ്പിലും താമസത്തിനും വേണ്ട പണവും വസ്ത്രങ്ങളും എല്ലാം സൂട്ടകേസിലാക്കി തിരിച്ചു അരിസ്റ്റോവിലേയ്ക്കു് ഓടിച്ചു ചെന്നെത്തി.

നേരെ ഞങ്ങളുടെ മുറിയുടെ നമ്പർ നോക്കി അവിടെ ചെന്നുകൂടി. എന്തൊരാശ്ചര്യം! മുറി പുറമേനിന്നു പൂട്ടിയിരിക്കുന്നു! അകത്തു വിളക്കു പ്രകാശിക്കുന്നുണ്ടു്. തങ്കം അവിടെങ്ങും കാണപ്പെട്ടില്ല. ഞാൻ അങ്ങനെ ഓരോന്നു ചിന്തിച്ചു മനോരാജ്യപ്പെട്ടുകൊണ്ടു നിൽക്കുമ്പോൾ ഒരു പയ്യൻ ഓടിവന്നു് എന്നോടു പറഞ്ഞു: "യജമാനൻ ഇവിടെ നിൽക്കണം, അമ്മ ഇപ്പോൾ വരും."

ഞാൻ രോമാഞ്ചത്തോടെ ചോദിച്ചു: "എവിടെപ്പോയെടേ?"

അവൻ:–കുളിമുറീ പോയിരിക്കുണ, അങ്ങുന്നു വരുംമുമ്പേ കുളികഴിഞ്ഞു വരാമെന്നുപറഞ്ഞു്.

"കൊള്ളാം! നല്ലതു്." എന്നു ഞാൻ. ഞാൻ അവിടെ സൂട്ട്കേസുവച്ചിട്ടു് ഓരോ ചിന്തകൾക്കു് അധീനനായി നട

ക്കുകയായിരുന്നു. അപ്പോൾ കോമളവിഗ്രഹനായ ഒരു യുവാവ്—ഒരു കാളേജുവിദ്യാൎത്ഥിയുടെ ഛരായയും മട്ടുമുണ്ട്‌ കണ്ടാൽ—കുളിമുറിയുടെ ഭാഗത്തുനിന്നും കിതച്ചു ധൃതിയിൽ ഞങ്ങളുടെ മുറിയുടെ മുൻപിൽ വന്നു് ഒന്നു് ഉലാത്തി. എന്റെ മുഖത്തേക്കു് ഇടക്കിടെ വിവൎണ്ണമുഖനായി സൂക്ഷിച്ചു നോക്കുന്നുമുണ്ട്‌. ഞാൻ ചോദിച്ചു: "നിങ്ങൾ ആരു്? എന്താ, എന്നെ സൂക്ഷിച്ചുനോക്കുന്നതു്?"

ആ യുവാവു്:—മറെറാന്നുംകൊണ്ടല്ല, അങ്ങു് ഈ സമയം ഇവിടെ വരുമെന്നും ഇവിടെ നിൽക്കാൻ പറയണമെന്നും പറയാൻ എന്നെ അയച്ചിരിക്കുകയാണു്.

ഞാൻ:—നിങ്ങൾ ആരു്?

"എന്റെ കുഞ്ഞമ്മയാണു പറഞ്ഞയച്ചതു്." എന്നു് അയാൾ.

"ഓഹോ! തങ്കത്തിനു് ഇത്ര പ്രായമുള്ള ഒരു സോദരീപുത്രനുമുണ്ടോ?" എന്നു ഞാൻ ആലോചിച്ചു, എന്നിട്ടു ചോദിച്ചു: "തങ്കമ്മ നിങ്ങളുടെ കുഞ്ഞമ്മയോ?"

യുവാവു്:—തന്നെ.

ഞാൻ:—നിങ്ങളുടെ പേർ?

അയാൾ:—തങ്കപ്പൻ.

ഞാൻ:—ജോലി എന്തു്?

അയാൾ:—സെക്കൻഡു യൂ. സി.—യിൽ പഠിക്കുന്നു.

ഞാൻ:—ഇവിടത്തെ കാളേജുകളിൽ എവിടെയെങ്കിലുമോ?

അയാൾ:—അല്ല, ടിച്ചിയിൽ, ഇപ്പോൾ ഒരാഴ്ചത്തെ അവധി വാങ്ങിവന്നു.

ഞാൻ:—വിശേഷിച്ചു്?

അയാൾ:—കുഞ്ഞമ്മ എഴുതി അയച്ചിട്ടു വന്നു.

ഞാൻ:—കുഞ്ഞമ്മ എവിടെ?

അയാൾ:—കുളിമുറിയിൽ.

പിന്നീടു ഞാൻ ഒന്നും സംസാരിച്ചില്ല. അങ്ങനെ ഒരു കാൽമണിക്കൂർ കഴിഞ്ഞപ്പോൾ തങ്കമ്മ കുളികഴിഞ്ഞു പുതിയ വസ്ത്രങ്ങൾ ധരിച്ചു് ഒരു നാകലോകവധൂരത്നത്തെപ്പോലെ ഒരു മന്ദസ്മിതത്തോടുകൂടി അവിടെ വന്നെത്തി. എന്റെ സമീ

പത്തു നിന്നിരുന്ന യുവാവിനെ കൈകൊണ്ടു മാടിവിളിച്ച് എന്തോ മന്ദസ്വരത്തിൽ പറഞ്ഞിട്ടു യാത്രയാക്കി. അയാൾ പോകുന്നതിനുമുൻപ് എന്നെ താണുതൊഴുതിട്ടാണു നടകൊണ്ടതു്. യുവാവു കോണിപ്പടി ചവുട്ടി താഴത്തേയ്ക്കിറങ്ങിയശേഷം അവൾ പറഞ്ഞു: “ക്ഷമിക്കണം. ഞാൻ അല്പം നിത്തി താമസിപ്പിച്ചു. കുളിമുറിയിലേയ്ക്കു പോയിക്കഴിഞ്ഞപ്പോഴാണു തങ്കപ്പൻ വന്നതു്. അവൻ എന്റെ ഒരു വലിയമ്മയുടെ മകൻ. ട്രിച്ചിയിൽ ഇന്റെറിനു പഠിക്കുന്നു. ഒരത്യാവശ്യകാൎയ്യംപ്രമാണിച്ചു ഞാൻ എഴുതിയിട്ടു വന്നതാണു്. കുളിമുറിയുടെ വാതിൽക്കൽ വച്ചുതന്നെ അവനോടു ചില അത്യാവശ്യങ്ങൾ സംസാരിപ്പാനുണ്ടായിരുന്നതു പറഞ്ഞുതീൎത്തു.”

അവൾ മുറിതുറന്നു. അതിനിടയ്ക്കു ഞാൻ പറഞ്ഞു: “പയ്യൻ എന്നോടു കാര്യങ്ങൾ പറഞ്ഞു.”

തങ്കം:—അവൻ പച്ചവെള്ളം ചവച്ചുകുടിക്കുന്ന പാവം. ശുദ്ധപശു. ലോകത്തിലെ ഈവക കാര്യങ്ങൾ യാതൊന്നും ഗ്രാഹ്യമില്ലാത്ത ഒരു പച്ചപ്പാവം.

ഞാൻ ഒന്നും സംസാരിച്ചില്ല. മുറി തുറന്നപ്പോൾ അകത്തുകയറി വാതിൽ തഴുതിട്ട് ഇരിപ്പായി. എന്റെ സമീപത്തു് അതേ കട്ടിലിൽ അതേ മെത്തയിൽത്തന്നെ തങ്കവും ഇരുന്നു. ഞങ്ങൾ ലോകകാൎയ്യങ്ങളും നാട്ടുകാൎയ്യങ്ങളും ഗൃഹകാൎയ്യങ്ങളും പലതും സംസാരിച്ചു. അപ്പോൾ ആരോ വാതിലിൽ മുട്ടി. ഞാൻ ചെന്നു വാതിൽ തുറന്നു.

ഞങ്ങളുടെ അത്താഴം കൊണ്ടുവരാൻ സമയമായോ എന്നു ചോദിക്കാൻ ‘ബോയി’യുടെ വരവാണു്. ഊണു കൊണ്ടുവരുവാൻ തങ്കം പറഞ്ഞു.

“മലയാളി ഊണോ? ആംഗ്ലോഇന്ത്യൻ ഊണോ? യൂറോപ്യൻ കേറ്ററിങ്ങോ?” എന്നു ബായിയുടെ ചോദ്യത്തിനു തങ്കംതന്നെ മറുപടി പറഞ്ഞു: “വെറും സായ്പന്മാരും മദാമ്മമാരും ആയിട്ടില്ല ഞങ്ങൾ. ആംഗ്ലോഇന്ത്യൻ ഊണു് അനുസരിച്ചു വേണ്ടതെല്ലാം കൊണ്ടുവരു. വളരെ വെടിപ്പായിരിക്കണം കേട്ടോ!”

“ഉത്തരവ്,” എന്നു പറഞ്ഞു ബായി പോയി.

* * *

ഭക്ഷണം കഴിച്ചശേഷം ഞങ്ങൾ വിശ്രമിക്കുകയായിരുന്നു. അപ്പോൾ ഞാൻ ചോദിച്ചു: "തങ്കം! തങ്കപ്പനെ ഇത്ര ധൃതിയിൽ എന്തിനു വരുത്തി? എന്നോടു പറയത്തക്ക കാൎയ്യമാണോ?"

"അവിടുന്നു് അറിഞ്ഞിരിക്കേണ്ട കാൎയ്യംതന്നെ. അവൻെറ അമ്മ മരിച്ചുപോയി. അച്ഛനും ഇല്ല. അവൻെറ സംരക്ഷണഭാരവും എനിക്കാണു്. അവൻെറ ചെലവു മുഴുവൻ താങ്ങാൻ എന്നാൽ ആവില്ലെന്നു വന്നിരിക്കുന്നു. അതുകൊണ്ടു് അവനെ ആരെയെങ്കിലും ഏല്പിച്ചാലെന്തെന്നു് ഒരു ആലോചന," എന്നവൾ.

"അതായതു്—" ഞാൻ.

"ആൎക്കെങ്കിലും പെൺകുട്ടികൾ ഉണ്ടെങ്കിൽ, കൊള്ളാവുന്നിടമുണ്ടെങ്കിൽ കൂട്ടി ഇണക്കിയേക്കാം. അവൻെറ പഠിത്തം നടന്നാൽ മതി. അവൻ തനിയെ നില്ക്കാറാകുന്ന കാലം അവൎക്കുതന്നെ അവൻ പ്രയോജനപ്പെട്ടുകൊള്ളട്ടെ." എന്നു തങ്കം.

"കൊള്ളാം!—നല്ല ഉപായം. നമുക്കു് ഒരു മകൾ ഉള്ളതിനെ ഒരു ആളിൻെറകൂടെ കൂട്ടിവിട്ടുകഴിഞ്ഞു. ഇനിമേൽ അങ്ങനെയുള്ള ഭാരം ഇല്ല. തങ്കപ്പനേക്കുറിച്ചു ഖേദം വേണ്ട. അവൻെറ പഠിത്തവും സകല ചെലവുകളും ഞാൻ വഹിച്ചുകൊള്ളാം. തങ്കമ്മയോടുള്ള സ്നേഹം പ്രമാണിച്ചാണേ. അതിനകത്തു മറെറാരു ലക്ഷ്യത്തിനും എനിക്കു് ആവശ്യമേ ഇല്ല."

"ശരി, മനസ്സിലായി. സന്തോഷം. അവിടുത്തെ ഈശ്വരൻ അനുഗ്രഹിക്കും. അനാഥ പയ്യനാണവൻ. സൽസ്വഭാവിയും. അക്കൻ എൻെറ തനിച്ഛായയായിരുന്നു. അവനും അങ്ങനെതന്നെ. എൻെറ മകൻ—അങ്ങനേ പറയുകയുള്ളു കണ്ടാൽ ഏവരും."

"കണ്ടയുടനെ തങ്കമ്മയുടെ ഉടപ്രന്നവൻ എന്നു് എനിക്കു തോന്നി."

ഇങ്ങനെ ഞങ്ങളുടെ സംഭാഷണഗതി കുറേനേരംകൂടി തുടൎന്നു. വെളുപ്പിനെതന്നെ ഉണൎന്നു കേപ്പ്യാത്രയ്ക്കു് ഒരുങ്ങേ

ണ്ടിയിരുന്നതിനാൽ കഴിയുന്നതും നേരത്തെ ഉറങ്ങേണ്ടതായ ആവശ്യവും വന്നുകൂടി. നവദമ്പതികളുടെ നിലയെ പ്രാപിച്ചിരിക്കുന്ന ഞങ്ങൾക്കു് എങ്ങനെയാണു നിദ്രാദേവിയുടെ പ്രസാദം ലഭിക്കുക!

## അദ്ധ്യായം ഒൻപതു്

# അരിശംകൊണ്ടഭിഷേകം

"എടോ പങ്കൻപിള്ളേ! താൻ ഇനി ഈ വളപ്പിനകത്തു കാലെടുത്തു് ഊന്നിപ്പോകരുതു്. താൻവരുത്തിവച്ച വിന ചില്ലറയൊന്നുമല്ല. എന്റെ കുഞ്ഞു് ഇവിടെങ്ങാനും ചത്തുകെട്ടു കിടന്നോളണ്ടേനെ. പഠിത്തവും തറവാടിത്തവും നോക്കിപ്പോയി. ഇതിലധികം അനത്ഥമൊന്നും വരാനുമില്ല. നമ്മുടെ കൈയിലിരുന്ന പണവും അവർക്കു കൊടുത്തു. പെണ്ണിനും സൈരമില്ല. അഴിയാനുള്ളതഴിഞ്ഞു. അണ്ടികളഞ്ഞിയെന്നു പേരും."

നമ്മുടെ പങ്കൻപിള്ള ജീവച്ഛവമായി നിന്നനിലയിൽ തന്നെ അങ്ങനെ അമ്പരന്നു നിന്നുപോയി. പണ്ടൊക്കെ വടക്കൻദിക്കുകളിൽ കോലംതുള്ളലുകളിൽ കണിയാന്റെ പാളക്കോലംകണ്ടു വിരണ്ടു് അതിന്റെ മുൻപിൽ പൂക്കുല പിടിച്ചുതുള്ളുന്ന പിണിയാട്ടിയെപ്പോലെ കല്യാണിയമ്മ അരിശംകൊണ്ടു് എരിപൊരികൊണ്ടു. അവരുടെ ഉടലാകെ കിലുകിലെ വിറച്ചുകൊണ്ടിരുന്നു. പ്രകൃത്യാ രക്തപ്രസാദമുള്ള ശോണിമയേറിയ വട്ടമുഖം, കോപാവേശത്താൽ കട്ടംചുവപ്പാന്നു. സാധാരണ പരിതഃസ്ഥിതികളിൽ മകരമത്സ്യാഭവുണ്ട നേത്രങ്ങളിലെ കരിംകൂവളമിഴികൾ വട്ടംകറങ്ങി രൂക്ഷത വമിച്ചുകൊണ്ടിരുന്ന ആ ഭയങ്കരകാഴ്ച ദശ്നീയമല്ലാതെ ചമഞ്ഞു. ആ കുലാംഗനയുടെ ബാഹുദണ്ഡങ്ങൾക്കു ചില ചില്ലറചലനങ്ങൾ ഉണ്ടാകുന്നതു കണ്ടു ധീരനായ പങ്കൻപിള്ള ഞെട്ടി പിന്നോക്കം വാങ്ങി. മനോഹരദുകൂലനിമ്മിതമായുള്ള അഭിനവമാതൃകയിൽ തുന്നിച്ചെടുത്ത ജമ്പർകൊണ്ടു് ആച്ഛാദിതമെങ്കിലും വിത്തുനെല്ലിട്ടാൽ പൊരിയും അവ

രുടെ മാറിടത്തു്—അത്രകണ്ടു പരിതപ്തമായിരുന്നു ആ മാറിടത്തിന്റെ അന്തർഭാഗത്തു കുടികൊള്ളുന്ന അന്തരംഗം. എന്തിനധികം പറയുന്നു, കല്യാണിയമ്മ മനുഷ്യംകൊണ്ടു മാന്ത്രികയെപ്പോലെ ചമഞ്ഞു.

ബുദ്ധിമാനായ പങ്കൻപിള്ള അവസരത്തിന്റെ ഗൗരവം മനസ്സിലാക്കി കുറേനേരം അകലെ മാറിനിന്നു. ഞാനോ, നിശ്ചലനായി അവിടെത്തന്നെ ആ ചാരുകസാലയിൽ കിടന്നു. അതൊരു പബ്ളിക്ക് ഒഴിവുദിവസവുമാണു്. കല്യാണിയമ്മ എന്റെ ഒരു ചാർച്ചയിൽപ്പെട്ട വനിതാമണി. അവരുടെ പ്രത്യേകതാൽപര്യപ്രകാരം, ഒരു ഗാർഹികകാര്യത്തിനു ഞാനവിടെ എത്തിയിരിക്കയാണു്. മകൾ പത്മത്തിന്റെ അമ്മാവിഅമ്മയും മകനുമായി അവളുടെ കാര്യം ഒരു ഒത്തുതീർപ്പിൽ വരുത്താനുള്ള യത്നത്തിനാണെന്നെ ക്ഷണിച്ചതിന്റെ ഉദ്ദേശ്യം. ഞാനാണു് സ്വമേധയാ പങ്കൻപിള്ളയ്ക്കു് ആൾ അയച്ചതും.

ഞാൻ പറഞ്ഞു: "പറയാനുള്ളതു മുഴുവൻ പറഞ്ഞുകഴിഞ്ഞുവോ? ഇനി എനിക്കു പറയുവാനുള്ളതു പറയട്ടയോ?"

കല്യാണിഅമ്മ:—എനിക്കും വല്ലാതെ ദ്വേഷ്യം വന്നുപോയി ചേട്ടാ! എങ്ങനെ ദേഷ്യം വരാതിരിക്കും? ഓർത്തുനോക്കണം.

ഞാൻ:—എങ്കിലും നിങ്ങൾ സ്ത്രീകൾ ഇങ്ങനെ കോപിക്കുന്നതു ശരിയല്ല. നമ്മുടെ സാധു പങ്കൻപിള്ള എന്തു പിഴച്ചു? പോരെങ്കിൽ അയാൾ ഈ നിറഞ്ഞ കുടുംബത്തിൽ കയറിവന്നു. ഞാൻ വിളിച്ചുവരുത്തിയതും. വളരെ മോശമായിപ്പോയി. ഇവിടെ എന്തുഭവിച്ചുപോയി ഇത്ര നിലവിട്ടു കയക്കാൻ?

കല്യാണിഅമ്മ:—ഇത്ര ഗൗരവമായി നാക്കിൽനിന്നു വീണുപോകുമെന്നു നിനച്ചേ ഇല്ല ചേട്ടാ! എനിക്കാകെക്കൂടി ഇളകിപ്പോയി. പാൽനിലാവുപോലെ പുതുപ്പുഞ്ചിരിയോടുകൂടിയല്ലേ ചേട്ടൻ ഇതിനകത്തു് എന്നെ കണ്ടിട്ടുള്ളു?

പങ്കൻപിള്ള:—കൊച്ചമ്മ ശകാരിച്ചതിൽ പങ്കൻപിള്ളയ്ക്കു് സങ്കടമില്ല. രണ്ടടി ഇട്ടുതന്നാലും പങ്കനു് അതു സന്തോഷം.

ഞാൻ:—ഈ പഞ്ചപാവത്തിനെയാണോ കല്യാണി

കുട്ടി ഇങ്ങനെ കരുണവിട്ട ശകാരിച്ചതു്? പങ്കനു് എന്തെങ്കിലും വേഗം കൊടുക്കൂ. പിന്നെയാകട്ടെ മററു കാൎയ്യങ്ങൾ.

"ചൂടുകാഫിയും ചുട്ടചുട്ടത്ത പലഹാരങ്ങളും ഇതാ വന്നു കഴിഞ്ഞു." എന്നു പറഞ്ഞു കല്യാണിയമ്മ അടുക്കളക്കെട്ടിലേയ്ക്കു് ഓടി. ഏതാനും നിമിഷം കഴിഞ്ഞപ്പോൾ വേലക്കാരിയെക്കൊണ്ടു പലഹാരത്തട്ടവും എടുപ്പിച്ചു്, കാഫിക്കെറ്റിലും രണ്ടു കപ്പുകളും സ്വയം കരത്തിലേന്തിക്കൊണ്ടു്, അവിടെ വന്നെത്തി ഭാരമെല്ലാം മേശമേൽ അൎപ്പിച്ചു.

"പങ്കൻപിള്ള ഒന്നുകൊണ്ടും കുണ്ഠിതപ്പെടേണ്ട. എന്തു വിഷമം വരുമ്പോഴും ഈ ഞാൻ തുണയുണ്ടു്, കേട്ടോ. ഇപ്പോൾ കാഫി കഴിക്കണം. ചേട്ടനും."

കല്യാണിയമ്മതന്നെ, ഞങ്ങൾ രണ്ടുപേൎക്കും കാഫിയും പലഹാരങ്ങളും വിളമ്പിക്കൊണ്ടു് അവിടെത്തന്നെ നിലയായി. കാഫിയും പലഹാരങ്ങളും ഒട്ടകത്തായപ്പോൾ പങ്കൻപിള്ളയ്ക്കു സ്ഥിരിട്ടു കയറി; ഇങ്ങനെ പറഞ്ഞുതുടങ്ങി: "ഈ കാഫിയുടെയും പലഹാരങ്ങളുടെയും സ്വാദു്! ഇതു് ആലോചിക്കുമ്പോൾ ഇത്ര ഗുണവതിയായ ഈ കൊച്ചമ്മേടെ രണ്ടു ശകാരമോ രണ്ടടിയോ ഏററാലും അതുമൊരു സൗഭാഗ്യം! സംശയമില്ല."

കല്യാണിയമ്മ പ്രസന്നവദനയായി ഒന്നു ചിരിച്ചു. എന്നിട്ടു പറഞ്ഞു: "എനിക്കറിയാം പങ്കൻപിള്ളേ! പങ്കൻപിള്ള പഴയ പങ്കൻപിള്ളതന്നെ."

ഞാൻ:—എത്ര പഴകിയാലും, ആ പഴകിയതിന്റെ ഗുണം പുത്തനു വരാൻ പ്രയാസം.

കല്യാണിഅമ്മ:— പിന്നെന്തിനാണു ചിലർ പുത്തനു്, ഓടിനടക്കുന്നതു ചേട്ടാ?

ഞാൻ:—പുത്തനും ചില ഗുണങ്ങളുണ്ടേ. അതു പുത്തനു മാത്രമെ ഉള്ളുതാനും.

"ചേട്ടൻ, ആളു പൊല്ലാത്തതുതന്നെയെന്നു് ഇവിടെ പത്മത്തിൻെറ അച്ഛൻ കൂടെക്കൂടെ പറയാറുണ്ടു്. ചേട്ടനെ വിളിപ്പിച്ചുവരുത്തി കഴിയുന്നതും വഴക്കുകൂടാതെ കാൎയ്യങ്ങൾ ഒത്തുതീൎപ്പിൽ വരുത്തണമെന്നു പറഞ്ഞിട്ടാണു് ഇന്നു സൎക്കീട്ടുപോയതു്."

ഞാൻ:—ആ ഭാരമെല്ലാം നമ്മുടെ ഈ മാതലിയെ ഏല്പി ച്ചിരിക്കുകയാണു്. മാതലിതന്നെയല്ല, ശുക്രൻ—സാക്ഷാൽ ശുക്രൻതന്നെ.

കല്യാണിഅമ്മ:—മാതലി? അതാരു ചേട്ടാ? കാൺവെ ന്റിൽ പഠിച്ചകാലത്തു മാതലിയെപ്പറ്റി മുൻഷിസ്സാർസ്വാമി പറഞ്ഞുതന്ന ഒരു ഓർമ്മയുണ്ട്. മാതലി അർജ്ജുനൻെറ ഡ്രൈവറാണു്, അല്ലേ?

ഞാൻ:—ബഹുനിശ്ചയംതന്നെ! ഇതാരെങ്കിലും പള്ളി ക്കൂടം മാനേജരന്മാർ കേട്ടാൽ നിശ്ചയമായിട്ടും കല്യാണിക്കു ട്ടിയെ മലയാളപണ്ഡിതർഉദ്യോഗത്തിനു ക്ഷണിക്കാതിരിക്ക യില്ല. "മഞ്ഞളതെന്നതെങ്ങനെയിരിക്കും, അഞ്ജനമതുപോ ലെ വെള്ളവെളെയിരിക്കും." ബഹുകേമംതന്നെ! ആകട്ടെ, 'ശുക്രൻ' ആരു്? അതു നിശ്ചയംവരാതെ തരമില്ലല്ലോ.

കല്യാണിഅമ്മ:—ചേട്ടൻ എന്നെ പങ്കൻപിള്ളയുടെ മുൻപിൽവച്ചു് അധിക്ഷേപിച്ചുകളഞ്ഞു. ശുക്രൻ പ്രത്യമ്ന സോദരൻ അല്ലേ?

ഞാൻ:—ഞാൻ പറഞ്ഞില്ലേ, സ്ത്രീകൾക്കു ശുക്രനേ മറ ക്കാൻ കഴിവില്ലെന്നു്.

കല്യാണിഅമ്മ:— അതെന്താ ചേട്ടാ?

ഞാൻ:—കഷ്ടം! അതും ഇതുവരെ പഠിച്ചിട്ടില്ലേ? കുട്ടികൾ നാലഞ്ചായല്ലോ? ശുക്രനല്ലേ സ്ത്രീപുരുഷസംയോഗകാരകൻ?

കല്യാണിഅമ്മ ലജ്ജിച്ചു തല കുമ്പിട്ടു.

ഞാൻ:—ഇവിടെ ഞാൻ പങ്കൻപിള്ളയെ 'ശുക്രൻ' എ ന്നു വിളിച്ചതിൻെറ കാരണം മനസ്സിലായല്ലോ?

"മനസ്സിലായി, മനസ്സിലായി." എന്നു പറഞ്ഞു കല്യാ ണിഅമ്മ പൊട്ടിച്ചിരിച്ചു.

പങ്കൻപിള്ള:—ലോകത്തിലേയ്ക്കു് ഏററവും പരിശുദ്ധ മായ ഒരു തൊഴിലാണു ശുക്രൻേറതു്. അതുതന്നെ ഈ പങ്കൻ പിള്ളയുടെ നിത്യത്തൊഴിലും. അതിൻെറ സുഖവും ഫലവു മൊക്കെ അവരവർക്കു്; ശകാരംമാത്രം, മിച്ചമുണ്ടെങ്കിൽ ഈ പങ്കച്ചാർക്കും.

കല്യാണിഅമ്മ:—അതു വാസ്തവമാണേ, ഒരുകണക്കിനു്. എത്രസ്ത്രീപുരുഷന്മാരെ ഈ പങ്കൻപിള്ള ഇങ്ങനെ വിവാഹ

ബന്ധത്തിൽ ഏറ്റെപ്പെട്ടത്തിവിട്ടുന്നു. അതിൻെറ പ്രയോജനങ്ങൾ മുഴവനും അവരവർക്കു്. ദോഷം വല്ലതും ഭവിച്ചാൽ ശകാരം പങ്കൻപിള്ളക്കും. വല്ലതും ചെലവിനു തടയുമോ പങ്കൻപിള്ളേ ഇങ്ങനെ നടന്നാൽ?

പങ്കൻപിള്ള:—ജാതകംകൊടവരെ ഊണും കാപ്പിയും മുണ്ടും അഞ്ചും പത്തും ഒക്കെ കിട്ടിയേക്കും. പെടവെടക്കു് ഒരു ക്ഷണവും, ഒരു ഊണും, ഒരു നാരങ്ങയും, ഒരു ജണ്ടും, വൻതുക വാങ്ങിക്കുന്ന ആൺകുട്ടകാർ അറിഞ്ഞു വല്ലതും എട്ടോപത്തോ തന്നാലുമായി. ആൾകിട്ടാതെ വിഷമിച്ചിരിക്കുന്ന പെൺകുട്ടക്കാരും വല്ലതും നക്കാപ്പിച്ചയൊക്കെ തരാതിരിക്കയില്ല. എങ്കിലും ദാരിദ്ര്യം വിട്ടുമാറുകില്ല ഈ തൊഴിൽക്കാരെ, എൻെറ കൊച്ചമ്മേ, ഇയ്യിടെ പങ്കൻപിള്ളേടെ വായിൽ തോൽ കുത്താൻ നാറാപിള്ളയദ്ദേഹം ഒരു വിവാഹബ്യൂറോ തുടങ്ങിയിരിക്കയാണുപോലും.

കല്യാണിഅമ്മ:—അതാരു നാരായണപിള്ള?

പങ്കൻപിള്ള:—ആ പേരു കേട്ടാലറിയാത്ത കൊച്ചമ്മമാരും അങ്ങത്തമാരും ഇനി സിററിയിലുണ്ടോ? പഴയ കോഴിയല്ലേ അങ്ങേരു്!

ഞാൻ:—ഓഹോ! ശരി, ശരി; ഇപ്പോൾ ആൾ മനസ്സിലായി.

കല്യാണിഅമ്മ:—ശരി, ശരി, ഇപ്പോൾ എനിക്കും മനസ്സിലായി ആളിനെ. അദ്ദേഹം ഈ തൊഴിലിനു പോകേണ്ടായിരുന്നു. ധാരാളം സമ്പാദിച്ചയാളാണു്.

ഞാൻ:—അക്കാര്യം പോകട്ടെ. നമ്മുടെ കാര്യം;—ഇവിടത്തെ അനുജൻ എന്നു തിരിച്ചുവരും? അതറിയണം ആദ്യം. എന്നിട്ടുവേണം ചില കാര്യങ്ങൾ കൂട്ടിയിണക്കാൻ.

കല്യാണിഅമ്മ എന്റെ മുഖത്തു് അർത്ഥഗർഭമായി ഒന്നു നോക്കി, പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു: “വേണ്ടുവോളം സമയമുണ്ടു്. ധൃതികൂട്ടി വിഷമിക്കേണ്ട. സാവകാശമായിട്ടും സമാധാനമായിട്ടും ശരിപ്പെടുത്തിക്കൊള്ളണം.”

ഞാൻ:—ഇന്നു ബുധനാഴ്ചയും പ്രതിപദവും. ശുഭകാര്യങ്ങൾക്കു കൊള്ളുകില്ല. നാളെ രാവിലെ ഞാൻ പങ്കൻപിള്ളയുമൊന്നിച്ചു് അവിടെ പോകാം. എന്നിട്ടു നാളെ വൈകു

ന്നേരംതന്നെ അവരുടെ അഭിമതങ്ങൾ ഇവിടെ വന്നുപറയാം. സൗകൎയ്യമായി നമുക്ക് ആലോചിച്ചു നിശ്ചയിക്കാം.

കല്യാണിഅമ്മ:—അതു മതി. അങ്ങനെതന്നെ.

ഞാൻ:—എന്തെല്ലാമാണ് അഭിപ്രായങ്ങൾ? അതു്, അറിയാതെ തരമാവില്ലല്ലൊ.

കല്യാണിഅമ്മ:—അവരുടെ ഹിതംപോലെ ആ പെണ്ണിനെ അവിടെ ഇട്ടു കൂത്താട്ടം അടിക്കാൻ വിടുകയില്ല. വടക്കെ ഇൻഡ്യയിലേയ്ക്കു വിടുകയുമില്ല. അവനുവേണ്ടി ഇവിടെ ചെലവാക്കിയതിനൊക്കെ കണക്കുവച്ചിട്ടുണ്ടു്. വിവാഹം നിശ്ചയിച്ചപ്പോൾ രൊക്കം പണമായി പററിയ തുക പതിനയ്യായിരം ഇവിടെനിന്നു വാങ്ങി അവന്റെതന്തിയാൻ ബാങ്കിലിട്ടിരിക്കയാണു്. അതു തിര്യെ കിട്ടണം. രണ്ടിനത്തിലുമായി അൻപതിനായിരം എങ്കിലും തിരിയെ കിട്ടണം. മറ്റെല്ലാം മനസ്സാലെ ഉപേക്ഷിച്ചേക്കാം. പെണ്ണിനു് ഇട്ടയച്ച മെയ്യാഭരണങ്ങളും കപ്പു്, സാസ്സർ, തട്ടം, ആഭരണപ്പെട്ടി, പലഹാരച്ചെപ്പു്, പനിനീർവീശി, വെള്ളിക്കിണ്ണങ്ങൾ മുതലായ വെള്ളിപ്പാത്രങ്ങളും, കുഞ്ഞിനു കളിക്കാൻ കൊടുത്തയച്ച വെള്ളിഊഞ്ഞാലും വെള്ളിത്തൊട്ടിലും തിരിയെ കിട്ടണം. ഈ കരാറുകൾ സമ്മതിച്ചാൽ ബന്ധംഒഴിക്കുന്നതു സമ്മതംതന്നെ.

ഞാൻ:—അവരിരുവരും തമ്മിൽ ഇണക്കമൊണോ കല്യാണിക്കുട്ടീ?

കല്യാണിഅമ്മ:-ങാഹാ! ആ രഹസ്യം ഇതുവരെ ചേട്ടനു മനസ്സിലായിട്ടില്ലേ? അവനു് അവളെ കണ്ണെടുത്താൽ കണ്ടുകൂടാ. വെപ്പാട്ടികൾ പന്ത്രണ്ടുണ്ടു് അവനു്, ഒളിവിൽ; നേരെ മൂന്നും. പോരെ കഥ!

ഞാൻ:—ശിവ! ശിവ! ദുരിതം, ദുരിതം. വലിയ വില കൊടുത്തു കടിക്കുന്ന പട്ടിയെ വാങ്ങി.

പങ്കൻപിള്ള:—ഇതെല്ലാം ആരുടെയും കുററമല്ല കൊച്ചമ്മാ—വിധി, വിധി! തലയിലെഴുത്തു്! വിവാഹങ്ങൾ ദൈവനിശ്ചയം. നാം കാരണക്കാർ മാത്രം.

കല്യാണിഅമ്മ ദീർഘനിശ്വാസത്തോടെ പറഞ്ഞു: "അതു ശരിയായിരിക്കും."

ഞാൻ:—എങ്കിലും അയാൾ വലിയ ശമ്പളക്കാരൻ. ചെറുപ്പം. മേൽഗതിയുള്ളകാലം കിടക്കുന്നേയുള്ളൂ. അതൊക്കെയുംകൂടെ ആലോചിക്കണം. ഏതായാലും നാം ഇത്രയും ചെലവുചെയ്തുപോയി. ആ നഷ്ടം സഹിച്ചുകളയണം. ആക്കെങ്കിലും രോഗംവന്നാൽ ചികിത്സയ്ക്കു പണം ചെലവുചെയ്യേണ്ടേ? അതുപോലെ ഈ തുക ചെലവുചെയ്തതായി സമാധാനപ്പെട്ടുകൂടെ?

കല്യാണിയമ്മ:—കൊള്ളാം ചേട്ടാ! കൊള്ളാം! അവനെ കിട്ടാഞ്ഞു് എന്റെകുഞ്ഞിനു സുഖക്കേടുണ്ടാവാൻ ഇടയില്ല. കുറെദിവസം അവന്റെ— ഞാനെന്തുപറയട്ടെ?

ഞാൻ:—കാര്യം പറയുമ്പോൾ ക്ഷോഭിക്കാതിരിക്കു കല്യാണിക്കുട്ടീ! ഞാൻ സംഗതികളുടെ ഇരുവശങ്ങളും ചൂണ്ടിക്കാണിച്ചു എന്നേയുള്ളൂ. വസ്തുതകൾ എല്ലാം ഞാൻ അവിടെപ്പോയി പറയാം. കഴിയുന്നതും പറഞ്ഞു വഴിപ്പെടുത്തി അൻപതിനായിരമെങ്കിലും തിരിച്ചു തരുവിക്കാൻ പ്രേരിപ്പിക്കാം.

കല്യാണിഅമ്മ:-എന്നാൽ പങ്കൻപിള്ള ഇപ്പോൾ പോകട്ടെ. നേരം അധികമാവുന്നു. നാളെ നേരെ അവിടെ എത്തിയേച്ചാൽ മതി. എത്രമണിക്കു് അവിടെച്ചെല്ലും, ചേട്ടാ?

ഞാൻ:—ഏഴുമണിക്കു്. കച്ചേരിക്കു മുൻപു വീട്ടിൽ തിരിച്ചെത്തണം.

"ഏഴുമണിക്കു്. ആറരയ്ക്കു് അവിടെ പാറിക്കൂടിക്കൊള്ളാം. അവിടുന്നും പത്തു് ആട്ടും എട്ടു ചീറ്റും ഒരു ഏഴു ശകാരവും പതിനെട്ടു പുലഭ്യവും മൂന്നുനാലു് അടിയും കിട്ടിയേക്കും. അതു പങ്കന്റെ ശിരോലിഖിതം." എന്നു പറഞ്ഞു പങ്കൻപിള്ള യാത്രയാകാൻ തുടങ്ങിയപ്പോൾ, "നിക്കണേ, ഇതാ വരുന്നു." എന്നു പറഞ്ഞു കല്യാണിയമ്മ അകത്തുപോയി ഒരു ചെറിയ കടലാസുമടക്കുമായി തിരിച്ചുവന്നു്, അതു പങ്കൻപിള്ളയുടെ ഹസ്തങ്ങളിൽ അർപ്പിച്ചു. അതു ഭക്തിപുരസ്സരം വാങ്ങി രണ്ടുപേരെയും തൊഴുതിട്ടു് ശുക്രൻ യാത്രയായി. അയാൾ പടികടന്നെന്നു കണ്ടശേഷം കല്യാണിയമ്മ

പറഞ്ഞു: "ഈ പാവത്തിനോട്ട ചിലപ്പോൾ എനിക്കു വലിയ അലിവാണു ചേട്ടാ!"

"അയാൾ സാധു. ഇങ്ങനെയൊക്കെയല്ലേ വയററുപിഴപ്പ്?—വല്ലതുമൊക്കെ ഇങ്ങനെയെല്ലാം വല്ലപ്പോഴം കൊടുക്കണം. മഴവരാൻ ഭാവമുണ്ടെന്നുതോന്നുന്നു. ഞാനും പോയേക്കാം." എന്നു ഞാൻ.

"പങ്കൻപിള്ളയെപ്പോലെ പറഞ്ഞയച്ചാൽ മതിയോ ചേട്ടനെ? നാം പൂവ്വബന്ധുക്കളും ഉറച്ച സുഹൃത്തുക്കളുമല്ലേ? ചേട്ടൻ ഇന്നിവിടെ താമസിച്ചാലേ, നാളെ രാവിലെ ഏഴുമണിക്ക് അങ്ങോട്ടു ചെന്നെത്താൻ സാധിക്കു. ഇവിടെനിന്നിറങ്ങി വേറെവല്ലെടത്തും പററിക്കൂടിയാ പിന്നെ മൂന്നുനാലു ദിവസത്തേയ്ക്കു ഈ ദേശത്തെങ്ങും വലയിട്ടുനോക്കിയാലും കിട്ടുകയില്ല. വല്ല പെരുങ്കൂട്ടുകളിലും ചെന്നകപ്പെട്ടുപോകും ഈ മത്സ്യം. അതുകൊണ്ടു കേൾക്കണം:

"സൽക്കാരമേകാനായി പാന്ഥ കേൾക്കെടോ
തൽക്കാലമില്ലിങ്ങു ഗൃഹാധിനായകൻ.
പയോധരത്തിൻെറയുയർച്ചകാൺകയാൽ
ഈ യാധിയെങ്കിൽ പുലരെഗ്ഗമിച്ചിടാം."

എന്നു പറഞ്ഞു കല്യാണിക്കുട്ടി വിവണ്ണവദനയായി ഒന്നു പൊട്ടിച്ചിരിച്ചു. എന്നിട്ടു ഇങ്ങനെ തുടന്നു: "പണ്ടു മുൻഷി സ്വാമി പഠിപ്പിച്ച ഒരു ശ്ലോകമാണു്. തീരെ മറന്നുകിടക്കുകയായിരുന്നു. ചേട്ടൻ മഴക്കാറിൻെറ കായ്യം പറഞ്ഞു പേടിപ്പെട്ടത്തിയപ്പോൾ ഓമ്മിച്ചുവെന്നേയുള്ളു."

ഞാൻ:—ഏതായാലും മറവിതീക്കാൻ തക്കസമയത്തു ഞാനും വന്നെത്തിയല്ലോ!

ഞങ്ങൾ രണ്ടുപേരും ചിരിച്ചു തകർത്തു.

## അദ്ധ്യായം പത്ത്

## ഒത്തുതീപ്പിനു്

രാവിലെ ഉണന്നെഴനേററു ശരീരശുദ്ധിയും കാപ്പികുടിയും കഴിഞ്ഞു് ഞാൻ നേരെ കോമളവിലാസത്തേയ്ക്കു നടന്നു.

എനിക്കു സാമാന്യം നല്ല ഉറക്കച്ചടവു് ഉണ്ടായിരുന്നതിനാൽ വളിച്ച വിവശനായിട്ടായിരുന്നു അവിടെച്ചെന്നു കയറിയതു്. എൻെറ വരവുകണ്ടു ഗൃഹനാഥൻ എഴുന്നേററുവന്നു് എന്നേ സ്വീകരിച്ചു് ഇരുത്തി കുശലോക്തികൾ ചെയ്തു. അപ്പോഴേയ്ക്കും മുറുക്കാൻതട്ടവുമായി ഗൃഹനാഥയും വന്നെത്തിക്കഴിഞ്ഞു. ശേഖരപിള്ള ഇങ്ങനെ കുശലം ആരംഭിച്ചു: "എവിടെന്നാണോ, ഇത്ര രാവിലേ? ഏതാണ്ടു കായ്യവുംകൊണ്ടുള്ള വരവാണെന്നു തോന്നുന്നു."

കാമാക്ഷിയമ്മ പറഞ്ഞു: "ചേട്ടൻ ഇന്നലെ ഇവിടെ അടുത്തെങ്ങാണ്ടോ ആയിരുന്നിരിക്കണം. അങ്ങേ അററത്തുള്ള വീട്ടിൽനിന്നാണെങ്കിൽ ഇപ്പോഴിങ്ങെത്താൻ ഇടയില്ല."

ഞാൻ:—ഇതെല്ലാം നിങ്ങളുടെ വെറും ഊഹാപോഹങ്ങൾ മാത്രം. ഞാനും നിങ്ങളെപ്പോലെതന്നെ മാനംമയ്യാദയായി വീട്ടിൽ കിടന്നുറങ്ങുന്ന ഒരു തറവാടി.

കാമാക്ഷിഅമ്മ:-വീട്ടിനുള്ളിലല്ലാതെ കാട്ടിനുള്ളിൽ സാധാരണ നമ്മളാരും കിടന്നുറങ്ങാറു പതിവില്ല. കാട്ടുകയറി നടക്കുന്നതു കുന്നൻ പൂച്ചയാണു്.

ശേഖരപിള്ള:—കൊച്ചിലേ ഇവനു് അപ്പേരും ഉണ്ടായിരുന്ന കഥ കാമാക്ഷിക്കു് അറിയാമോ?

കാമാക്ഷിഅമ്മ:—(ചിരിച്ചുകൊണ്ടു്) അതു ഞാൻ കേട്ടിട്ടില്ല. മററു പല കഥകളും കേട്ടിട്ടുമുണ്ടു്.

ശേഖരപിള്ള:—കാഫി കൊണ്ടുവരാൻ പറ. അതിനിടയ്ക്കു നേരമ്പോക്കു പറയാം.

കാമാക്ഷിഅമ്മ അടുക്കളക്കെട്ടിലേയ്ക്കു നോക്കി, ആജ്ഞാനുവത്തിയായി കാത്തുനിന്ന വേലക്കാരിയുടെ നേർക്കു് ഒരു ആംഗ്യം കാണിച്ചു. അതിനിടയ്ക്കു ശേഖരപിള്ള എന്നേസംബന്ധിച്ചുള്ള ഒരു ബാല്യകാലകഥ പറയാനും തുടങ്ങി:

"ഞങ്ങൾ ബാല്യത്തിലെ ചങ്ങാതികളും സഹപാഠികളുമായിരുന്നു. ഞങ്ങൾ നന്നേ പൈതങ്ങളായിരുന്നപ്പോൾ—കഷ്ടിച്ചു പന്ത്രണ്ടും പതിമൂന്നുമൊക്കെ പ്രായമുള്ളപ്പോൾ നടന്ന ഒരു സംഭവം. ഞങ്ങൾ അന്നു മിസ്റ്റർ ഹാരിസ്സിൻെറ ക്ലാസിൽ പഠിക്കുകയാണു്. സാമാന്യം ക്ലാസിൽ ഭേദപ്പെട്ട പയ്യന്മാരുമാണു്. സായിപ്പിനു ഞങ്ങളെന്നുവച്ചാൽ പ്രാണൻ.

ഒരു വെള്ളിയാഴ്ചയാണെന്നു തോന്നുന്നു. ഇവൻ സ്കൂളിൽവ ന്നതു വലിയൊരു കടലാസ്സുപൊതിയും പേറിയായിരുന്നു. അ തു് എന്തെന്നും എന്തിനെന്നും ചോദിച്ചു ഞാൻ. കാര്യമുണ്ടു് പറയാമെന്നു പറഞ്ഞു. മലയാളം മുൻഷിയുടെ ക്ലാസ്സുസമയ മായപ്പോൾ ഇവൻ എന്നോടുപറഞ്ഞു, പുറത്തേയ്ക്കു ചെല്ലാൻ. ഞാൻ പിന്നാലെ തിരിച്ചു. ആ വലിയ പൊതിയും കൈയിൽ പേറി, ഇവനങ്ങു കിഴക്കോട്ടു നടന്നുതുടങ്ങി. ഞാനും പിറ കേ. കുറേസമയം കഴിഞ്ഞപ്പോൾ കാണാം, പെൺപള്ളിക്കൂ ടത്തിൽനിന്നു രണ്ടു പൈതങ്ങളും ഞങ്ങളുടെ പിറകെ. ഞ ങ്ങൾ തിരിഞ്ഞ വഴികളിലെല്ലാം അവരും തിരിഞ്ഞു പിറകേ അങ്ങനെ വരുന്നു. എനിക്കു കഥയൊന്നും മനസ്സിലായില്ല, ഇതുങ്ങളെന്തിനു നമ്മുടെകൂടെ വരുന്നു എന്നു ഞാൻ ചോദി ച്ചു. ഇവൻ ഒരു ആംഗ്യം കാണിച്ചു—പിന്നെ പതുക്കെ പറ ഞ്ഞു: 'വരട്ടെ, അല്പം കാര്യമുണ്ടു്.'''

കാമാക്ഷിയമ്മ മന്ദസ്മിതം തൂകിത്തുടങ്ങി. അപ്പോഴേയ്ക്കു കാഫിയും പലഹാരവും മേശപ്പുറത്തു വന്നുകഴിഞ്ഞു. വലിയ രണ്ടു കലയപ്പാനകളിൽ അർഘ്യപാദ്യങ്ങളും. "എന്നാലാവട്ടെ ചേട്ടാ! കാഫികുടിക്കുകയും കഥ കേൾക്കുകയും ഒന്നിച്ചാവാം."

ഞാൻ കൈകാലുകളും മുഖവും കഴുകിത്തുടച്ചു, വീണ്ടും വന്നിരുന്നു കാഫികുടിക്കാൻ തുടങ്ങി. ശേഖരപിള്ളയും ഭ ക്ഷ്യപാനീയങ്ങൾക്കു വേണ്ട ഉപചാരം ആരംഭിച്ചു. അതിനി ടയ്ക്കു കഥയും തുടന്നു ഇങ്ങനെ: "പഴയ സ്മരണകളോടുകൂടി കാ ഫികുടിച്ചാൽ അതിലൊരു രസം വേറെതന്നെ," എന്നു ഞാൻ ഗൗരവംവിടാതെ പറഞ്ഞു.

ശേഖരപിള്ള തുടന്നു: "ഞാൻ നടന്നു നടന്നു മുഷിഞ്ഞു. എങ്കിലും ഞങ്ങൾതമ്മിലുള്ള സ്നേഹത്തിന്റെ കൂടുതൽകൊ ണ്ടു് അഹിതം ഭാവിക്കാതെ നടന്നു. ഒടുവിൽ എവിടെചെ ന്നെത്തിയെന്നോ? അങ്ങേഅററം കിഴക്കു തിരുമലക്കുന്നുകാ ട്ടിൽ. അവിടെച്ചെന്നു് ഇവൻ നല്ലൊരു മറവും തണലുമുള്ള കാട്ടിനുനടുക്കു് ഒരു പുൽപ്പുറത്തു് ഇരിപ്പായി. പൊതിയും അ ഴിച്ചു നിരത്തി. ഞാനും ഇരുന്നു. ആ പെൺപൈതങ്ങൾ രണ്ടുപേരും മടികൂടാതെ ഞങ്ങളോടൊപ്പം അവിടെവന്നിരി പ്പുറച്ചു."

"അയ്യോ!" എന്നു കാമാക്ഷിയമ്മ.

"പിന്നെ പലഹാരങ്ങളും പഴവും അവലുനനച്ചതും ഒക്കെ ഇവൻതന്നെ എനിക്കും ആ പെൺപൈതങ്ങൾക്കും വിളമ്പി. പിന്നീടു തിന്നാൻ ഒരു ഇടത്തരം പൊതി മാററിവയ്ക്കുകയും ചെയ്തു. അപ്പോൾ അവിടെ കുറെ താമസമുള്ള മട്ടാണു കണ്ടതു്. തീൻകഴിഞ്ഞു ഞങ്ങൾ എല്ലാവരും കുറേനേരം പുൽപ്പുറത്തു കിടന്നു. ഇവൻ ഒരു പാട്ടുതുടങ്ങി. ആ പെൺപൈതങ്ങൾ ഏററുപാടാനും. എന്തിനു്! പാട്ടുമുറുകി. എല്ലാരും ചാടിയെഴുന്നേററു് ഒരു ഡാൻസായി. സായിപ്പന്മാരുടെ ബംഗ്ലാവിൽ ഇത്തരം ഡാൻസു നടത്തുന്ന മുറകൾ ഇവൻ കണ്ടു മനസ്സിലാക്കിയിട്ടുണ്ടു്."

"ആ പെൺകുട്ടികൾ എങ്ങനെ ഗ്രഹിച്ചു അതെല്ലാം?" എന്നു കാമാക്ഷിയമ്മ.

"അതു ദൈവത്തിനേ അറിഞ്ഞുകൂടു." എന്നു ശേഖരപിള്ള.

"എന്തിനു് ഏറെപ്പറയുന്നു. ഞങ്ങൾ രണ്ടുപേരും ഓരോ പെൺകുട്ടിയേയും കൈകോർത്തുപിടിച്ചും ചാഞ്ഞും ചരിഞ്ഞും, വട്ടമിട്ടും ചോടുവച്ചും ആടിപ്പാടി ശരിയായ ഒരു ഡാൻസ് അവിടെ നടത്തി. 'ബാൾ' എന്നാണിവൻ പറഞ്ഞ പേരു്. എന്തിനു്! ബാൾ കഴിഞ്ഞു; എല്ലാവരും കുഴഞ്ഞു വിയർത്തു തളൎന്നു പുൽപ്പുറത്തു കിടപ്പായി. നേരവും വൈകി. പഴയ പലഹാരം ബാക്കി എല്ലാരുംകൂടെ തിന്നിട്ടു മെല്ലെ വീട്ടിലേയ്ക്കു നടന്നുതുടങ്ങി. ഇടയ്ക്കു വലിയൊരു മഴയും കാററും— ആകെ നനഞ്ഞുനാറി നാനാവിധമായി. നേരവും ഇരുട്ടി. പെൺകുട്ടികൾ പതുക്കെപ്പതുക്കെ വിങ്ങിപ്പൊട്ടാനും തുടങ്ങി. ഒരുവിധം സമാധാനംപറഞ്ഞു് അതുങ്ങളെ വീടുകളിൽ കൊണ്ടുവിട്ടു. 'കാഴ്ചബംഗ്ലാവിൽപോയി കടുവായെയും പുലിയെയും പുതിയ സിംഹത്തിനെയും കണ്ടുനിന്നു. മഴവന്നു. നനയാതെ ബംഗ്ലാവിൽ കയറിനിന്നു. അതാണു് താമസിച്ചുപോയതെ'ന്നു്അരച്ചുചേൎത്തപോലെ നുണപറഞ്ഞു് ഇവൻ ഫലിപ്പിക്കുകയുംചെയ്തു. എന്നേയും ഇവൻതന്നെ വീട്ടിൽ കൊണ്ടുചെന്നു വിട്ടു് അമ്മയോടു പറ്റിയ സമാധാനം പറഞ്ഞു. അതെല്ലാം കഴിഞ്ഞു് ഈ പൗരുഷശാലി വീട്ടിലേയ്ക്കും നടന്നു. തിങ്ക

ളാഴ്ച സ്കൂളിൽചെന്നപ്പോൾ ഞങ്ങളോടു സായ്പും, പെൺകുട്ടികളോട് അവരുടെ മദാമ്മയും ചോദ്യമിട്ടു. അന്നു വീട്ടിൽ ഒരു പിള്ളയുണ്ടായിരുന്നു. ഞങ്ങളെയെല്ലാം ക്ഷണിച്ചിരുന്നു. ആറന്മുളയൂട്ടിനെന്ന് അവിടെയും കള്ളം തട്ടിവിടണമെന്ന് ഇവൻ നേരത്തേകൂട്ടി തയ്യാറാക്കി ഞങ്ങളോടു പരസ്യംചെയ്തിരുന്നു. അങ്ങനെ അവിടെയും രക്ഷകിട്ടി. ആറന്മുളയൂട്ടിനേയും ആറന്മുള വള്ളംകളിയേയും പിള്ളസദ്യയേയുംപററി സായ്പിനും മദാമ്മക്കും അറിഞ്ഞേ തീരൂ. അതിനു ഞങ്ങൾ നാലുപേരെയും ഒരു ശനിയാഴ്ച ബംഗ്ലാവിലേക്കു വിളിപ്പിച്ചു. ഇവൻ അതെല്ലാം മനോധർമ്മത്തോടെ വിസ്തരിച്ചു തട്ടിമൂളിച്ചുകൊടുത്തു. സായ്പിനും മദാമ്മക്കും ആറന്മുളക്കാര്യംകേട്ട് അത്ഭുതമായി. മദാമ്മ പ്രസവിച്ചിട്ടില്ല. ഒരു കുട്ടിയുണ്ടായാൽ ആറന്മുളയൂട്ടു നടത്താമെന്നു വഴിപാടും നേർന്നു. ഞങ്ങൾക്കു നല്ല നല്ല സമ്മാനങ്ങളും തന്നയച്ചു. അങ്ങനെ കൊച്ചിലേതന്നെ ഭൂലോകംമറിച്ച തകിടംമറിപ്പൻ കൊച്ചുകള്ളനാണിവൻ."

കാമാക്ഷിഅമ്മ:—ഇതു കേട്ടതിൽ വലിയ അത്ഭുതമായിരിക്കുന്നു. ഈ ചേട്ടൻ ഇത്ര വലിയ വീരനെന്ന് എനിക്ക് അറിഞ്ഞുകൂടായിരുന്നു. ആകട്ടെ, മദാമ്മ പിന്നീടു പ്രസവിച്ചോ?

ഞാൻ:—ഏതുവിധമായാലും നേർച്ച ഫലിച്ചു. അടുത്ത മാസത്തിൽ മദാമ്മക്കു ഗർഭവുമായി. പിന്നീടു മദാമ്മ പ്രസവിക്കുന്നതുവരെ ശനിയാഴ്ചതോറും ഞങ്ങൾ നാലുപേർ ബംഗ്ലാവിൽച്ചെന്ന് ആറന്മുളഭഗവാൻെറ കഥകൾ കേൾപ്പിക്കണം മദാമ്മയെ..

കാമാക്ഷിഅമ്മ:-നല്ല ജോലിയായി. എങ്കിലും വഴിപാടു ഫലിച്ചല്ലോ. ആ പെൺകുട്ടികൾ ആരാ? ഇപ്പോഴവർ അമ്മമാരും അമ്മൂമ്മമാരും ആയിക്കാണും.

ശേഖരപിള്ള:—കാമാക്ഷിക്ക് ഇത്ര ഓർമ്മയില്ലേ? ഇവൻെറ ഭഗവതിപ്പിള്ളയെ ഓർക്കുന്നില്ലേ?

കാമാക്ഷിഅമ്മ:—അയ്യയ്യോ കഷ്ടം! എന്തിനു് അക്കാര്യം പറയുന്നു! പോയല്ലോ പാവം!

"മറ്റെയാൾ ആരെന്ന് ഇത്ര ഓർമ്മയില്ലേ?" എന്നു ഞാൻ ഊറിയ ചിരിയോടെ കാമാക്ഷിഅമ്മയുടെ മുഖത്തുനോക്കി ചോദിച്ചു. ആ സ്ത്രീരത്നം ഒന്നുപരുങ്ങി ആലോചനാമഗ്ന

യായി. അപ്പോൾ ശേഖരപിള്ള പറഞ്ഞു:"ഇവൾ വെറും മട ക്കഴുത. ഓമ്മയും ഇല്ല, ചെകിത്തയുമില്ല. ഇങ്ങനെയൊരു സത്വം!"

കാമാക്ഷിയമ്മ പുഞ്ചിരി ഇട്ടുകൊണ്ടു പറഞ്ഞു: "ഏതാണ്ടൊരു കിനാവുപോലെ തോന്നുന്നു. എങ്കിലും അക്കാൎയ്യങ്ങൾ ആദ്യം ഞാൻ ഓൎമ്മിച്ചേ ഇല്ല."

ചെറുപ്പത്തിലെ ഉള്ള ചേർച്ചപോലെതന്നെ വളൎന്നുവന്നപ്പോഴത്തെ വേഴ്ചയും.

കാമാക്ഷിഅമ്മ തലതാഴ്ത്തിനിന്നു മന്ദസ്മിതം ചെയ്തു. വീണ്ടും ഇങ്ങനെ തുടൎന്നു: "ഭഗവതിഅക്കനും ഞാനും തമ്മിൽ വലിയ പ്രായവ്യത്യാസമൊന്നുമില്ല. കഷ്ടിച്ച് ഒരു വയസ്സോ ആറുമാസമോ എന്നെക്കാൾ മൂപ്പു കണ്ടേക്കും. മരിക്കുന്നതുവരെ ഞങ്ങൾ പഴയപടി വല്യ ചങ്ങാതിമാരും ആയിരുന്നു."

കാഫികുടി പൂൎത്തിയായി കൈകഴുകിയപ്പോൾ പങ്കൻ പിള്ളയുടെ വരവായി—"ഇതാര് നമ്മുടെ ശുക്രഭഗവാനോ?" എന്നു ഞാൻ.

"പങ്കൻപിള്ള ഇയ്യിടെയെങ്ങും ഇങ്ങോട്ടു വരാറേയില്ല."

"നമ്മോടു പിണക്കമായിരിക്കും," എന്നു കാമാക്ഷിഅമ്മ.

"ഭഗവാൻ അനുഗ്രഹിച്ചിരിക്കുന്ന ഈ തറവാട്ടിനോട്. പിണക്കമോ? കൊള്ളാം! പങ്കൻപിള്ളയെ ഇയ്യിടെയൊന്നും ഓൎമ്മിക്കാറില്ല." എന്നു പങ്കൻപിള്ള.

"ഒരു കാൎയ്യവശാൽ പങ്കൻപിള്ളയെ കാണുവാൻ വൈകിയിരിക്കുകയായിരുന്നു. അപ്പോഴാണു വന്നുകൂടിയതു്." എന്നു ശേഖരപിള്ള.

ഞാൻ:—പങ്കൻപിള്ളയെ എല്ലാവർക്കും വേണം. എന്നാൽ അയാൾക്കു് ആരെയും വേണ്ട.

"അയ്യോ അങ്ങനെ ഉത്തരവാകുന്നതു സങ്കടമാണേ. യജമാനന്മാരെയും കൊച്ചമ്മമാരെയുംകൊണ്ടാണേ ഈയുള്ളവൻെറ വയററിപ്പാട്ട്." എന്നു പങ്കൻപിള്ള.

കാമാക്ഷിഅമ്മ:—ചേട്ടാ! ഇപ്പോൾ വേണ്ടപ്പെട്ട ശുക്രകാ

രന്മാർ ഗ്രഹങ്ങൾ എല്ലാം ഒത്തുകൂടിയിട്ടുണ്ട്. മററാരും അട്ട ത്തെങ്ങും ഇല്ലതാനും. ഇപ്പോൾ ഒരു സംഗതിയേക്കുറിച്ച് ആ ലോചിച്ചാൽകൊള്ളാം.

ഞാൻ:—എന്താണ്? പറയാമല്ലോ.

ഭാര്യ ഭർത്താവിൻെറ ഇംഗിതം അറിവാൻ അദ്ദേഹത്തി ൻെറ മുഖത്തേയ്ക്കു് ഒന്നുനോക്കി. ഉടനെ ശേഖരപിള്ള പറ ഞ്ഞു: "മടിക്കേണ്ട പറയാം. എങ്ങനെയും കാര്യങ്ങൾക്കു് ഒരു നിവൃത്തി വരുത്തിയാൽ മതി."

കാമാക്ഷിഅമ്മ:—ബന്ധുത്വം ശത്രുതയിലാണു ചെന്നെ ത്തിയിരിക്കുന്നതു്. ഏതായാലും ഇവിടെവച്ച് അവസാനി പ്പിക്കുന്നതാണ് നന്ന്. സ്വരം നന്നായിരിക്കുമ്പോൾ പാട്ടു നിർത്തിക്കളയുകയാണുത്തമം.

ഞാൻ:—എന്താണ് ഈ വ്യംഗ്യങ്ങളുടെ ഒക്കെ സാരം? തുറന്നു പറഞ്ഞാലെന്താ?

കാമാക്ഷിഅമ്മ:—നമ്മുടെ സുകുവിൻെറ കാര്യം. ആ പ ത്മത്തിനെക്കൊണ്ടു് ഇവിടെ ഞങ്ങൾ പൊറുതിമുട്ടി. ഏതാ യാലും അതു വേണ്ടാത്ത വേലയായിപ്പോയി. ശേഷംപേർക്കു് ഏതാണ്ടു വലിയ ഉതവി ചെയ്യുന്നെന്നു് അവരുടെ ഭാവം. ഇവൾക്കു പെടവമുറിച്ചില്ലെങ്കിൽ എൻെറ മകനെ പുകയത്തു വച്ച് ഉണക്കിക്കളയുമായിരുന്നുപോലും. അതൊക്കെ അങ്ങു മാററിവച്ചേക്കട്ടെ ചേട്ടാ. ഞാൻ നല്ലപോലെ അറിയും അ വരെ. യോഗ്യതയൊന്നും ആരും പറയേണ്ട, സർപ്പക്കാവിൽ കയറിയതുപോലായി. ഏതായാലും ഈ പെണ്ണിനെ അവി ടെ വിട്ടു് ആ തള്ളേടെയും തന്തേടെയുംകൂടെ തോന്ന്യാസം ആ ടാൻ എൻെറ പിള്ള സമ്മതിക്കുല. അവൻ ഈ ഉശിരുള്ള തന്തേടെ കറയററ മകനാണ്. അതിനിന്നു ലക്ഷ്യവും സാക്ഷി യും വേണ്ടേ വേണ്ട.

ഞാൻ:—ശരി. അതിനു് എന്താണു പോംവഴി?

കാമാക്ഷിഅമ്മ:—പെണ്ണിനെയുംകൊണ്ടു് അവധി കഴി ഞ്ഞാലുടൻ അവനു വടക്കോട്ടുപോണം. അതിനു് അവൾക്കും സമ്മതമില്ല. തള്ളക്കും തന്ത്യാനും സമ്മതമില്ല. പിന്നെന്തിനാ ഇവളേ, കണ്ടുകൊണ്ടിരിക്കാനോ? പുഴുങ്ങിത്തിന്നാനോ? ചെ തമേനിമിനുക്കവുംകണ്ടു മിണുമിണുത്തു് അടുക്കാനും ആടാനും

കൊണ്ടു് ഇവിടെ അനുജന്മാരും അണ്ണന്മാരും ആരുമില്ലേ. ഉണ്ടെങ്കിലും പററുല്ല. എൻെറ മകൻ സുഗ്രീവനാണു കേട്ടോ. എന്തെങ്കിലും ഒരു അമളികണ്ടാൽ പിന്നെ ഭവിഷ്യത്തൊന്നും നോക്കുന്ന ജാതിയല്ലവൻ. വെടിവച്ചു പുകച്ചുകളയും. ഏഴുചുററു വെടിവയ്ക്കുന്ന കൈത്തോക്കുണ്ടു് അവൻെറ പക്കൽ എപ്പോഴും.

ഞാൻ:—അങ്ങനെയാണെങ്കിൽ വളരെ സൂക്ഷിക്കണം. എന്തിനാണു് അറിഞ്ഞുകൊണ്ടു നാം അനത്ഥങ്ങൾക്കു് ഇടം കൊടുക്കുന്നതു്? ഈ ബന്ധം വിടത്തിക്കളഞ്ഞാൽത്തന്നെ എന്തു്? മണി മണിപോലുള്ള പെൺകുട്ടികൾ എത്രവേണമെങ്കിലും തൃശ്ശൂരോ, കോഴിക്കോട്ടോ, മദ്രാസിലോ, ഡൽഹിയിലോ, യൂ. പി.യിലോ കിട്ടും. ഇപ്പോൾ നല്ല മലയാളിപ്പെണ്ണുങ്ങളും ആണുങ്ങളും ഇല്ലാത്ത നാടേ ഇല്ല.

കാമാക്ഷിഅമ്മ:-ബന്ധം ഒഴിഞ്ഞേക്കാം. ഇക്കായ്യം പരക്കെ അറിയേണ്ട. രജിസ്ത്രാരെ ഇവിടെ വരുത്തി ഉടമ്പടി ചെയ്യേക്കാം.

ശേഖരപിള്ള:—അതുതന്നെ നന്നു്; നമുക്കു വേണ്ട ഈ ബന്ധം. ഏതുവിധവും സൊല്ല ഒഴിഞ്ഞാൽ മതി.

ഞാൻ:-അതുമതി. അങ്ങനെ തീരട്ടെ. സുകുവിനു് ഉടനേ നല്ലൊരു കല്യാണം ഏപ്പാടുചെയ്യുകയും വേണം.

ശേഖരപിള്ള:-എന്താ, പങ്കൻപിള്ള ഒന്നും മിണ്ടാത്തതു്?

പങ്കൻപിള്ള:—

"വിശപംചമയ്ക്കുമുടനേ ബത കാത്തഴിക്കും
വിശ്വൈകനാഥനു കളിപ്പുരയെന്നപോലെ."

ഇത്രമാത്രമേ എനിക്കു പറയാനുള്ളു. എല്ലാം ദൈവനിശ്ചയം. വിവാഹങ്ങൾ വൈകുണ്ഠത്തിൽ ഭഗവത്സന്നിധിയിൽ നടക്കുന്നു. എന്നാൽ മനുഷ്യരുടെ മുജ്ജന്മകൃതങ്ങളായ പുണ്യപാപങ്ങളുടെ ഫലമായി ആ ദാമ്പത്യബന്ധം ആ സ്ത്രീപുരുഷന്മാർക്കു ഗുണകരമായോ ദോഷകരമായോ ഭവിക്കുന്നു. അത്രേയുള്ളു. അതാരുടെയും കുററമല്ല.

കാമാക്ഷിഅമ്മ—പോകട്ടെ. പുകഞ്ഞകൊള്ളി പുറത്തു്. ഒരു കുട്ടനിറച്ചു പരീക്ഷകളും ഡിഗ്രികളും എടുത്തുംകൊണ്ടു യൂറോപ്പിലും അമേരിക്കയിലുംനിന്നു വന്നിരിക്കുന്ന എൻെറ

സുകുവിനെ ഇന്നു തോല്പിക്കാനാരുണ്ട് ഈ ലോകത്തിൽ? ദൈവാനുഗ്രഹം മാത്രംമതി. അവൻ പടിപടിയായി ഉയൎന്നു ഗവൎണ്ണർവരെയായിക്കൊള്ളും. പെൻഷൻ പറ്റിക്കഴിഞ്ഞാൽ എന്തുകൊണ്ടു് ഒരുകാലത്തു പ്രസിഡൻറും ആയിക്കൂടാ?

പങ്കൻപിള്ള:-"സ്ത്രീണാം ച ചിത്തം പുരുഷസ്യ ഭാഗ്യം ന ജാനേ ഋഷീശ്വരാദിയും" എന്നാണു കൊച്ചമ്മാ വിധി. സ്ത്രീകളുടെ മനസ്സിൻെറ ആഴവും പുരുഷന്മാരുടെ ഭാഗ്യത്തിൻെറ ഗതിവിശേഷവും ആരറിഞ്ഞു?

കാമാക്ഷിഅമ്മ:- പങ്കൻപിള്ള എനിക്കുകൂടെ ഒരു ഡോസ് തന്നിരിക്കുന്നു.

"അയ്യോ! പൊന്നുകൊച്ചമ്മാ! ഒരിക്കലും അങ്ങനെയല്ല. ആ പത്മാവതിക്കൊച്ചമ്മയുടെയും ആ അമ്മകൊച്ചമ്മയുടെയും ഉള്ളുകണ്ടവരില്ല," എന്നു പങ്കൻപിള്ള പറഞ്ഞപ്പോൾ കാമാക്ഷിയമ്മയ്ക്കു തെല്ലു മനഃപ്രസാദം ഉണ്ടായി. "പങ്കൻപിള്ളയ്ക്കു കാപ്പികുടിക്കേണ്ടേ?" എന്നു ചോദ്യമായി.

"പങ്കൻപിള്ള പതിവുള്ള ആനമാർക്കു് സ്വല്പം കഴിച്ചിട്ടാണു് ഇറങ്ങിയതു്. പൊന്നുകൊച്ചമ്മാ, വീട്ടിൽ പതിവുള്ള ആഹാരം നിരസിച്ചുകൂടല്ലോ. 'വീട്ടുചോറുണ്ടെങ്കിലേ വിരുന്നുചോറും കിട്ടൂ.'"

കാമാക്ഷിഅമ്മ:-അതു ശരിയാണു്. രാവിലെ എങ്ങോട്ടെങ്കിലും ഇറങ്ങുംമുൻപു് വീട്ടിൽനിന്നു് ഒരുകവിളു പച്ചവെള്ളമെങ്കിലും കുടിച്ചിട്ടേ പുറപ്പെടാവൂ.

ഞാൻ:-ഈ ശേഖരപിള്ളയ്ക്കു് അതു സാധിക്കും. നമ്മുടെ പങ്കൻപിള്ളയ്ക്കും പ്രയാസമില്ല. എന്നേപ്പോലുള്ള കാടന്മാർക്കോ?

കാമാക്ഷിഅമ്മ:-ചേട്ടന്റെ രസച്ചരട്ടം ഇടയ്ക്കു് ഇങ്ങനെ പൊടിപ്പുവച്ചു് ഇറങ്ങിവരുന്നു.

ശേഖരപിള്ള:-മുളയിലേ അറിയാം മുളക്കരുത്തു്. നിന്റെ പഴയ സമ്പ്രദായങ്ങൾ ഒന്നും ഇനിയുംമറന്നിട്ടില്ല. വല്ലേടത്തും എവിടെങ്കിലുംനിന്നു് ഒന്നിനെ വിളിച്ചുകൊണ്ടുവന്നു വീട്ടിൽ താമസിപ്പിക്കരുതേ? അതല്ലേ മാനം? മുന്നൂററിഅറുപത്തഞ്ചു ദിവസവും ഇങ്ങനെ ദേശവാസിയായി മുതുകുത്തുകളിക്കണോ പിന്നെ?

ഞാൻ:-ശേഖരപിള്ളയ്ക്ക് അതൊക്കെ പറയാം. പെൻഷനാണെങ്കിൽ എന്റെ ശമ്പളത്തിന്റെ ഇരട്ടി. കാമാക്ഷിയുടെ കുട്ടംബവീതവും തന്റെ കുട്ടംബവീതവും ബാങ്കുമിച്ചവും എല്ലാംകൂടെ നല്ലൊരു സ്വത്ത്. മകനാണെങ്കിൽ, ദൈവംപ്രസാദിച്ച് ഇപ്പോഴുണ്ട്, 1,500. ഭാഗ്യവാൻ! ഭാഗ്യവാൻ! ഒന്നുരണ്ടു സംബന്ധംകൂടെ ചെയ്തുകൊണ്ടുവന്നു താമസിപ്പിക്കു, കാമാക്ഷിക്കു തുണയായിട്ട്. വത്തമാനത്തിനോ, രണ്ടുമൂന്നു മക്കടെ അമ്മയായെങ്കിലും ഇനിയും നിലപതമായിട്ടില്ല, കേട്ടോ? ഞാൻ—അതു തന്റെ കുറമെടോ. തന്നേക്കൊണ്ട് ഇവളെ ഭരിക്കാൻ ആവില്ല. വേണമെങ്കിൽ—

ശേഖരപിള്ള:-എടോ പറഞ്ഞുപറഞ്ഞ് ഇവൻ എന്തോന്നാ പറയാൻ തുടങ്ങുന്നതു്? നിന്റെ പഴയ ശീലങ്ങൾ തീരെ മറന്നിട്ടില്ലെന്നു തോന്നുന്നു.

"ചേട്ടൻ വേണമെങ്കിൽ ഒന്നു മരിച്ചുനോക്കാമെന്നാണു സൂചിപ്പിച്ചതു്, അത്ഥം മനസ്സിലായില്ലേ?" എന്നു ചിരിച്ചുകൊണ്ടു കാമാക്ഷിയമ്മ ചോദിച്ചു.

"എന്നോളം ഇവനെ അറിയുന്നവർ ആരീ ഉലകത്തിൽ?" എന്നു പറഞ്ഞു് പൂവ്വകാലമൈത്രിയുടെ സ്മരണനിമിത്തം ആർദ്രമനസ്സായ ശേഖരപിള്ള എന്നെ കെട്ടിപ്പുണന്നു കണ്ണീർവാർത്തു. ഹൃദയസ്പൃക്കായ ആ രംഗം കണ്ടു കാമാക്ഷിയമ്മയും ആനന്ദാശ്രുക്കൾ ഒഴുക്കി. അങ്ങനെ ഞങ്ങൾ ഏതാനും നിമിഷം നിശ്ചേഷ്ടരായി ഇരുന്നു. ഈ സംഭവങ്ങളെല്ലാം കണ്ടുകൊണ്ടുനിന്ന പങ്കൻപിള്ള പുളകംകൊണ്ടു മരം തിരിഞ്ഞു നിലയായി.

സ്തോഭങ്ങൾ ഒട്ടുശമിച്ചപ്പോൾ ശേഖരപിള്ള പറഞ്ഞു: "എന്റെ പൊന്നുചെങ്ങാതീ! എങ്ങനെയെങ്കിലും ഈ ഏടാകൂടത്തിൽനിന്നു ഞങ്ങളെ ഒന്നു മോചിപ്പിച്ചുതരണം. ആ ചെറുക്കൻ വടക്കോട്ടുപോയി അവന്റെ പാട്ടുതേടിക്കൊള്ളട്ടെ."

കാമാക്ഷിഅമ്മ:-ചേട്ടൻ ഇക്കായ്യത്തിൽ ഒന്നു മനസ്സുവയ്ക്കണം. ഇന്നത്തേയ്ക്കു് അവധിയെടുത്താലും തരക്കേടില്ല.

ഞാൻ:--ഇതു് എന്റെയും തനതുകായ്യംതന്നെ. നാം തമ്മിൽ പഴയസ്നേഹബന്ധം. അവരുമായി ഒരു അകന്ന ചാച്ച

മാത്രമെയുള്ളൂ. പങ്കൻപിള്ള ഒരു കാൎയ്യം ചെയ്യു. അവിടംവരെ പോയി പത്മത്തിൻെറ അച്ഛൻ വീട്ടിലുണ്ടോ, അതോ സർക്യൂട്ടാണോ എന്നു് അറിഞ്ഞു് ഉടനേ വരണം. അയാൾ ഇന്നവിടെ ഉണ്ടെങ്കിൽ ഏതുവിധവും ഇന്നുതന്നെ കാൎയ്യങ്ങൾ മുടിപ്പിച്ചേക്കാം.

പങ്കൻപിള്ള കേട്ടതുപാതി കേൾക്കാത്തതുപാതി വച്ചു് ഓട്ടംപിടിച്ചു. ഉള്ളിൽ ഊറിയ മന്ദസ്മിതത്തോടുകൂടി ഞാനവിടെ ഇരിപ്പുമായി. ശേഖരപിള്ളയും കാമാക്ഷിയുംകൂടി പഴംപുരാണങ്ങൾ പലതും പിന്നെയും അഴിച്ചിട്ടു. പങ്കൻപിള്ള അവിടെങ്ങാണ്ടു് പതുങ്ങിമാറി കുറേനേരം നിന്നിട്ടു കിതയ്ക്കുന്ന ഭാവത്തിൽ ഓടിവന്നു പറഞ്ഞു: "യജമാനൻ സർക്യൂട്ടിൽ. ഇന്നേയ്ക്കു് ഏഴാംദിവസം തിരിച്ചുവരും."

ഞാൻ:—ശരി. ഒരു വാരത്തേ സമയമുണ്ടു്. അതിനിടയ്ക്കു കരാറുകൾ ഒക്കെ ആലോചിച്ചുറയ്ക്കണം.

കാമാക്ഷിയമ്മ:—എന്തു കരാർ ചേട്ടാ, ഒരു കരാറും ആവശ്യമില്ല.

ശേഖരപിള്ള:— നിരുപാധികമായ വിവാഹമോചനം മതി. എന്തുവേണമെങ്കിലും കൊടുത്തേയ്ക്കാം.

ഞാൻ:—അവർക്കു സുകുവിൻെറ പഠിത്തത്തിനും മററും ചെലവായ സംഖ്യയും വിവാഹത്തിനു മുൻപൊക്കെയും നിങ്ങൾ വാങ്ങിച്ച സംഖ്യയും പൊൻ വെള്ളിപ്പണ്ടങ്ങളും തിരിച്ചു കൊടുക്കേണ്ടിവരുകയില്ലേ?

ശേഖരപിള്ള:— എന്തുവേണമെങ്കിലും കൊടുത്തേയ്ക്കാം. കൂടിവന്നാൽ ഒരുലക്ഷം വരുമായിരിക്കും.

കാമാക്ഷിഅമ്മ:—ഇവിടത്തെ ആൾ ഇങ്ങനെയൊക്കെ പറയും ചേട്ടാ. ഒരരിശത്തിനു് ആററിൽ ചാടിയാൽ പത്തരിശത്തിനു കേറിവരാനൊക്കുലാ പിന്നെ. അത്രത്തോളം കൊടുക്കുന്നതു വെറും പണത്തിളപ്പെന്നു ലോകം പറയൂലയോ പിന്നെ? വല്ലതും 75 വരെയാവാം. മുക്കാൽ ലക്ഷം.

ഞാൻ:—ആകട്ടെ, സംഖ്യ കഴിയുന്നതും കുറപ്പിക്കുന്നതായിരിക്കും എൻെറ ആവശ്യം. ഇതു് എൻെറ ആവശ്യമല്ലേ? നിങ്ങൾക്കു് ഇക്കാൎയ്യത്തിൽ ഉള്ളടത്തോളം ദണ്ഡവും തീയും ഞാനും തിന്നുന്നുണ്ടു്.

കാമാക്ഷിഅമ്മ:-അതു ഞങ്ങൾക്കു നല്ലതിന്മണ്ണം അറിയാം ചേട്ടാ! ചേട്ടൻതന്നെ ഞങ്ങളുടെ ദൈവം.

ഞാൻ:-ഈ പങ്കൻപിള്ള ഇക്കാൎയ്യത്തിൽ വളരെ ബദ്ധപ്പെട്ടിട്ടുണ്ടു്. ദൈവം പ്രസാദിച്ചു് ഈ ഏടാകൂടത്തിൽക്കൂടെയാണെങ്കിലും സുകു വലിയ നിലയിലായിട്ടുണ്ടു്. ഈ പങ്കനെ മറന്നു കളയരുതു്.

കാമാക്ഷിഅമ്മ:-ഇല്ല. ചേട്ടാ! പങ്കൻപിള്ളയ്ക്കു് നല്ലൊരു സമ്മാനം കൊടുക്കാൻ ഞങ്ങൾ നിശ്ചയിച്ചിട്ടുണ്ടു്. എന്നും പറയുന്നതുപോലെയല്ല.

ഞാൻ:-കൈയിലെ കാശു വായിലെ ദോശ. വലിയതുകയൊന്നും വേണ്ട. അന്നന്നു് ഊതിക്കുടിച്ചുകിടക്കുന്നവരാണവരെല്ലാം. എന്തെങ്കിലും അല്പസ്വല്പം ഇപ്പോൾത്തന്നെ കൊടുത്തേച്ചാൽമതി. ഇന്നേയ്ക്കു് 8-ാംദിവസം രജിസ്ത്രാരെ ഇവിടെ വരുത്തി വിവാഹമോചനം ചെയ്യിച്ചുതരുന്നുണ്ടു്. പറഞ്ഞുബോധിച്ച രൂപ ബാങ്കിൽനിന്നു നേരത്തെ എടുത്തുവച്ചുകൊള്ളണം;—രജിസ്ത്രാർ മുമ്പാകെവച്ചു തുക കൊടുക്കണം. പൊൻ വെള്ളി പണ്ടങ്ങളും തിട്ടപ്പെടുത്തി ഒതുക്കിവച്ചിരിക്കണം. തുക കഴിയുന്നതും കുറപ്പിക്കാൻ ഞാൻ ഉത്സാഹിക്കും. അൻപതിൽ നില്ക്കണമെന്നാണു് എൻെറ മോഹം.

കാമാക്ഷിഅമ്മ:- എല്ലാം ചേട്ടനെ ഏല്പിച്ചിരിക്കുന്നു. വേണ്ടവിധം എല്ലാം ചെയ്യിച്ചുകൊള്ളണം.

"അക്കാര്യം ഞാൻ ഏററിരിക്കുന്നു—ആഫീസു കളയേണ്ട. പോകട്ടെ ഇപ്പോൾ." എന്നു പറഞ്ഞു ഞാൻ തിടുക്കത്തിൽ യാത്രയായി. കാൎയ്യങ്ങൾ നിനച്ചിരുന്നതിനെക്കാൾ ഭംഗിയായി, ഇത്ര എളുപ്പത്തിൽ സാധിച്ചതു കല്യാണിക്കുട്ടിയുടെ മനോഗുണത്തിൻെറ ഫലംതന്നെയെന്നു് ഞാൻ മാൎഗ്ഗമദ്ധ്യേ ആലോചിക്കാതെയിരുന്നില്ല.

അദ്ധ്യായം പതിനൊന്നു്

## പത്രാധിപരുടെ കത്തു്

ഞാൻ ഒരു ദിവസം ആഫീസിൽനിന്നു മടങ്ങിവന്നശേഷം രാത്രി വസതിയിൽ വിശ്രമിക്കുകയായിരുന്നു. അപ്പോൾ ഒരു യുവാവു് അവിടെ കടന്നുവന്നു് ഒരു ലററർ എൻെറ പക്കൽ തന്നു. എന്നിട്ടു മറുപടിക്കു കാത്തുനില്ക്കാതെ അയാൾ പെട്ടെന്നു് അവിടംവിട്ടു പുറത്തിറങ്ങിപ്പോയി. അതു വല്ല വിവാഹക്ഷണപത്രികയോ, പബ്ളിക്ക്മീറ്റിംഗുകളുടെ ക്ഷണക്കത്തോ ആണെന്നു കരുതി ഞാൻ ഉടനേ തുറന്നുനോക്കിയതേയില്ല. സിവിൾലിസ്റ്റും ഡയറക്ടറികളും നോക്കി മേൽവിലാസങ്ങൾ തേടിപ്പിടിച്ചു് അഭിമാനത്തിനായി കല്യാണക്കുറി എഴുതിവിടുന്ന ഏട്ടിൽകൊണ്ട പതിവു് റേഷൻ ഏപ്പാടുവന്നതോടുകൂടി ഏതാണ്ടല്പം കുറഞ്ഞിട്ടുണ്ടെങ്കിലും പൊതുയോഗങ്ങളുടെയും പുതുതായി ആരംഭിക്കുന്ന പത്രക്കാരുടെയും വാരികക്കാരുടെയും നടത്ത ഇക്കാലത്തും ഏതാണ്ടു് പഴയപടിതന്നെ. അത്താഴം ഊണുകഴിഞ്ഞു വീണ്ടും എൻെറ കസാലയിൽ വന്നു കിടന്നുകൊണ്ടു് അന്നുവന്ന ഓരോ ലറ്ററും ശരിയായ ഒരു പരിശോധന നടത്തിയപ്പോഴാണു്, അസമയത്തു് ആ അപരിചിതൻ കൊണ്ടുവന്ന കത്തിൻെറ കൗതുകം ഞാൻ അറിയുക. ആ ദൂതൻ ആ പത്രമാഫീസിലെയോ അതച്ചടിക്കുന്ന പ്രസ്സിലെയോ ഒരു കമ്പോസിററാേ, ബയണ്ടറോ, ക്ലാർക്കോ വല്ലവരുമായിരിക്കണം. ഏതായാലും, ആ ലറ്ററിൻെറ ആവിർഭാവം എനിക്കു്—പത്രഭാഷയിൽ പറയുകയാണെങ്കിൽ—അനല്പമായ വിസ്മയം ഉളവാക്കി. കഴിയുന്നത്രവേഗം പത്രാധിപരെ നേരിട്ടുകണ്ടു സംസാരിപ്പാൻ എന്നെ വെമ്പൽകൊള്ളിക്കുകതന്നെ ചെയ്തു. ആ കത്തു് ഇങ്ങനെയായിരുന്നു:

31, മേയ് 1950

സർ,

ഞങ്ങൾ ഈ സിററിയിലേയ്ക്കും നിലയും വിലയും പേരും പെരുമയുമുള്ള ഒരു പത്രമാണെന്നു് അറിയാമല്ലൊ. കുറഞ്ഞൊരു കാലമായി നിങ്ങളുടെ പല നടപടികളേയും ഞങ്ങൾ ഉററുനോക്കിക്കൊണ്ടിരിക്കുകയാണു്. താങ്കൾ അറിഞ്ഞിരിക്കുകയില്ല. താങ്കളുടെ പടപടിയിലുള്ള പല പഴുതുകളും ഞങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു. എങ്കിലും ചില പ്രത്യേക കാരണങ്ങളാൽ ഞങ്ങൾ മൗനം അവലംബിച്ചിരിക്കുകയായിരുന്നു. എന്നാൽ ഒരു മാന്യലേഖകൻ താങ്കളുടെ ഔദ്യോഗികചര്യയിലും സ്വകാര്യനടപടികളിലും ഗൗരവതരങ്ങളായ ആരോപണങ്ങൾ ചെയ്തുകൊണ്ടു് ഒരു ദീർഘലേഖനം ഞങ്ങൾക്കു് അയച്ചുതന്നിരിക്കുന്നു. ഞങ്ങൾ എന്താണു് ഈ ഘട്ടത്തിൽ ചെയ്യേണ്ടതെന്നു് ആലോചനയായിരിക്കുന്നു. ഉടനടി ഇത്രടംവന്നു് അങ്ങയുടെ ഭാവിചര്യയെയും നടപടികളെയും ആകെ ഗുണാത്മകമായി ഒരു മാററം വരുത്തി നന്നാക്കുമെന്നു് ഉറപ്പുതരുന്നപക്ഷം ഞങ്ങൾ ആ ലേഖനം പ്രസിദ്ധപ്പെടുത്തുകയില്ല. ഈ കത്തുകിട്ടി മൂന്നുദിവസത്തിനകം അങ്ങനെ ചെയ്യാത്തപക്ഷം ഞങ്ങൾ പ്രസ്തുത ലേഖനം പ്രസിദ്ധപ്പെടുത്തുവാൻ നിർബ്ബന്ധിതരായിത്തീരുന്നതാണു് എന്നു വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

എന്നു്, വിധേയൻ,

(പേരും ഒപ്പും).

പത്രാധിപർ.

എഴുത്തു വായിച്ചുതീർന്നയുടൻ എനിക്കു പെട്ടെന്നുണ്ടായ തോന്നൽ ഇങ്ങനെയാണു്: 'ഈ നാട്ടിലെ വർത്തമാനപ്പത്രങ്ങളുടെ തോതു് ഇത്ര ഉയർന്നുപോയല്ലൊ ദൈവമേ! വലിയ ആശ്വാസം. ഇങ്ങനെ ഓരോ പത്രാധിപരും ധർമ്മനിഷ്ഠയോടുകൂടിപ്പെരുമാറിത്തുടങ്ങിയാൽ പബ്ളിക്സർവ്വീസും പൊതുജനവിഭാഗവും എത്ര നന്നായിപ്പോകും, പെട്ടെന്നു്. പത്രാധിപന്മാർ അവരുടെ ജോലി മുറയ്ക്കു നിർവ്വഹിക്കുകയും നിറവേററുകയും ചെയ്യാത്തതുകൊണ്ടല്ലേ ഇങ്ങനെ അഴിമതിയും, കൊ

ള്ളയും,കോഴയും, കള്ളത്തരങ്ങളും, കരിഞ്ചന്തയും, സേവയും, ശുപാർശയും, അനർഹമായ ഉയൎത്തിവിടലും, പുഷ്ടിവയ്പും കൊള്ളരുതായ്മകൾ പലതും നാട്ടിൽ വർദ്ധിച്ചു് പൊതുജീവിതത്തെ മലീമസവും ദുൎഗ്ഗന്ധപൂരിതവുമാക്കിക്കൊണ്ടിരിക്കുന്നു്. പ്രിയപ്പെട്ട പത്രാധിപരേ! അങ്ങയുടെ ബുദ്ധിഗുണത്തെയും മനോഗുണത്തെയും,ജനസേവനതത്പരതയെയും മഹനീയമായ ധൎമ്മബോധത്തെയും ഞാൻ അത്യന്തം ശ്ലാഘിക്കുന്നു. എന്നാൽ ഒന്നുപറയാതെ തരമില്ല. അങ്ങു തെരഞ്ഞെടുത്ത ആൾ തെററിപ്പോയി, ഞാൻ പബ്ളിക്സൎവ്വീസിൽ താണപടിയിൽ കിടക്കുന്ന ഏതാനും ക്ലാർക്കന്മാർക്കു ഡ്രാഫ്ററു തിരുത്തിക്കൊടുക്കുന്ന ഒരു സൂപ്രണ്ടു്,—അത്രേയുള്ളു. ചുമതലയുള്ള സ്റ്റേററുകാൎയ്യങ്ങൾ ഒന്നും എന്റെ ഫയലിലില്ല. ഞാൻ വിചാരിച്ചാൽ പബ്ളിക്സൎവ്വീസുമായി ഇടപെടുന്നവർക്കു ഗുണമോ ദോഷമോ എന്തെങ്കിലും ചെയ്യാൻ സാദ്ധ്യമല്ല. കൈക്കൂലിവാങ്ങിക്കുന്നവരും, കള്ളക്കണക്കുകളും രേഖകളുമുണ്ടാക്കി സൎക്കാർപണം അപഹരിക്കുന്നവരും, ആവശ്യമില്ലാത്ത കാൎയ്യങ്ങൾ സ്കീം ഉണ്ടാക്കി വൻതുകകൾ കാണ്ട്റാക്ററു സ്വന്തം ആളുകളുടെ പേരിൽ കൊടുപ്പിച്ചു പൊതുമുതൽ ചൂഷണംചെയ്യുന്നവരും,സ്ക്കാർപണം വളരെ മുടക്കുന്നതായ രേഖകൾ ചമച്ചു് കാൎയ്യത്തിൽ അല്പസംഖ്യകൾമാത്രം ചെലവുചെയ്തു കൊള്ളരുതാത്ത പത്താംകിടസാധനങ്ങൾവരുത്തി വലിയ ആദായം തന്റെ കീശയിലാക്കുന്നവരും, വിലകൂടിയ ദുർല്ലഭമരുന്നുകളും പത്ഥ്യാഹാരസാധനങ്ങളും സ്വന്തം ഉപയോഗത്തിനായി ചൂഷണംചെയ്തും, ഗൂഢമായി കമ്പോളത്തിൽ കൊടുത്തയച്ചു വില്പിച്ചും ആദായം എടുക്കുന്ന ഭിഷക്കുകളും ഡാക്ടറന്മാരും നാട്ടിൽ പെരുകിവരുകയാണു്. അത്തരക്കാരെ കണ്ടുപിടിച്ചു നിങ്ങൾ ഇത്തരം ഗുണദോഷിച്ചോ ഭീഷണിപ്പെടുത്തിയൊ ഒരു കത്തു് അയക്കേണ്ടതായിരുന്നു. എന്നെ പിടിച്ചതുകൊണ്ടു് നിങ്ങൾക്കു് ഒരു പ്രയോജനവും സിദ്ധിക്കാനില്ല. മന്ത്രിമാരെയൊ വൻകിട ഉദ്യോഗസ്ഥന്മാരെയൊ, തഹശീൽദാരന്മാർ, പാൎവ്വത്യകാരന്മാർ മുതലായ ചെറുതരം റവന്യൂ ഉദ്യോഗസ്ഥന്മാരെയോ, തേടിപ്പിടിക്കേണ്ടിയിരുന്നു, നിങ്ങൾ. നിങ്ങളുടെ വൎഗ്ഗത്തിൽ പലതരം ആളുകളുണ്ടെന്നു

ഞാൻ ഇത്രകാലത്തെ ലോകപരിചയംകൊണ്ടു മനസ്സിലാക്കി യിട്ടുണ്ടു്. ആവശ്യം നേരിട്ടമ്പോൾ തൻകാൎയ്യങ്ങൾ നിൎല്ലോഭം സാധിക്കാൻവേണ്ടി, സൎക്കാരിടപെട്ടവരുടെയും പൗരപ്രമാണികളുടെയും ഇടയിൽ സ്വാധീനബലം സമ്പാദിപ്പാൻ വേണ്ടി, സേവയ്ക്കു പത്രംനടത്തി സേവപിടിച്ചു സകലതിലും മുന്നണിയിൽനില്ക്കുന്ന പൊങ്ങച്ചന്മാരായ സേവാകീടങ്ങൾ. ചില എം. എൽ. ഏ -മാരെയും ഉദ്യോഗസ്ഥസേവകന്മാരെയും മററും നിങ്ങൾ ഭൎത്സനം പറയാറുണ്ടല്ലോ. നിങ്ങളിൽ പലരും അതേ ഭൎത്സനങ്ങൾക്കു് അൎഹരാണെന്നു് എനിക്കും മററു പലൎക്കും നല്ലതിന്മണ്ണും അറിയാം. പുതുവൽ, പാഠ്യപുസ്തകം, ഗവൺമെൻറു കാണ്ട്റാക്ററ്, സേവ, നിങ്ങളെ സംബന്ധിച്ചവൎക്കു് ആവശ്യമുള്ള ഉദ്യോഗം ഇവ മോഹിച്ചും, കാമിച്ചും, സാധിച്ചും പത്രംനടത്തി ഞെളിയുന്ന പത്രാധിപകീടങ്ങൾ; ഉദ്യോഗസ്ഥന്മാരെയും അനുദ്യോഗസ്ഥന്മാരെയും കൊള്ളാവുന്നവരെയും കൊള്ളരുതാത്തവരെയും ഒന്നുപോലെ ചീത്തപറഞ്ഞും തെറിപാടിയും, കിട്ടുന്നതെല്ലാം കൈനീട്ടി വാങ്ങിച്ചും, ഒരു അരി സ്പെഷ്യൽ ചിററിനും, പഞ്ചസാര സ്പെഷ്യൽ ചിററിനും, ജവുളി സ്പെഷ്യൽ ചിററിനും, സിമിൻറു സ്പെഷ്യൽ ചിററിനും, പെട്രോൾ കൂപ്പണും, മണ്ണെണ്ണ ചിററിനും, ഒരു സിനിമാപാസ്സിനും, നാടകപ്പാസിനും...അങ്ങനെ അങ്ങനെ പത്രധൎമ്മം വിററു ശവാവിനെപ്പോലെ കിഴിയുന്ന ഓടയൊഴുക്കൻപത്രാധിപന്മാർ, സത്യത്തിനും, ധൎമ്മത്തിനും, നീതിക്കും വിരുദ്ധമായി ജീവിക്കുന്നവർ ജേൎണ്ണലിസത്തിൻെറ എ, ബി, സി പോലും പഠിച്ചിട്ടില്ലാത്തവരെന്നേ ഞാൻ പറയുകയുള്ളു. അത്തരക്കാർ ലോകദൃഷ്ടിയിൽ വെറും വിഡ്ഢ്യാന്മാർതന്നെ: സംശയമില്ല. ദേശാഭിമാനത്തിൻെറ ഉന്മാദപരമായ വിഭ്രമംകൊണ്ടുള്ള പിരിഅയവു മസ്തിഷ്കത്തിനു തട്ടുമ്പോഴാണത്തരം വ്യക്തികളുടെ സ്വകാൎയ്യജീവിതനടപടികളെ ഒരു പത്രാധിപർ കൈകാൎയ്യംചെയ്യാൻ ഉദ്യമിക്കുക. വൈരമോ, വെറും ഹീനമായ വ്യക്തിവിദ്വേഷമോ ഒരു പത്രാധിപരെയും ശരിയായ ജേൎണ്ണലിസത്തിലേയ്ക്കു നയിക്കുന്നതല്ല.

## അദ്ധ്യായം പന്ത്രണ്ട്

# മറെറാരു രാത്രി

പത്രാധിപർക്കുള്ള എഴുത്തു തയ്യാറാക്കിക്കൊടുത്തതിന്റെ പിറേറന്നാൾ രാവിലെ ഒരു പയ്യൻ ഒരു കത്തുമായി വീട്ടിൽ എത്തി. എന്നേക്കണ്ടു കൈയിൽത്തന്നെ എഴുത്ത് ഏല്പിച്ചു. മേൽവിലാസം നോക്കിയപ്പോൾത്തന്നെ കൈപ്പട ഏതെന്നിക്കു മനസ്സിലായി. വേഗം കത്തു തുറന്നുനോക്കി. കൈവിറയലോടുകൂടി ഞാൻ അതു പെട്ടെന്ന് ഒരു പരിവൃത്തി വായിച്ചുതീർത്തു. അതിൽ ഇങ്ങനെ എഴുതിയിരുന്നു:

തങ്കവില്ലാ
ജൂൺ 1, 1950

മൈ ഡീയർ,

ഇന്നു വൈകുന്നേരം ആറരമണിക്കു റെയിൽവേസ്റ്റേഷൻ പാർക്കിനു സമീപം കാണണം. ഞാൻ അവിടെ വരും. നല്ല സുഖമില്ല. അതു സംബന്ധിച്ചു വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങളെക്കുറിച്ച് ആലോചിച്ചു തീർച്ചപ്പെടുത്താനുണ്ട്. ഇന്നു രാത്രിയിൽ താമസം ഹോട്ടൽ അരിസ്റ്റോവിൽത്തന്നെ.

എന്ന്,
സ്വന്തം തങ്കം.

ഓഹോ, തങ്കത്തിനു സുഖമില്ലേ? എന്തു കഥ! അതുസംബന്ധിച്ച് ആലോചിക്കാനുമുണ്ടെന്നു പറയുന്നുവല്ലോ. അവൾക്കു വല്ല യൂട്ടറൈൻ കംപ്ലെയിൻറുമായിരിക്കും. ഒരുപക്ഷേ, നെയ്യൂരോ മദ്രാസിലോ പോയി ഓപ്പറേഷൻ വേണ്ടതായിരിക്കും. തങ്കത്തിന്റെ ശരീരസ്ഥിതിക്കും മോഹപ്രകൃതത്തിനും അങ്ങനെഒക്കെ സംഭവിക്കാം. ഏതായാലും വല്ല ഓപ്പറേഷനും വേണ്ടിവന്നാൽ അതിനു വേണ്ട സൗകര്യമെല്ലാം ഞാൻതന്നെ ചെയ്തുകൊടുക്കേണ്ട കടമയുണ്ട്. ഇനി അവളെ കൈവിടാൻ ഭാവമില്ല. അതു തീർച്ചതന്നെ, വിവാഹം കഴി

ച്ചുകളയാമെന്നുണ്ട്. എന്നാൽ പരസ്യമായ ബന്ധത്തിന് അവൾക്ക് എന്താണോ പ്രതിബന്ധം? അവളോടൊന്നിച്ചു തുണയായി ഞാൻകൂടെ പോകേണ്ടതല്ലേ? മററു് ഒരു സ്ത്രീയുടെയെങ്കിലും സഹകരണവും വേണ്ടതല്ലേ? ഏതായാലും തങ്കത്തിനെ കാണട്ടെ. നേരിട്ടു ചോദിച്ചു തീർച്ചയാക്കാം. പതിവുപോലെ പത്തുമണിക്ക് ആഫീസിലേയ്ക്കു പുറപ്പെട്ടു. വൈകുന്നേരം ഹോട്ടൽ അരിസ്റ്റോവിൽ താമസിക്കുന്നതിനുവേണ്ട സജ്ജീകരണങ്ങളോടുകൂടിത്തന്നെയായിരുന്നു എൻെറ പുറപ്പാട്. പത്തര മുതൽ അഞ്ചുവരെയുള്ള ആഫീസുസമയം ഒരുവിധം തള്ളിനീക്കി ഞാൻ പുറത്തിറങ്ങി നേരെ ഹോട്ടൽ അരിസ്റ്റോവിലേയ്ക്കു വണ്ടികയറി അവിടെ ഇറങ്ങി; ഒരു ഡബിൾ ബെഡ്റൂമിനും ലഞ്ച്, ആംഗ്ലോഇന്ത്യൻ ഡിന്നർ മുതലായവയ്ക്കും കുളിക്കാൻ ചൂടുവെള്ളത്തിനും ഒക്കെ ഏർപ്പാടു ചെയ്തു. ആറടിച്ചപ്പോൾത്തന്നെ മുറി പൂട്ടി താക്കോലും കൈയിലെടുത്തുകൊണ്ടു റെയിൽവേപാക്കിൻെറ പരിസരങ്ങളിലേയ്ക്കു പുറപ്പെട്ടു, പലവിധ മനോരാജ്യങ്ങളോടു നിമിഷങ്ങൾ എണ്ണിയെണ്ണി നാഴികകളാക്കി അവിടെ അങ്ങനെ നിലയായി. റെയിൽവേസ്റ്റേഷനിലെ മണി സുമാർ ആറരയടിച്ചു. അപ്പോൾ അതാ തങ്കം ദ്രുതഗതിയിൽ ഒരു കാറിൽ ഞാൻ നിൽക്കുന്നിടത്തു വന്നിറങ്ങി. കൂപ്പുകൈകളോടുകൂടി എന്നെ വന്ദിച്ചു. അവൾ താഴെ ഇറങ്ങി ഡ്രൈവറെ യാത്രയാക്കിയിട്ടു പറഞ്ഞു: ‘‘ഇന്നു് അധികനേരം കാത്തുനിൽക്കേണ്ടിവന്നില്ല. അല്ലേ?’’

ഞാൻ:—അങ്ങനെയല്ല. നേരത്തേ വന്നതാണു്. ഹോട്ടൽ അരിസ്റ്റോവിൽ ചെന്നു റൂമും മററും ഏർപ്പാടു ചെയ്തുകഴിഞ്ഞു.

തങ്കം:—എനിക്കുവേണ്ടി ഇങ്ങനെ എന്തെല്ലാം വിഷമതകൾ സഹിക്കുന്നു അങ്ങു്!

‘‘എനിക്കുവേണ്ടിത്തന്നെ. തങ്കപ്പൻെറ ആവശ്യത്തിനു കൊടുത്തയച്ച നൂറുരൂപ അയച്ചുകൊടുത്തോ?’’ എന്നു ഞാൻ.

തങ്കം:—ഓഹോ, അന്നുതന്നെ ടെലഗ്രാഫ് മണിയാർഡറായി അയച്ചുകൊടുത്തു. അതു വലിയ കാൎയ്യമായി.

ഞാൻ:—എന്താ? തങ്കത്തിനു സുഖമില്ലെന്നു് എഴുതിയിരുന്നല്ലോ?

തങ്കം:—അതേ, നല്ല സുഖമില്ല. ഇയ്യിടെ കുറെനാളായി വിശ്രമം ഇല്ലാത്ത നിലയല്ലേ!

ഞാൻ:—എന്താണെന്നു തുറന്നുപറയൂ.

തങ്കം:—വലിയ ഗൗരവമായി ഒന്നുമില്ല. എങ്കിലും അതു വച്ചുപഴകാൻ സമ്മതിച്ചുകൂടാ. ഒരു ചെറിയ യൂട്ടറൈൻ ട്രബിൾ—ഒരുപക്ഷേ, ഓപ്പറേഷൻ വേണ്ടിവന്നേയ്ക്കും.

ഞാൻ:—ഇവിടെയുള്ള ലേഡി ഡാക്ടറന്മാരിൽ ഭേദപ്പെട്ടവരെക്കൊണ്ടു പരിശോധിപ്പിച്ചാലോ?

തങ്കം:—ഇവിടെ അങ്ങനെചെയ്താൽ എങ്ങനെയും അക്കാര്യം അങ്ങാടിപ്പാട്ടാവും. അതുകൊണ്ടു ചെവിക്കുചെവി അറിയാതെ ദൂരെയെങ്ങാനും നല്ല ആസ്പത്രിയിൽ പോയേക്കാം.

ഞാൻ:—നെയ്യൂർ പോരേ?

തങ്കം:—വേണ്ട, തിരുവനന്തപുരവും നെയ്യൂരുമല്ലേ? വളരെ അടുത്തുപോയി. ഞാൻ ചെറുപ്പമല്ലേ? എനിക്കു് അങ്ങനെ ഒരു ദുരഭിമാനം.

ഞാൻ:—എന്നാൽ എറണാകുളത്താകാമല്ലൊ?

തങ്കം:—അവിടവും സ്വന്ത നാട്ടുപോലെതന്നെ. മദ്രാസിൽ മതി.

ഞാൻ:—തങ്കത്തിൻെറ ഹിതം എങ്ങനെയെന്നാൽ അങ്ങനെതന്നെ എൻെറയും അഭിമതം.

തങ്കം:—അധികം താമസിയാതെ പുറപ്പെടണം.

ഞാൻ:—കൂടെ ആരെല്ലാമുണ്ടായിരിക്കണം?

തങ്കം:—അങ്ങുകൂടെ ഉണ്ടായിരിക്കുകയാണു് എനിക്കു സന്തോഷവും സമാധാനവും. എന്നാൽ ഞാൻ ഒരു സംഗതി നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ? സ്വന്തത്തിൽ ഒരു സ്ത്രീയെക്കൂടെ കൊണ്ടുപോകാതെ തരമില്ല. തങ്കപ്പനും മദ്രാസു ജനറലാസ്പത്രിയിൽ വന്നുചേരാൻ കമ്പികൊടുക്കാം. അങ്ങു വന്നു് ഈ പതനത്തിൽ നമ്മുടെ ബന്ധം, ഏതായാലും പരസ്യമാക്കണമെന്നില്ല. ശരിയായ അവസരം വരുമ്പോൾ നമുക്കു് അങ്ങനെ ചെയ്തുകൊള്ളാം.

ഞാൻ:—ശരി, അതു മതി. എൻെറ മകളും ഭത്താവും

ഒക്കെ അറിഞ്ഞേക്കും. അവക്കും ഈ നിലയിൽ സന്തോഷമാ യെന്നു വരുകയില്ല.

തങ്കം:—കണ്ടോ, അങ്ങനെ പല സംഗതികൾ ഉണ്ടു്.

ഞാൻ:—എന്നാണു പുറപ്പെടാനുള്ള നല്ല ദിവസമെന്നു നാളെത്തന്നെ ജ്യോത്സ്യനോടു ചോദിച്ചു നിശ്ചയിച്ചുകൊള്ളണം. എന്നിട്ടു് ഉടനെ എന്നെ അറിയിക്കണം. എനിക്കും ചില ഒരുക്കങ്ങൾ അതനുസരിച്ചു ചെയ്യാനുണ്ടു്. മനസ്സിലായോ?

തങ്കം മന്ദസ്മിതത്തോടുകൂടി പറഞ്ഞു: "മനസ്സിലായി. മനസ്സിലായി."

ഞാൻ:—ഇപ്പോൾ വല്ല അസുഖവും തോന്നുന്നുണ്ടോ?

തങ്കം:—പുറമെ കാണാൻ ഒന്നുമില്ല. എങ്കിലും യൂട്ടെറസ്സിനുള്ളിൽ അല്പം വേദനയും ചിലപ്പോൾ ചുളുചുളുപ്പും ഒക്കെ തോന്നിക്കാറുണ്ടു്. അധികം എക്സെർട്ടു ചെയ്തിട്ടായിരിക്കും.

തങ്കത്തിന്റെ മൊഴികേട്ടു് എനിക്കു് ഊറിയ ഒരു ചിരി വന്നു. ഞാൻ പറഞ്ഞു: "നേരം ഇരുളായല്ലോ. നമുക്കു പതുക്കെ ഹോട്ടൽ അരിസ്റ്റോവിലേക്കു പോകരുതോ?"

തങ്കം:—ആവാമല്ലോ. അവിടെ ചെന്നു മേൽകഴുകുകയും മററും വേണം.

ഞാൻ:—തങ്കത്തിനു സുഖമില്ലെന്നു പറഞ്ഞതുകൊണ്ടു കുളിമുറിയിൽ ചൂടുവെള്ളത്തിനു പ്രത്യേകം ഏർപ്പാടു ചെയ്തിരിക്കുന്നു.

കൃതജ്ഞതാസൂചകമായി തങ്കം പുഞ്ചിരിതൂകി. ഞങ്ങൾ മെല്ലെ നടന്നു ഹോട്ടലിൽ ഞങ്ങളുടെ മുറിയിൽ ചെന്നെത്തി.

* * *

അത്താഴം കഴിഞ്ഞു് ഞങ്ങൾ ഓരോ ലോകകാര്യങ്ങളും നേരമ്പോക്കുകളും പറഞ്ഞു രസിച്ചിരിക്കുമ്പോൾ എനിക്കു് ഇന്നലെ ഒരു പത്രാധിപരുടെ കത്തുകിട്ടിയ വസ്തുത ഞാൻ തങ്കത്തിനോടു പറഞ്ഞു. ഉടനെ അവൾ ചോദിച്ചു: "മിസ്റ്റർ... നായരല്ലേ?"

ഞാൻ:—അതെ. അതെ.

തങ്കം:—അങ്ങനെ എഴുതിയതു് അത്ഭുതമല്ല. അയാൾ അ റുവഷളൻ. മഹാപോക്കിരി.

ഞാൻ:—അവരൊക്കെ നല്ലയാളുകളല്ലേ? എന്താണിങ്ങ നെ പറയുവാൻ ഹേതു?

തങ്കം:—അതെങ്ങനെ ഞാൻ അവിടത്തോടു പറയേണ്ടു?

ഞാൻ:—എന്താ വിശേഷം? തുറന്നുപറയൂ. കേൾക്കട്ടെ. അയാളെ നേരിട്ടു് ഒന്നു കാണണമെന്നു് ആലോചിച്ചിരിക്ക യാണു്.

തങ്കം:—എങ്കിൽ പറയാം. എന്നാൽ അവിടെച്ചെന്നു് അ ടികൂട്ടുകയും മററും ചെയ്യുകയില്ലെന്നു സത്യം ചെയ്യണം.

തങ്കം ഏതോ ഗൗരവതരമായ ആരോപണമാണു് കൊ ണ്ടുവരാൻ പോകുന്നതെന്നു് എനിക്കു മനസ്സിലായി. ഞാൻ പറഞ്ഞു: "എന്നെ വിശ്വസിച്ചുകൊള്ളൂ. തങ്കം, ഞാൻ ഒരു വഴക്കാളിയല്ല. എന്നാൽ തെമ്മാടിത്തനംകാട്ടുന്നവനെ വൃഥാ വിട്ടയക്കുകയുമില്ല."

തങ്കം:—അതു് എനിക്കു് അറിയാം. അതുകൊണ്ടാണു് എൻെറ കൈയിലടിച്ചു സത്യം ചെയ്യണമെന്നു പറയുന്നതു്.

"ആവട്ടെ, അയാളുമായി അടികൂട്ടുകയില്ല, സത്യം." എ ന്നു ഞാൻ കൈയടിച്ചു സത്യം ചെയ്തു. പിന്നീടു തങ്കം ഇങ്ങ നെ പറഞ്ഞു: "ഇന്നാളു തങ്കപ്പൻ വന്നിരുന്നല്ലൊ; നാം കേ മ്പിൽനിന്നു തിരിച്ചുവന്നശേഷം എന്നെക്കണ്ടു സംസാരിച്ചിട്ടേ അവൻ പോയുള്ളൂ. ഞാൻ വീട്ടിൽച്ചെന്ന ദിവസം വൈകു ന്നേരം ആ മിസ്റ്റർ നായർ വീട്ടിൽ വന്നുകയററി. അയാളുടെ വരവിനു പ്രത്യേക കാരണം ഒന്നും ഞാനറികെ ഉണ്ടായിരു ന്നില്ല. പൂർവ്വപരിചയവുമില്ല. അപ്പോൾ തങ്കപ്പൻ വീട്ടിൽ ഇല്ലായിരുന്നു. മര്യാദയും ലോഹ്യവും കരുതി, കൊള്ളാവുന്ന ഒരാളാണെന്നു നിനച്ചു ഞാൻ ഉപചാരം പറഞ്ഞിരുത്തി. അയാൾ എന്നെ അറിയുമെന്നും ഞാൻ ഇന്നാരാണെന്നും എ ന്നോടു പറഞ്ഞു. പല കാര്യങ്ങളും പറഞ്ഞു, വർത്തമാനം നീ ട്ടാൻ ശ്രമമെന്നു കണ്ടു. എന്നിട്ടും അയാൾ പോവാൻ ഭാവമി ല്ല. ഞാൻ വിവാഹിതയോ അവിവാഹിതയോ എന്നു് എ ന്നോടു ചോദിച്ചു. അക്കാര്യം അറിയേണ്ടയാവശ്യം ഇല്ലെന്നു ശീതസ്വരത്തിൽ ഞാൻപറഞ്ഞു. അപ്പോൾ അയാൾ പറഞ്ഞു,

അയാൾ വിവാഹം കഴിച്ചിട്ടില്ല; നല്ല നായരാണ്; തറവാടിയാണ്; ഗ്രാഡ്വേററാണ്; സ്വത്തുകാരനാണ് എന്നും മററും. ഏതായാലും ഇതൊന്നും എന്നോടു പറയേണ്ട കാര്യങ്ങളല്ലെന്നു പറഞ്ഞ് ഒഴിയുവാൻ ഭാവിച്ചു. എന്നിട്ടും അയാൾ വിട്ടൊഴിയുന്ന ലക്ഷണം കണ്ടില്ല. ഒടുവിൽ എന്റെ ഭാവംമാറി. 'ഉദ്യോഗത്തിലിരിക്കുന്ന പെൺകുട്ടികളെല്ലാം വെറും നിരുത്തരവാദികളായ ഏഭ്യകളാണെന്നോ നിനക്കുന്നത്?' എന്നു ഞാൻ ചോദിച്ചു. അതുകൊണ്ടും അയാൾക്കു ചലനം ഉണ്ടായില്ല. അമ്മ കുറച്ചകലെ മാറി ഈ സംഭാഷണം ഒക്കെ ശ്രദ്ധിച്ചുകൊണ്ടു പല്ലുകടിച്ചു നിൽക്കുകയായിരുന്നു. അമ്മ പറഞ്ഞു, 'തങ്കം നീ വന്നിട്ടു കുളിച്ചില്ലല്ലോ. വേഗം എണ്ണീററു വാ,' എന്ന്. അതുകൊണ്ടും ആ വിഡ്ഢി കാര്യം മനസ്സിലാക്കിയില്ല. പോക്കററിൽനിന്ന് ഒരു മണിപ്പേഴ്സ് എടുത്തു തുറന്ന് ഒരടുക്കു നോട്ട് എടുത്ത് എണ്ണി വീണ്ടും പേഴ്സിൽ മടക്കിവച്ചിട്ട് എൻെറ മുഖത്തു ദയനീയമായി ഒന്നു നോക്കി. അയാൾ പറഞ്ഞു, 'തുറന്നുപറയട്ടേയോ? എനിക്ക് ഇവിടെനിന്ന് എഴുനേററു പോവാൻ മനസ്സും ശേഷിയുമില്ല. എൻെറ വിഷമസ്ഥിതി മനസ്സിലായോ?'

"ഞാൻ ഹാസ്യസ്വരത്തിൽ പറഞ്ഞു: 'ഫോൺ ഇവിടെയുണ്ട്. ഉടനേ, ഡാക്ടർ കേശവൻനായരെയോ, രാമകൃഷ്ണപിള്ളയെയോ, അച്ചുതൻനായരെയൊ, കുമാരൻനായരെയൊ ആരെ വേണമെങ്കിലും ഉടനേ വരുത്താം. കാർ വരുത്തി വീട്ടിൽ അയക്കാം. അല്ലെങ്കിൽ ആസ്പത്രിയിൽ വിടാം. പേടിക്കേണ്ട.' ഉടൻ അയാൾ പറയുകയാണു്: 'ഭവതിതന്നെ എൻെറ രോഗത്തിനു ഡാക്ടർ' എന്ന്. 'ഛീ! ഏഭ്യാ! ഇറങ്ങ് പുറത്ത്'' എന്നു ഞാനൊരട്ടഹാസം! അതുകേട്ട് അമ്മയും അമ്പരന്നു. അമ്മ ഉടനേ ഓടിവന്നു. അയാളോട് എഴുനേററുപോയില്ലെങ്കിൽ അനുഭവം വേറെയെന്നു പറഞ്ഞു. ആ മുഹൂർത്തത്തിൽ തങ്കപ്പനും എവിടെനിന്നോ വന്നെത്തി. ദൈവാധീനം! കാര്യം ഒന്നും അവനു മനസ്സിലായില്ല. ഉടൻതന്നെ ഞങ്ങൾക്ക്, പുഞ്ചിരിയോടേ സലാംവച്ചിട്ട് ഏഭ്യൻ അവിടംവിട്ട് ഇറങ്ങിപ്പോയി."

**ഞാൻ:**—കൊള്ളാം, വിചിത്രമായിരിക്കുന്നു, ആവട്ടെ

നേരിട്ടുകാണുമ്പോൾ ചോദിച്ചുകൊള്ളാം. ഇത്തരം ഏഭ്യന്മാർക്കു് അപ്പോഴപ്പോൾത്തന്നെ തക്ക പ്രതിഫലം കൊടുത്തുവിടുകയാണു് ഉത്തമം. പിന്നെന്നു വച്ചുകൂടാ. ഇത്തരം അനീതികൾ ക്ഷമിക്കുന്ന പ്രകൃതമല്ല എന്റേതു്. എങ്കിലും തങ്കത്തിനോടുചെയ്ത സത്യപ്രതിജ്ഞ ആദരിച്ചു ഞാൻ ക്ഷമിച്ചിരിക്കുന്നു. ഏതായാലും എനിക്കു് അവനോടു ചോദിക്കാൻ അവസരം കിട്ടി. നാംതമ്മിലുള്ള ബന്ധം എങ്ങനെയോ മനസ്സിലാക്കിക്കൊണ്ടു് എന്റെ പേർക്കു്, തങ്കത്തിനോടുള്ള വൈരം തീർക്കാൻ ഇങ്ങനെ ഒരു കത്തു് അയച്ചതായിരിക്കാം. കത്തിനു ശരിയായ മറുപടി ഞാൻ അയച്ചുകഴിഞ്ഞു. അതു കാണുമ്പോൾത്തന്നെ നമ്മുടെ ചുമ്മാപത്രാധിപർ നാണംകെടും. ബാക്കി കാര്യങ്ങൾ പിന്നാലെയാവാം.

അദ്ധ്യായം പതിമ്മൂന്നു്

## യാത്രയാക്കിയശേഷം

ഒരാഴ്ച കഴിഞ്ഞപ്പോൾ തങ്കം മദ്രാസിലേയ്ക്കു യാത്ര തിരിച്ചു. തിരുവനന്തപുരം—അരൂർ ട്രാൻസ്പോർട്ടു എക്സ്പ്രസ്സിൽ എറണാകുളത്തു ചെന്നു്, അവിടെനിന്നു മദ്രാസിലേയ്ക്കു പുറപ്പെടാമെന്നായിരുന്നു നിശ്ചയം. യാത്രയ്ക്കു തലേദിവസം ദീനചികിത്സവകയ്ക്കു് അഞ്ഞൂറു രൂപയും അത്രയും രൂപയ്ക്കുള്ള ഇമ്പീരിയൽബാങ്കു ചെക്കും ഞാൻ അവളെ ഏൽപ്പിച്ചു. 'കണ്ണീരെഴുന്ന നയനങ്ങളുമൊത്തു'തന്നെയായിരുന്നു സഗദ്ഗദം തങ്കം എന്നോടു യാത്രചോദിച്ചു പുറപ്പെട്ടതു്. ആദ്യപത്നിയായ ഭഗവതിപ്പിള്ളയ്ക്കുപോലും ഇത്ര ആത്മാർത്ഥതയും അരുമയും എന്നോടു് ഉണ്ടായിരുന്നില്ലെന്നു് എനിക്കു തോന്നി. എനിക്കു് എത്രയും പ്രിയംകരരായ അച്ഛനമ്മമാർ മരിച്ച ഘട്ടത്തിൽത്തന്നെയും ഒരു തുള്ളി കണ്ണീരോ ഒരു ആർത്തനാദമോ പുറപ്പെടുവിച്ചിട്ടില്ലാത്ത ഞാൻ, തങ്കം യാത്ര ചോദിച്ച വേളയിൽ വിങ്ങിപ്പൊട്ടിക്കരഞ്ഞുപോയി. അത്ര ദൃഢതരമായിരുന്നു ഞങ്ങൾതമ്മിലുള്ള സ്നേഹബന്ധമെന്നു മനസ്സിലാക്കണം. ആ സാധ്വി എന്നെ പിരിഞ്ഞുപോയ ആ

ദിവസംമുതൽ ഊണും ഉറക്കവുമില്ലാതെ കേവലം ചിന്താധീനനായിത്തീൎന്ന ഈ ഞാൻ. ഒന്നിനും താൽപൎയ്യമില്ല, യാതൊരു അനുഭവത്തിനും കൗതുകമില്ല, ഊണിനും കാഫിക്കും രുചിയില്ല, സ്നാനാദികളിൽ ശ്രദ്ധയില്ല, ആഫീസുജോലിയിൽ ഉത്സാഹമില്ല. ജീവിതംതന്നെ വലിയൊരു ഭാരമായിത്തീൎന്നു എനിക്ക്. അങ്ങനെ ചിലനാൾ ജീവച്ഛവസന്നിഭം കഴിച്ചുകൂട്ടി. സ്നേഹിതന്മാരും വേണ്ടപ്പെട്ടവർ പലരും എൻെറ പ്രകൃതത്തിലും നടപടികളിലും കാണപ്പെട്ട പ്രത്യക്ഷമായ ഭാവവ്യത്യാസംകണ്ടു കാൎയ്യം അറിയാതെ അന്ധാളിച്ചു. ശരിയായ ശുശ്രൂഷയുടെ കുറവാണെന്നും ഒരു വിവാഹം നടത്തിയാൽ സ്ഥിതി ആകെ ഭേദപ്പെടാതിരിക്കുകയില്ലെന്നും വളരെ അടുപ്പമുള്ള ചില സ്നേഹിതന്മാർ എന്നെ ഉപദേശിച്ചു. എന്നാൽ അവരുടെ വാക്കുകളൊന്നും എനിക്കു പത്ഥ്യവചനങ്ങളായി തോന്നിയില്ല. മനോരാജ്യഗ്രസ്തനായി രണ്ടു വാരത്തോളം അതിനിടെ കഴിച്ചുകൂട്ടി, ഞാൻ. അതിനിടയ്ക്കു് തങ്കത്തിൻെറ ഒന്നുരണ്ടെഴുത്തുകൾ എനിക്കുകിട്ടി. മദ്രാസിൽ സുഖമായി ചെന്നെത്തി ഡാക്ടരേ കണ്ടുവെന്നും, ശരീരപരിശോധനയിൽ ബോദ്ധ്യംവന്ന ഡാക്ടർ രോഗം ആശങ്കാഹേതുകമല്ലെന്നു് അഭിപ്രായപ്പെട്ടുവെന്നും, തൽക്കാലം ഓപ്പറേഷൻ വേണ്ടെന്നും, ഒരു പേറെൻറു മെഡിസിൻ രണ്ടുമാസം തുടരെ സേവിച്ചിട്ടു വീണ്ടും ഡാക്ടരെ കാണണമെന്നും, ഓപ്പറേഷൻെറ ആവശ്യമുണ്ടോയെന്നു് അപ്പോൾ നിൎണ്ണയിക്കാമെന്നും, ഇപ്പോഴത്തേ പരിതഃസ്ഥിതികളിൽ വൈവാഹികജീവിതംകൊണ്ടു യാതൊരു ദൂഷ്യവും സംഭവിക്കുവാനില്ലെന്നും, പിന്നെയോ അതു സാമാന്യേന ഗുണകരവും ആരോഗ്യപ്രദവുമായിത്തീരാനാണു് എളുപ്പമെന്നും ഡോക്ടർ അഭിപ്രായപ്പെട്ടതായി ഒരു എഴുത്തിൽ വിവരിച്ചിരുന്നു. രണ്ടാമത്തേ എഴുത്തിൽ തൻെറ മടക്കയാത്രാദിവസം ഇനിയും കണക്കാക്കപ്പെട്ടിട്ടില്ലെന്നും, ഇൻപേഷ്യൻറായി പേവാർഡിൽ താമസിക്കുകയാണെന്നും കാണിച്ചിരുന്നു. ഏതുവിധമായാലും അങ്ങനെ മാസം ഒന്നു മുമ്പോട്ടു മന്ദം മന്ദം നീങ്ങുകതന്നെ ചെയ്തു.

ഈ ചുരുങ്ങിയ കാലഘട്ടത്തിനിടയ്ക്കു് എൻെറ പരിചി

തമണ്ഡലത്തിനുള്ളിൽ സംഭവവികാസങ്ങൾ പലതും ഉണ്ടായി. അവയിൽ ഏററവും ശ്രദ്ധേയവും ഖേദകരവുമായുള്ളതു് അമ്മിണിയുടെ ഭർത്താവായ കൃഷ്ണൻനായരുടെ ആകസ്മികമായ മരണംതന്നെയാണു്. ഉത്സാഹിയും ആത്മാർത്ഥതയുള്ളവനുമായ ആ യുവാവിൻെറ അകാലചരമംനിമിത്തം പുരുഷാവലംബമില്ലാതെ ചമഞ്ഞ അമ്മിണിയുടെ തുണയ്ക്കു് അവളുടെ മാതാവു വർന്നത്തിയെങ്കിലും, എൻെറ നിരന്തരമായ സഹായവും സഹകരണവും അവർക്കു് അപരിത്യാജ്യമായ്‌വന്നു. അമ്മിണിയും കൃഷ്ണൻനായരും തമ്മിലുണ്ടായ വേരുറച്ചിരുന്ന കൊടിയ അഭിപ്രായഭിന്നതകൾക്കു് ആ യുവാവിൻെറ മരണത്താൽ അറുതിവന്നതു് ആ ചെറിയ സമ്പന്നകുടുംബത്തിൻെറ ഭാവിക്കു് എല്ലാംകൊണ്ടും നന്നായെന്നുതന്നെ എനിക്കും തോന്നി. എങ്കിലും കൃഷ്ണൻനായരുടെ സ്മരണ എന്നെ മുഹുരപി സന്താപസിന്ധുവിലേയ്ക്കു തള്ളിവീഴ്ത്തിക്കൊണ്ടിരുന്നു. കൃഷ്ണൻനായരുടെ തനതുപേരിൽ അമ്മിണിയുടെവക പൊലികടങ്ങൾ പലതും ഈടാകുവാനുണ്ടായിരുന്നു. അക്കൂട്ടത്തിൽ അയൽക്കാരനായ എക്സൈസ്‌ഇൻസ്പെക്ടർ കൃഷ്ണപിള്ളയുടെ പക്കൽനിന്നു 2,000 രൂപ ഒരു പ്രോമിസറിനോട്ടിൻപ്രകാരം കിട്ടുവാനുണ്ടായിരുന്നു. കൃഷ്ണൻനായരുടെ മരണം പൊട്ടന്നനവെ സംഭവിച്ചതിനാൽ കൊടുക്കൽവാങ്ങലുകൾ സംബന്ധിച്ച വ്യവസ്ഥകളൊന്നും ചെയ്തുവയ്ക്കുവാൻ അയാൾക്കു സാധിക്കാതെപോയി. കഴിയുന്നതും, പിരിഞ്ഞുകിട്ടുവാനുള്ള മുതലുകൾ വ്യവഹാരം കൂടാതെ ഈടാക്കിയെടുക്കുവാൻ കഴിയുമെങ്കിൽ വലിയ കാർയ്യമായിരിക്കുമെന്നു ഞാൻ അഭിപ്രായപ്പെട്ടതനുസരിച്ചു് ആ ഭാരവും എൻെറ ചുമലിൽത്തന്നെ വന്നുകൂടി.

നോട്ടിൻപ്രകാരം കൃഷ്ണപിള്ള വാങ്ങിയിട്ടുള്ള രണ്ടായിരവും പലിശയും വ്യവഹാരംകൂടാതെ ഉടനേ തീർക്കുവാൻ സൗകര്യം ഉണ്ടാകുമോയെന്നു് അന്വേഷിക്കുവാനായി ഞാൻ തന്നെ ആ പ്രമാണവുംകൊണ്ടു് അരൂക്കുററിയിലേയ്ക്കു പുറപ്പെട്ടു. ട്രെയിൻമാർഗ്ഗം ഒരു സായാഹ്നത്തിൽ കൊല്ലത്തു ചെന്നിട്ടു് നേരിട്ടു് എറണാകുളത്തേയ്ക്കുള്ള ഒരു ബോട്ടിൽ ഞാൻ കയറി, വേനൽക്കാലത്തു കായലിൽക്കൂടെയുള്ള ആ യാത്ര

കൊണ്ടു് എൻെറ തപ്തമായ മനസ്സിനും ശരീരത്തിനും അല്പം സുഖം കിട്ടുമെന്നുള്ള ആശയോടുകൂടിയാണു് ബോട്ടുമാർഗ്ഗം യാത്ര പുറപ്പെട്ടതു്. അല്പം ആഹാരച്ചടവും ഇടയ്ക്കിടെ കുറേശ്ശെ മുഷിച്ചിലും അനുഭവപ്പെട്ടുവെന്നതൊഴിച്ചാൽ ആ യാത്ര അത്യന്തം ഹൃദ്യമായിരുന്നു എന്നുവേണം പറയുവാൻ. പിറേറന്നാൾ ഉച്ചതിരിഞ്ഞപ്പോൾ ഞാൻ അത്രുക്കുററി എക്സൈസ് ചുങ്കസ്ഥലത്തു് ഇറങ്ങി. ഇൻസ്പെക്ടർ അവിടെത്തന്നെ ഉണ്ടായിരുന്നതിനാൽ അന്വേഷിച്ചു വാസസ്ഥലംവരെ പോകേണ്ടിവന്നില്ല. എന്നെ ആ സമയത്തു് അവിടെ യാദൃച്ഛികമായി കണ്ടതിൽ കൃഷ്ണപിള്ളയ്ക്കു് തെല്ലൊരു അത്ഭുതം തോന്നിയതുപോലെ കാണപ്പെട്ടു. കൃഷ്ണൻനായരുടെ ദേഹവിയോഗവാർത്ത കേട്ടപ്പോൾ കൃഷ്ണപിള്ള തുവാലകൊണ്ടു മുഖംമറച്ചു വിങ്ങിക്കരഞ്ഞുപോയി. ഞങ്ങൾ രണ്ടുപേരുംകൂടി ചൗക്കആഫീസിൽ ഇൻസ്പെക്ടരുടെ മുറിയിൽത്തന്നെ കുറേനേരം ഇരുന്നു, കൃഷ്ണൻനായരേയും കുടുംബത്തേയും സംബന്ധിച്ചു് ഓരോ വസ്തുതകൾ സംസാരിച്ചുകൊണ്ടു്. അതിനപ്പുറംതന്നെയാണു ക്വാർട്ടേഴ്സ് എന്നും, അവിടെച്ചെന്നു ഭക്ഷണം കഴിച്ചു വിശ്രമിക്കാമെന്നും, കുളി മുതലായതു സാവകാശമായി മതിയെന്നും പറഞ്ഞതനുസരിച്ചു് ഞാൻ ഇൻസ്പെക്ടരെ അനുഗമിച്ചു ക്വാർട്ടേഴ്സിൽ ചെന്നെത്തി.

അതു സാമാന്യം നല്ല ഒരു ചെറിയ ബംഗ്ലാവായിരുന്നു. മുൻവശത്തെ വരാന്ത കഴിഞ്ഞാലുടൻ കാണപ്പെടുന്ന ഡ്രായിങ്ങ്റൂമിൽ ഇട്ടിരുന്ന ഒരു വട്ടമേശയ്ക്കു സമീപം ഓരോ കസാലകളിലായി ഞങ്ങൾ ഇരുന്നു. ജൃംഭിച്ച മേൽമീശയും കൃതാവുമുള്ള ഒരു യുവാവു് ഞങ്ങൾക്കു കാഫിയും പലഹാരവും കൊണ്ടുവന്നു തന്നു. ഞങ്ങൾ രണ്ടുപേരുംകൂടി കാഫി കുടിച്ചുകൊണ്ടു് ഓരോ ലോകകാര്യങ്ങൾ പറഞ്ഞിരുന്നു. അങ്ങനെയിരിക്കെ ഞാൻ ചോദിച്ചു: "ഇവിടെ മിസ്റ്റർ കൃഷ്ണപിള്ള തനിച്ചേ ഉള്ളുവല്ലൊ. വീട്ടുകാരൊക്കെ തിരുവനന്തപുരത്തായിരിക്കുമല്ലൊ?"

കൃഷ്ണപിള്ള:-അവർ അവിടെയായിരുന്നു. എന്നാൽ ഇയ്യിടെ ഒരു മാസത്തോളമായി രാധമ്മ ഇവിടെ കൂടെയുണ്ടു്. രണ്ടുമാസത്തെ അവധി എടുത്തു വന്നിരിക്കയാണു്. ആരോ

ഗ്യത്തിൻ തീരെ പററിയ സ്ഥലമല്ല ഇവിടം. ഇവിടത്തേ വെള്ളംതന്നെ വളരെ ചീത്ത. കൊതുകിൻെറ ശല്യവും കല ശൽ. മത്സ്യം ഏതുതരം വേണമെങ്കിലും ലോഭമില്ല. കള്ളും ചാരായവും ശീമമദ്യങ്ങളും എത്ര വേണമെങ്കിലും ഇവിടെ സുലഭം. എനിക്കും രാധമ്മയ്ക്കും ഇവിടം തീരെ പിടിക്കുന്നില്ല. തെക്കോട്ടെങ്ങാനും ഒരു മാററം കിട്ടിയാൽ തരക്കേടില്ലായിരുന്നു. മദ്ധ്യതിരുവിതാംകൂറിലേയ്ക്കു് എങ്ങാനുമായാലും വേണ്ടില്ല.

ഞാൻ:—രാധമ്മ ആരോടെങ്കിലും ഒന്നു പറഞ്ഞാൽ വിഷമംകൂടാതെ സാധിക്കുമല്ലൊ.

കൃഷ്ണപിള്ള:—എന്തോന്നാ ചേട്ടാ! എപ്പോഴും പെണ്ണുങ്ങളെ വല്ല ഉദ്യോഗസ്ഥന്മാരുടെ അടുക്കലേക്കൊക്കെ ഉന്തിത്തള്ളി-ഇങ്ങനെ കാര്യങ്ങൾ സാധിക്കാൻ പറഞ്ഞുവിടുന്നതേ വലിയൊരു നാണക്കേടു്. ആ വിഷമം ഓർക്കുമ്പോൾ—സ്ഥലംമാററമോ പ്രമോഷനോ കിട്ടിയില്ലെങ്കിലും വേണ്ടില്ലേ— എന്നു തോന്നിപ്പോകുന്നു.''

ഞാൻ:-ഒരു കണക്കിനു് അതു വാസ്തവംതന്നെ. എന്നാൽ ഞാൻ അക്കാര്യം സാധിപ്പിച്ചുതരാമോ എന്നു നോക്കട്ടെ. പഴയകാലമൊന്നുമല്ല ഇതു്, ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാർക്കാണെങ്കിൽ—നേരും നെറിയും ഉള്ളവർ അക്കൂട്ടത്തിൽ വളരെ കുറയും.

കൃഷ്ണപിള്ള:—ചേട്ടൻ പറഞ്ഞതു വാസ്തവംതന്നെ. സംശയമില്ല. ചേട്ടൻ ഇവിടത്തെ രാധമ്മയെ കണ്ടിട്ടില്ലല്ലൊ. (ഒരു പ്യൂണിനെ അല്ല, ഗാർഡിനെ വിളിച്ചുപറഞ്ഞു:) "എടോ ശങ്കരപ്പിള്ളേ, തൻെറ കൊച്ചമ്മ ഇങ്ങോട്ടൊന്നു വരാൻ പറയൂ. തിരുവനന്തപുരത്തുനിന്നു നമുക്കു സ്നേഹമുള്ള ഒരു വലിയ ആൾ വന്നിരിക്കുന്നു എന്നു പറയൂ. ഇത്ര വളരെ നാണം കുണുങ്ങി അകത്തു് ഒളിക്കാൻ ഒന്നുമില്ല. നമ്മുടെ തന്നതാൾ തന്നെ ഇദ്ദേഹം.'' (വീണ്ടും തുടന്നു:) "ഉദ്യോഗത്തിലിരിക്കുന്ന നമ്മുടെ പഠിത്തക്കാർ പെണ്ണുങ്ങൾക്കു് ആഫീസുകളിൽവച്ചും, റോഡുകളിലും ബാങ്കുകളിലും പാർക്കുകളിലും മററു് എവിടെവച്ചും പുരുഷന്മാരുമായി ചിരിക്കുന്നതിനും കുഴയുന്നതിനും-സൊള്ളുന്നതിനും, ഒരുമിച്ചു നടക്കുന്നതിനും ഒന്നും

മടിയില്ല. അവർ വല്ലവരും വീട്ടിൽക്കയറി വന്നുപോയെങ്കിൽ ഉടൻ കതകിൻെറ മറവിലോ അട്ടക്കളമൂലയിലോ അല്പനേരമൊന്നു പതുങ്ങിനിന്നേ അഭിമാനം പുലത്താൻ കഴിയുന്നുള്ളൂ. ഈ നാണംകെട്ട രീതി നീങ്ങുന്ന കാലമെ നമ്മുടെ സമുദായം നന്നാകാൻ പോകുന്നുള്ളൂ.''

ഞാൻ:—ഈ രീതി വളരെ ആക്ഷേപയോഗ്യമെന്നു് എനിക്കും തോന്നാതിരുന്നിട്ടില്ല. രാധമ്മയുടെ കാൎയ്യത്തിലാണെങ്കിൽ, ആ കുട്ടി എന്നെ കണ്ടിരിക്കാൻ ഇടയില്ല. എനിക്കു് നിങ്ങളുടെ വീട്ടിൽ വരാനും സംഗതി വന്നിട്ടില്ല.

സംഭാഷണം ഈ ഘട്ടത്തിലായപ്പോൾ ഗാർഡ് വന്നു പറഞ്ഞു: "യജമാനനേ! കൊച്ചമ്മ ഒന്നാംക്ലാസ്സുമജിസ്ട്രേട്ടു് യജമാനൻെറ ഭാൎയ്യയെ കാണാൻ ബംഗ്ലാവിലേയ്ക്കു് ഇപ്പോൾ പോയതേയുള്ളൂ.''

കൃഷ്ണപിള്ള:—ഓഹോ! പോയിവരട്ടെ. അവർതമ്മിൽ വലിയ കൂട്ടുകാരാണു്. ഒരുമിച്ചു കാളേജിൽ പഠിച്ചവരുമാണത്രേ.

ഗാർഡ്:—രണ്ടു കൊച്ചമ്മമാരുംകൂടെ ഇന്നു് എറണാകുളത്തേയ്ക്കു പോകാനുള്ള ഒരുക്കമാണെന്നു തോന്നുന്നു. ഇന്നു് അഞ്ചരമണിക്കു വിമൺസ്കാളേജിൽ ഒരു മീററിംഗും, വെറൈറ്റി എൻറർടെയിൻമെൻറും ററീപാർട്ടിയും ഒക്കെ ഉണ്ടത്രേ. കൊച്ചമ്മമാരെയും പ്രത്യേകം ക്ഷണിച്ചിട്ടുണ്ടു്. ഇവരും അവിടത്തെ കമ്മററിയിൽ മെമ്പറന്മാരാണത്രേ. ഇന്നു വരാൻ വളരെ വൈകുമെന്നുതോന്നുന്നു. അവിടത്തെ ലേഡീപ്രിൻസിപ്പാൽ ഒരു സ്പെഷ്യൽബോട്ടു് അയച്ചുകൊടുത്തിരിക്കുന്നു ഇവർ ചെല്ലാൻ. പ്രിൻസിപ്പാൽ ഇവരുടെ ഒരു ക്ലാസ്സുമേറ്റാണുപോലും.

കൃഷ്ണപിള്ള:—കൊള്ളാം! വളരെ ഭംഗിയായി. അങ്ങുവന്ന ഗഡുവിൽ രാധമ്മകൂടെ ഇവിടെയുണ്ടല്ലോ, വൃത്തിയായിട്ടു വല്ല ആഹാരമെങ്കിലും തരാൻ സാധിക്കുമല്ലോ. എന്നു നിനച്ചതും അവതാളത്തിലായി. രാധമ്മ വന്നതിനുശേഷം രണ്ടുദിവസമെങ്കിലും താമസിച്ചിട്ടു മടങ്ങിയാൽമതി.

ഞാൻ:—എനിക്കു് അല്പം ധൃതിയുണ്ടു്. കൃഷ്ണൻനായരുടെ പേൎക്കു കൊടുത്തിട്ടുള്ള പ്രോനോട്ടിൻെറ ഇടപാടു് എന്നു

ൎത്തേക്കു തീൎക്കാൻ സൗകൎയ്യമാവും എന്നറിവാൻകൂടി വന്ന താണു്.

കൃഷ്ണപിള്ള:—ഓഹോ! ഈ യാത്രയ്ക്കു് അങ്ങനെ ഒരു ഉദ്ദേശ്യംകൂടിയുണ്ടോ? അതു് ഒരു നിമേഷത്തിനുമുൻപു് രാഗിണിയമ്മയ്ക്കു കൊടുത്തുതീൎക്കണമെന്നാണു് എൻെറ ആശ. ഇവിടെ വന്നുചേൎന്നിട്ടു കഷ്ടിച്ചു് ഒരുമാസത്തിനകമേ ആയിട്ടുള്ളൂ. എന്നാലും ദൈവാനുഗ്രഹത്താൽ നോട്ടു് ഉടനേ ഇങ്ങെടുട്ട വരുത്തിയാൽ കിഴിവുപതിച്ചു രൂപ തന്നയയ്ക്കാം.

ഞാൻ:—നോട്ടു് എൻെറപക്കൽ തന്നയച്ചിട്ടുണ്ടു്. വാങ്ങിക്കൊണ്ടു പണം ഏല്പിച്ചേയ്ക്കാമെങ്കിൽ അവൎക്കു വലിയ ഉപകാരമായിരിക്കും. പിന്നീടൊരിക്കൽ ഇവിടെവന്നു മി. കൃഷ്ണപിള്ളയുടെയും രാധമ്മയുടെയും അതിഥിയായി രണ്ടു നാൾ താമസിക്കുകയും ചെയ്യാം.

കൃഷ്ണപിള്ള:—ഏതായാലും കുളിയും ഊണും കഴിഞ്ഞിട്ടാവട്ടെ. മടക്കയാത്ര ബോട്ടിലോ ട്രാൻസ്പോർട്ടു് എക്സ്പ്രസ്സിലോ?

ഞാൻ:—അങ്ങോട്ടു് ട്രാൻസ്പോർട്ടു് എക്സ്പ്രസ്സിൽ മതി.

കൃഷ്ണപിള്ള:—എന്നാൽ രാവിലെ അഞ്ചരയ്ക്കു് ഒരു വണ്ടിയുണ്ടു്. അതിനു ത്രൂടിക്കററു് എടുത്താൽ ആലപ്പുഴച്ചെന്നു രണ്ടാമതൊരു കാപ്പി, കൊല്ലത്തുചെന്നു് ഊണു്, തിരുവനന്തപുരത്തു് മൂന്നരനാലാകുമ്പോൾ ചെന്നെത്തുകയും ചെയ്യാം. ടിക്കററു് ഉടനേ റിസൎവ്വ് ചെയ്യിച്ചുകളയാം.

ഞാൻ:—എന്നാൽ ആ വണ്ടിയിൽ പുറപ്പെട്ടേക്കാം. വലിയ സംഖ്യയുംകൊണ്ടു രാത്രിയിൽ ബോട്ടിൽ സഞ്ചരിക്കയും വേണ്ട.

കൃഷ്ണപിള്ള:—ഇക്കാലസ്ഥിതിക്കു് അതും ആലോചിക്കേണ്ട കാൎയ്യംതന്നെ.

ഞാൻ കുളിയും ഊണുംകഴിഞ്ഞു് അന്നു് അവിടെ കിടന്നു സുഖമായി ഉറങ്ങി. അവിടെവച്ചു് എൻെറ തങ്കത്തിനെ യാദൃച്ഛികമായി കണ്ടതായും, അവളോടുകൂടി ആദ്യമൊരു ദിവസം കാഴ്ചബംഗ്ലാവുപാൎക്കിൽ വന്നിരുന്ന കോമളബാലനും അപ്പോൾ അവിടെ ഉണ്ടായിരുന്നതായും, തങ്കമ്മ എന്നെക്കണ്ടു ഭീതിപൂൎവ്വം ഓടിയൊളിച്ചതായും മററും വികൃതമായ ഒരു

സ്വപ്നം എനിക്കുണ്ടായി. സ്വപ്നസ്ഥയായ എന്റെ മോഹിനി സമീപത്തുവന്ന് എന്റെ കുശലങ്ങൾ അന്വേഷിച്ചില്ലെങ്കിലും അവളെ ഒരു നോക്കു കാണാൻ ഇടയായതുതന്നെ ഭാഗ്യമെന്നു ഞാൻ ആശ്വാസപ്പെട്ടു.

കൃഷ്ണപിള്ള നോട്ടു കിഴിവുപതിച്ചു വാങ്ങിക്കൊണ്ടു് രണ്ടായിരംരൂപയും അഞ്ഞൂറുരൂപ പലിശയും ഉൾപ്പെടെ രണ്ടായിരത്തഞ്ഞൂറുരൂപ എന്നെ ഏല്പിച്ചു. ആ സംഖ്യയും കൊണ്ടു് അഞ്ചരമണിക്കുള്ള തിരുവനന്തപുരം എക്സ്പ്രസ്സിൽ ഞാൻ യാത്ര തിരിച്ചു.

## അദ്ധ്യായം പതിന്നാലു്

# വക്കീലിന്റെ സാന്നിദ്ധ്യത്തിൽ

ശേഖരപിള്ളയുടെ പുത്രൻ ഐ. സി. എസ്. സുകുമാരൻനായരുടെ വിവാഹമോചനക്കാര്യം സംബന്ധിച്ചു കക്ഷികൾ തമ്മിൽ എന്റെ അഭിപ്രായപ്രകാരം ഒരു ന്യായമായ ഒത്തുതീർപ്പിലെത്തിച്ചേർന്നു. എന്നാൽ ഞാൻ അത്രക്കുററിവരെ പോയിരുന്നതിനിടകൊണ്ടു്, അതു സംബന്ധിച്ചു ശേഖരപിള്ളയുടെ മനോഭാവനത്തിനു ചില മാററങ്ങൾ ഉണ്ടായെന്നു തിരിച്ചു വന്നപ്പോൾ എനിക്കു മനസ്സിലായി. വസ്തുതയറിഞ്ഞയുടൻ ഞാൻ അവരുടെ വീട്ടിൽ എത്തി. ശേഖരപിള്ളയേയും കാമാക്ഷിയമ്മയേയും നേരിട്ടുകണ്ടു സംസാരിച്ചു് അവർക്കു പെട്ടെന്നുണ്ടായ അഭിപ്രായവ്യത്യാസത്തിന്റെ ഹേതു മനസ്സിലാക്കണമെന്നായിരുന്നു എന്റെ നിശ്ചയം. എക്സൈസ് ഇൻസ്പെക്ടർ കൃഷ്ണപിള്ളയെ കണ്ടശേഷം തിരുവനന്തപുരത്തു് എത്തിയതിന്റെ മൂന്നാംനാൾ രാവിലെ ഞാൻ കാമാക്ഷിമന്ദിരത്തിൽ ചെന്നപ്പോൾ എനിക്കു മുഖപരിചയമുള്ള ഒരാൾ ഇരുന്നു ശേഖരപിള്ളയുമായി സംസാരിക്കുന്നുണ്ടായിരുന്നു. എന്നെക്കണ്ടയുടൻ ആയാൾ പെട്ടെന്നു സംഭാഷണം നിർത്തി. ഉടനെ ശേഖരപിള്ള പറഞ്ഞു: "ഇതു നമ്മുടെ ആളുതന്നെ. നമ്മുടെ സംസാരം കേൾക്കുന്നതുകൊണ്ടു വിരോധം ഒന്നുമില്ല, കേട്ടോ വക്കീൽസാറേ!"

എനിക്ക് അപ്പോൾ സംശയമൊക്കെ തീൎന്നു. ദുർവ്യവഹാരങ്ങളിൽ, മാനംമൎയ്യാദയായിരിക്കുന്നവരെ അകപ്പെടുത്തി ചൂഷണക്രിയകൊണ്ടു് ഉപജീവനംകഴിച്ചു മേന്മനടിച്ചു ജീവിക്കുന്ന പത്താംതരം അഡ്വോക്കേറ്ററന്മാരിൽ ഒരാളാണദ്ദേഹമെന്നു ഞാൻ മനസ്സിലാക്കി. ഉഭയകക്ഷികളുടെയും ഉത്തമതാൽപൎയ്യങ്ങൾ പരിഗണിച്ചു്, ഉഭയസമ്മതപ്രകാരം ഞങ്ങൾ പറഞ്ഞവസാനിപ്പിച്ച ഈ കുടുംബകാൎയ്യം, ദുഷ്പ്രേരണകൾകൊണ്ടു് കുത്തിപ്പൊക്കിയിളക്കി, കോടതിൽ വലിച്ചുകയററി, അതിൻെറ ഇരുളടഞ്ഞ വികൃതവശങ്ങൾ 'ക്യാമറാ'യെന്ന പേരുകേട്ട പരസ്യരൂപത്തിൽ വെളിപ്പെടുത്തി, മദ്ധ്യസ്ഥവേഷം കെട്ടി ആടാൻ സന്നദ്ധരായ കുറേ നാട്ടിൻപ്രമാണിതം നടിക്കുന്ന ചില ദല്ലാലന്മാർക്കും, ദ്രവ്യമോഹികളും പൊതുജനങ്ങൾക്കു കണ്ടകന്മാരുമായ ചിലജാതി ഗുമസ്തന്മാർക്കും, ചിലതരം അധഃപതിച്ച അഭിഭാഷകന്മാർക്കും കോടതിയിലെ തൂണിനും തുരുമ്പിനുംകൂടെ ഉഭയകക്ഷികളുടെയും ജീവരക്തത്തിൽനിന്നു് ഊണിനു് വകയുണ്ടാക്കിക്കൊടുക്കുക മാത്രമല്ല, അഭിമാനവും പൗരുഷവും, സ്ത്രീത്വവും, കുലമഹിമയും, നാണവും നെറിയും കെടുത്തുന്ന രീതിയിലുള്ള സ്റ്റേററുമെൻറുകൾക്കും, വിസ്താരത്തിനും, അപവാദപ്രചരണത്തിനുകൂടിയും വഴിനൽകി വഷളാക്കുവാൻ, നിറഞ്ഞ തറവാട്ടിൽ ഗുളികോദയമുള്ള ഒരു അശുഭലഗ്നത്തിൽ കാലുവച്ചുകയറിയ ആ മഹാപാപിയോടു് അത്യധികമായ ക്ഷാത്രവും രൗദ്രവും അമർഷവും പകയും തോന്നുകയും ചെയ്തു എനിക്കു്. അല്പം ഇഷ്യയോടുകൂടി ഞാൻ ഗൃഹനാഥനോടു ചോദിച്ചു: "എൻെറ മദ്ധ്യസ്ഥതയിൽ കാൎയ്യങ്ങൾ എല്ലാം പറഞ്ഞു് ഒതുക്കിത്തീർത്തു് ഉടമ്പടി രജിസ്റ്റാക്കാൻ വച്ചിരിക്കുകയായിരുന്നല്ലോ. പിന്നീടെന്താ നിങ്ങൾ എന്നെ അന്വേഷിക്കാതിരുന്നതു്?"

ശേഖരപിള്ള:—ഞാൻ അന്വേഷിക്കാഞ്ഞിട്ടല്ല. നിങ്ങൾ എന്തോ അത്യാവശ്യംപ്രമാണിച്ചു് എവിടെയോ പോയിരിക്കുന്നുവെന്നറിഞ്ഞു. ഇന്നങ്ങോട്ടു വീണ്ടും ആളയക്കാൻ ഭാവിച്ചിരിക്കയായിരുന്നു. ഇപ്പോൾ വന്നതു നന്നായി. ഞങ്ങൾ അക്കാൎയ്യത്തേക്കുറിച്ചുതന്നെ സംസാരിച്ചിരിക്കുകയായിരുന്നു. ഇദ്ദേഹത്തെ അറിയില്ലേ?

ഞാൻ:— മുഖപരിചയമുണ്ട്. നമുക്കു ദൈവാധീനത്താൽ വാദിയായോ പ്രതിയായോ സാക്ഷിയായോ കോടതികയറേണ്ട ആവശ്യംതന്നെ ചുരുക്കം. അതുകൊണ്ടു് വക്കീൽ സാറന്മാരുമായുള്ള അടുപ്പം വളരെ കുറയും.

വക്കീൽ:—അതുകൊണ്ട ഞങ്ങളെയും കോടതികളെയും കുറിച്ചു വെറുപ്പില്ലല്ലൊ.

ഞാൻ:—ഹേയ്! ഞാനും ഈ ഇരുപതാംനൂററാണ്ടിൽ ജീവിക്കുന്ന ഒരാളല്ലെ! എനിക്കു് അഭിഭാഷകന്മാരെയും കോടതികളെയുംകുറിച്ചു വലിയ മതിപ്പും ബഹുമാനവും, അതേ സന്ദർഭത്തിൽ വലിയ ഭയവുമാണു കേട്ടോ?

ശേഖരപിള്ള:—ഇദ്ദേഹത്തെ അറിയുകയില്ലെ?

വക്കീൽ:—ധാരാളമായി കണ്ടിട്ടുണ്ടു്: അടിയന്തിരവീട്ടുകളിലും പബ്ളിക്മീററിങ്ങുകൾക്കും, മററു പബ്ളിക്ഫങ്ഷനുമെല്ലാം ഇദ്ദേഹത്തെ മുന്നണിയിൽ കാണാറുണ്ടു്.

ഞാൻ:— അതേ സർ, പിള്ളയൂണിനും പെടവകൊടയ്ക്കും, സപിണ്ഡിക്കും പിന്നെ വിരുന്നൂട്ടിനും, ഒരുപോലെ ഉണ്ടുണ്ടു്, ആട്ടവും പാട്ടും കൂത്തുംകൊണ്ടു നടക്കുന്ന ഒരുതരം കാളപ്രായം—നാലുകാലും ഒരു വാലും രണ്ടു കൊമ്പും ഇല്ലെന്നേയുള്ളു. തൊഴിലിൽനിന്നു് ഒന്നും കിട്ടാനും ഇല്ല. ന്യായമായി വല്ല വരുമ്പടിയും ഉണ്ടാക്കാൻ വൈഭവവുമില്ല. ഇങ്ങനെ വല്ല കൊള്ളാവുന്ന തറവാട്ടിലും എന്തെങ്കിലും ഒരു ഹേതു പറഞ്ഞു രാവിലെ കയറിവന്നാൽ കാഫി കണിശം; പലഹാരങ്ങളും കിട്ടും; ചിലപ്പോൾ ഉച്ചയൂണും നടക്കും. വേണ്ടിവരുമ്പോൾ തരംപോലെ വായ്പയെന്നു പറഞ്ഞെങ്കിലും ഒന്നുരണ്ടു തവണ പണവും വാങ്ങാം;—കാര്യമൊന്നും നടത്തിയില്ലെങ്കിലും ഇത്രയുമൊക്കെ കണിശം—കിട്ടാതെ വരില്ല. പിന്നെ നമുക്കു് എന്തു വിഷമം സാറേ?

എന്റെ ഈ വാക്കുകൾ കേട്ട വക്കീലിന്റെ മുഖം വിവർണ്ണമായി. ശേഖരപിള്ള എന്റെ മുഖത്തേയ്ക്കൊന്നു സൂക്ഷിച്ചുനോക്കി. യാതൊരു ക്ഷോഭലക്ഷണമൊ ഭാവഭേദമൊ എന്റെ മുഖത്തു സ്ഫുരിച്ചിരുന്നതേ ഇല്ല. എന്റെ ശബ്ദംകേട്ട കാമാക്ഷിയമ്മ വന്നു ഹാളിന്റെ വാതിൽക്കൽ വച്ചിരുന്ന യവനി

കയുടെ ഒരുവശത്തുകൂടി മുഖം പുറത്തേയ്ക്കു കാണിച്ചുകൊണ്ടു നിലയായി.

ഞാൻ തുടന്നു: "എന്താ മി. ശേഖരപിള്ളേ, നിങ്ങളുടെ ആലോചനകൾ?"

പുനരാലോചന വെറും വിഡ്ഢിത്തമായിപ്പോയെന്നും, ആ ആലോചനക്കാര്യം ഞാൻ എങ്ങനെയോ മനസ്സിലാക്കി ക്കഴിഞ്ഞിരിക്കുന്നുവെന്നും ശേഖരപിള്ളയ്ക്കു ഇപ്പോൾ തോന്നിത്തുടങ്ങിയിരിക്കണം. കാമാക്ഷിയമ്മയുടെ മുഖത്തു സ്പഷ്ടമായ ഒരു ഇളിഭ്യതയും, ശേഖരപിള്ളയും വക്കീലുമായുള്ള കൂട്ടുകെട്ടിൽ ഒരു അഭിപ്രായഭിന്നതയും പ്രകടിതമായിരുന്നു.

ശേഖരപിള്ള:—കാര്യങ്ങൾ നാം തീർച്ചയാക്കിയ നിലയിൽത്തന്നെ ഇരിക്കുന്നു. എന്നാൽ ഇദ്ദേഹത്തിനു ഒരു അഭിപ്രായം. ഞാൻ ചില തനതുവ്യവഹാരങ്ങൾ ഇദ്ദേഹത്തിനുകൊടുത്തു നടത്തിച്ചിട്ടുള്ള പൂർവ്വപരിചയവുമുണ്ടു. ഞങ്ങൾ തമ്മിൽ ഇയ്യിടെ വഴിയിൽവച്ചു യാദൃച്ഛികമായി കണ്ടപ്പോൾ ഈ വിഷയം സംഭാഷണത്തിൽ വന്നു. ആപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇപ്പോൾ ഒന്നും ചെയ്യേണ്ട. രൂപയും കൊടുക്കേണ്ട. നമുക്കു നഷ്ടവും ചെലവും ഈടാക്കാം,— ജീവനാംശവും അയാളുടെ ആയുഷ്കാലം മുഴുവൻ വാങ്ങിക്കാ'മെന്നു്.

ഞാൻ:—കൊള്ളാം! വക്കീലന്മാർക്കു യുക്തിയും ന്യായവും നമ്മേക്കാൾ കൂടും. ആലോചനയും കൂടും. നിയമനിശ്ചയം അവർക്കേ ഉള്ളുതാനും. അവരുടെ അഭിപ്രായത്തിനുതന്നെ വിലകല്പിച്ചേ മതിയാകൂ.

കാമാക്ഷിയമ്മ അക്ഷമയായി പറഞ്ഞു: "ഇങ്ങനെ വക്കീലദ്ദേഹം ഒരു അഭിപ്രായം പറഞ്ഞുവെന്നേയുള്ളൂ. ഇവിടെ പഴയ അഭിപ്രായത്തിൽ നില്ക്കുന്നതേയുള്ളുതാനും."

ഞാൻ:—ആ നില കയ്യാലപ്പുറത്തെ തേങ്ങായുടെ നില പോലെതന്നെ. വക്കീലദ്ദേഹത്തിൻെറ അഭിപ്രായത്തിനു ശക്തി ഒന്നു കൂടുമ്പോൾ പഴയ നിശ്ചയവും നിലയും ഒക്കെ തെറിച്ചു ദൂരെ പോവുകയായി.

വക്കീൽ:—ഹേയ്! സർ, എന്നെ വൃഥാ തെററിദ്ധരിക്കരുതു്. ഇക്കാര്യത്തിൽ എനിക്കു യാതൊരു നിർബ്ബന്ധവുമില്ല. കക്ഷികൾ അവരുടെ ശുദ്ധഗതിയോ നിയമനിശ്ചയമില്ലാ

സ്ഥയോകൊണ്ടു് ഇങ്ങനെ വല്ല പിടിപ്പുകേടും കാണിച്ചുവെന്നു വരാം. അപ്പോൾ അവർക്കു നേർവഴി ചൂണ്ടിക്കാണിച്ചുകൊടുക്കേണ്ടതു ഞങ്ങളുടെ കടമയാണു്. അവർ ആ അഭിപ്രായം സ്വീകരിച്ചാലും ശരി, ഇല്ലെങ്കിലും ശരി, ആ അഭിപ്രായം ഞങ്ങൾ ഗൗനിക്കുന്നില്ല.

ഞാൻ:– 'ലോകസ്സമസ്താ സുഖിനോ ഭവന്തു:" ഇതുതന്നെ നിങ്ങളുടെ എല്ലാ പ്രവൃത്തികളുടെയും മുന്നിൽ നില്ക്കുന്ന ആദർശവും ലക്ഷ്യവും. അതു് അനുഭവസ്ഥന്മാർക്കു പരക്കെ അറിയാം. കക്ഷികൾ സമനസ്സാലെ ഒരു ചിത്തവ്യവഹാര കാരണം പറഞ്ഞു് ഒതുക്കിവച്ചിരിക്കുന്നു. അതു് അങ്ങനെ ഒതുക്കിത്തീർത്തുകൂടാ. എങ്ങനെയും തന്നെത്താൻ നശിക്കാൻ വകയുണ്ടാക്കിയും കോടതികേറി നാറിയും പിരിയണം. എന്താ കൊള്ളാമോ? എവിടത്തെ ന്യായവും നടത്തയുമാണിതു വക്കീൽസാറേ! ഇങ്ങനെയായിരിക്കും നിങ്ങൾ പഠിച്ചിരിക്കുന്ന ധർമ്മശാസ്ത്രം. മഹാശയന്മാരായ നിയമശാസ്ത്രജ്ഞന്മാരും അഭിഭാഷകന്മാരും ന്യായാധിപന്മാരും ജനങ്ങളോടു് ഉപദേശിക്കുന്നതു നിർവ്വാഹമുള്ളടത്തോളം കോടതികയറാൻ ഇടയാകാതെ ഇടപാടുകൾ പുറമേവച്ചുതന്നെ ഒത്തുതീർപ്പിൽ അവസാനിപ്പിക്കണമെന്നാണു്. നിങ്ങൾ പറയുന്നതു നേരെ മറിച്ചുമാണു്. നിങ്ങളോടു് ഇത്രയും ഇവിടെവച്ചു തുറന്നുപറയുന്നതു് മി. ശേഖരപിള്ളയ്ക്കു സുഖമായി വരുകയില്ല. നിങ്ങൾ അദ്ദേഹത്തിന്റെ അതിഥിയാണല്ലൊ ഇപ്പോൾ. എന്തായാലും പറയാനുള്ളതു് എവിടെയും ആരുടെ മുൻപിലും നിർഭയം തുറന്നുപറയുന്ന പ്രകൃതക്കാരനാണീ ഞാൻ. അതുനിമിത്തം വരുന്ന ഭവിഷ്യത്തുകൾ അനുഭവിക്കാനും സന്നദ്ധൻതന്നെ. നിങ്ങളുടെ ജാതിയിൽ ഇതേ ടൈപ്പിൽ കുറെ വക്കീലന്മാരും അവർക്കുപററിയ ചില ഗുമസ്തന്മാരും തരകന്മാരും ഈ നാട്ടിൽ ഇക്കാലത്തും നിലനിന്നുവരുന്നു. ഇതാണു വാസ്തവത്തിൽ ഇന്നു ലോകത്തിനു് ആപല്ക്കരം. ദുർവ്യവഹാരം വർദ്ധിപ്പിച്ചു മുതലെടുത്തു ജീവിക്കുകയാണു നിങ്ങളുടെ തൊഴിൽ. ന്യായമായും അന്തസ്സായും അഭിമാനത്തോടും നടത്തുന്ന അഭിഭാഷകപ്രവൃത്തി അത്യന്തം മഹനീയവും ലോകോപകാരപ്രദവുമാണു്. അതിന്റെ ഇരുളടഞ്ഞ വശത്തിന്റെ ഉത്തമ പ്രതിനി

ധികളാണു നിങ്ങൾ ചിലർ. ഭയങ്കരം, ഭയങ്കരം സ്നേഹിതാ! ഇനിയെങ്കിലും—ഈ ജനകീയയുഗത്തിലെങ്കിലും ഈ തൊഴിൽ മതിയാക്കിക്കളയൂ—അന്തസ്സും അഭിമാനവും നിറഞ്ഞ അഭിഭാഷകവൃത്തിയെ അധഃപതിപ്പിച്ചുകളയരുതേ! പരമപാവനമായ ജൂഡിഷ്യറിയിലെ മശകമക്കുണങ്ങളായി നിങ്ങൾ ജീവിച്ചു നാട്ടമുടിക്കരുതേ!

ഞാൻ ഇങ്ങനെ പ്രസംഗം നിർത്തിയപ്പോൾ വക്കീൽ നിശ്ചേഷ്ടനായി ചാരുകസാലയിലേക്കു മലർന്നു. കുറെ നേരത്തേക്കു് അയാൾ ഒന്നും സംസാരിച്ചില്ല. നിശ്ചേഷ്ടനായി കിടക്കുകയായിരുന്നു. അയാളുടെ ഹൃദയസ്പന്ദനം നിലച്ചുപോയിരിക്കുമോയെന്നു കാമാക്ഷിയമ്മയ്ക്കു സംഭ്രമമായി. ആ സാധ്വി ദയനീയമായി എൻെറ മുഖത്തേക്കു നോക്കി. ശേഖരപിള്ള ഇളിഭ്യതപൂണ്ടു് അങ്ങനെയിരുന്നു.

ഞാൻ തുടർന്നു: "ഞാൻ പറഞ്ഞതു കൂടിപ്പോയെന്നുണ്ടെങ്കിൽ നിങ്ങൾ രണ്ടുപേരും ക്ഷമിക്കണം. എൻെറ സ്വതന്ത്രമായ അഭിപ്രായം ഇങ്ങനെ തുറന്നുപറഞ്ഞെന്നേയുള്ളൂ."

ഒരു ദീർഘനിശ്വാസത്തോടുകൂടി അപ്പോൾ വക്കീൽ ഇങ്ങനെ നിശ്ശബ്ദത ഭഞ്ജിച്ചു:

"ശേഖരപിള്ളസ്സാർ, ഇദ്ദേഹത്തിൻെറ അഭിപ്രായം പോലെ ഇന്നുതന്നെ രജിസ്ത്രാരെ വരുത്തി ഉടമ്പടി രജിസ്ത്രാക്കിക്കൊള്ളൂ. ഇനി വ്യവഹാരം വേണമെന്നു് അങ്ങു നിർബ്ബന്ധിച്ചാലും ഞാൻ വഴിപ്പെടുകയില്ല. ഇദ്ദേഹം പറഞ്ഞതിലും വളരെ കാര്യമുണ്ടു്. ആ വശവും ചിന്ത്യംതന്നെ."

കാമാക്ഷിയമ്മ:—ഇങ്ങനെ ഒരു വാക്കു കിട്ടിയല്ലോ. ഇനി ഏതായാലും താമസിക്കേണ്ട. രജിസ്ത്രാരദ്ദേഹത്തിൻെറ അടുക്കലേക്കു് ഒരാൾ പറഞ്ഞയയ്ക്കണം. ആധാരംഎഴുത്തുകാരൻ നാരായണപിള്ളയേയും ഉടനേ വരുത്തണം. കല്യാണീനിലയത്തിലേക്കും ആൾ വിടണം. ആ പങ്കൻപിള്ളയേയും വരുത്തണം. കാര്യങ്ങൾ ഇങ്ങനെ തീരുമ്പോൾ വക്കീലദ്ദേഹംകൂടെ ഇരിക്കുന്നതും രണ്ടു കൂട്ടക്കാർക്കും ഒരു ഉറപ്പാണു്.

വക്കീൽ:—ഹേയ്, ഞാൻ വേണമെന്നില്ല. ചുക്കുചേരാത്ത കഷായവും വക്കീൽ ചേരാത്ത വഴക്കും ഇല്ലെന്നു് ഒരു

ചൊല്ലുണ്ടു്. നിങ്ങൾ ഒക്കെത്തന്നെ മതി. പോരെങ്കിൽ ഡോക്യുമെൻറു റൈറ്ററും രജിസ്ത്രാരുംകൂടെ ഉണ്ടല്ലൊ.

കാമാക്ഷിയമ്മ:—അങ്ങനെയല്ലല്ലോ. രജിസ്ത്രാർക്കു്—പ്രമാണം ഒരു പ്ലീഡർ അപ്രൂവ് ചെയ്യണമെന്നു് ഒരു ചട്ടമില്ലേ ഇപ്പോൾ?

വക്കീൽ:—ഓ! അതൊന്നും സാരമില്ല. ഓരോ എഴുത്തുകാരനും എഴുതുന്നതെല്ലാം അപ്രൂവുചെയ്തുകൊടുക്കുവാൻ സന്നദ്ധരായ അനേകംപേർ ഉണ്ടാവും. അതിനൊന്നും പ്രയാസമില്ല, ഇക്കാലം.

വക്കീലദ്ദേഹം തീരെ മുഷിഞ്ഞാണു്. അദ്ദേഹം പെട്ടെന്നു് എഴുനേററു. ഞങ്ങളോടു ലോഹ്യഭാവത്തിൽ യാത്രപറഞ്ഞു പുറപ്പാടായി. അദ്ദേഹം പോയശേഷം കാമാക്ഷിയമ്മ പറഞ്ഞു: "ആ സാധു ഇളിഭ്യനായിട്ടാ പോയതു്. കഷ്ടമായിപ്പോയി."

ഞാൻ:—ഈ ഗഡുവിൽ ഞാൻ വന്നെത്തിയിരുന്നില്ലെങ്കിൽ എവിടെച്ചെന്നു നിൽക്കുമായിരുന്നു കാര്യങ്ങൾ എന്നറിയാമോ?

ശേഖരപിള്ള:—ഇവൻ പൊല്ലാത്ത ആസാമി; ഏതായാലും ആ ഏഴരശനിയെ ഇങ്ങനെ മുഖത്തടിച്ചു പറഞ്ഞയക്കണമെങ്കിൽ ഇവൻതന്നെ വേണം. വക്കീലിൻെറ ടൈപ്പിൽ വേറെയും പല ചരക്കുകൾ കണ്ടുകിട്ടിയേക്കും. എന്നാൽ ഇവൻെറ ടൈപ്പിൽ മറെറാരാളെ കിട്ടാൻ ബഹു വിഷമം.

കാമാക്ഷിഅമ്മ:—ഇത്ര വലിയ ഉപകാരം ചെയ്ത ചേട്ടനു രാവിലെ സമ്മാനം കൊടുക്കുകയാണോ?

ശേഖരപിള്ള:—ഇവനു വക്കീൽ വല്ല സമ്മാനവും കൊടുത്തേക്കുമോയെന്നായിരുന്നു എൻെറ പേടി. ഏതായാലും അയാൾ അതൊന്നുംകൂടാതെ പിരിഞ്ഞു.

ഞാൻ:-ഇത്തരം ജനദ്രോഹികളെ തരത്തിനു കൈയിൽ കിട്ടിയാൽ കപാലം പൊട്ടിച്ചുവേണം വിടാൻ കൂവാ! ഇതിനകത്തുവച്ചായതു് അവൻെറ നല്ലകാലം. നമ്മെ അവൻ വെറും മലംഭാഗത്തുകാരനെന്നു് എണ്ണിയിരിക്കണം. ഞാൻ

കല്യാണംഉണ്ണിയാണുപോലും. ഏതായാലും അവൻ ഉണ്ണാൻ പോയിടത്തെല്ലാം മുഖപ്പന്തിയിലാണെനിക്കു ഊണു്. പരമവിഡ്ഢി! ഇങ്ങനെ എത്ര ഏഭ്യന്മാർ നടക്കുന്നു നാട്ടു മുടിക്കാൻ!!

ശേഖരപിള്ള എൻെറ നിർദ്ദേശമനുസരിച്ചു കല്യാണനിലയത്തിലേയ്ക്കും മററും ആളയച്ചു. പത്തുമണിക്കുള്ളിൽ എഴുത്തുകാരനും പത്മത്തിൻെറ അച്ഛനും മററും വന്നുചേന്നു. അന്നു മൂന്നുമണിക്കു് വാസസ്ഥലമായി ആധാരം രജിസ്ത്രായി. അൻപതിനായിരം രൂപ സുകുമാരൻനായർ രജിസ്ത്രാർമുമ്പാകെ വിവാഹമോചനപ്രതിഫലമായും മററിനങ്ങൾ ഉൾപ്പെടെയും ഹാജരാക്കി. അതു പത്മാവതിയമ്മ സമ്മതിച്ചു വാങ്ങി. വിവാഹമോചനം നടത്തി. മോചനക്രിയ കഴിഞ്ഞപ്പോൾ വധൂവരന്മാർക്കും സ്വജനങ്ങൾക്കും സ്തോഭവും സങ്കടവുമായി. ചിലർക്കു് ഗൽഗദം; ചിലർക്കു് മൂക്കുചീററൽ; മററുചിലർക്കു് മുഖം ചുവപ്പു്; വേറെ ചിലർക്കു് കണ്ണീരൊഴുക്കു്—ഇക്കാഴ്ചയെല്ലാം കണ്ടു കണ്ടു പഴക്കംചെന്ന രജിസ്ത്രാർ നിവ്വികാരിയായി അവിടെ ഇരുന്നു. ഏതുവിധവും ഇങ്ങനെ കാൎയ്യങ്ങൾ മംഗളമായി അവസാനിച്ചതു് ഈ നിറഞ്ഞ തറവാട്ടിൻെറ നേരുതന്നെ എന്നു ഞാൻ സബ്‌രജിസ്ത്രാരോടായിട്ടു പറഞ്ഞു.

അദ്ധ്യായം പതിനഞ്ച്

## ഡാക്ടർ രാമാനുജം

എക്സൈസ് ഇൻസ്പെക്ടർ കൃഷ്ണപിള്ളയെക്കൊണ്ടു നോട്ടുകിഴിവുപതിപ്പിച്ചു. രണ്ടായിരത്തഞ്ഞൂറുരൂപ രൊക്കം കൊടുപ്പിച്ചതിനാൽ അമ്മിണിക്കുട്ടിക്കുണ്ടായ സന്തോഷം അവർണ്ണനീയമായിരുന്നു. ശക്കരപ്പന്തലിൽ തേൻമഴ പൊഴിച്ചതുപോലെ, പട്ടുമെത്തയിൽ പുഷ്പവൃഷ്ടി ഉണ്ടായാലെന്ന മട്ടിൽ, പിച്ചിപ്പൂശയ്യയിൽ യൂഡിക്കോളോഞ്ചി സൂക്ഷ്മയണുവർഷം എന്ന കണക്കിനെ, ഞാൻ ആ ചെറുകുടുംബത്തിനു പൂവ്വാധികം ഹൃദ്യനും പ്രിയംകരനുമായിത്തീന്നു. കൃഷ്ണപിള്ള

യുടെ സ്വഭാവഗുണത്തേയും നിഷ്കളങ്കമായ സത്യസന്ധതയേയുംപററി അമ്മിണി എന്നോടു വളരെ വളരെ ശ്ലാഘിച്ചു പറഞ്ഞു.

ആ സന്ദർഭത്തിൽ മിസ്സസ് കൃഷ്ണപിള്ളയുടെ വിചിത്രമായ പെരുമാററത്തേപ്പററി പ്രസ്താവിക്കുവാൻ എനിക്ക് അവസരം കിട്ടി. ഞാൻ പറഞ്ഞു: "ഞാൻ ഈ തിരുവനന്തപുരത്തുനിന്ന് അവരുടെ അയൽക്കാരിയായ സ്നേഹിതയുടെ ആവശ്യം പ്രമാണിച്ച്, ഇങ്ങനെയുള്ള ഒരു ദയനീയമായ ഘട്ടത്തിൽ അത്രടം യാത്രചെയ്തുവെന്ന വിഷമസ്ഥിതി ഓർത്തു ലോഹ്യത്താനായിട്ടെങ്കിലും പുറമേവന്ന് ഒററവാക്കെങ്കിലും പറഞ്ഞിട്ടു പോകേണ്ട മര്യാദ ആ സ്ത്രീക്ക് ഉണ്ടാകേണ്ടതായിരുന്നു. ഒരു ഗ്രാഡ്യുവേററുകൂടെ."

അമ്മിണി:-അത്രമാത്രമല്ല. ഇന്നലെ ഞാനറിഞ്ഞു, രാധ ബി. എൽ., പാസ്സായെന്ന്. കൊള്ളാം! രാധയുടെ ഈ പെരുമാററം പുതുമയായി തോന്നുന്നു! എൻെറ ദുഃഖത്തെപ്പററി അലിവായി ഒററവാക്കെങ്കിലും പറഞ്ഞിട്ടു പോവാൻ തക്ക മര്യാദയില്ലാതെപോയല്ലൊ ആ സ്ത്രീക്ക്. പഠിപ്പുമാത്രം കൊണ്ടായില്ല. അതിന്നു് അനുസരണമായ മനസ്സംസ്കാരംകൂടെ കിട്ടിയാലേ ആവുള്ളു. കുരുട്ടുപാഠം പഠിച്ചു പരീക്ഷകൾ എത്രവേണമെങ്കിലും ജയിക്കാൻ കഴിയും.

ഞാൻ:-അങ്ങനെ പറയരുത്. അമ്മിണി അസൂയകൊണ്ടു പറയുകയാണെന്നു വല്ലവരും കേട്ടാൽ വ്യാഖ്യാനിച്ചേയ്ക്കും.

അമ്മിണി:-അങ്ങനെ പറയാനാണെങ്കിൽ ഒട്ടുവളരെ പറയാനും മുറുമുറുക്കാനും വകയുണ്ടെനിക്ക്. ലോകദൃഷ്ടിയിൽ ഇപ്പോൾ ഒരു നിലയിൽ ഇരിക്കുന്ന ഒരു ചെറുപ്പക്കാരിയെപ്പററി ഞാൻ എന്തിനു് ആരോപണങ്ങൾ പറയണം!

ഞാൻ:-ഞാൻ അമ്മിണിയുടെ ഈ മനഃസ്ഥിതിയെ അഭിനന്ദിക്കുന്നു. ന്യൂനത ഒഴിഞ്ഞു് ഒന്നും ഈ സൂര്യമണ്ഡലത്തിനുതാഴെ കാണുകയില്ല. നാമാരും ഹരിശ്ചന്ദ്രന്മാരും ശ്രീരാമന്മാരും അനസൂയകളും ദമയന്തികളുമല്ല. ആ വസ്തുത ഓർമ്മിച്ചേ എപ്പോഴും സംസാരിക്കാവൂ.

അമ്മിണി:-ചേട്ടൻ പറയുന്നതു കാര്യംതന്നെ. എങ്കിലും

എല്ലാത്തിലും ഒരു ധൎമ്മബുദ്ധിയും ന്യായവും നീതിയും വേണം. അതു കവിഞ്ഞു് ആരും ജീവിച്ചുകൂടാ.

ഞാൻ:—അതു ശരിതന്നെ. രാധയെപ്പററി ഇത്രവളരെ വ്യാഖ്യാനിക്കാൻ എന്തിരിക്കുന്നു?

അമ്മിണി:-അടുത്ത അയൽക്കാരിയല്ലേ ഞാൻ? ആ ഇൻസ്പെക്ടർ, പരമയോഗ്യൻ—സാധു! പച്ചവെള്ളം ചവച്ചു കുടിക്കും. ഭാൎയ്യയുടെ മൊഴി വേദവാക്യം. രാധ അരുന്ധതിയോ അനസൂയയോ തന്നെയാണു് എന്നാ ആ പാവത്തിൻെറ ബോദ്ധ്യം. നിത്യാനുഭവക്കാരിയായ എനിക്കറിയാം പരമാൎത്ഥമൊക്കെയും.

ഞാൻ:—എന്താ, അതിൻെറ സ്വഭാവത്തെപ്പററി ഇത്ര മോശമായിപ്പറയുവാൻ? രണ്ടു തല ചേരും തമ്മിൽ; എന്നാൽ നാലു മുല ചേരുകയില്ല.

അമ്മിണി:—അതെ, അതെ. രാധയെ താങ്ങിപ്പറഞ്ഞിട്ടു ചേട്ടനും വല്ല കാൎയ്യവും ഉണ്ടായിരിക്കും. ആൎക്കറിയാം പരമാൎത്ഥങ്ങൾ! ഇക്കാലത്തെ മറിമായങ്ങൾ അത്ര ഗഹനമായിരിക്കുന്നു.

ഞാൻ:—ഞാൻ അതിനെ കണ്ടിട്ടുതന്നെ ഉണ്ടെന്നുതോന്നുന്നില്ല. ഇങ്ങനെ കേട്ടറിവേ ഉള്ളു പൊന്നേ!

അമ്മിണി:—ചേട്ടൻ വലിയ സാധു. ഞാൻ എന്തിനു പറയണം. മരിച്ചവരെക്കൂടെ ബന്ധിക്കുന്ന കാൎയ്യങ്ങൾ ഉണ്ടു്. ഈശ്വരൻ അറിയട്ടെ. ഫലം അനുഭവിച്ചുകൊള്ളും.

ഞാൻ:—ഇതു് ഒരു അരുന്ധതീശാപംപോലെ തോന്നുന്നുവല്ലോ! ഇങ്ങനെ ആരെയും ശപിക്കരുതു്. പോരെങ്കിൽ ഇങ്ങനെയുള്ള ഗദ്ധ്യങ്ങളിൽ.

അമ്മിണി:—ചുററുപാടുകളുടെ സൂക്ഷ്മാവസ്ഥ മുഴുവൻ ശ്രദ്ധിച്ചിരുന്നുവെങ്കിൽ, എൻെറ കടുത്ത ക്ഷമാശീലത്തെയും, ഉറച്ച അടക്കത്തേയുംകുറിച്ചു ചേട്ടൻ പ്രശംസിക്കുമായിരുന്നു.

ഞാൻ:—ഇത്ര അടുപ്പം ഇവിടെയുള്ള എന്നെയും മറച്ചുവച്ചിരിക്കുന്ന കുടുംബരഹസ്യങ്ങൾ ഉണ്ടെങ്കിൽ അമ്മിണി ഒന്നാംകിട അടക്കക്കാരിതന്നെ.

അമ്മിണി:-ഞാൻ അങ്ങനെ ഓരോന്നു് അടക്കി അടക്കി

ജീവിച്ചിരുന്നില്ലെങ്കിൽ ഇതിനകത്തു സൈ്വരം എന്നതു് ക ണികാണാൻപോലും കിട്ടുകയില്ലായിരുന്നു.

ഞാൻ:—അങ്ങനെയോ? ഇപ്പോഴാണു് എനിക്കു് ഈ ഊഹം കിട്ടിയതു്. അതുവഴിയായിരിക്കും ഈ ഇടപാടുകളി ലും ചെന്നുൾപ്പെട്ടതു്! അല്ലേ?

അമ്മിണി:—അങ്ങനെ പലതും.

ഞാൻ:—എത്ര കുട്ടികളുണ്ടു് ആ സ്ത്രീയ്ക്കു്?

അമ്മിണി:—അവളെ കണ്ടാൽ പ്രസവിച്ചതാണെന്നു് ആരും പറയുകയില്ല. ആദ്യത്തേതിൽ ഒരു ആൺകുട്ടി. അ വനു് ഇപ്പോൾ പത്തൊൻപതോ ഇരുപതോ. ഇപ്പോഴ ത്തേതിൽ അഞ്ചുവയസ്സുള്ള ഒരു ആൺകുട്ടി, മൂന്നുവയസ്സുള്ള മററൊന്നു്.

ഞാൻ:—അങ്ങനെയോ? ഇത്ര പ്രായമുള്ള മകനുള്ള ഒരു സ്ത്രീയോ?

അമ്മിണി:—അവൻെറ തന്തയാരോ? അവൻ അക്കന്റെ മകനാണെന്നു പറഞ്ഞു വിശ്വസിപ്പിച്ചിട്ടാണു് ആ പാവം കൃഷ്ണപിള്ളയെ വലയിൽ അകപ്പെടുത്തിയതു്. അവൾ എ പ്പോഴും ദേശാന്തരം. വീട്ടിൽ താമസവും അവിടെ കിടന്നുറ ക്കവും ചുരുക്കം. കുട്ടികളെ വളർത്തേണ്ട ഭാരം അയാൾക്കു്. അയാൾക്കു് അവളുടെ തള്ളയുണ്ടു പിന്നെ തുണയ്ക്കു്.

ഞാൻ ചെവി രണ്ടും പൊത്തി. എനിക്കു് ആകെ ഒരു വല്ലായ്മ തോന്നി. ഒരു ഭ്രതിയിളക്കം. ഏതോ ആകസ്മികങ്ങ ളായ ചില സാദൃശ്യദുരൂഹങ്ങൾ എനിക്കുണ്ടായി. ഞാൻ അല്പനേരം ചിന്താകുലനായിരുന്നു.

അമ്മിണി ചോദിച്ചു: "എന്താ ചേട്ടാ, രാധയുടെ ചരി ത്രം കേട്ട രാവിലെ വയറുനിറഞ്ഞോ? ഇത്രയൊന്നുമല്ല, ഇ നിയും കിടക്കുന്നു കാര്യങ്ങൾ. അവധിയെടുത്തു് ഇവിടന്നു പോയിട്ടു രണ്ടു മാസത്തോളമായി. എവിടെല്ലാമെന്നു് ആർ ക്കറിയാം! 'നാണംകെട്ടും പണം നേടിക്കൊണ്ടാൽ നാണക്കേ ടപ്പണം തീർത്തുകൊള്ളും.'"

ഞാൻ:—ആ പയ്യനെവിടെ?

അമ്മിണി:—അവൻെറ കാര്യം പറയാനൊന്നുമില്ല. വ യസ്സു് പത്തൊൻപതോ ഇരുപതോ ആയി. ഇംഗ്ലീഷ് പള്ളി

ക്കൂടത്തിൽ തേർഡ്ഫോ ഫോത്തോവരെ പഠിച്ചു. പിന്നീ ട്ട വലിയൊരു ദേശസഞ്ചാരിയായി നടക്കുകയാണവൻ. ദു ന്നടപടികൾ എല്ലാമുണ്ട്. ചെങ്കോട്ടയിലും മധുരയിലും തെങ്കാശിയിലും, ചിലപ്പോൾ തൃശ്ശിനാപ്പള്ളിയിലും, മദ്രാസി ലുമൊക്കെ ചില പ്രത്യേക തെരുവുകളിൽ അവനെ കാണാ റുണ്ടെന്നു പലരും പറയാറുണ്ട്. അവൻെറ ജീവിതവൃത്തി വളരെ പാവനംതന്നെ! തൃശ്ശിനാപ്പള്ളിയിലോ തഞ്ചാവൂരോ ഒരു കോളേജിൽ ഇൻ്ററിനോ ബി. ഏ.—ക്കോ പഠിക്കുകയാ ണെന്നാ ഇവിടൊക്കെ ശ്രുതി പരത്തിയിരിക്കുന്നതും. അവ ൻെറയും അവളുടെയും ചില പെരുമാററങ്ങൾ കണ്ടാൽ നമു ക്കൊക്കെ അതിശയവും നാണവുമാകും. കുളിമുറിയിലും കിട ക്കമുറിയിലുമൊക്കെ, ഇത്ര പ്രായമുള്ള മകനുംകൂടെയുണ്ട്. തൊലിയുരിഞ്ഞുപോകില്ലേ, ഇതുങ്ങൾക്കു്? വെറും മൃഗ പ്രായം!

ഞാൻ:—എന്തിനു പറയുന്നു, എൻറമ്മിണീ, അത്രകണ്ട് അധഃപതിച്ചുപോയി ലോകം. ഒരുവശത്തു മികച്ച പരിഷ്കാ രം;—പുരോഗമിച്ച സംസ്കാരം. മറുവശത്തു മൃഗീയമായ അ ധഃപതനം. ഈ കൃഷ്ണപിള്ള ഇത്ര മോശക്കാരിയായ ഒരു സ്ത്രീയുടെ ഭർത്താവാണെന്നു് ഞാൻ ഇതുവരെ ഊഹിക്കപോ ലും ചെയ്തിട്ടില്ലേ.

അമ്മിണി:-ലോകർ എന്തെല്ലാം പറയുന്നു. മുഴുവൻ വി ശ്വസിക്കാമോ എന്നറിഞ്ഞില്ല. സൂക്ഷ്മം അറിയാതെ പറയു ന്നതു പാപവുമായിത്തീരും. ഇതുപോലെ അനേകം ഭർത്താക്ക ന്മാർ ഒരേസമയത്തു വച്ചുകൊണ്ടിരിക്കുന്ന ഒരു മഹാസതി മാണവൾ അത്രേ. ഈ സിററിയിലും പുറമേയുമുള്ള ഒന്നാം തരം ഹോട്ടലുകളിൽ പലപ്പോഴും ഓരോരുത്തരുമായി മൂന്നും നാലും ദിവസം ഇപ്പോൾ താമസിക്കാറുള്ളതായി ദൃക്സാ ക്ഷികൾ പലരും പറയാറുണ്ട്. ലോകം ഓരോരുത്തരുടെ പ്ര വൃത്തികളും നടപടികളും ഉററുനോക്കിക്കൊണ്ടിരിക്കയല്ലേ. ആരും അറിയില്ലെന്നു നിനച്ചു കണ്ണടച്ചുകൊണ്ട പൂച്ച പാൽ മോഷ്ടിച്ചു കുടിക്കുന്ന മട്ടിലായിരിക്കും നടത്ത. അഥവാ വ ല്ലവരും അറിഞ്ഞാൽത്തന്നെ എന്തു്? അതായിരിക്കും ഇപ്പോഴ ത്തെ ഫാഷൻ.

അമ്മിണിയുടെ ഭാഷണത്തിൻെറ ചില ഭാഗങ്ങൾ കേട്ടപ്പോൾ വിദ്യുല്ലതികയേററ സപ്പത്തേപ്പോലെ ഞാനൊന്നു ഞെട്ടിപ്പുളഞ്ഞു. മുഖം പെട്ടെന്നു രക്തശ്ശൂന്യമായതുപോലെ തോന്നി. എങ്കിലും ഭാവഭേദം അമ്മിണി മനസ്സിലാക്കാതെ ഗൗരവം അഭിനയിച്ചിരുന്നു: "ഇത്രത്തോളം ഒന്നും നിനച്ചിരുന്നില്ല ഞാൻ. റിനോൾഡിൻെറ നോവലുകളിലും മററും ഇത്തരം കഥാപാത്രങ്ങളെക്കുറിച്ചു വായിച്ചറിവേ ഇതുവരെ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ നേരിട്ട് അനുഭവത്തിലുമായി.

"—ഇനിയും പലതും അറിവാൻ ഉണ്ടാകും. വഴിയെ അറിയാറാവും, എന്നുമാത്രം—" അമ്മിണി പറഞ്ഞുനിത്തി. സംഭാഷണം ഇങ്ങനെ നിലച്ച ഘട്ടത്തിൽ സാമാന്യം മദ്ധ്യവയസ്സായ ഒരു കഷണ്ടിത്തലയൻ യുവാവ്: ഹ്രസ്വകായൻ, നല്ല ദാർഢ്യമുള്ള ശരീരം, കഷ്ടിച്ച് അഞ്ചടി ഉയരം; പൊടിമീശ; വൃത്താകാരമായ മുഖം; നല്ല കറുപ്പുമല്ല, വെളുപ്പുമല്ല നിറം; ഗൗരവപുരുഷനെങ്കിലും ആകർഷകമായ മന്ദസ്മിതം ഇടയ്ക്കിടെ കളിയാടുന്ന മുഖം; അങ്ങനെ ആകാരസുഷമയൊത്ത ഒരു മാന്യൻ—മോടിയായി വസ്ത്രധാരണംചെയ്ത ഒരാൾ—ഒരു ജട്കയിൽ അവിടെ വന്നിറങ്ങി. ധരിച്ചിരുന്ന അലക്കിത്തേച്ച വെള്ളജ്ജുബ്ബായുടെ കീശയിൽനിന്നും പുറത്തേയ്ക്കു ജൃംഭിച്ചുനിന്ന തവിട്ടുനിറമുള്ള ഒരു റബ്ബർനാളത്തിൻെറ അംശം കൊണ്ടുതന്നെ അദ്ദേഹം മെഡിക്കൽവിഷയം കൈകാര്യം ചെയ്യുന്ന ആളാണെന്നു മനസ്സിലാക്കാൻ പ്രയാസമില്ല.

ആഗതനെ കണ്ടയുടൻ ഒരു മന്ദസ്മിതത്തോടുകൂടി—'ഡോക്ടർ' എന്നു പറഞ്ഞുകൊണ്ട് അമ്മിണി സ്വസ്ഥാനത്തുനിന്നു് എഴുന്നേററു് അദ്ദേഹത്തോടുള്ള ബഹുമാനം പ്രദർശിപ്പിച്ചു. ഡോക്ടർ കൂടുതൽ മുഖവുരയൊന്നും കാത്തുനില്ക്കാതെ വേഗം ആ ഹാളിൽ കടന്നുവന്നു് എനിക്കു് അഭിമുഖമായി ഒരു കസാലയിൽ ഇരുന്നു മന്ദസ്മിതം തൂകി.

അപ്പോൾ അമ്മിണി എന്നോടായിട്ടു പറഞ്ഞു: "ഞാൻ പറയാൻ വിട്ടുപോയി. നമ്മുടെ കമലുവിനു നല്ല സുഖമില്ല. രണ്ടുദിവസമായി ഒരു പനി. കുറേശ്ശെ ഭേദിയിളക്കവുമുണ്ട്. അദ്ദേഹത്തിൻെറ ഒരു സ്നേഹിതനുംകൂടെയാണിദ്ദേഹം. ഇവിടെ ആക്കെങ്കിലും മൂക്കുവിയത്തെന്നുകേട്ടാൽ ഫോർമാലി

ററി ഒന്നും കൂടാതെ ഓടിയെത്തി വേണ്ടതു ചെയ്യും ഇദ്ദേഹം. ഭാഗ്യദോഷത്താൽ ഇന്നാൾ അദ്ദേഹത്തിനു പെട്ടെന്നു സുഖക്കേടു തുടങ്ങിയപ്പോൾ ഇദ്ദേഹം ഇവിടെ ഇല്ലാതെപോയി. വടക്കോട്ടു പോയിരുന്നു.”

ഡോക്ടർ:—അങ്ങനെയൊന്നും വിചാരിപ്പാനില്ല. എല്ലാം ദൈവനിശ്ചയം.

ഞാൻ:-ഞാൻ ഇവിടെ ഇരിക്കുന്നതുകൊണ്ടു ഡോക്ടരദ്ദേഹത്തിനു പ്രതിബന്ധം ഒന്നുമില്ലല്ലൊ. കുട്ടിയെ നോക്കുക.

ഡോക്ടർ:—ഛേറയ്, ഹ്യന്തൊരു വർത്തമാനമിതു്? ഇവിടെ മററു പുരുഷന്മാരില്ലാത്ത നിലയ്ക്കു് അങ്ങുകൂടി ഇരിക്കുന്നതല്ലേ എനിക്കു് ഒരു സമാധാനം! കുഞ്ഞു് എവിടെക്കിടക്കുന്നു? അങ്ങുംകൂടി വരണം. അകത്തേയ്ക്കു പോ, അമ്മിണി.

അമ്മിണി:—അവൾ കിടക്കുകയും മററുമല്ല. സുഖക്കേടുകൊണ്ടു് ഓടിനടക്കുകയാ, ഇങ്ങോട്ടു വിളിക്കാം.

അമ്മിണി അവിടംവിട്ടുപോയി കമലുവിനെ കൈയ്ക്കു പിടിച്ചുംകൊണ്ടുവന്നു. അതിനിടയ്ക്കു ഡോക്ടർ പറഞ്ഞു: “കൊച്ചു കുട്ടികളല്ലേ? അവർക്കു സുഖക്കേടിന്റെ കാൺസിക്വൻസ് അറിയാമോ?”

ഞാൻ:—സുഖക്കേടിന്റെ മാത്രമോ? ഒന്നിന്റെയും അറിഞ്ഞുകൂടാ.

കുഞ്ഞിനെക്കണ്ടു ഡോക്ടർ ഒരു പുഞ്ചിരിയോടുകൂടി കൊഞ്ചിക്കുഴഞ്ഞ സ്വരത്തിൽ അതിന്റെ വശങ്ങളിൽക്കൂടി കൈയിട്ടു ചുററിപ്പിടിച്ചു സമീപത്തേയ്ക്കു നീക്കിക്കൊണ്ടു പറഞ്ഞു: “കമലു ഇങ്ങുവരട്ടെ. ഡോക്ടരമ്മാവൻ ഒന്നുനോക്കട്ടെ.”

കമലു ഡോക്ടരുടെ പിടിയിൽ വഴിപ്പെട്ടു നിലയായി. അദ്ദേഹം സ്റ്റെതസ്കോപ്പ് നെഞ്ചിൽ അങ്ങിങ്ങായി വച്ചു നോക്കി. അനന്തരം പോക്കററുതെർമോമീററർ എടുത്തു കുലുക്കി രസച്ചരടു ശരിപ്പെടുത്തി, കുഞ്ഞിന്റെ കക്ഷത്തിൽ തിരുകി കുറേനേരം വച്ചിരുന്നിട്ടു് എടുത്തു പരിശോധിച്ചു. പിന്നീടു വായ് പൊളിപ്പിച്ചു നാവു പരിശോധിച്ചു. അടുത്തതായി കണ്ണുകൾപൊളിച്ചു പരിശോധനനടത്തി. അതിൽപ്പിന്നെ അമ്മിണിയുടെ മുഖത്തുനോക്കി ചിരിച്ചുകൊണ്ടു പറഞ്ഞു: “സാരമില്ല. ഭയപ്പെടാനൊന്നുമില്ല. ടെംപറേച്ചർ ഒരു

ഡിഗ്രികൂടി കാണുന്നുണ്ട്. സ്ററൂൾ ഒന്നു കണ്ടാൽ കൊള്ളാം. ഇപ്പോൾ സൗകൎയ്യമില്ലെങ്കിൽ എടുപ്പിച്ചു് ഒരാൾവശം വീട്ടിലേയ്ക്കു് അയച്ചുതന്നാലും മതി. ടൈഫോയിഡ് ഉള്ള സീസണാകകൊണ്ടു് അല്പം സൂക്ഷിക്കണം. ഒരു കുപ്പിയുംകൊടുത്തു് ആൾ വിട്ടേക്കണം. നല്ല മരുന്നു കൊടുത്തയയ്ക്കാം. ഒരു കോഴ്സു കുടിച്ചുകഴിയുമ്പോൾ സുഖക്കേടു നിശ്ശേഷം വിടും. കൊച്ചുകുട്ടികളായതുകൊണ്ടു് അടങ്ങി ഒതുങ്ങിക്കിടക്കുകയില്ല. അതേ വിഷമമുള്ളു, കുട്ടികളുടെ ചികിത്സക്കാൎയ്യത്തിൽ."

"അതു ശരിതന്നെ. പ്രായമുള്ളവരേ അടങ്ങിയൊതുങ്ങിക്കിടക്കാത്തകാലം—പിന്നെ പൈതങ്ങടെകാൎയ്യം ചോദിക്കാനുണ്ടോ ഡോക്ടർ?" എന്നു ഞാൻ.

ഡോക്ടർ:—അതു ശരിയാണ്. രോഗശമനത്തിനു കംപ്ലീററ് റെസ്റ്റ്—അതാണാവശ്യം. റെസ്റ്റില്ലെങ്കിൽ എത്ര നല്ല മിക്സ്ച്ചറും ഫലിച്ചില്ലെന്നു വരും, പലപ്പോഴും. എന്റെ ഇക്കഴിഞ്ഞ പതിനേഴുകൊല്ലത്തെ പഴക്കംകൊണ്ടാണു ഞാൻ പറയുന്നതു്.

ഞാൻ:—അതു വാസ്തവംതന്നെ. നമ്മൾതമ്മിൽ ഫോർമാലിററി ഒന്നും ആവശ്യമില്ലല്ലൊ.

ഡോക്ടർ:—ഈ ഇൻജക്ഷൻ ഒന്നും വേണമെന്നില്ല. ചേട്ടനെ ഞാൻ നല്ലതിന്മണ്ണം അറിയും. കേട്ടും കണ്ടും അറിഞ്ഞും വേണ്ടുവോളം പരിചയം ഉണ്ടു്. എന്നെയാണു പറഞ്ഞറിയിക്കേണ്ടതെന്നു തോന്നുന്നു.

ഞാൻ:—ഡോക്ടരേക്കുറിച്ചു കൃഷ്ണൻനായർ ഒരിക്കലോ മറേറാ എന്നോടു പറഞ്ഞിട്ടുള്ളതായി ഒരോൎമ്മ.

ഡോക്ടർ:—പറഞ്ഞിരിക്കണം, പറഞ്ഞിരിക്കണം. ഞങ്ങൾ അത്ര വലിയ ഓൾഡ് ഫ്രണ്ട്സ് ആയിരുന്നു. ഞാൻ ലാഹോർ നാഷണൽ മെഡിക്കൽകോളേജിൽ പഠിക്കുന്നകാലം അദ്ദേഹം ഇന്ററിനു പഠിച്ചിരുന്നു അവിടെ. ഞങ്ങൾ റൂംമേയിററ്സും ആയിരുന്നു. അവിടന്നു് എൽ. എം. എഫ്. എൽ. സി. പി. എസ്. എന്നിവയെല്ലാം പാസ്സായശേഷം യൂറോപ്പിലും അമേരിക്കയിലും പൎയ്യടനംനടത്തി. അവിടെ താമസിച്ചു പല ഡിഗ്രികൾ സമ്പാദിച്ചു. ഞാൻ കുറേക്കാലം പ്രൈവററു പ്രാക്ററീസുനടത്തി. ഇടയ്ക്കു കുറേക്കാലം ചില

പ്രൈവററു സ്ഥാപനങ്ങളിലും ജോലിചെയ്തു. അതിനിടയ്ക്കു് മൈസൂർ യൂണിവേഴ്സിറ്റിവക എം. ബി. ബി. എസ്സ്. പാസ്സായി. കുറേക്കാലം നമ്മുടെ ഗവൺമെണ്ടിനെയും സേവിച്ച് ആ രുചിയും അറിഞ്ഞു. ഇനി എന്നെന്നേയ്ക്കുമായി അതു വേണ്ടെന്നുംവച്ചു. ഇനി പ്രൈവററുപ്രാക്ററീസു മതിയെന്നു വച്ചിരിക്കയാണു്.

ഞാൻ:—ഇത്ര വളരെ പരീക്ഷകളും ഇത്ര വളരെക്കാലത്തെ മെഡിക്കൽസർവ്വീസും ഉള്ള അങ്ങേക്കണ്ടതിൽ കഷ്ടിച്ച് ഇരുപത്തഞ്ചോ ഇരുപത്തെട്ടോ,—അതിൽക്കൂടുതൽ പ്രായം തോന്നിക്കുന്നില്ലല്ലോ.

ഡോക്ടർ:—എൻെറ അനുഷ്ഠാനങ്ങളുടെ വിശേഷം. പതിവായി സൂര്യനമസ്കാരം നടത്തിവരുന്നു. ചില്ലറ യോഗമുറകളും ആദ്ധ്യാത്മികവിദ്യകളും ഉണ്ടു്. അതുകൊണ്ടു രോഗികളെ ആവശ്യംപോലെ ഉറക്കാനും മയക്കാനും എനിക്കു് ഔഷധസഹായം വേണ്ട. ബ്ലഡ്പ്രഷർ, എട്ടപ്പുകൾക്കും വിഷമം ഉണ്ടാകാറില്ല. പ്രജഎട്ടപ്പിനും യൂട്ടറൈൻ കംപ്ലെയിൻറ്സിനും സ്പെഷ്യലിസ്റ്റാണു ഞാൻ. എൻെറ തൊഴിലുമായി തീരെ അകൽച്ചയുള്ള മററു ചില പന്ഥാക്കളിലും എനിക്കു പ്രാവീണ്യം ഉണ്ടു്.

ഞാൻ കൗതുകത്തോടുകൂടി ചോദിച്ചു: "അതെന്തായിരിക്കും?"

ഡോക്ടർ:—ഞാൻ സ്വയം പുകഴ്ത്തുകയല്ല. ഒരു നല്ല ജർണ്ണലിസ്ററുംകൂടെയാണു്.

ഞാൻ:—അങ്ങേയ്ക്കു വല്ല 'പെൻനെയിമു'മുണ്ടോ? പ്രത്യേകിച്ച്?

ഡോക്ടർ:—അങ്ങനെ പ്രത്യേകിച്ച് ഒന്നുമില്ല, എങ്കിലും 'മൂപ്പിൽ' എന്നാണു് ഒരു പെൻനെയിം ഉള്ളതു്.

ഞാൻ:—മൂപ്പിൽ എന്നാൽ എന്തിനെയാണു സൂചിപ്പിക്കുന്നതു്?

ഡോക്ടർ:—അതു ഞങ്ങളുടെ കുടുംബപ്രതിയായുള്ള ഒരു സ്ഥാനമാണു്. മാർത്താണ്ഡവർമ്മയും രാമയ്യനുംകൂടി വടക്കൻമലബാർ രാജ്യങ്ങൾ പിടിക്കുന്നതിൻെറ മുന്നോടിയായി വേഷംമാറി കൊയിലാണ്ടിയിൽ സഞ്ചരിച്ചകാലത്തു് ഒരു രാത്രി

ഞങ്ങളുടെ തറവാട്ടിൽവന്ന് അത്താഴം കഴിക്കുകയും അന്തിയുറങ്ങുകയും ചെയ്തിട്ടുണ്ട്. അതിൻെറ കൃതജ്ഞതാസൂചകമായി സന്തോഷിച്ച് ഞങ്ങൾക്ക് ആ പേരിൽ തുടങ്ങുന്ന ഒരു പുരയിടവും സ്ഥാനമാനങ്ങളും ചില പദവികളും തന്നിട്ടുമുണ്ട്. ആ പഴയ കഥകളൊന്നും ഇപ്പോഴുള്ളവർ ഗൗനിക്കാറില്ല. എങ്കിലും ഞാൻ അതു പ്രത്യേകം ശ്രദ്ധിക്കുന്ന കൂട്ടത്തിലാണ്......പഠിത്തക്കാര്യം മുഴവൻ പറഞ്ഞുതീർത്തില്ല. ഇതിനിടെ ഞാൻ യൂറോപ്പിലും അമേരിക്കയിലും ഒരു പര്യടനം നടത്തി. നാർവ്വേ, സ്വീഡൻ മുതലായ രാജ്യങ്ങളിലെ പ്രസിദ്ധപ്പെട്ട സർവ്വകലാശാലകളിലും അമേരിക്കൻ സർവ്വകലാശാലകളിലുംനിന്നു ചില ഡിഗ്രികൾകൂടി ഞാൻ സമ്പാദിച്ചു. നാർവീജിയൻ കെമിസ്റ്റ് എന്ന ഒരു ഡിഗ്രിയും കാലിഫോർണിയ സർവ്വകലാശാലയുടെ എം. ഡി. ഡിഗ്രിയുംകൂടി ഇതിനകം സമ്പാദിച്ചുകഴിഞ്ഞു.

ഞാൻ:—പേരു നല്ല പരിചയം ഉള്ളതു്. ഇപ്പോഴല്ലേ ശരിക്കു മനസ്സിലായതു്? എൽ. സി. (നാർവ്വേ), എം. ബി. ബി. എസ്. (ബാംഗ്ളൂർ), എൽ. എം. എഫ്., എൽ. ആർ. സി. പി. എസ്. (ലാഹോർ), എം. ഡി. (ബോസ്റ്റൺ) എന്നിവയെല്ലാമുണ്ടല്ലോ!

ഡോക്ടർ മന്ദസ്മിതം തൂകിക്കൊണ്ടു ശിരഃകമ്പനംചെയ്തു പറഞ്ഞു: "അതേ, അതേ, ഇങ്ങനെ മുഴവൻപേരും ഡിഗ്രികളും ഒന്നും സാധാരണ എല്ലാവർക്കും അറിഞ്ഞുകൂടാ. എല്ലാം ഞാൻ എഴുതാറും പതിവില്ല. വല്ല ഹെഡിങ് പേപ്പറിലോ മറേറാ കണ്ടേക്കും."

ഞാൻ: —ഇത്ര വലിയ ഒരു മെഡിക്കൽതാരം ഇവിടെയുള്ളപ്പോൾ എന്തിനു നമ്മുടെ ഗവണ്മെൻറു വിദഗ്ദ്ധഹസ്തങ്ങൾ ഈ ഡിപ്പാർട്ടുമെൻറിൽ സുലഭമല്ലെന്നു വിഷമിക്കുന്നു?

ഡോക്ടർ:—ഒന്നും പറയേണ്ട, സർ, ഇവിടെ അതൊന്നും ശോഭിക്കുകയില്ല. അടുത്ത തെരഞ്ഞെടുപ്പിൽ അസംബ്ളിക്കു നിൽക്കാൻ ഞാൻ തീരുമാനിച്ചു. അതിലേയ്ക്കുവേണ്ട ഒത്താശകൾ പണംകൊണ്ടും ജനങ്ങൾ മുഖേനയും ചെയ്യാൻ കരുത്തുള്ള ഒരാൾ മറെറാരു കാര്യത്തിനുവേണ്ടി എന്നെ സമീപിച്ചിരിക്കയാണ്. ഈ കാര്യം സാധിച്ചുതരാമെന്നുള്ള വ്യവ

സ്ഥയിലാണെങ്കിൽ ഞാനതിനു വഴിപ്പെട്ടേയ്ക്കും. നോക്കട്ടെ, ഇവന്മാരുടെ തലയ്ക്കുമീതെ കയറി ഇരുന്നു് ഒരു മെഡിക്കൽ മന്ത്രിയായി ഒന്നു ഭരിക്കാമോയെന്നു്.

ഞാൻ:—അങ്ങനെ തന്നെയാണു്, ഈ കണ്ണില്ലാത്ത ആളുകളോടു പകരം ചോദിപ്പാൻ. അങ്ങയുടെ യോഗ്യതകൾ അറിവാൻ ഇതുങ്ങൾക്കു കണ്ണില്ല. പറഞ്ഞുമനസ്സിലാക്കിയാൽ ബോദ്ധ്യമാവുകയുമില്ല. ആവശ്യമില്ലാത്ത അന്വേഷണങ്ങളും എഴുത്തുകുത്തും ഉത്തരവുകളും. വരട്ടെ. സാർ, ക്ഷമിച്ചിരിക്കണം. അങ്ങയുടെ കാൽച്ചുവട്ടിൽ വന്നു് അടിപണിയും ഇതുങ്ങൾ. ഇങ്ങനെയാണെങ്കിൽ ആ പുതിയ ആലോചനയ്ക്കു വഴിപ്പെടുക തന്നെ വേണം. കാലം ഒട്ടും കളയരുതു്. കിഴക്കൻദിക്കുകളിലാണെങ്കിൽ എനിക്കും കുറേശ്ശെ സ്വാധീനമുണ്ടു്, ഡോക്ടരേ! എൻെറ പാർശ്വത്തിലും പത്തയ്യായിരം ജനം കാണും. അവരുടെ വോട്ടും നിങ്ങൾക്കു തരുവിക്കാം.

ഡോക്ടർ പ്രസന്നവദനനായി എൻെറ സമീപത്തേയ്ക്കു കസേര നീക്കിയിട്ടുകൊണ്ടു മന്ദസ്വരത്തിൽ പറഞ്ഞു: "ഞാൻ ചേട്ടനെ എൻെറ മൂത്ത സഹോദരനായി ഇന്നുമുതൽ കരുതിയിരിക്കുന്നു. പലർക്കും എന്നോടു വലിയ അസൂയയുണ്ടു ചേട്ടാ! ഇത്രവളരെ ഡിഗ്രികൾ ഇപ്രായത്തിനകം സമ്പാദിച്ചവർ വളരെപ്പേരില്ല. ഞാൻ ഇംഗ്ലീഷ്സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നകാലത്തു് ഞങ്ങളുടെ ദിക്കിൽ ഡോക്ടറന്മാരായിരുന്ന പലരും ഇന്നിവിടത്തെ സർവ്വീസിലുണ്ടു ചേട്ടാ. ആ ഞാൻ എങ്ങനെ ഇത്രവേഗം ഇത്രവളരെ ഡിഗ്രികൾ സമ്പാദിച്ചുവെന്നും അവരോരോരുത്തർക്കുമീതെ വന്നെത്തിയെന്നും അവർക്കു് ഒരസൂയ. സഹപാഠികൾക്കും, കൂട്ടുകാർ പലർക്കും, നിവർത്തനകക്ഷികൾക്കു് എതിരായി പരസ്യപ്രചരണം വളരെ നടത്തിയതുകൊണ്ടു് അവർക്കും വലിയ അസൂയയാണു ചേട്ടാ. കഷ്ടിച്ചു സ്കൂൾഫൈനൽക്ലാസ്സുവരെ പഠിച്ചിട്ടു കുറേക്കാലത്തേയ്ക്കു കൊയിലാണ്ടി നാടുവിട്ട ഞാൻ ഇങ്ങനെയുള്ള ഗ്രിഡികളുമായി തിരിച്ചുവന്നതെങ്ങനെയെന്നാണവരുടെ വിഭ്രമം."

ഞാൻ:—കാര്യമെല്ലാം ഇപ്പോഴല്ലേ എനിക്കു ശരിക്കു മനസ്സിലായതു ഡോക്ടർ. ഡോക്ടർ ഒരു പത്രംകൂടി തുടങ്ങൂ. അതും

ഒരു ശക്തിതന്നെ. നമുക്ക് ഇക്കൂട്ടരോട്ട് ഒന്നു പൊരുതുതന്നെ നിൽക്കണം.

ഞങ്ങൾ തമ്മിൽ വലിയ ലോഹ്യമായി. അമ്മിണിയമ്മ ഞങ്ങൾക്കു രണ്ടാൾക്കുമായി കുറെ ചായയും പലഹാരവും കൊണ്ടുവന്നു തന്നു. അതു കഴിച്ചു ഞങ്ങൾ സംഭാഷണക്ലേശത്താലും സ്നേഹഭാവേശത്താലുമുളവായ ക്ഷീണം തീർത്തു. പിന്നെയും ഡോക്ടർ സ്വന്തം അപദാനങ്ങളെക്കുറിച്ചു സംഭാഷണം തുടന്നു. അപ്പോൾ അമ്മിണിഅമ്മ ഇടക്കു പറഞ്ഞു: "അമ്മിണി ഇപ്പോൾ ഒന്നു വെളിക്കിറങ്ങി. അതിൽ ചളിയും ചോരമയവുമുണ്ട്."

ഡോക്ടർ:-അതൊന്നു കണ്ടാൽ കൊള്ളാം.

ആ സാധ്വി അധോമുഖിയായി വൈവണ്ണ്യത്തോടെ പറഞ്ഞു: "അതു് എടുത്തുകൊണ്ടു വരുവാൻ ഒരുങ്ങുകയായിരുന്നു. അപ്പോഴേക്കു് ഒരു വരത്തപ്പട്ടി കയറിവന്നു തിന്നുകളഞ്ഞു."

ഡോക്ടർ:-സാരമില്ല. കായ്യം അറിഞ്ഞല്ലോ. ചോരമയംകൂടെ മലത്തിൽ ഉണ്ടല്ലോ? സാരമില്ല. കുപ്പിയും കൊടുത്തു് ആളയക്കണം. ഞാൻ പോകട്ടെ. വിശേഷങ്ങൾ ദിവസംപ്രതി അറിയിക്കണം.

ഞാൻ:—ഡോക്ടരുടെ ഡിസ്പെൻസറി എവിടയാണോ?

ഡോക്ടർ:—ആ വലിയ കെട്ടിടം. പൊക്കമുള്ള റെയിൽവേപ്പാലത്തിനു സമീപം.

"ആകട്ടെ, ഞാൻ കണ്ടുകൊള്ളാം," എന്നു ഞാൻ യാത്ര പറഞ്ഞു. അപ്പോഴേക്കു് ഒരു ബ്ലാങ്കു എൻവലപ്പിനകത്തു് അടക്കംചെയ്ത ഒരു അഞ്ചുരൂപയുടെ കറൻസിനോട്ട്—അത്ര നേരിയ കവറായിരുന്നതുകൊണ്ടു തെളിഞ്ഞു കാണാമായിരുന്നു അതു്—അവിടെ അമ്മിണി മേശപ്പുറത്തു കൊണ്ടുവച്ചു.

"ഇതു വിസിററിന്നു്ഫീയാണെന്നു തോന്നുന്നു. എടുത്തു പോക്കററിലിട്ടാട്ടെ," എന്നു ഞാൻ.

"ഓ! ഇതൊന്നും ഇവിടെനിന്നും എങ്ങും പ്രതീക്ഷിക്കുന്ന കൂട്ടത്തിലല്ല ഞാൻ. അദ്ദേഹവുമായുള്ള സ്നേഹം പ്രമാണിച്ചുമാത്രം." എന്നു ഡോക്ടർ.

"അങ്ങനെയല്ല, എത്രവളരെ പണം ചെലവുചെയ്തു്

എവിടെയെല്ലാം പോയി എത്രയെത്ര ഡിഗ്രികൾ സമ്പാദി ച്ചയാളാണു് അങ്ങ്. മുടക്കിയ പണത്തിൻെറ പലിശപോലും കിട്ടുകില്ലല്ലോ, ഈ മട്ട ലോഹ്യംതുടങ്ങിയാൽ!'' എന്നു പറഞ്ഞു ഞാൻ ആ കവറെടുത്തു് ഡോക്ടരുടെ പോക്കററിലേയ്ക്കു തിരുകിക്കൊടുത്തു. ഡോക്ടരുടെ ജഡ്ക്കാക്കാരൻ പിറുപിറുത്തുകൊണ്ടു ഗേററിങ്കൽ നിൽക്കുകയായിരുന്നു. അക്കാര്യം ഓർമ്മിച്ചയുടനേ അയാളെ അകത്തു വിളിച്ചു രണ്ടുരൂപ അയാളുടെ കൈയിലും അമ്മിണിഅമ്മ ഇട്ടുകൊടുത്തു. അതു കണ്ടു ഡോക്ടർ പറഞ്ഞു: ''അയാൾ എൻെറ പതിവു വണ്ടിക്കാരൻ. ഞാൻ കൊടുത്തുകൊള്ളാമായിരുന്നു.''

''ഏതായാലും ഇവിടെ വന്നസ്ഥിതിക്കു് അതു് ഇവിടെനിന്നുതന്നെ ആവട്ടെ.'' എന്നു് അമ്മിണിയമ്മ.

ഡോക്ടർ വീണ്ടും യാത്രപറഞ്ഞു പുറപ്പെട്ടു. തുള്ളിഒഴിഞ്ഞ കളംപോലെ ഒരു പരമശാന്തി ഉണ്ടായി അപ്പോൾ അവിടെ. ഒരു മെഡിക്കൽ തൊഴിലുകാരൻെറ രീതിയും നടത്തയും ഇങ്ങനെയൊ? എന്തൊരമിതപ്രഭാഷണം! എന്തൊരാത്മപ്രശംസ! രോഗിയെ നോക്കാൻവന്ന ഡോക്ടർ ഇത്രയൊക്കെ ഇവിടെ സ്വന്തചരിത്രം പറയേണ്ടയാവശ്യം എന്തു്? ഈ നടപടി അയാളുടെ തൊഴിലിനെ സാരമായി ബാധിക്കുകയില്ലേ? എന്നിത്യാദി ചിന്തകളോടുകൂടി ഞാൻ അല്പനേരം മൗനമുദ്ര പൂണ്ടിരുന്നു. എൻെറ മൗനഭാവവും ചിന്താപാരവശ്യവും കണ്ടു് അമ്മിണി ചോദിച്ചു: ''എന്താ, ചേട്ടനു് ഒരു വല്ലായ്മ? ഡോക്ടരെ അത്ര ബോധിച്ചില്ലെന്നുണ്ടോ?''

ഞാൻ:–ബോധിക്കായ്കയല്ല. ആളിനെ തുരന്നുനോക്കാൻ കഴിയുമോ? അനുഭവംകൊണ്ടറിയണം.

അമ്മിണി:–എനിക്കു് ഇങ്ങനെ ചിലപ്പോൾ കണ്ടു പരിചയമേ ഉള്ളു. ആളിൻെറ ഊരും പേരും സ്ഥിതിഗതികളും ഒന്നും അറിഞ്ഞുകൂടായിരുന്നു. പേരുകേട്ടപ്പോഴേ ആൾ ഇന്നാരെന്നു മനസ്സിലായുള്ളു. വരുത്തേണ്ടായിരുന്നു ഇയ്യാളെ. ഏതായാലും മരുന്നിനു് ആൾ വിട്ടുന്നില്ല.

ഞാൻ:–അതെന്തു്? വിസിററിങ്ഫീസും വണ്ടിക്കൂലിയും കൊടുത്തല്ലോ?

അമ്മിണി:—അയാളെ ആളയച്ചു വരുത്തിപ്പോയില്ലേ? വിശ്വസിച്ച് അയാൾ തരുന്ന മരുന്നുകളൊന്നും കുട്ടിക്കു കൊടുത്തുകൂടാ.

ഞാൻ:—ഇങ്ങനെയെല്ലാം ദ്രുതഗതിയിൽ, കൊള്ളാവുന്നവരേപ്പററി അനുമാനം ചെയ്യുന്ന പ്രകൃതം ചില പെണ്ണുങ്ങൾക്കുണ്ട്. അക്കൂട്ടത്തിൽ അമ്മിണിയും ഉൾപ്പെട്ടുപോയോ?

അമ്മിണി:—അങ്ങനെയല്ല. ചേട്ടനും ഈ നാട്ടിലല്ലേ ജീവിക്കുന്നതു്? നിത്യവും എത്രയെത്ര ആളുകളുമായി ഇടപെടുന്നുണ്ട്. ഇയ്യാളുടെ അത്ഭുതപ്രവൃത്തികളെപ്പററി കേട്ടുകാണും. മനഃപൂർവ്വം എന്നിൽനിന്നു മറച്ചുവച്ച് എന്നെ വിഡ്ഢിവേഷം കെട്ടിക്കുകയാണ്. ഒരു പഠിപ്പുമില്ലെന്നും, ഒരു കമ്പൗണ്ടരാവാൻപോലും യോഗ്യതയില്ലെന്നും ഡിഗ്രികൾ ഒക്കെ ബോഗസ് ആണെന്നുമല്ലേ ജനങ്ങൾ സംസാരിക്കുന്നതു്. വേറെയും പല കുഴപ്പങ്ങളും കാണിച്ചിട്ടുണ്ടത്രേ. ഏതായാലും നമുക്കുപററിയ വിഡ്ഢിത്തം പുറത്തു പറയേണ്ട. കൊയിലാണ്ടിക്കാരൻ ഹംബഗ്.

ഞാൻ:—ഏതാണ്ടു ചിലതൊക്കെ കേട്ടിട്ടുണ്ട്. കേട്ടിടത്തോളവും അറിയുന്നിടത്തോളവും കാര്യങ്ങൾ പുറത്തു പറയുന്നതു വിഹിതമല്ലല്ലൊ. ഏതായാലും ഈ ഡോക്ടർ രാമാനുജൻ 'സ്പൈഡർ' ഉണ്ടായിരുന്നല്ലൊ? അയാളെക്കാൾ ഒരു മഹാവിദഗ്ദ്ധൻതന്നെ, സംശയമില്ല.

## അദ്ധ്യായം പതിനാറു്

# ഗാർഡിന്റെ സങ്കടം

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നതിന്റെ മൂന്നാംദിവസം രാവിലെ ഞാൻ എന്റെ വസതിയിൽ ഇരുന്നു ചില വർത്തമാനപത്രങ്ങൾ വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. അക്കൂട്ടത്തിൽ ഒരു ദിനപ്പത്രത്തിന്റെ അത്രുക്കുററി ലേഖകൻ ആ പത്രത്തിൽ എഴുതിയിരുന്ന ഒരു ന്യൂസ്ബിററ് എന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി: "അത്രുക്കുററി എക്സൈസ്ഇൻസ്പെക്ടർ മി. കൃഷ്ണപിള്ളയും പത്നി

രാധാമണിയമ്മ, ബി. ഏ., ബി. എല്ല്—ം തമ്മിലുള്ള വിവാഹമോചനം അവരുടെ വാസസ്ഥലത്തുവച്ചു സബ്‌രജിസ്ത്രാർമുമ്പാകെ നടത്തപ്പെട്ടിരിക്കുന്നു. വിവാഹമോചനത്തിൻെറ ഹേതുക്കൾ വെളിവായിട്ടില്ല. മുറിഞ്ഞപുഴ ചൗക്കയിലെ എക്സൈസ് ഗാർഡും അത്രുക്കുററി റെയിഞ്ചാഫീസിൽ ഡ്യൂട്ടിയിലിരിക്കുന്നയാളുമായ ഒരു ശങ്കരപ്പിള്ളയും ഭാര്യയും തമ്മിൽ സൈപരക്കേടുണ്ടെന്നും ഒരു വത്തമാനം പരന്നിരിക്കുന്നു. ഇൻസ്പെക്ടർ ഇയ്യിടെയായി മുറിഞ്ഞപുഴ ചൗക്ക പരിശോധനയ്ക്കായി കൂടെക്കൂടെ ആ സ്റ്റേഷനിലെ ക്യാമ്പുഷെഡ്ഡിൽ താമസിക്കാറുണ്ടെന്നും പറയപ്പെടുന്നു.''

ആ വത്തമാനം കണ്ട ഞാൻ അമ്പരന്നു. എന്തു കഥ! നമ്മുടെ കൃഷ്ണപിള്ള! അമ്മിണിയുടെ അയൽക്കാരി രാധാമ്മ! അവരുടെ വിവാഹമോചനമോ? ഭത്താവിനെ ഗൗനിക്കാതെ സ്വാതന്ത്ര്യമായി എറണാകുളത്തും മററു ദൂരസ്ഥലങ്ങളിലും ചെന്നു താമസിക്കാറുള്ള ആ സ്ത്രീ കുറേ തന്നിഷ്ടക്കാരിയെന്ന് അന്നേതന്നെ ഞാൻ തീരുമാനിച്ചതാണ്. എങ്കിലും കഷ്ടമായിപ്പോയി! കൃഷ്ണപിള്ളയേപ്പററിയും ചില ആരോപണങ്ങൾ കാണുന്നല്ലോ. ആ അത്രുക്കുററിചൗക്ക വളരെ ചീത്തസ്ഥലം തന്നെ. മുറിഞ്ഞപുഴ ക്യാമ്പുഷെഡ്ഡും. രാധവഴി കൃഷ്ണപിള്ളയ്ക്കു വന്ന അഭ്യുദയമേ ഉള്ളു. അതു് ആ അമ്മാവിഅമ്മയുടെ തലയിണമന്ത്രത്തിൽനിന്നു് ആകാശവാണിയായി ആ അദ്ധരാത്രിസമയം ഞാൻ മനസ്സിലാക്കി. പണം ധാരാളം കൈവശം ലോഭമില്ലാതെ വന്നു തുടങ്ങിയപ്പോൾ മനുഷ്യൻ നിലമറന്നു് അഹങ്കരിക്കാൻ തുടങ്ങുകയായി. നോക്കണേ കാലവിശേഷം! ആ പാവപ്പെട്ട രാധ ഇനി എന്തുചെയ്യും? മൂന്നു മക്കളും. ഉദ്യോഗം ഉണ്ടെങ്കിൽ ഊണുകഴിക്കാം. ബി. ഏ.യും, ബി. എല്ല്—ം. ഉണ്ടല്ലൊ. ശമ്പളംകൊണ്ടു മതിയാവില്ലെങ്കിൽ രാജി കൊടുത്തിട്ടു് അവൾ വക്കീൽപ്പണിക്കു പോകട്ടെ. യോഗമുണ്ടെങ്കിൽ മുൻസിഫുദ്യോഗമോ ജഡ്ജിയുദ്യോഗമോ കിട്ടിയേക്കും. അതല്ല വക്കീലായി സന്നതെടുത്തു കുറേ കക്ഷിബലം ഉണ്ടാക്കിയശേഷം അസംബ്ളിക്കുനിന്നു ജയിക്കട്ടെ; ഏതെങ്കിലും രാഷ്ട്രീയകക്ഷിയുടെ പിൻതുണയോടുകൂടി അവൾക്കു തന്നെ എന്തുകൊണ്ടു് ഒരു മന്ത്രിണിയായിക്കൂടാ. എല്ലാ വൃത്ത

ങ്ങളിലും കേന്ദ്രങ്ങളിലും ജനസ്വാധീനം നേടാനുള്ള കെല്പും വൈഭവവും രാധയ്ക്കുണ്ട്. അവൾ ഇങ്ങുവരട്ടെ. അവളെ നേരിട്ടുകണ്ടു ഞാൻതന്നെ ഒന്നു ഗുണദോഷിക്കാം. കൃഷ്ണപിള്ള കൈവിട്ടെന്നുവച്ചു രാധ ദുഃഖിക്കേണ്ട. കൃഷ്ണപിള്ളയെ വെല്ലത്തക്ക എത്രയെത്ര മഹാരഥന്മാർ വേണമെങ്കിലും ഏതുകാര്യത്തിലും അവൾക്കു തുണചെയ്യാൻ പററിക്കൂട്ടും. വെളുത്ത തൊലിയും യൗവനത്തിളപ്പും ചുമതലക്കാരില്ലാത്ത നിലയും—പോരെങ്കിൽ യൂണിവേഴ്സിററിയിലെ രണ്ടു ഡിഗ്രികളും. ഈ പരിതഃസ്ഥിതികളിൽ വേണ്ടവിധം ഉയൎന്നുവരാനും ജീവിതസൗഖ്യം വേണ്ടുവോളം അനുഭവിപ്പാനും ആവശ്യമായ സാദ്ധ്യവശങ്ങൾ ഇന്നു രാധയ്ക്കു സ്വാധീനംതന്നെ. പക്ഷേ, ഈ അഭിപ്രായം അമ്മിണിക്കു് അത്ര രസമാവില്ലെന്നു തോന്നുന്നു. രാധയെപ്പററി എന്റെ തങ്കത്തിനുള്ള മനോഭാവം എന്താണാവോ? അതു് ആരാഞ്ഞുതന്നെ് അറിയണം. എന്നിത്യാദി മനോരാജ്യങ്ങളോടുകൂടി ഞാൻ വീണ്ടും വൎത്തമാനപ്പത്രങ്ങൾ മറിച്ചും തിരിച്ചും നോക്കിക്കൊണ്ടിരുന്നു. അപ്പോൾ കൊണ്ടുവരുന്നു ഒരു കമ്പി—എറണാകുളത്തുനിന്നു്—തങ്കത്തിന്റേതു്—അവൾ മദ്രാസിൽനിന്നു തിരിച്ചു വരുന്ന വഴിയാണു്—അത്രൎവഴി എറണാകുളത്തുനിന്നു പുറപ്പെട്ടുന്നുവത്രേ—വൈകുന്നേരം എട്ടരയ്ക്കോ ഒൻപതിനോ ഏതു വണ്ടിക്കെങ്കിലും വന്നെത്തുമത്രേ—റെയിൽവേസ്റ്റേഷനിൽ കാത്തുനിൽക്കണം—ഹോട്ടൽ അരിസ്റ്റോവിൽ താമസത്തിനും സൗകൎയ്യപ്പെടുത്തണമെന്നും പറഞ്ഞിരിക്കുന്നു;—ആവൂ! അവൾക്കു സുഖമായല്ലൊ. ഇന്നെങ്കിലും തങ്കത്തിനെ കണ്ടു് ആശ്വസിക്കാമല്ലോ;—സമാധാനമായി. ഓരോരുത്തർ വിവാഹമോചനം നടത്തുന്ന കാലം. വിവാഹം കഴിച്ചാലെന്താ എനിക്കു്?—ഈവക ആലോചനകൾ എന്നെ ഇടം വലംവച്ചു. അപ്പോൾ അമ്മിണിയുടെ സ്മരണയുണ്ടായി;—അവൾ ഒരു വിധവ. രണ്ടു കുട്ടികളുടെ മാതാവു്. എന്നാൽ വലിയ ധനവതി. നന്നേ ചെറുപ്പം. സൗന്ദൎയ്യത്തിനും സൗശീല്യത്തിനും വിദ്യാഭ്യാസത്തിനും ഒരു കുറവുമില്ല. ഗ്രാഡുവേറ്റു തന്നെ. ലാ ഇല്ലെന്നേയുള്ളൂ. അതു് ഒരു കുറവെന്നും വരുകയില്ല. എന്നാൽ തങ്കമോ?—"നവമധുമിഹികാ ഗർഭമാം കുന്ദ

പുഷ്പം,'' "അനാഘ്രാതം പുഷ്പം നവമധുകിസലയമല്ലൂനം കരുഹൈരനാവിദ്ധം രത്നം!'' ഹേയ്! എന്തൊരാലോചന! എന്നെ സമീപിച്ചപ്പോൾ അങ്ങനെതന്നെ! സംശയമില്ല! എന്താ ഈ പതനത്തിൽ കരണീയം? എന്നിങ്ങനെയുള്ള ചിന്താവ്യാപാരങ്ങളാൽ തെല്ലൊന്നു കുഴങ്ങിവശായി. അങ്ങനെ ജാഡ്യത പൂണ്ടിരിക്കുമ്പോൾ, കുണ്ഠഭാവനായ ഒരാൾ അവിടെ കടന്നുവന്നു് എന്നെ തൊഴുതു വിനീതഭാവത്തിൽ മാറിനിന്നു. അയാൾ ആരെന്നു് ഓർമ്മിക്കാതെ അല്പനിമേഷം ഞാനൊന്നു പരുങ്ങി. ഒന്നുകൂടി ഓർമ്മിച്ചപ്പോൾ ആളിൻെറ സ്മരണ ഉദിച്ചു: "ഓഹോ! അത്രുക്കുററിയിൽവച്ചു കണ്ട ശങ്കരപ്പിള്ള, അല്ലേ?''

ശങ്കരപ്പിള്ള:—അതേ! യജമാനനേ!

ഞാൻ:—എവിടന്നാ ഇപ്പോ?

ശങ്കർപ്പിള്ള:—അത്രുക്കുററിയിൽനിന്നുതന്നെ.

ഞാൻ:—എന്തൊക്കെയാ വിശേഷങ്ങൾ? മി. കൃഷ്ണപിള്ളയ്ക്കും രാധമ്മയ്ക്കും ഒക്കെ സുഖംതന്നെയല്ലൊ? വല്ലതും പറഞ്ഞയച്ചോ ഇവിടെ പറയാൻ?

ശങ്കരപ്പിള്ള:—അല്പം ചില വിശേഷങ്ങൾ ഉണ്ടായിട്ടുണ്ടു്. അതു് ഇവിടെ ബോധിപ്പിച്ചു സങ്കടനിവൃത്തി വല്ലതും വരുത്താമോ എന്നുകരുതി പുറപ്പെട്ടതാണേ.

ഞാൻ:—ഏതോ ചില സുഖമല്ലാത്ത വർത്തമാനങ്ങളൊക്കെ ഒരു പത്രത്തിൽ വായിച്ചതേയുള്ളു ഇപ്പോൾ. കൂടുതൽ എന്തൊക്കെയാ?

ശങ്കരപ്പിള്ള:—പത്രത്തിൽ അടിച്ചുവിട്ടിരിക്കുന്നതൊക്കെ ശങ്കരപ്പിള്ളയും കണ്ടു, യജമാനനേ! അതൊക്കെ നടന്നതുതന്നെ.

ഞാൻ:—ശങ്കരപ്പിള്ളയുടെ കാര്യവും കണ്ടല്ലോ.

ശങ്കരപ്പിള്ള:—അതുതന്നെ യജമാനനേ ഇതിന്റെയെല്ലാം അടിസ്ഥാനം.

ഞാൻ:—എന്നിട്ടു് വിസ്തരിച്ചു പറയൂ.

ശങ്കരപ്പിള്ള:—ഇദ്ദേഹം മുറിഞ്ഞപുഴചൗക്കയിൽ കൂടെക്കൂടെ സക്കീട്ടുവരും. എൻെറ താമസസ്ഥലവും അടുത്തുതന്നെ. മേലാവാണല്ലൊ. കൊള്ളാവുന്ന ആളാണല്ലൊ എന്നു കരുതി

വീട്ടിൽനിന്നു് എല്ലാം വട്ടംകൂട്ടി ക്യാമ്പുഷെഡ്ഡിൽ കൊണ്ടു വന്നു കൊട്ടുക്കും. അതുകൊണ്ടും തൃപ്തിയില്ല. രാത്രിയാകുമ്പോൾ വീട്ടിൽ കടന്നുവരും. എന്തുപറയുന്നു യജമാനനോടു്.

ഞാൻ:—എന്നിട്ടു്?

ശങ്കരപ്പിള്ള:—എന്നെ അരുക്കുററി റെയിഞ്ചാപ്പീസിലേയ്ക്കു സ്പെഷ്യൽ ഡ്യൂട്ടിക്കു് എടുത്തൊരടി. മുറിഞ്ഞപുഴ ചൗക്കയിലേയ്ക്കു വേറൊരാളെയും, സ്പെഷ്യൽഡ്യൂട്ടിക്കു്. യജമാനൻ കണ്ടില്ലേ?—അദ്ദേഹത്തിൻെറ ബംഗ്ലാവിൽത്തന്നെ ഡ്യൂട്ടി. അടുക്കളവിചാരവും പുറംവിചാരവും ഒക്കെത്തന്നെ. അവധിയെടുത്തു വീട്ടിൽ എങ്ങാനും കിടക്കാമെന്നു വിചാരിച്ചാൽ പട്ടിണിയായിപ്പോകും. പെൺപിറന്നോർ നന്നെ ചെറുപ്പം തോന്നും കണ്ടാൽ. അങ്ങനെ അവൾക്കൊരു ഗുണം. മറുകുടികളിലായി നാലഞ്ചു പിള്ളേരുടെ തള്ള. അവിടെ തള്ളയും ആങ്ങളമാരും എല്ലാം ഒണ്ടേ. ആ ഭാരമെല്ലാം ഇവൻെറ തലയിൽ. ഒരാങ്ങളെ വളത്തിവിട്ടു. അവനിവിടെങ്ങാണ്ടു് ഒണ്ടുപോലും. അങ്ങനെ കിടന്നു് ഉഴലുർക്കു പോകുമ്പോഴാണു്, തെരുതെരെയുള്ള മുറിഞ്ഞപുഴസക്കീട്ടും യജമാനൻെറ പ്രവേശവും;—എന്തിനു വിസ്തരിക്കുന്നു യജമാനനെ!—ഇപ്പോൾ ആ ഭാരം മുഴുവൻ നമ്മുടെ കൃഷ്ണപിള്ള യജമാനൻ ഏററുകഴിഞ്ഞിരിക്കുന്നു. രാധമ്മയെയും പിരിച്ചുവിട്ടു. ശങ്കരപ്പിള്ളയേയും ഒരു കേസ്സിലാക്കിക്കുടുക്കി;—അവധിയില്ലാതെ സസ്പെണ്ടിലും.

ഞാൻ:—കഷ്ടംതന്നെ, കേട്ടിടത്തോളം. ഈ കൃഷ്ണപിള്ള നല്ലവനെന്നു വിചാരിച്ചു ഞാൻ. ഇത്ര വിഡ്ഢിയായിപ്പോയോ ഇയ്യാൾ! ഇയ്യിടെ പണത്തിൻെറ മുഷ്ക്കുതന്നെ, ഇല്ലേ?

ശങ്കരപ്പിള്ള:—അതേ, യജമാനനേ! യജമാനനുതന്നെ അറിയാമല്ലോ, എൺപതുരൂപ ശമ്പളക്കാരൻ നിന്നനില്പിനു രണ്ടായിരത്തഞ്ഞൂറു് എണ്ണിത്തന്നതു്. ഇതുപോലെ എത്ര രണ്ടായിരമാണു മാസം കീശയിൽ വീഴുന്നതെന്നു് അറിയാമോ? പണം കൂട്ടവച്ചു വാരുകയാ യജമാനനേ. മേലാക്കന്മാർ വരുമ്പോൾ—എന്തുമാതിരി ഡിന്നറും കോപ്പുമാണോ—വെള്ളിക്കപ്പുകളും തട്ടങ്ങളും സമ്മാനങ്ങളും. ഇന്നാളൊരു മേലാവെജമാനൻെറ മകളുടെ കല്യാണത്തിനു വെള്ളിത്തട്ടം

ജോടിയും, വെള്ളിക്കപ്പും സാസറും ജോടിയും, സ്വർണ്ണനാരങ്ങ ജോടിയും, വിലപിടിച്ച സാരികളും ഒക്കെക്കൊണ്ടു സമ്മാനിച്ചിരിക്കുന്നു. ഒന്നും പറയേണ്ട, പണം കയറിത്തിളച്ചിരിക്കുന്നു. അതു് ഈ പാവപ്പെട്ടവൻെറ വയററത്തടിച്ചും കാണിച്ചുതന്നിരിക്കുന്നു.

ഞാൻ:—ദുഃഖിക്കേണ്ട, ശങ്കരപ്പിള്ളേ, നിങ്ങൾ ഒന്നും പിഴച്ചതല്ലല്ലോ. ദോഷം വരുകയില്ല. എന്നാലാവതു ചെയ്തുതരാം. നിങ്ങൾ ഇനി അങ്ങോട്ടെങ്ങും പോയേക്കരുതു്. പണത്തിൻെറ മുഷ്കാണു്. കാമിനിയും ഒത്തുചേൎന്നിട്ടുണ്ടു്. ഇനിയും കലഹം പലവിധം ഉളവായേക്കും.

ശങ്കരപ്പിള്ള:—യജമാനൻ ഉത്തരവാകുന്നപടി ചെയ്യാം. ഉദ്യോഗം തിരിച്ചു വാങ്ങിച്ചുതരണം.

ഞാൻ:—ആകട്ടെ, ഇന്നുതന്നെ കമ്മീഷണരാഫീസിൽ പോയി അന്വേഷിച്ചുനോക്കട്ടെ. തരമുണ്ടെങ്കിൽ അയാളെ മാററിക്കുകയും ചെയ്യാം.

ശങ്കരപ്പിള്ള:—അതുമതി.

ഞാൻ:—ആ രാധമ്മ എവിടെ?

ശങ്കരപ്പിള്ള:—ഇങ്ങോട്ടു പുറപ്പെട്ടിട്ടുണ്ടു്. ഇന്നോ നാളെയോ ഇവിടെ വന്നേക്കും. ആ കൊച്ചമ്മയേയും ഒന്നു കാണണം.

“ആകട്ടെ. ശങ്കരപ്പിള്ളയ്ക്കു വല്ലതും കഴിക്കേണ്ടേ?” എന്നു ഞാൻ.

“ഇപ്പോൾ ഒന്നും വേണ്ട. ശങ്കരപ്പിള്ള ഒരു ക്ലബ്ബിൽക്കയറി കാപ്പികഴിച്ചു. ഇവിടത്തെ ഒരില അങ്ങനെ കിടക്കട്ടെ.” എന്നു് അയാൾ.

“ശങ്കരപ്പിള്ള ആൾ സരസനാണല്ലോ!” എന്നു ഞാൻ.

“അയ്യോ! യജമാനനേ! അഹങ്കാരംകൊണ്ടു പറയുകയല്ലേ! യജമാനനെക്കൊണ്ടു് ഒരു വലിയ കാൎയ്യം സാധിക്കണം ശങ്കരപ്പിള്ളയ്ക്കു്. അതിനകം ഇവിടെക്കയറി ഊണും കാപ്പിയും കഴിച്ചുകിടന്നാൽ ആവില്ല. വലിയ പട്ടണമല്ലേ?” എന്നയാൾ.

ഈ ഒഴികഴിവുകൾ വകവയ്ക്കാതെ അയാൾക്കു കാഫീ വരുത്തിക്കൊടുത്തു. ഊണിനു പുറമേ പൊയ്ക്കൂടെന്നും ചട്ടം

കെട്ടി. അയാളെക്കൂടെ ഞാൻ ഇവിടെ താമസിപ്പിച്ചു. അന്നു വൈകുന്നേരം തങ്കത്തിൻെറ വരവു പ്രതീക്ഷിച്ചു നേരത്തേ റയിൽവേസ്റ്റേഷനിലേയ്ക്കു പോകേണ്ടിയിരുന്നതിനാൽ, അതിനുവേണ്ട ഒരുക്കങ്ങൾ ചെയ്തുകൊണ്ടാണു് ആഫീസിലേയ്ക്കു പുറപ്പെട്ടതു്.

അദ്ധ്യായം പതിനേഴ്

## സ്യാലൻ

അഞ്ചുമണിക്കു് ആഫീസുവിട്ടിറങ്ങിയ ഞാൻ ദ്രുതഗതിയിൽ ഹോട്ടൽ അരിസ്റ്റോവിലേയ്ക്കു പോകുകയായിരുന്നു. അപ്പോൾ മാർഗ്ഗമദ്ധ്യേ യാദൃച്ഛികമായി എക്സൈസ് ഗാർഡ് ശങ്കരപ്പിള്ളയെ കണ്ടു. അയാൾ എന്നോടു പറഞ്ഞു: “ഞാൻ യജമാനനെ അന്വേഷിച്ചു പുറപ്പെട്ടതാണു്. ഇപ്പോൾ കണ്ടതു ഭാഗ്യമായി. എൻെറ ഒരു മച്ചുനൻ ഇവിടെയുണ്ടു്. അയാളുടെ വീടു കണ്ടുപിടിച്ചു. ആളിനോടു് അല്പം സംസാരിക്കാനുണ്ടു്. അവിടുന്നുകൂടെ ഉണ്ടെങ്കിൽ എനിക്കു വല്ലതും ഗുണം കിട്ടിയേക്കും.”

അയാൾ:—അതൊക്കെ അങ്ങത്തേ പറഞ്ഞു ബോദ്ധ്യപ്പെടുത്താം, അയാളുടെ മുൻപിൽവച്ചു്. അങ്ങുന്നു് ഉള്ളതുകൊണ്ടു അയാൾ വിസമ്മതിക്കുകയില്ലായിരിക്കും.

ഞാൻ:—എനിക്കു് അയാളെ പരിചയമില്ലല്ലൊ. ആ സ്ഥിതിക്കു് ഞാൻകൂടെ ഉണ്ടായിരിക്കുന്നതുകൊണ്ടു് എന്തു ഫലം?

അയാൾ:—അങ്ങത്തെ നല്ല പരിചയമുണ്ടയാൾക്കു്. യജമാനനും അറിയും അയാളെ.

ഞാൻ സന്ദേഹത്തോടുകൂടി പറഞ്ഞു: “അതാരോ? എനിക്കു് ഒന്നും രൂപമാകുന്നില്ല. പോരെങ്കിൽ എനിക്കു് ആ കാണുന്ന വലിയ ഹോട്ടൽവരെ പോകേണ്ട അത്യാവശ്യമുണ്ടു്. എട്ടരമണിക്കു് ഒരു സ്നേഹിതൻ വണ്ടിയിൽ വരാനുണ്ടു്. അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി സല്ക്കരിക്കേണ്ട ആവശ്യവുമുണ്ടു്.

അയാൾ:—ഹോട്ടൽവരെ പോയിട്ട മടങ്ങി നമുക്കു രണ്ടാൾക്കുംകൂടെ ആ ഡോക്ടരുടെവീട്ടുവരെ പോകാം. ഇവിടെ അട്ടത്തുതന്നെ. ഒരു മണിക്കൂറിനകം തിരിയ്യെപ്പോരുകയും ചെയ്യാം.

ഞാൻ പലതും ആലോചിച്ച വിസമ്മതം പ്രകടിപ്പിച്ചു. എന്നാൽ ശങ്കരപ്പിള്ള കേണ് അപേക്ഷിച്ചതുകൊണ്ടു നിരസിച്ചുപോവാൻ നിവ്വാഹമില്ലാതെ വന്നു. ഹോട്ടൽ അരിസ്റ്റോവിൽ ചെന്ന് ഒരു ഡബിൾ ബെഡ്റൂമും ഭക്ഷണാദി വ്യവസ്ഥകളും ചട്ടമാക്കിയശേഷം ഞാൻ ശങ്കരപ്പിള്ളയോടൊന്നിച്ച് അയാൾ പറഞ്ഞ ഡോക്ടരുടെ വസതിയിലേയ്ക്കു പുറപ്പെട്ടു. അവിടെനിന്ന് വളരെ അകലെയല്ലായിരുന്നു അയാൾ ഉദ്ദേശിച്ച ഭവനം. ഞങ്ങൾ ചിരപരിചിതരെപ്പോലെ അവിടെ[illegible]ന്നു കയറി. എൻെറ തലവെട്ടം കണ്ടപ്പോൾ അതാ ഇറ[illegible]വരുന്നു ഗൃഹനാഥൻ—എൻ്റെ സുഹൃത്തു ഡോക്ടർ രാമാനുജം! അതേ, അമ്മിണിയുടെ കമലൃവിനെ ചികിത്സിക്കാൻ വന്ന അതേ ഡോക്ടർ!—അതേ വേഷം. എന്നെ അനുഗമിച്ചുവന്ന ശങ്കരപ്പിള്ളയെ കണ്ടമാത്രയിൽ ആ സുമുഖനായ ഡോക്ടരുടെ മുഖത്തു പെട്ടെന്നൊരു ചളിപ്പ്. അതു ഞാൻ ഉടനെ ഗൗനിച്ചു. ഗാർഡ്യ പറഞ്ഞതിൽ എന്തോ കാര്യമുണ്ടെന്നും എനിക്കൊരഭിപ്രായം അങ്കുരിച്ചു. ഡോക്ടർ എന്നെ ഉപചാരപൂവ്വം ഒരു ചാരുകസാലയിൽ ഇരുത്തി. "ചേട്ടൻ വരണം അകത്ത്." എന്നു മന്ദസ്വരത്തിൽ ഗാർഡിനോട്ടും കുശലം പറഞ്ഞു. ശങ്കരപ്പിള്ള എൻെറപിറകിൽ നിന്നതേയുള്ളു.

ഡോക്ടർക്കു വല്ലാതൊരു അമ്പരപ്പ്. പ്രത്യക്ഷത്തിൽ കാണപ്പെട്ട മുഖത്തെ ഭാവഭേദങ്ങൾ അടക്കാൻ ശ്രമിച്ചെങ്കിലും രാമാനുജത്തിന്ന് അതു സാധിച്ചില്ല. എന്നോട്ടു കൂടുതൽ ലോഹ്യങ്ങൾ പറയുവാനോ ഭാവിക്കാനോ അശക്തനായിച്ചമഞ്ഞ അയാൾ മനസ്സുമുട്ടി ഇങ്ങനെ പറഞ്ഞു: "ഞങ്ങൾ ബന്ധുക്കളാണ്. ഒരു കുടുംബകാര്യം പ്രമാണിച്ചു വന്നിരിക്കുന്നു."

ഞാൻ:—നിങ്ങൾ കുടുംബകാര്യങ്ങളേക്കുറിച്ചു സൈ്വര

മായി, സംസാരിച്ചുകൊള്ളിൻ. ഞാൻ അതിനിടയ്ക്കു പുറത്തേയ്ക്കൊന്നു് ഇറങ്ങിയിട്ടുവരാം.

ഡോക്ടർ:—അങ്ങനെയല്ല; ചേട്ടൻ എനിക്കു വേണ്ടപ്പെട്ടയാൾ. ശങ്കരപ്പിള്ളച്ചേട്ടൻ, എൻെറ ബന്ധുവെങ്കിലും ഇപ്പോൾ ഞങ്ങൾതമ്മിൽ കാര്യവശാൽ വാദിപ്രതികളുടെ നിലയിലാണു്. അതുകൊണ്ടു ചേട്ടൻ കൂടിയിരുന്നു ഞങ്ങളുടെ രണ്ടുകൂട്ടരുടെയും കാര്യങ്ങൾ കേൾക്കുകയാണു് ഉത്തമം. ശങ്കരപ്പിള്ളച്ചേട്ടനെ പരിചയമുണ്ടായിരിക്കും.

ഞാൻ:—ഡോക്ടരോടുള്ളതുപോലെ ഞങ്ങൾതമ്മിലും അല്പം പഴക്കമുണ്ടു്.

ശങ്കരപ്പിള്ള പറയാൻ തുടങ്ങി: "ഇദ്ദേഹം എൻെറ മച്ചുനൻ. അതായതു് എന്റെ ഭാര്യയുടെ നേരെ ഇളയസഹോദരൻ. ഇപ്പോൾ ആ സഹോദരി എന്റെ ഭാര്യയല്ല. വേറൊരാളിന്റെകൂടെ പോയി താമസമായിരിക്കുന്നു. അവർതമ്മിൽ വിവാഹവും നടന്നു. ഇരുപത്തഞ്ചു സംവത്സരമായി, ഞാനവരുടെ കുടുംബത്തിൽ ചെന്നുകയറിയിട്ടു്. അവിടത്തെ മുൻപിൽ ഈ കസേരയിൽ ഇരിക്കുന്ന ഈ ആൾപോലും വെറും പയ്യനായിരുന്നു. എക്സൈസിൽ ശിപായിജോലി ചെയ്തു് അക്രമികൾ വ്യാജക്കാരുടെ അടിയും ആട്ടും കുത്തും വെട്ടും ഏറ്റു് ഉണ്ടാക്കിയതു സമസ്തവും ഇവനെ കമ്പൗണ്ടർക്ലാസിൽ പഠിപ്പിക്കാനും, ഇവനെയും തള്ളയെയും പെങ്ങളെയും അവർക്കു മറുകുടിയിലുണ്ടായിരുന്ന കുട്ടികളെയും പോററാനും ചെലവാക്കി. അങ്ങനെ ഇവൻ കൊഴുത്തു തടിച്ചു മിടുക്കനായി. മൂന്നാലുകൂട്ടം മരുന്നുകളുടെ പേരും പഠിച്ചു. നമ്മെ കണ്ടിട്ടുമില്ല പിന്നെ; പുച്ഛും. എക്സൈസുശിപായിയല്ലേ! വലിയ കള്ളക്കളിക്കാരാണിവർ. അതിനിടയ്ക്കു് ഇവൻ ഡോക്ടരുമായിപോലും. ഏണിയിൽക്കൂടെ പതിനാറു പടി മേല്പോട്ടു ചാടിക്കുതിച്ചു കയറാൻ നോക്കിയെങ്കിലും ഇപ്പോൾ തറവിറാന്നു് വന്നു വീണു തകരുകയുംചെയ്തു. നാണക്കേടും നെറികേടും കള്ളനെന്നുള്ള പേരുമായി. പെങ്ങൾ കുടുംബസംരക്ഷകനായ ശങ്കരപ്പിള്ളയെ മുഷിഞ്ഞമുണ്ടു മാറുന്നതുപോലെ ദൂരെ വലിച്ചെറിഞ്ഞിട്ടു് എക്സൈസ് ഇൻസ്പെക്ടർ കൃഷ്ണപിള്ളയെ സ്വീകരിക്കുകയുംചെയ്തു. ഇവനും അവളുംകൂടെ ആ വിടന്റെ

അട്ടക്കൽ നിർബ്ബന്ധംകൂടി ഉദ്യോഗത്തിൽനിന്നു തുലസ്സാന്നും വട്ടം ഇണക്കിവച്ചിരിക്കുന്നു പിന്നെ. തരമുണ്ടെങ്കിൽ അത്രർക്കായലിൽവെച്ചു തല്ലിക്കൊന്നു കെട്ടിത്താഴ്ത്താനും മടിക്കാത്ത കൂട്ടരാണിവർ. അതിന് ഇവരുടെ പാശ്ചക്കാർ കുറേ വാലന്മാരും കണ്ടേക്കും. ഇവനെ കണ്ണു തെളിയിക്കുവാനായി മൂന്നുമാസംവരെ ലാഹോറിൽ അയച്ചു താമസിപ്പിച്ചു കമ്പോണ്ടർ കോഴ്സ് തീർപ്പിച്ചുവരുത്തിയതിനുതന്നെ ഈ ശങ്കരപ്പിള്ളയ്ക്കു റെഡിക്കാശു ചെലവ് ആയിരത്തിഅഞ്ഞൂറു തലക്രൂപ യജമാനനേ! അതെങ്കിലും ഇപ്പോൾ എനിക്കു തിരിച്ചു കിട്ടണം. അല്ലെങ്കിൽ ഞാൻ ഇവന്റെ മുൻപിൽ ഇപ്പോ —"

ഞാൻ ഇടയ്ക്കു തട്ടത്തുപറഞ്ഞു: "നിങ്ങൾ മച്ചുനന്മാരായതുകൊണ്ട് ഇതും കൂട്ടതല്യം പറയാൻ അവകാശമുണ്ട്. ഉവ്വശിയമ്മ എക്സൈസ് ഇൻസ്പെക്ടരെ കല്യാണം കഴിച്ചിരുന്നാലും നിങ്ങൾതമ്മിലുള്ള ബന്ധം ഈ ജന്മം അവസാനിക്കുകയില്ല. എങ്കിലും നിങ്ങൾ സാഹസത്തിനു മുതിരുകൂടാ. നിങ്ങൾക്കു വേണ്ടതെല്ലാം ഞാൻ പറഞ്ഞു ഡോക്ടരെക്കൊണ്ടു സാധിച്ചുതരാം."

ശങ്കരപ്പിള്ള:—യജമാനൻ ഈ ജാതികളെ നല്ലപോലെ അറിയില്ല. നാട്ടിനും നാട്ടാർക്കും, കൂട്ടത്തിനും കരക്കാർക്കും കണ്ടുകൂടാത്ത കുതികാല്യവെട്ടികളാണിവർ.

ഡോക്ടർ:— ഇത്രയൊന്നും താനധികാരം പറയണമെന്നില്ല.

ശങ്കരപ്പിള്ള:—എന്തു പറഞ്ഞു പോക്കിരീ! നിൻെറ മറ്റവൻ തന്ന ചെറയിൽ കുടികിടക്കുന്ന വാലനോടാ ഞാൻ? ഏഭ്യാ! ഉണ്ട ചോററിൽ കുണ്ടുകെട്ടിപ്പരിഷകളേ!

ഞാൻ:—ച്ഛീ! ച്ഛീ! അരുത്, അരുത്. ഒരു അന്യനായ ഞാൻകൂടി ഇവിടെ ഇരിക്കുന്നുവെന്ന ബഹുമാനം നിനയ്ക്കാതെ നിങ്ങൾ പരസ്പരം മതിമറന്ന് ഇങ്ങനെ പുലഭ്യംപറയുന്നതു് ഒട്ടും ശരിയല്ല.

ശങ്കരപ്പിള്ള:—അത്രയ്ക്കു സങ്കടമുണ്ട് യജമാനനേ! ഇവൻെറ ഈ തടിച്ചുരുണ്ട ദേഹവും ഈ കൊമ്പാസുമൊക്കെ എൻെറ ചോറാണെജമാനനേ! ഇവൻ ആ ആയിരത്തഞ്ഞൂറു റെഡിക്കാശു രൂപയെങ്കിലും ഇപ്പോൾ തന്നേക്കട്ടെ. കേസ്സി

നൊന്നിനും പോകുന്നില്ല. അല്ലെങ്കിൽ ഇവനെയും പെങ്ങളെയും തള്ളയെയും ആ പോക്കിരി ഇൻസ്പെക്ടരേയും ക്രിമിനൽക്കോടതിയിൽ കയററിയിറക്കി നടത്താതെ വിടുമോ ഈ ശങ്കരപ്പിള്ള. ഇവനും അവളും പൊടിക്കൈ പ്രയോഗിച്ചു കോടതിയെയും വക്കീലന്മാരെയും പോലീസുകാരെയും ഒക്കെ വശീകരിക്കാൻ ബഹു വിരുതരാണു് യജമാനനേ!

"—ച്ഛേ! കളയൂ ശങ്കരപ്പിള്ളേ, ആ വത്തമാനം. ഇങ്ങനെ തുടങ്ങിയാൽ ഞാൻ ഈ ഒത്തുതീർപ്പിൽനിന്നു വിട്ടൊഴിയും." എന്നു ഞാൻ.

ഡോക്ടർ:—ചേട്ടൻ ദയവായി ഇതിൽനിന്നു വിട്ടുമാറണം, ഞാൻ ഇവനെ നല്ലപാഠം പഠിപ്പിച്ചേ വിടുകയുള്ളു. പോലീസിനെക്കൊണ്ടു് ഓരോ എല്ലുവീതം ചവിട്ടിയൊടിപ്പിച്ചു പിറ്റാത്തിപ്പിടിക്കുകൂടെ കൊള്ളരുതാത്താക്കി ഇവന്റെ ശവം കാകനും കഴുകനും തീററിക്കു് ഇട്ടുവിക്കും ഞാൻ.

"അയ്യേ! ഡോക്ടർ! എന്തൊരു പൗരുഷംകെട്ട വത്തമാനമിതു്! ചെവിക്കചെവി ഇനിയെങ്കിലും ആരുമറിയാതെ ഇയാളുടെ ഇടപാടു് ഒതുക്കി ഒരു നാഴികക്കുമുൻപു പറഞ്ഞയക്കുകയാണു നിങ്ങൾക്കു മാനം. നിങ്ങൾക്കു് ഈ നഗരത്തിൽ കഴിച്ചുകൂട്ടേണ്ടേ? ഈയാൾ പറഞ്ഞതുപോലെ കേസ്സും വഴക്കും അലോഹ്യങ്ങളും ഉണ്ടായാലെന്തുകുറവു്? മാനംമയ്യാദയായി കുടുംബനിലയ്ക്കു് ആ ഇൻസ്പെക്ടരോടുകൂടെ താമസിച്ചിരുന്ന ഒരു ഗ്രാഡ്യുവേററു പെൺകുട്ടിയേയും അകാരണമായി തള്ളി വഴിയാധാരമാക്കിവിട്ടിരിക്കുന്നു. അതിൻെറ പ്രതിഫലനം ആരിലാണെന്നു നിങ്ങൾ ആലോചിച്ചുനോക്കുവിൻ." എന്നു ഞാൻ.

ഡോക്ടർ:— ചേട്ടൻ ഇങ്ങനെ പറഞ്ഞുതുടങ്ങിയാൽ ഞാൻ വിഷമിക്കുകയേയൊള്ളു.

ഞാൻ:—എന്തു്? ഡോക്ടർ! കളവോ കൊള്ളരുതായ്മയോ ഞാൻ പറയുന്നതു്? പൂച്ച കണ്ണടച്ചു പച്ചപ്പകൽ പാൽ മോഷ്ടിച്ചു കുടിക്കുന്നതിനൊപ്പമല്ലേ നിങ്ങളുടെ ഓരോരുത്തരുടെയും നടപടികൾ? നിങ്ങൾക്കു മാത്രമേ ബുദ്ധിയും ആലോചനാശക്തിയും കൃത്രിമസ്വഭാവവും ഉള്ളുവെന്നു സ്വപ്നം കാണുന്നുണ്ടെങ്കിൽ അതു കേവലം മൗഢ്യംതന്നെ. ലോകർ നിങ്ങ

ളുടെ ഓരോ നടപടികളെയും ജനനത്തിനു മുൻപുമുതൽ ഇതു പൎയ്യന്തം പരമ്പരാനുഗതമായി തുറിച്ചുനോക്കി മനസ്സിലാക്കി ക്കൊണ്ടുവരുകയാണ്. ലോകർ ആരെയും വെറുതെ വിട്ടയ ക്കുകയില്ല. നിങ്ങളുടെ ഓരോ പ്രവൃത്തിക്കും വാക്കിനും നടപ ടിക്കും, ദുഷ്കൎമ്മത്തിനും ഇഹത്തിൽവച്ചുതന്നെ ഉത്തരം പറ യേണ്ടിവരും. അതുകൊണ്ടു നിങ്ങൾക്കു മാനം വേണമെങ്കിൽ, ദൈവസന്നിധിയിൽ നിങ്ങൾ തീരെ അധൎമ്മിയായിത്തീരാ തിരിക്കണമെങ്കിൽ ശക്തിക്കൊത്തവിധം ഇയ്യാളെ സന്തോ ഷമായി പറഞ്ഞയയ്ക്കു.

ഡോക്ടർ ഏതാനുംനിമിഷം ചിന്താഗ്രസ്തനായിരുന്നു. അനന്തരം അയാൾ പറഞ്ഞു: "തൽക്കാലം കൈവശം പണ മില്ല. ഉദ്യോഗവും പോയിരിക്കയാണെന്നു ചേട്ടനുതന്നെ അ റിയാമല്ലോ. ഇവിടത്തെ മെഡിക്കൽ പ്രാക്ടീസിനും വലിയ ഗുണമില്ല; രജിസ്ട്രേഷൻ കിട്ടാൻ വഴിയില്ലാത്തതുകൊണ്ട് അതും പരസ്യമായി ചെയ്യാൻ നിവൃത്തിയില്ല.

ശങ്കരപ്പിള്ള ഇടക്കു രുഷ്ടനായി പറഞ്ഞു: "ഈ ഗുരുതപ ദോഷിയെക്കൊണ്ട് അതിനു കൊള്ളുകയില്ല. കമ്പൗണ്ടർ ക്ലാസ്സിൽ തോററുതൊപ്പിയിട്ടു പോന്നവന് എങ്ങനെ ഡോ ക്ടർവേല നോക്കാൻ കഴിവ്? ആളുകളൊക്കെ ഇത്ര മടയരോ? പോരെങ്കിൽ എവിടെയാണീ ജാലവിദ്യ?—രാമാനുജൻ എ ന്ന് അറിഞ്ഞുതന്നെ ആരോ ഇട്ട പേരാ. വക്കീലവന്ന് ആ ളുകളെ മിരട്ടി പണം തട്ടിച്ചുകൊണ്ട് ഒളിച്ചോടിയ ആ രാ മാനുജൻതന്നെ. സംശയമില്ല."

"ശങ്കരപ്പിള്ളേ!" എന്നു ഞാൻ ഒന്നട്ടഹസിച്ചു. അ യാൾ ഉടനെ അട്ടചുരുളുന്നതുപോലെ ഒന്ന് ഒതുങ്ങി വളഞ്ഞു പുളഞ്ഞു ഭീതിയോടെ എൻെറ മുഖത്തേക്കു നോക്കി. എന്റെ ബാഹുക്കൾക്കു ചില ചലനങ്ങൾ ഉണ്ടാകുന്നതും അയാൾ കണ്ടു.

ഞാൻ തുടൎന്നു: "ഡോക്ടർ, നിങ്ങൾ രണ്ടുപേരും ഏള്ളി ടക്കു വിട്ടുന്ന കൂട്ടരല്ല. ഒഴികഴിവും, പതിവുള്ള ഉരുട്ടും പിര ട്ടും കൂടാതെ വല്ലതും ചെയ്യാൻ കഴിയുമെങ്കിൽ ഇപ്പോൾത്ത ന്നെ വേണം. എനിക്കു പോവാൻ ധൃതിയുണ്ട്. ഇയ്യാളെ ഈ നിലയിൽ ഇവിടെ നിൎത്തീട്ടുപോയാൽ ഭവിഷ്യത്തിനേക്കു

റിച്ച് ഓൎമ്മിക്കുമ്പോൾ ഭീതിയുമുണ്ട്. നിങ്ങൾക്ക് ഏററവും സ്വാധീനമുണ്ടെന്നു പറഞ്ഞ പോലീസുതന്നെ ചിലപ്പോൾ ഇടപെടേണ്ടതായും വന്നേക്കാം.''

ഡോക്ടർ:—തൽക്കാലം ആയിരത്തഞ്ഞൂറു രൂപയ്ക്ക് ഒരു നോട്ടെഴുതികൊടുക്കാം. അതിനേ നിവ്വാഹമുള്ളു.

ശങ്കരപ്പിള്ള:—ശരി, എഴുതൂ. ഒരു സ്റ്റാമ്പുവേണമല്ലൊ.

ഞാൻ:—അതു് എൻെറ പക്കലുണ്ട്.

ഡോക്ടർ പിന്നീട്ട് കൂടുതൽ ഒന്നും സംസാരിക്കാതെ ശങ്കരപ്പിള്ളയുടെപേർക്ക്, കമ്പൗണ്ടർപരീക്ഷയ്ക്കു മൂന്നു മാസം ലാഹോറിൽ താമസിച്ചവകയ്ക്കുള്ള ചെലവുകൾക്കും മററുമായി ഇനംപറഞ്ഞു വകവച്ചു പററിയതായി ആയിരത്തഞ്ഞൂറുരൂപയ്ക്കു് ഒരു പ്രോമിസറി നോട്ടു് എഴുതി സ്റ്റാമ്പു പതിച്ചു് ഒപ്പു വച്ചുകൊടുത്തു.

നോട്ടിൽ ഡോക്ടർ ഒപ്പിടുന്നതിനുമുമ്പു ശങ്കരപ്പിള്ള പറഞ്ഞു: ''ശരിയായ ഒപ്പിട്ടേക്കണേ മച്ചുനാ!''

''ഇതെന്തു ശങ്കരപ്പിള്ളേ?'' എന്നു ഞാൻ.

''അങ്ങനെയാണെജമാനനേ ഇവരുടെ വഴക്കം. എത്രയെത്ര കള്ളയൊപ്പുകൾ ഉണ്ടാക്കിയും കള്ളപ്രമാണങ്ങൾ ചമച്ചും കള്ളപ്പത്രികകൾ കൊടുത്തും തക്കിച്ചും കള്ളഅന്യായങ്ങൾ കൊടുത്തും കൊടുപ്പിച്ചും, കള്ളസ്സാക്ഷിപറഞ്ഞും ഒടുവിൽ നാണവും മാനവും കെട്ടിട്ടുള്ള ജാതികളാണിക്കൂട്ടർ!''

ഡോക്ടർ:—ചേട്ടനെ ഓർത്തു ഞാൻ സകലതും ക്ഷമിക്കുന്നു.

ശങ്കരപ്പിള്ള നോട്ടു കൈയിൽവാങ്ങി വായിച്ചുനോക്കിയശേഷം പറഞ്ഞു: ''ഇതിൽ യജമാനൻകൂടി ഒരു സാക്ഷിയായി ഒപ്പിടണം. ഇവനും പെങ്ങളും മരുമക്കളും ഒക്കെക്കൂടെ ഒന്നിച്ചുകൂടി തക്കിക്കും, അന്യായം കൊടുത്താൽ. അന്യായം കൊടുക്കാതെ ഈടാക്കാനും പ്രയാസം. യജമാനൻെറ ഒരു സാക്ഷി ഉണ്ടെങ്കിൽ രക്ഷകിട്ടും എന്നൊരു വിശ്വാസം.''

''ഭേദിപോയവനെ ചുമന്നാൽ ചുമന്നോനേ നാറും. അതുതന്നെ ഈ അനുഭവം. ആവട്ടെ.'' എന്നു പറഞ്ഞു ഞാൻ നോട്ടിൽ സാക്ഷിവച്ചു് ഒപ്പിട്ടുകൊടുത്തു. ഡോക്ടർ പിന്നീട്ട് ഒരക്ഷരം സംസാരിച്ചില്ല. ഇളിഭ്യനായി മുഖം

താഴ്ത്തി അവിടെ ഇരുന്നു. അവിടെനിന്നു് ഇറങ്ങുന്നതിനു മുൻപു ഞാൻ ഡോക്ടരോടു ചോദിച്ചു: "അപ്പോൾ, ഡോക്ടരേ, എന്നത്തേയ്ക്കു് ഈ സംഖ്യ ശങ്കരപ്പിള്ളയ്ക്കു കൊടുക്കും? വ്യവഹാരത്തിനു് ഇടയാക്കരുതേ എന്നേക്കരുതിയെങ്കിലും."

"അത്രുക്കററിവരെ പോയി ഓപ്പ—സിസ്റ്ററിനേ കണ്ടുവരുന്ന താമസമേയുള്ളു." എന്നു ഡോക്ടർ.

"കുസൃതി ആലോചിക്കാനാണു് യജമാനനേ! ശങ്കരപ്പിള്ളയ്ക്കുവച്ചിരിക്കുന്ന കിണി മുറുക്കാൻ." എന്നു ശങ്കരപ്പിള്ള.

"ശങ്കരപ്പിള്ള കൂട്ടാക്കേണ്ട, ഈ വിഷയത്തിൽ ഞാനുണ്ടു്, ശങ്കരപ്പിള്ളയ്ക്കു സകലവിധ ഒത്താശകളും ചെയ്യാൻ," എന്നു ഞാനും പറഞ്ഞു. ഞങ്ങൾ പുറത്തേക്കിറങ്ങി. ഡോക്ടർ ഉപചാരത്തിനായെങ്കിലും വരുന്നെന്നു പറകയോ അനുയാത്രയായി ... ഗേററുവരെ വരുകയോ, മര്യാദനിനച്ചു സ്വസ്ഥാനത്തുനിന്നും എഴുനേൽക്കുകപോലുമോ ചെയ്കയുണ്ടായില്ല.

അദ്ധ്യായം പതിനെട്ടു്

## പ്രത്യാഗമനം

ഡോക്ടരുടെ വസതിയിൽനിന്നു് ഇറങ്ങിയപ്പോൾ മണി ഏഴര കഴിഞ്ഞു. ഉടൻതന്നെ ശങ്കരപ്പിള്ളയെ എൻെറ വസതിയിലേയ്ക്കു പറഞ്ഞയച്ചശേഷം ഞാൻ റെയിൽവേ സ്റ്റേഷനിലെത്തി. ശങ്കരപ്പിള്ള പിരിയുന്നതിനുമുൻപു ഞാൻ പറഞ്ഞു: "നിങ്ങൾ ഒട്ടും അധൈര്യപ്പെടേണ്ട. പൊയ്പോയ ഉദ്യോഗവും ഈ ആയിരത്തഞ്ഞൂറു രൂപയും ഏതുവിധവും ഞാൻ തിരിച്ചു വാങ്ങിച്ചുതരാം. വിഷമിക്കേണ്ട."

"യജമാനനെ ഈശ്വരൻ അനുഗ്രഹിക്കും." എന്നു രണ്ടു കൈകളും ശിരസ്സിനു മീതെ ഉയർത്തി ദൈവത്തിനെ വാഴ്ത്തിക്കൊണ്ടു് അയാൾ യാത്രപറഞ്ഞു.

ഞാൻ ഒരു പ്ലാററുഫാറം ടിക്കറ്റു വാങ്ങിക്കൊണ്ടു് തങ്കം

കയറിവരുന്ന ട്രെയിൻ പ്രതീക്ഷിച്ചു പ്ലാററുഫാറത്തിൽ അങ്ങോട്ടിങ്ങോട്ടു നടക്കുകയായി. സുമാർ എട്ടടിച്ചു പതിനഞ്ചു മിനിററു് ആയപ്പോൾ ലൈൻക്ലീയർ ബെല്ലടിച്ചു. 8–30നു വണ്ടി ഇരച്ചുകയറി കുതിച്ചുമാടി പ്ലാററുഫാറത്തിനരികെ കുരങ്ങുള്ളിൽ വന്നു നിലയായി. തങ്കത്തിനെ സൂക്ഷിച്ചു് ആരാഞ്ഞുകൊണ്ടു ഞാൻ അവിടെ അങ്ങനെ നിൽക്കവെ, ഒരാൾ ഒരുപടി ലഗേജ്ജുകൾ ഞാൻ നിന്നിരുന്ന സ്ഥാനത്തിനടുത്തു വലിച്ചു് ഇറക്കിക്കുന്നതു കണ്ടു. ഒന്നുകൂടി സൂക്ഷിച്ചു നോക്കിയപ്പോൾ ആ ആൾ ഇന്നാരെന്നു മനസ്സിലായി. അതേ, അവൻതന്നെ—തങ്കപ്പൻ. അതാ ഒരു ചെറിയ സാച്ചൻ കൈത്തണ്ടിൽ തൂക്കിപ്പിടിച്ചുകൊണ്ടു രണ്ടു കുട്ടികളെയും കൈക്കു പിടിച്ചു് തങ്കമ്മ ഒരു ഇൻറർക്ലാസ്സു കമ്പാർട്ടുമെന്റിൽനിന്നു് ഇറങ്ങിവരുന്നു, പൗർണ്ണമിയെത്തുടന്നുള്ള [illegible] ൻെറ ഇരുളിമ അതിലംഘിച്ചുയർന്നുവരുന്ന പൂർണ്ണചന്ദ്രബിംബം കണക്കെ. ഈ കുട്ടികൾ ഏതു്? ഒരു കുട്ടിയെ ഞാൻ കണ്ടിട്ടുണ്ടു്. മററവനോ? ഞാൻ അങ്ങനെ നിൽക്കുന്നതിനിടയ്ക്കു തങ്കമ്മ എൻെറ അടുത്തു് എത്തിക്കഴിഞ്ഞു. "വളരെ നേരമായോ ഇങ്ങനെ നിൽക്കുന്നിവിടെ?"

"ഇല്ലില്ല." എന്നു ഞാൻ.

"നമുക്കു വേഗം പുറത്തേയ്ക്കു കടക്കാം. നല്ല ലഗേജ്ജും ഉണ്ടു്." എന്നു തങ്കമ്മ.

ലഗേജ്ജുകൾ മുഴുവൻ രണ്ടു പോർട്ടറന്മാർകൂടി ക്ഷണികമായിച്ചുമന്നു് അപ്പുറമാക്കി. ഞങ്ങൾ എക്സിററുഗേററു കടന്നു പുറത്തുവന്നു. ലഗേജ്ജുകളെല്ലാം എടുപ്പിച്ചു് ഒരു കാറിലാക്കി. കുട്ടികളും തങ്കമ്മയും ഞാനുംകൂടി പിറകിലത്തെ സീററിൽ. ഡ്രൈവറുടെ സീററിൽക്കൂടെ തങ്കപ്പനും. കുട്ടികളിൽ ഇളയവൻ തങ്കത്തിൻെറ മടിയിലും മററവൻ എൻെറ മടിയിലും ഇരുന്നു. ഞങ്ങൾ കൂടുതലായൊന്നും പറയുന്നതിനു മുൻപിൽ കാർ അരിസ്റ്റോവിൽ എത്തി. തങ്കവും ഞാനും കുട്ടികളോടൊന്നിച്ചു് നേരെ മുകളിലേയ്ക്കുപോയി. കുറെ കഴിഞ്ഞപ്പോൾ പെട്ടികളും ബെഡ്ഡിങ്ങും, തൂക്കുപാത്രങ്ങളും, പഴക്കുട്ടകളുംമറ്റും രണ്ടു പയ്യന്മാർകൂടി മുറിക്കകത്തു കൊണ്ടുവന്നുവച്ചു. അവരെയും ഡ്രൈവറെയും യാത്രയാക്കാൻവേണ്ടപണം തങ്കപ്പനെഏല്പി

ച്ചശേഷം ഞാൻ വീണ്ടും മുറിക്കുള്ളിൽ വന്നപ്പോഴേയ്ക്കു തങ്കം വസ്ത്രങ്ങൾ മാറി കുളിമുറിയിലേയ്ക്കു പോയിക്കഴിഞ്ഞു. അല്പം കഴിഞ്ഞു തങ്കപ്പനും ആ ഭാഗത്തേയ്ക്കു പോകുന്നതായി ഞാൻ കണ്ടു. ഒരു കാൽമണിക്കൂർ കഴിഞ്ഞു് അവൻ ധൃതിയിൽ തിരിച്ചുവന്നു് എന്നോടു പറഞ്ഞു: "കുഞ്ഞമ്മ കുളികഴിഞ്ഞു് ഇപ്പോൾ വരും. ഞങ്ങൾക്കെല്ലാം മനസ്സിനു് അല്പം വിഷമമായിരിക്കയാണു്."

ഞാൻ:—അതെന്തു്?

അവൻ:—കുഞ്ഞമ്മയോടൊന്നിച്ചു മദ്രാസിൽ വന്നിരുന്ന മറേറ കുഞ്ഞമ്മ, ഈ കുട്ടികളുടെ അമ്മ, ഇങ്ങോട്ടു പുറപ്പെടുന്നതിനു മൂന്നുനാൾ മുൻപു് പെട്ടെന്നു മരിച്ചുപോയി..."അയ്യോ" എന്നു ഞാൻ വിളിച്ചുപോയി......അവൻ തുടന്നു: "ബ്ളീഡിംങ്ങായിരുന്നു. അങ്ങനെ മുൻപു് ചിലപ്പോഴെല്ലാം ഉണ്ടാകാറുണ്ടു്. ഡാക്ടറന്മാർ കഴിയുന്നത്ര നോക്കി. ഫലം ഒന്നും ഉണ്ടായില്ല. എന്തു ചെയ്യാം? ആ കുഞ്ഞമ്മയുടെ മണ്ണു മദ്രാസിൽ ഉടഞ്ഞു. ഇനി എന്നോടൊപ്പം, ഈ കുഞ്ഞുങ്ങളുടെ ഭാരവും ഈ കുഞ്ഞമ്മയുടെ തലമണ്ടയ്ക്കായി."

"എല്ലാം ഈശ്വരനിശ്ചയം." എന്നു ഞാൻ.

മാതൃരഹിതങ്ങളായ ആ പിള്ളക്കുഞ്ഞുങ്ങളെ വാത്സല്യപൂർവ്വം തലോടിക്കൊണ്ടും ചില മധുരസാധനങ്ങളും ഓറഞ്ചു മുതലായ പഴങ്ങളും അവയ്ക്കു് തിന്നാൻ എടുത്തുകൊടുത്തുകൊണ്ടും തങ്കമ്മ വരുന്നതുവരെ ഞാൻ ആ കിടക്കയിൽത്തന്നെയിരുന്നു. അതിനിടയ്ക്കു തങ്കപ്പൻ താഴത്തേയ്ക്കുപോയി ഒരു ലഘുഭക്ഷണത്തിനു വേണ്ട വകകളെല്ലാം ഹോട്ടലിലെ ചപ്രാസികളെക്കൊണ്ടു് എടുപ്പിച്ചു് അവിടെ വരുത്തി. അപ്പോഴേയ്ക്കു തങ്കവും വന്നെത്തി. ഞങ്ങളേയും പൈതങ്ങളേയുംമാത്രം മുറിയിൽ വിട്ടിട്ടു തങ്കപ്പൻ കാഫികുടിക്കാൻ താഴത്തേയ്ക്കുതന്നെ പോയിമറഞ്ഞു. കാഫികുടിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദീർഘനിശ്വാസത്തോടെ തങ്കമ്മ പറഞ്ഞു: "വിശേഷമൊക്കെ തങ്കപ്പൻ പറഞ്ഞിരിക്കുമല്ലൊ? എനിക്കതു നേരിട്ടു പറയുവാൻ ശേഷി പോരാ. അതുകൊണ്ടുതന്നെ മൌനം പൂണ്ടിരുന്നതു്."

ഞാൻ:—നാം ആരും വരുത്തിവച്ചതല്ലല്ലൊ. ദൈവനിശ്ചയം; അതാർക്കു മാററാൻ കഴിയും?

തങ്കം:—ഈ കുഞ്ഞുങ്ങളുടെ കാൎയ്യം ആലോചിക്കുമ്പോൾ വലിയ ദുഃഖമാകുന്നു.

ഞാൻ:—എന്തിന്നു്?

തങ്കം:—ഞാൻതന്നെ അവിടത്തേയ്ക്കു് ഒരു താങ്ങാൻമേലാത്ത ഭാരം. ഈ കുട്ടികളുംകൂടെയാകുമ്പോൾ! പോരെങ്കിൽ തങ്കപ്പൻ നേരത്തേതന്നെ പററിക്കൂടിയിട്ടുമുണ്ടു്.

ഞാൻ:—സാരമില്ല. നമ്മുടെ സംരക്ഷണയിൽ ഇരിക്കാൻ കുറെ കുട്ടികളും മററും ഉള്ളതു് ഒരു സന്തോഷമല്ലേ? തങ്കമ്മയ്ക്കു് ഇനിയും കുട്ടികളുംമററും ഉണ്ടായിവരാൻ കാലം കുറച്ചാകയില്ലേ?

തങ്കമ്മ അധോമുഖിയായി നാണംകുണുങ്ങി ഇരുന്നുകൊണ്ടു ചോദിച്ചു: "കുട്ടികൾ ഉണ്ടാകാൻ അത്രവളരെ കാലമോ പണിപ്പാടോ വല്ലതുമുണ്ടോ? ആ സൊല്ല ഇത്ര നേരത്തേതന്നെ വേണ്ടെന്നുവച്ചിട്ടല്ലേ ഞങ്ങനെ ഇരിക്കുന്നതു്! കുട്ടികളും വേണ്ടാ പണ്ടപ്പരപ്പും വേണ്ട. ഇതുങ്ങൾ ഇങ്ങനെ മൂന്നുപേരും ദീർഘായുസ്സായി കൂടെയിരുന്നാൽമതി."

ഞാൻ:—അങ്ങനെയാണു ഹിതമെങ്കിൽ ഞാനും ആ അഭിപ്രായക്കാരൻതന്നെ. സന്താനനിയന്ത്രണം കുടുംബക്ഷേമത്തിന്നു കൂടിയേതീരൂ.

തങ്കം:—എന്നാൽ അങ്ങനെതന്നെ ആവട്ടെ. സന്താനനിയന്ത്രണം ഇച്ഛിക്കുന്ന ദമ്പതികൾ ചില കാൎയ്യങ്ങളിൽ കുറച്ചൊക്കെ ത്യാഗങ്ങളും മനോനിയന്ത്രണങ്ങളും ചെയ്യേണ്ടിവരും. അതു ഞാൻ പറയാതെ അവിടെ വശമുണ്ടല്ലൊ.

"പുതുപ്പെണ്ണും പുതുമാപ്പിളയുമല്ലല്ലോ നമ്മളാരും, ഏ, ബി, സി മുതൽ തുടങ്ങാൻ?" എന്നു ഞാൻ. തങ്കമ്മ വിദ്യല്ലതികയേററ സർപ്പിണിയേപ്പോലെ ഒന്നു ഞെട്ടി. അവളുടെ മുഖത്തു് ആകസ്മികമായ ഒരു വൈവൎണ്ണ്യം നിഴലിച്ചു. അതിന്റെ ഹേതു എന്റെ നാവിൽനിന്നുവീണ ആലോചനാരഹിതമായ ഒരു ഒററവാക്കാണെന്നു് എനിക്കു പെട്ടെന്നു് ഊഹിക്കു

വാൻ കഴിഞ്ഞു. അവൾതന്നെ എനിക്കുപററിയ തെററ് ഇങ്ങനെ തിരുത്തി: "അവിടത്തേ കാൎയ്യം ശരിതന്നെ. ഈ ഞാൻ വെറും പുതുപ്പെണ്ണും."

"ശരി ശരി, ക്ഷമിക്കണം. എനിക്കു് ഒരു നാവിൽ വന്ന പിഴ, അത്രേയുള്ളൂ. തങ്കമ്മപുതുപ്പെണ്ണല്ലെന്നു് ആരുപറഞ്ഞു?" എന്നു ഞാൻ.

ഞങ്ങൾ കാഫി കുടിച്ചശേഷം അല്പം വിശ്രമിച്ചു. അതിനിടയ്ക്കു കുട്ടികൾ രണ്ടും നല്ല ഉറക്കമായി. "ചോറുകൊടുത്തിട്ടേ അവരെ ഉറക്കാവൂ." എന്നു ഞാൻ.

"വേണ്ട വേണ്ട. വഴിയിൽ ഇങ്ങേഅററംവരെ തലയണയ്ക്കു പഞ്ഞിയിട്ടുന്നപോലെ കുറേശ്ശെക്കുറേശ്ശെ ഇട്ടുനിറച്ചുകൊണ്ടിരിക്കയായിരുന്നു. ഇനി ഒന്നും ചെല്ലുകില്ല. പോരെങ്കിൽ, ഇപ്പോഴം അതുമിതും തിന്നു കാഫിയും കുടിച്ചു." എന്നു തങ്കം.

"തങ്കമ്മാ! തള്ളയില്ലാത്ത കുട്ടികളാണേ. അവൎക്കു നാമല്ലാതെ മററാശ്രയമില്ല. അതു് എപ്പോഴം ഓൎമ്മവേണം. അത്രമാത്രമേ എനിക്കു പറയാനുള്ളൂ. തങ്കമ്മ പ്രസവിച്ച കുട്ടികളാ അവരെന്നു് ഓൎമ്മിച്ചുകൊള്ളണം സദാ."

തങ്കം:—അങ്ങനെതന്നെ വിചാരിച്ചിരിക്കുന്നു. അതിജ്ജന്മം ഒരു വ്യത്യാസം വരുകയുമില്ല. ഇന്നു് ഇനി അവൎക്കു് ഒന്നും കൊടുക്കേണ്ട. നാം പ്രായമായവരായതുകൊണ്ടു് നമുക്കു സുഖമായി ഊണുകഴിക്കയുംവേണം.

ഞാൻ:—തങ്കപ്പൻ എവിടെ?

തങ്കം:—അവൻ ഇനി രാവിലെയേ വരുകയുള്ളൂ. അവൻ വീട്ടുവരെ പോയിരിക്കുന്നു. അമ്മ ഒരു വിവരവും അറിഞ്ഞിട്ടില്ല. പെററ കുടലല്ലേ? സൂത്രത്തിൽ അവരെ കാൎയ്യം മനസ്സിലാക്കണ്ടേ. അതിനു് അവൻ മതി. മിടുമിടുക്കൻ. നമുക്കു നാളെ രാവിലെ ഇവിടെങ്ങാനും ഒരു വീടെടുത്തു് ഒരു പുതിയ പൊറുതിവേണം. അവിടത്തേ വീടു വേണ്ട. അവിടത്തെ അരിവെപ്പുകാരൻ കുറുപ്പിനെക്കൂടെ ഇങ്ങോട്ടു കൊണ്ടുപോന്നാൽമതി. ഒരു നല്ല വേലക്കാരിപ്പെണ്ണിനേയും അന്വേഷിച്ചു പിടിച്ചു നിൎത്തണം. അവിടത്തേവക വീട്ടുസാമാനങ്ങളും എന്റെവക വീട്ടുസാമാനങ്ങളുംകൂടെയാകുമ്പോൾ ഒരു പുതിയ

പൊറുതിക്കു വേണ്ടതിലധികമായി. എത്രയും എളുപ്പംവേണം വീടന്വേഷിച്ചു മാറാൻ. അല്ലെങ്കിൽ ഇവിടിങ്ങനെ ദിവസം രണ്ടുരണ്ടര രൂപാ വാടകകൊടുത്തും ഊണിനും കാഫിക്കും വിശേഷാൽ വൻതുകകൾ ചെലവുചെയ്തും മുടിയേണ്ടിവരും. ഇനി അതു പാടില്ല. പുതിയ വീട്ടിൽ താമസമായിക്കഴിഞ്ഞാലുടൻ രജിസ്ത്രാരെ വരുത്തി സ്പെഷ്യൽ മാര്യേജ്ആക്ടനുസരിച്ചു നമ്മുടെ വിവാഹവും നടത്തണം.

തങ്കമ്മയുടെ ഈ അഭിപ്രായംകേട്ടു ഞാൻ അമ്പരന്നില്ലെങ്കിലും തെല്ലു കുതൂഹലചിത്തനായി. വിവാഹത്തിനുതക്ക പരിതഃസ്ഥിതി ഇപ്പോഴായിരിക്കും തങ്കമ്മയ്ക്കു് ഒത്തുകൂടിയതു്, എന്നുമാത്രം ഞാൻ അനുമാനിച്ചു. തങ്കത്തിൻെറ അഭീഷ്ടംപോലെയെല്ലാം പ്രവൎത്തിക്കാമെന്നു് ഉറച്ചു. അങ്ങനെ സമ്മതിച്ചു വാക്കുകൊടുക്കുകയുംചെയ്തു. ഭാവിയിൽ നടമാടാൻ പോകുന്ന ആ ദാമ്പത്യജീവിതസൗധത്തിലെ വിവിധവാസസൗകര്യങ്ങളേയുംകുറിച്ചു കുതുകംനിറഞ്ഞ ഭാവനകൾ സങ്കല്പലോകത്തിൽ ചിത്രണംചെയ്തുകൊണ്ടു് അന്നത്തെ രാത്രി ഒരു ശിവരാത്രിയായി ഞങ്ങൾ ഒരുവിധം കഴിച്ചുകൂട്ടി എന്നേ പറയേണ്ടു.

## അദ്ധ്യായം പത്തൊൻപതു്

## അനന്തരകാര്യങ്ങൾ

അടുത്തദിവസം രാവിലെ തൈക്കാട്ടു കിഴക്കുമാറി സൗകര്യമായ ഒരു സ്ഥാനത്തു സാമാന്യം നല്ല ഒരു കെട്ടിടം വാടകയ്ക്കെടുത്തു തങ്കമ്മയെ അവിടെ താമസമാക്കി. സഹായത്തിനായി എൻെറ അരിവെപ്പുകാരനെയും ഒരു വേലക്കാരിയെയും ഏല്പിച്ചുകൊടുത്തു. എന്നാൽ പൊതുനയപരമായ കാരണം പരിഗണിച്ചു് എൻെറ വസതി പെട്ടെന്നു് ഉപേക്ഷിച്ചതേ ഇല്ല. കുറുപ്പിനെ തങ്കമ്മയ്ക്കു് അടുക്കളയിലേയ്ക്കു വിട്ടുകൊടുത്തതുതന്നെ തെററിദ്ധാരണയ്ക്കു കാരണമല്ലേയെന്നും ശങ്ക ഉണ്ടാകാതിരുന്നില്ല. എന്തൊരു തെററിദ്ധാരണ! സ്പെഷ്യൽ മാര്യേജാക്ടനുസരിച്ചു് ഇന്നല്ലെങ്കിൽ നാളെ ആ

വിവാഹംനടക്കും.ഞങ്ങൾക്കങ്ങനെചെയ്യാൻ നിയമപ്രകാരം അർഹതയുണ്ട്. വേണ്ടപ്പെട്ടവരെ അറിയിച്ച് അങ്ങനെ ചെയ്യുന്നതാണു ലോകമര്യാദ എന്നേ ഉള്ളു. അങ്ങനെ അറിയിച്ചില്ലെങ്കിലും ഒന്നും വരാനില്ല. വിവാഹംകഴിഞ്ഞു് ഒരു സൽക്കാരം നടത്തിയാലും മതി വേണ്ടപ്പെട്ടവർക്കു്,—ഇങ്ങനെ ആലോചനയിൽ രണ്ടുനാൾ കഴിച്ചു. അതിനിടയ്ക്കു ശങ്കരപ്പിള്ളയെക്കൊണ്ടു് എക്സൈസ് മെമ്പറുടെ മുമ്പാകെ ഒരു മെമ്മോറിയൽ കൊടുപ്പിച്ചു. അയാളുടെ പരാതികളെപ്പറ്റി എൻകൊയറി നടത്തിയപ്പോൾ പരാതി ശരിയെന്നുകണ്ടു് അയാളെ തിരിച്ചു ഉദ്യോഗത്തിൽ നിയമിച്ചു തിരുവനന്തപുരത്തേയ്ക്കു തന്നെ മാററി. എക്സൈസ് ഇൻസ്പെക്ടർ കൃഷ്ണപിള്ളയെ മൂന്നാംഗ്രേഡ് പ്രിവൻറീവ് ആഫീസറായി തരംതാഴ്ത്തുകയും കൈക്കൂലിയും അഴിമതിയും തെളിയുകയാൽ അയാളുടെമേൽ ആൻറികറപ്ഷൻ ആക്ററനുസരിച്ച് എൻക്വയറി നടത്തുന്നതിൻെറ പ്രാരംഭമായി അവധിയില്ലാത്ത സസ്പെൻഷനിൽ നിർത്തുകയും ചെയ്തു. കാര്യങ്ങൾ ഈ പതനത്തിലായപ്പോൾ നാടുവിട്ടു പൊയ്ക്കളയാനുള്ളതിൻെറ മുന്നോടിയായി ഡോക്ടർ രാമാനുജം ഇൻഡോനേഷ്യയിലേയ്ക്കു പോകാൻ പാസ്സ്പോർട്ടിനു് അപേക്ഷിച്ചു. ആ വസ്തുത മനസ്സിലാക്കിക്കൊണ്ടു ശങ്കരപ്പിള്ളയും ഞാനുംകൂടി ഡോക്ടരെ ചെന്നുകണ്ടു ഞെരുക്കിയപ്പോൾ അയാൾ മററു പോംവഴിയില്ലാതെ വീഴിപ്പെട്ടു രൂപ ആയിരത്തഞ്ഞൂറും രൊക്കംകൊടുത്തു് ഇടപാടു തീർത്തു. അങ്ങനെ ശങ്കരപ്പിള്ളയ്ക്കു രക്ഷകിട്ടി. പിന്നീടു ഞാൻ രജിസ്ത്രാരെ ഞങ്ങളുടെ നൂതനവസതിയിൽ വരുത്തി സ്പെഷ്യൽ മാര്യേജ് ആക്ടനുസരിച്ചു തങ്കമ്മയുമായി വിവാഹം രജിസ്റ്റർചെയ്തു. അനന്തരം അവിടെ അങ്ങനെ വധൂവരന്മാരുടെ നിലയിൽ പരസ്യമായ വാസം തുടന്നു. അവധികഴിഞ്ഞു് തങ്കമ്മ ആഫീസിൽ ഹാജരാകുന്ന മുറയ്ക്കു് അവളുടെ ലാവണം പബ്ളിക്ക് റിലേഷൻസ് ആഫീസിലെ അസിസ്റ്റൻറായി മാററിയിരിക്കുന്നതായി ഓർഡറും കിട്ടി. ഏതായാലും പുതിയ വിവാഹം അങ്ങനെ "ഭാവിശ്രേയഃപിശുനശകുന"മായിത്തീർന്നു തങ്കത്തിനു്. രണ്ടുനാൾക്കുള്ളിൽ, തിരുവനന്തപുരം അസിസ്റ്റൻറുകലക്ടരായി നിയമിച്ചുള്ള ഒരു പ്രൊമോ

ഷൻ ആർഡർ എനിക്കും കിട്ടി. ആകപ്പാടെ ഞങ്ങളുടെ ദാമ്പത്യബന്ധം ഉഭയകക്ഷികൾക്കും ഭാവിശ്രേയസ്സൂചകമെന്നു ഞങ്ങൾക്കു ബോദ്ധ്യംവന്നു. ഞങ്ങളുടെ ബന്ധത്തെക്കുറിച്ച് അറിഞ്ഞുതുടങ്ങിയ ലോകർക്കു് അങ്ങനെ പറയുവാനും അവസരംകിട്ടി.

അതിനിടയ്ക്കു് ഒരുദിവസം ഞാൻ, രാഗിണി—അതേ, എൻെറ അമ്മിണി—യുടെ ബംഗ്ലാവിൽപ്പോയി. „കടുത്ത നന്ദികേടാണല്ലോ അവിടെ പോകാതിരുന്നാൽ? അവൾ ഈ വാൎത്ത എങ്ങനെ സ്വീകരിച്ചിരിക്കുമോ, എന്നെ കാണുമ്പോൾ എന്തായിരിക്കുമോ ഭാവം, ഇങ്ങനെ പല ആലോചനകളാൽ മനംകലങ്ങി, കുഴഞ്ഞു് അസ്വാസ്ഥനായി ഞാൻ അവിടെ ചെന്നു. ദൈവാധീനംകൊണ്ടു് അമ്മിണിയിൽ ഒരു ഭാവഭേദവും കാണപ്പെട്ടില്ല. അവൾ പതിവുപോലെ സോല്ലാസം എന്നെ ഉപചരിച്ച് ആതിഥ്യപൂജകൾ നിൎവ്വഹിച്ചു. സംഭാഷണമദ്ധ്യേ രാധമ്മയുടെ കാൎയ്യം പ്രകൃതവശാൽ വന്നുകൂടി. അപ്പോൾ ഞാൻ ചോദിച്ചു: "എന്താ! രാധമ്മ ഇങ്ങുവന്നെത്തിയോ? സുഖമായിരിക്കുന്നുവോ അവളും കുട്ടികളും."

"ആവോ! എനിക്കറിവില്ല. ആ കൃഷ്ണപിള്ളയുടെ കാൎയ്യം കേട്ടു. കഷ്ടമായിപ്പോയി." എന്നു് അമ്മിണി.

"രാധ എവിടെപ്പോയി? കൃഷ്ണപിള്ളയെ ഗൗരവതരമായ ഔദ്യോഗികവീഴ്ചകൾക്കായി താണഗ്രേഡ് പൊററിഓഫീസറായി—അല്ല, പ്രിവെൻറീവ്ഓഫീസർ—അതാണു് ഇപ്പോഴത്തെ പേരു്—തരംതാഴ്ത്തി. ഇപ്പോൾ സസ്പെൻറു ചെയ്തിരിക്കുന്നു. ഇനി എൻകായറിയും പ്രോസികൃഷനും ഒക്കെയുണ്ടു്." എന്നു ഞാൻ.

"ഏതാണ്ടൊക്കെ ഞാനും കേട്ടു. നമുക്കു് എന്തുവേണം ഈ വൃത്തികെട്ട ഇനങ്ങടെ കാൎയ്യം അന്വേഷിച്ചിട്ടു്?" എന്നു് അമ്മിണി അലക്ഷ്യമായി സംസാരിച്ചുനിൎത്തി.

"അടുത്ത അയൽപക്കമായതുകൊണ്ടു രാധയുടെ കാൎയ്യം ചോദിച്ചു എന്നേയുള്ളു." എന്നു ഞാൻ.

"അവളേ വിവാഹമോചനം ചെയ്തു് അയാൾ വിട്ടു. അയാളൊരു ഉൎവ്വശിയമ്മയെ വേട്ടുവത്രേ. അഞ്ചാറു മക്കളെള്ള ഒരു ഉൎവ്വശിതന്നെ!" എന്നു് അമ്മിണി.

"ആ ഉർവ്വശിയമ്മ ആരെന്നറിഞ്ഞില്ലേ? നമ്മുടെ ഡാക്ടരുടെ നേരേ മൂത്തസോദരി. ഒരു എക്സൈസ് ഗാർഡായിരുന്നു ഭർത്താവ്. അയാളെ അടിച്ചുകളഞ്ഞിട്ട് അവൾ ഇൻസ്പെക്ടരേ ആവേശിച്ചു." എന്നു ഞാൻ.

"കൊള്ളാം, നല്ല പണിതന്നെ! ഈ ഡോക്ടരേപ്പോലെ തന്നെ അയാളുടെ ആളുകളും. ഞാനന്നേ പറഞ്ഞില്ലേ, തീരെ കൊള്ളരുതാത്ത കൂട്ടമെന്ന്." എന്നു് അമ്മിണി.

"ഏതായാലും ഗാർഡ് എന്നെ വന്നു കണ്ടതുകൊണ്ടു് അയാൾ രക്ഷപ്പെട്ടു." എന്നു പറഞ്ഞിട്ടു ശങ്കരപ്പിള്ളയ്ക്കു ഞാൻ ചെയ്തുകൊടുത്ത ഉതവികളെപ്പററി സവിസ്തരം അമ്മിണിയോടു പ്രസ്താവിച്ചു. അപ്പോൾ ആ തരുണി പറഞ്ഞു: "ചേട്ടൻ ചെയ്തതു് എത്രയും ഉചിതമായി. ഈ ഡോക്ടരേപ്പററി കേട്ടതും, ആളുകൾ പറഞ്ഞതും എത്ര ശരി!! ആ രാധയെ ആ കൃഷ്ണപിള്ള ഉപേക്ഷിച്ചതുകൊണ്ടു് അവൾക്കു് ഒരു ദുഃഖം വരാനില്ല. അവൾക്കു നല്ല ഒരു പ്രൊമോഷൻ കിട്ടിയെന്നു കേട്ടല്ലോ." എന്നു് അമ്മിണി.

"എന്തു്?" എന്നു ഞാൻ സകൗതുകം ചോദിച്ചു.

"ചേട്ടൻ അതറിഞ്ഞില്ലേ? ഒരു പുതിയ ഉദ്യോഗം. ഏതു ഡിപ്പാർട്ടുമെൻറിലെന്നും എന്തെന്നും ഞാനറിഞ്ഞില്ല. ഇവിടെ ആരോ പറയുന്നതു കേട്ടു. ചേട്ടനും ഒരു പ്രൊമോഷൻ കിട്ടിയല്ലോ. അതു ശരിതന്നെയോ?" എന്നവൾ ചോദിച്ചു് ഒരു പുഞ്ചിരിതൂകി.

"എൻെറ പ്രൊമോഷനും രാധയുടെ പ്രൊമോഷനും തമ്മിൽ കൂട്ടിയിണക്കി സംസാരിക്കാൻ എന്തു ബന്ധം! ഛേയ്, ഒന്നുമില്ല. കേട്ടതു പറഞ്ഞുവെന്നേയുള്ളായിരിക്കും. ഒരുപക്ഷേ, തങ്കമ്മയ്ക്കു കിട്ടിയ പ്രൊമോഷനേക്കുറിച്ചായിരിക്കും. രാധയ്ക്കു തങ്കമ്മയെന്നോ, തങ്കത്തിനു രാധയെന്നോക്കൂടെ ഓമനപ്പേരോ എഴുത്തുകുത്തുപേരോ ഉണ്ടായിരിക്കും. ഈവക കാര്യങ്ങൾ കിണ്ണാണിച്ചുനോക്കാൻ ഈ പെണ്ണുങ്ങളെപ്പോലെ ആണുങ്ങൾക്കു നേരമുണ്ടോ?"

എൻെറ മൗനഭാവംകണ്ടു് അമ്മിണി ചോദിച്ചു: "എന്താ, ചേട്ടൻ മരവട്ടിക്കായ് തിന്ന കാക്കയേപ്പോലെ കറങ്ങിയിരി

ക്കുന്നതു്? അസിസ്റ്റൻറു കലക്ടർ ഉദ്യോഗം കിട്ടിയകാലമല്ലേ, വലിയ അധികാരവും പ്രാഭവവും.''

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു: ''അതൊക്കെ ഈ അമ്മിണിയുടെ അടുത്തോ എടുത്തു പ്രകടിപ്പിക്കാൻ?''

തങ്കമ്മയുമായുള്ള നൂതനബന്ധത്തേക്കുറിച്ചു് എങ്ങനെയാണിവളോടു പറയുക?— എങ്ങനെയാണു പറയാതിരിക്കുക? ഒരുപക്ഷേ, ഇതിൻെറ ഉള്ളുകള്ളികൾ കിട്ടിയിട്ടാണോ, ഇവൾ അങ്ങുമിങ്ങും തൊടാതെ സൂത്രത്തിൽ ഇങ്ങനെയൊക്കെ പറഞ്ഞു് എന്നെ വൃഥാ ഉരുട്ടുന്നതു്? എൻെറ ചിന്താപാരവശ്യംകണ്ടു് അമ്മിണി പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു: ''ചേട്ടൻ എന്തോ ഗൗരവമായ കാൎയ്യത്തേക്കുറിച്ചു് ആലോചിച്ചു കഴിക്കുകയാണെന്നു തോന്നുന്നു. രഹസ്യമായ രാജ്യകാൎയ്യങ്ങളാണെങ്കിൽ എനിക്കു കേൾക്കണമെന്നില്ല. പഴയ സ്നേഹം പ്രമാണിച്ചു് എന്നിൽനിന്നു മറയ്ക്കാനും വിഷമം. മറയ്ക്കാതിരിക്കാനും വിഷമം. ആകട്ടെ. ചേട്ടാ, ഞാൻ ഒരു വൎത്തമാനം കേട്ടു. അതു ശരിതന്നെയോ?''

ഞാൻ ഒന്നു ഞെട്ടി. എങ്കിലും അവളുടെ മുഖത്തേയ്ക്കു ഭാവപ്പകൎച്ചകൂടാതെ നോക്കി പുഞ്ചിരിയിട്ടുകൊണ്ടിരുന്നു. ''എന്താ? എന്തെന്നു പറയാതെ ശരിയോ തെറ്റോ എന്നു് എങ്ങനെ പറയും?'' എന്നു ഞാൻ.

അമ്മിണി:—ഞാൻ കേട്ടതു പറയാം. രാധ ഇയ്യിടെ തെക്കോട്ടു് എങ്ങാണ്ടാണു താമസം. അവൾക്കു് ഇയ്യിടെ ഒരു ഭൎത്താവും ഉണ്ടായിട്ടുണ്ടു്. കൃഷ്ണപിള്ളയുള്ളപ്പോഴേയുള്ള ഒരു പഴയ ബന്ധമാണത്രേ. ഭാൎയ്യ മരിച്ചിരിക്കുന്ന ഒരു വലിയ ഉദ്യോഗസ്ഥൻ. ചേട്ടൻ അറിയുമോ അതാരെന്നു്?

ഞാൻ വല്ലാതെ കുഴങ്ങിവശായി. ഇതെന്തു കഥ! എന്തൊരു മൎമ്മഭേദകമായ സൂചന! എൻെറ തങ്കംതന്നെയോ രാധ? ദൈവമേ! ആരറിഞ്ഞു മറിമായങ്ങൾ! സ്ത്രീകളുടെ ചിത്തവൃത്തി ആരു കണ്ടു! ഇതു ശരിയോ? എന്നാൽ, എന്തായി എൻെറ ഗതി? എന്നിങ്ങനെ ഉള്ളുരുകിയ ആലോചനയിലാണ്ടു ഞാൻ.

''എന്താ, ചേട്ടൻ ഒന്നും മിണ്ടാത്തതു്? ഒന്നും മടിക്കേണ്ട. തുറന്നുപറയരുതോ ഇനി? എനിക്കു് ഇതുകൊണ്ടുള്ള സങ്കടം

സാരമില്ല. ചേട്ടന്റെ ഭാവിയെക്കുറിച്ച് ആലോചിക്കുമ്പോൾ ദുഃഖമാകുന്നു. ഈ സ്ത്രീയുടെ ചിന്താഗതി ഇനിയും സിനിമായിൽപ്പോലെ മാറിവരാം. എന്റെ ഈ പിഞ്ചുകുഞ്ഞു് അനാഥമായിപ്പോകുമല്ലോ എന്നു നിനച്ചുമാത്രം. അല്ലെങ്കിൽ ചേട്ടനിവളെ കാണാൻ സാധിക്കുകയില്ലായിരുന്നു. എന്റെ ജീവനും ജീവിതവും സാരമില്ല."

അവൾ വിങ്ങിപ്പൊട്ടിക്കരഞ്ഞു. നടന്നിടത്തോളം അമളിയെല്ലാം എനിക്കു ബോദ്ധ്യമായി; അമ്പോ! തങ്കം—അല്ല, ആ ഭയങ്കരി രാധ! ഇത്രവലിയ വഞ്ചകിയോ? അവൾ!—എന്തെല്ലാംതരത്തിൽ വമ്പിച്ച കളവുകൾ പറഞ്ഞവൾ എന്നെ മയക്കി!—വിവാഹക്കുണ്ടിൽ കൊണ്ടുചാടിച്ചു! ഇനി അതിൽനിന്നു കരകയറാൻ എന്തുപായം?—എന്നിങ്ങനെ മനോരാജ്യം പൂണ്ടു ഉഴന്നിരുന്ന എന്നോടു് അമ്മിണി പറഞ്ഞു: "ഇനി ദുഃഖിച്ചിട്ടു ഫലമില്ല. ചതിവിൽ നടന്നു ഈ വിവാഹമെങ്കിലും, ഇതിലല്പം ഒരു ദൈവാധീനം കാണുന്നുണ്ടു്. അവളുടെ അക്കന്റെയോ അക്കന്മാരുടെയോ കുട്ടികളെന്നു് അങ്ങേ പറഞ്ഞു ധരിപ്പിച്ചിരിക്കുന്ന തങ്കപ്പനും മറേറ രണ്ടു പിള്ളകളും അവൾ പെററ സന്തതികൾതന്നെ. ഒട്ടും മടിക്കേണ്ട, മനോവിചാരപ്പെടേണ്ട. രാധയേയും മൂന്നു മക്കളേയും രക്ഷിച്ചുകൊള്ളു. ദൈവം നല്ലകാലം വരുത്തിയിരിക്കുന്നല്ലോ. എങ്കിലും ഈ അമ്മിണിയെ തീരെ മറന്നുകളയരുതു്. ഈ അമ്മിണി ആയുഷ്ക്കാലമത്രയും അങ്ങയുടെ അമ്മിണിയായിത്തന്നെ ജീവിക്കും. അതിനൊരു വികല്പം വരുമെന്നു വിചാരിക്കേണ്ട." സഗൽഗദം ഇങ്ങനെ പറഞ്ഞുകൊണ്ടു് ആ സാധ്വീമണി സാരിത്തുമ്പുകൊണ്ടു മുഖംപൊത്തി പൈതങ്ങളെപ്പോലെ കരഞ്ഞു.

## അദ്ധ്യായം ഇരുപതു്

## ക്ഷമാപണം

ഞാൻ നേരെ വീട്ടിലെത്തി. അന്നുവന്ന ചില ദിനപ്പത്രങ്ങൾ വായിച്ചുകൊണ്ടു് തങ്കം അവിടെ ഒരു ചാരുകസാല

ൽ കിടക്കുകയായിരുന്നു. ഞങ്ങളുടെ വിവാഹം സംബ്ബന്ധിച്ച ഒരു വത്തമാനം അന്നത്തെ എല്ലാ പത്രങ്ങളിലും പ്രസിദ്ധം ചെയ്തിരുന്നു. അവയെല്ലാം ഞാൻ കാണാനായി ചുവന്ന പെൻസിൽകൊണ്ടു് അടയാളപ്പെടുത്തിവച്ചിരുന്നു. ചിന്താകുലനായ ഞാൻ ആ ന്യൂസ് കുറിപ്പു് ഒന്നു് എടുത്തു വായിച്ചു. പബ്ളിക്ക് റിലേഷൻസ് അസിസ്റ്റന്റ് ശ്രീമതി തങ്കമ്മ ബി. എ., ബി. എല്ല്—ം, തിരുവനന്തപുരം അസിസ്റ്റന്റ് കലക്ടർ ശ്രീ. എൻ. വി. ഭാസ്കരമേനവനും തമ്മിലുള്ള വിവാഹം അനാർഭാടകമായി, സ്പെഷ്യൽ മാരേജ് രജിസ്ട്രാരുടെ മുമ്പാകെ ഇക്കഴിഞ്ഞ തിങ്കളാഴ്ച രാവിലെ 11 മണിക്കു രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ചു വധൂവരന്മാരുടെ സുഹൃത്തുകൾക്കും ബന്ധുക്കൾക്കും ആയി മി. മേനവന്റെ തൈക്കാട്ടുള്ള വസതിയിൽവച്ചു് ഈ ഞായറാഴ്ച വൈകുന്നേരം ഒരു ഉദ്യാനവിരുന്നു നൽകപ്പെടുന്നതുമാണു്." ഞാൻ അതു് ഉറക്കെ വായിച്ചു. "ശരി. നന്നു്, ഭംഗിയായി എഴുതിയിരിക്കുന്നു. അതെല്ലാം വേണ്ടതുതന്നെ. എങ്കിലും എന്റെ തങ്കം! നിന്നേ ആത്മാത്ഥമായി സ്നേഹിക്കുന്ന എന്നിൽനിന്നു നീ ചില പ്രധാന വസ്തുതകൾ മറച്ചുവച്ചുകളഞ്ഞു. നേരത്തേതന്നെ അതെല്ലാം തുറന്നു പറഞ്ഞിരുന്നുവെങ്കിലും ഞാൻ തങ്കമ്മയെ സ്വീകരിക്കുകതന്നെ ചെയ്യുമായിരുന്നു." തങ്കം നിവ്വിശങ്കം ഉത്തരം പറഞ്ഞു: "അങ്ങു് ഇങ്ങനെ തെററിദ്ധരിക്കുമെന്നും, വല്ല അസൂയക്കാരും ഈവിധം തെററിദ്ധരിപ്പിച്ചേക്കുമെന്നും ഞാൻ നേരത്തേതന്നെ നിനച്ചതാണു്. ഞാൻ വല്ലപ്രകാരത്തിലും അവിടത്തെ മനസ്സിനു ക്ഷതം പററിച്ചിട്ടുണ്ടെങ്കിൽ ദയവായി ക്ഷമിക്കണം."

"എന്തു്! തങ്കമല്ലേ, മിസ്സസ് കൃഷ്ണപിള്ള—ആ രാധ!" എന്നു ഞാൻ പെട്ടെന്നു ചോദിച്ചുകൊണ്ടു തങ്കത്തിന്റെ മുഖത്തു സൂക്ഷിച്ചുനോക്കി. അവൾ ലേശവും ആവേശഭരിതയാകാതെ ഇങ്ങനെ സമാധാനം പറഞ്ഞു് എന്നെ നോക്കി: "അതാണു് എന്റെ അക്കൻ, ഈ കുട്ടികളുടെ രണ്ടുപേരുടെയും അമ്മ. ഈ തങ്കപ്പന്റെ അമ്മയുടെ നേരെ ഇളയതു്. ഞാനും രാധയും ഇരട്ടക്കുട്ടികൾ. ഒരേ നിറം. അവളെ ആദ്യം പ്രസവിച്ചു. എന്നെ രണ്ടാമതു്. അത്രേ ഞങ്ങൾതമ്മിൽ

വ്യത്യാസമുള്ളൂ. ആ കൃഷ്ണപിള്ളച്ചേട്ടൻെറ കട്ടംകൈ ... ത്തം രാധ—എൻെറ അക്കൻ—ഏതോ ധമിനി പൊട്ടി ... ച്ചിരിക്കണം. സംശയമില്ല. കടുത്ത മനക്ഷോഭംകൊണ്ടു ണ്ടായ രോഗമെന്നു ഡോക്ടറന്മാർ പറഞ്ഞു. നമ്മെ തമ്മി ഭേദിപ്പിക്കാൻ ആരോ ദുർബ്ബുദ്ധികൾ പറഞ്ഞിളക്കിവിട്ടിരിക്കയാണവിടത്തെ."

"ആവോ, എനിക്ക് ഇതൊന്നും രൂപമാവുന്നില്ല. എല്ലാം ദൈവേച്ഛ—അതുപോലെ നടക്കട്ടെ. ഇങ്ങനെ ചോദിച്ചതുകൊണ്ട നാംതമ്മിൽ എന്തെങ്കിലും അഭിപ്രായഭിന്നത ഉണ്ടായി എന്നു ധരിക്കേണ്ട. എല്ലാ പ്രവൃത്തികളും ദൈവത്തിനെ നിലനിത്തി ചെയ്തുകൊള്ളുക. ദോഷം വരുകയില്ല. സത്യം ജയിക്കും."

പിന്നീട് ഒരു ഘട്ടത്തിലും യാതൊരു അഭിപ്രായഭിന്നതകളും കൂടാതെ ഞങ്ങൾ സുഖമായി കാലയാപനംചെയ്തു. തങ്കമ്മയുടെ പ്രസ്താവനയിൽ അന്തർഭവിച്ച യാഥാത്ഥ്യങ്ങളെക്കുറിച്ച് ഒരിക്കലും ചർച്ചചെയ്യാൻ ഞാൻ മുതിന്നിട്ടില്ല. എൻെറ സഹധർമ്മചാരിണിയെക്കുറിച്ച് വ്യക്തിപരമായി എന്തെങ്കിലും പരാമർശനം ചെയ്യാൻ വല്ലവരും തുടങ്ങുകയാണെങ്കിൽ അതിൽനിന്നു യുക്തിപൂർവ്വം ഞാൻ നിവത്തിച്ചും ഞങ്ങളുടെ ദാമ്പത്യജീവിതം ഹൃദ്യവും ആസ്വാദ്യതരവുമാക്കിത്തീർത്തുകൊണ്ടിരുന്നു ഞാൻ. എന്നാൽ രാഗിണി—അല്ല—അമ്മിണിക്ക് എൻെറ അന്തരംഗത്തിൽ ഒരു നിഗൂഢസ്ഥാനം നൽകിയിട്ടുമുണ്ടായിരുന്നു. ആ വസ്തുത തങ്കത്തിനു കേവലം അജ്ഞാതമായിത്തന്നെ ഇരുന്നതേയുള്ളൂ.

★

230

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MF3 Acc. No. 81488

This book should be returned on or before the date last stamped below.

22 OCT 1988

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF3 ക്ര1488

ഗോപാലപിള്ള, കെ. എൻ.

ആരുഷ്യംവീട്ടിൽ

ബി. എ. തങ്കം.